













ചമ്പക്കുളം ഗ്രാമപഞ്ചായത്ത്
വികസന രേഖ


40-5




ചമ്പക്കുളം ഗ്രാമപഞ്ചായത്ത്


വികസന രേഖ

ജനകീയാസൂത്രണം - അധികാരം ജനങ്ങളിലേക്ക്





ALLEPPEY DISTRICT



CHAMPAKULAM.

ഉള്ളടക്കം

1 ആമുഖം

2 ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

3 ചരിത്രം

4 വികസന മേഖലാ അവലോകനം

A കൃഷി, ജലസേചനം

B മത്സ്യബന്ധനം, മൃഗപരിപാലനം

C വ്യവസായം

D ഊർജ്ജം, ഗതാഗതം, മാർക്കറ്റ്

E വിദ്യാഭ്യാസം

F സ്ത്രീ പദവി

G സംസ്കാരം

H കുടിവെള്ളം, പൊതുജനാരോഗ്യം


I പാർപ്പിടം സാമൂഹ്യക്ഷേമം

J പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം

K സഹകരണമേഖല

L വിഭവസമാഹരണം

ഭരണസമിതി അംഗങ്ങൾ




കെ. ഡി. മോഹൻ
പ്രസിഡൻറ്




ലിസമ്മ ജോൺസൺ
വൈസ് പ്രസിഡൻറ്



ജോസഫ് മാപ്പിളശേരി
ആദ്യ പ്രസിഡൻറ്




ശോഭനവല്ലീ വാസുദേവൻ
സ്റ്റാൻറിംഗ് കമ്മറ്റി
ചെയർ പേഴ്സൺ




ജോസഫ് ജോർജ്
സെക്രട്ടറി


കമ്മറ്റി അംഗങ്ങൾ



ജെ. ജയകൃഷ്ണൻ
വാർഡ് - 1



ജോസ് കുര്യൻ മാപ്പിളശേരി
വാർഡ് - 2



ജോർജ് മാത്യു
വാർഡ് - 4



വർഗീസ് ദേവസ്യ
വാർഡ് - 7



ജോസുകുട്ടി ജോസഫ്
വാർഡ് - 8



റോസമ്മ സേവ്യർ
വാർഡ് - 9

ജനകീയാസൂത്രണം

D. R. P. മാർ

1. കെ. പി. ശ്രീനി
2. ഫ്രാൻസീസ് ജോസഫ്
3. ചമ്പക്കുളം രാജപ്പൻ
4. ജോപ്പൻ ജോയി
5. അഡ്വ. മാത്യൂസ് ജോസഫ്
6. അഗസ്റ്റിൻ ജോസ്
7. ലീലാമ്മ ജെയിംസ്
8. ജോളി തോമസ്
9. ടി. മനു

K. R. P.

ജയൻ ചമ്പക്കുളം

1 ആമുഖം

രാഷ്ട്രത്തിന്റെ പരിമിതമായ വിഭവം കൊണ്ട് സമയബന്ധിതമായി ത്വരിതഗതിയിലുള്ള വികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് 1950 -ൽ പഞ്ചവത്സര പദ്ധതികൾ ആരംഭിച്ചത്. നാളിതു വരെയുള്ള പദ്ധതികൾക്ക് നേട്ടങ്ങൾ ഏറെയുണ്ടെങ്കിലും കേരളീയന്റെ ആളോഹരി വരുമാനം ദേശീയ ശരാശരിയുടെ സമീപത്തു പോലുമെത്തിക്കാൻ കഴിഞ്ഞിട്ടില്ല. ആളോഹരി വരുമാനത്തിൽ ദേശീയ ശരാശരിയേക്കാൾ വളരെ പിന്നിലായിട്ടും ജീവിത ഗുണനിലവാരത്തിൽ മറ്റ് പല വികസിത രാജ്യങ്ങളുടേയും ഒപ്പമെത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പല സാമൂഹ്യ-രാഷ്ട്രീയ ചലനത്തിലൂടെ സമ്പത്തിന്റെ നീതിപൂർവ്വമായ വിതരണം സാധ്യമാക്കിയാണ് ഈ നേട്ടം നാം കൈവരിച്ചത്. എന്നാൽ കേന്ദ്രീകൃത ആസൂത്രണ പ്രവർത്തനത്തിന്റെ ഫലമായി കാർഷിക-വ്യാവസായിക മേഖലകളിൽ ഉത്പാദന മുരടിപ്പ് അനുഭവപ്പെടുന്നു. തന്മൂലം സേവന മേഖലയിൽ ഉണ്ടാകുന്ന മൂല്യതകർച്ച പരിഹരിക്കാൻ ഗവൺമെൻറുകൾക്ക് വിഭവം തികയാതെ വരുകയും ചെയ്യുന്നു. പദ്ധതിയുടെ ഗുണനിലവാരം താഴേത്തട്ടിലേയ്ക്ക് എത്തുന്നില്ലായെന്ന് ഭരണാധികാരികൾ തന്നെ കണ്ടെത്തിയിട്ടുമുള്ളതാണ്. ഇൻഡ്യൻ പാർലമെൻറിൽ പാസാക്കിയ 73, 74 ഭരണഘടനാഭേദഗതി നിയമങ്ങളും 1994 -ലെ കേരളാ പഞ്ചായത്ത് രാജ്നിയമവും അധികാര വികേന്ദ്രീകരണ സങ്കല്പത്തെ യാഥാർത്ഥ്യത്തോട് അടുപ്പിച്ചു. ഭരണഘടനാദത്തമായ അധികാരങ്ങളും അവകാശങ്ങളും ഗ്രാമസഭകൾക്ക് ഉണ്ടായിരുന്നെങ്കിലും ആസൂത്രണത്തിലും നടത്തിപ്പിലും ജനപങ്കാളിത്തം ശുഷ്കമായിരുന്നു. ഈ വക ന്യൂനതകൾ പരിഹരിക്കുക എന്നതാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം.

നമ്മുടെ പഞ്ചായത്തിൽ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി ലോക്കൽ റിസോഴ്സ് പേഴ്സൺമാർക്കുള്ള ഏകദിന ശില്പശാല 13.9.96 -ൽ മങ്കൊമ്പ് ഭദ്രാ തിയേറ്ററിൽ നടന്നു. ഈ പരിശീലനത്തിൽ 8 സ്ത്രീകളടക്കം 83 പേർ പങ്കെടുത്തു.

20.9.96 -ൽ നമ്മുടെ പഞ്ചായത്തിലെ രാഷ്ട്രീയ-സാമൂഹിക-സാംസ്ക്കാരിക സംഘടനാ പ്രതിനിധികളും ഉദ്യോഗസ്ഥന്മാരും തെക്കേക്കര വിദ്യാ അക്കാഡമിയിൽ യോഗം ചേർന്ന് പഞ്ചായത്തിലെ ജനകീയ ആസൂത്രണ പരിപാടികളെക്കുറിച്ച് ആലോചിക്കുകയും ഗ്രാമസഭകൾ ചേരുന്നതിന് സമയ വിവര പട്ടിക തയ്യാറാക്കുകയും ചെയ്തു.

ഗ്രാമസഭകളുടെ പൊതുവിവരം ചുവടെ ചേർക്കുന്നു.

വാർഡ്	പങ്കാളിത്തം			സ്ഥലം സമയം	പ്രചരണ പ്രവർത്തനങ്ങൾ
	സ്ത്രീ	പുരുഷൻ	ആകെ		
1	40	142	182	N.S.S ഹാൾ ചമ്പക്കുളം 6.10.9 - 2 p.m.	നോട്ടീസ്, സ്കാഡ് പ്രവർത്തനം, പോസ്റ്റർ വിളമ്പരം
2	33	88	121	SCB - 1256 2.10.96 - 2 p.m.	നോട്ടീസ്, സ്കാഡ് പ്രവർത്തനം, പോസ്റ്റർ അനൗൺസ്മെൻറ്
3	58	82	140	St. ജോൺസ് L.P.S 12.10.96 - 2 p.m	"
4	41	122	163	ആറ്റുവാത്തല ഗവ: L.P.S 6.10.96 - 2 p.m.	നോട്ടീസ്, സ്കാഡ് പ്രവർത്തനം
5	23	74	97	ഭദ്രാ തീയറ്റർ 28.9.96 - 9 a.m.	നോട്ടീസ്, സ്കാഡ് പ്രവർത്തനം, പോസ്റ്റർ
6	19	108	127	ഗവ: H.S. തെക്കേക്കര 28.9.96 - 2 p.m.	നോട്ടീസ്, സ്കാഡ് പ്രവർത്തനം, പോസ്റ്റർ
7	46	114	160	മേരിമാതാ L.P.S 12.10.96 - 9 a.m.	"
8	39	120	159	D.V.H.S. കണ്ടങ്കരി 29.9.96 - 2 p.m.	നോട്ടീസ്, സ്കാഡ് പ്രവർത്തനം, അനൗൺസ്മെൻറ്
9	42	142	184	കുറ്റിക്കാട് ക്ഷേത്രത്തിന് സമീപം 2.10.96 - 3 p.m.	നോട്ടീസ്, സ്കാഡ് പ്രവർത്തനം

ജനപങ്കാളിത്ത വികസന പ്രവർത്തനത്തിന്റെ തുടക്കമെന്നനിലയിൽ ഗ്രാമസഭയിൽ ഉയർന്നുവന്ന ജനകീയ പ്രശ്നങ്ങളിൽ അടിയന്തിര സ്വഭാവമുള്ളവ ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനുള്ള പരിപാടിയായിട്ടായിരുന്നു കേരളപ്പിറവി ദിനം പുനരർപ്പണ ദിനമായി ആചരിക്കാൻ ജനകീയ ആസൂത്രണ സമിതി തീരുമാനിച്ചിരുന്നത്. ഇതിന്റെ ഭാഗമായി ചമ്പക്കുളം പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നടന്ന ''വർക്കുകൾ'' ചുവടെ ചേർക്കുന്നു

വാർഡ്

1. ഗവ: ആശുപത്രി പരിസരം ഗ്രാവലിട്ടുയർത്തുക. [Rs. 5000]
2. പരിയാത്തിട്ട മുതൽ ആറ്റിറമ്പിൽ പറപ്പള്ളിവരെ വഴി ഗ്രാവലിടുക. [Rs. 5000]
3. വളയത്തിൽ വഴി ഗ്രാവലിടുക. [Rs. 5000]
4. നെടുമുടി റോഡ് ജംഗ്ഷൻ മുതൽ തെക്കോട്ടുള്ള വഴി ഗ്രാവലിടുക. [Rs. 5000]
5. ചക്രപ്പുരയ്ക്കൽ കടവുമുതൽ കിഴക്കോട്ട് നടപ്പാത ഗ്രാവലിടുക. [Rs. 5000]
6. എ.സി. റോഡിൽ ബ്ലോക്ക് ജംഗ്ഷൻ മുതൽ തെക്കേക്കര ഹൈസ്കൂൾ വരെ റോഡ് ഗ്രാവലിടുക. [Rs. 5000]
7. ചേപ്പിലാക്കൽ ചിറ വഴി ആറ്റുമണൽ ഇട്ട് നന്നാക്കുക. [Rs. 5000]
8. ചിറമുറിക്കൽ മുതൽ പടിഞ്ഞാറോട്ടുള്ള നടപ്പാത ആറ്റുമണൽ ഇട്ട് നന്നാക്കുക. [Rs. 5000]
9. അഞ്ചിൽ പുരയിടം മുതൽ പുത്തൻചിറവരെ മണ്ണിട്ടുയർത്തുക [Rs. 5000]

പൊതുവിവരം

പഞ്ചായത്തിന്റെ പേര്	: ചമ്പക്കുളം
പഞ്ചായത്തിൽ ഉൾപ്പെടുന്ന	
റവന്യൂ വില്ലേജ്	: ചമ്പക്കുളം
ബ്ലോക്ക് പഞ്ചായത്ത്	
ഡിവിഷൻ	: ചമ്പക്കുളം, നെടുമുടി
ബ്ലോക്ക് പഞ്ചായത്ത്	: ചമ്പക്കുളം
താലൂക്ക്	: കുട്ടനാട്
ജില്ല	: ആലപ്പുഴ
അസംബ്ലി മണ്ഡലം	: കുട്ടനാട്
വിസ്തീർണ്ണം	: 22.97 ചതുരശ്ര. കി. മീ.
ജനസംഖ്യ	: 17369
വാർഡുകളുടെ എണ്ണം	: 9
പ്രസിഡൻറ്	: കെ.ഡി. മോഹൻ
വൈസ് പ്രസിഡൻറ്	: ലിസമ്മ ജോൺസൺ

ഭരണചരിത്രം

1960 -ലെ പഞ്ചായത്ത് നിയമം നിലവിൽ വരുന്നതിന് മുൻപ് വില്ലേജ് യൂണിയനുകളായിരുന്നു നിലവിലുണ്ടായിരുന്നത്. ഇന്നത്തെ നെടുമുടി, ചമ്പക്കുളം പഞ്ചായത്തുകൾ ചേർന്നതായിരുന്നു അന്നത്തെ വില്ലേജ് യൂണിയൻ. സ്വാതന്ത്ര്യ സമരസേനാനിയും ആദരണീയനുമായ ശ്രീ. സി. കാഞ്ഞൂപറമ്പൻ ഈ യൂണിയന്റെ അദ്ധ്യക്ഷപദം അലങ്കരിച്ചിട്ടുണ്ട്. 63 മുതൽ ചമ്പക്കുളം പഞ്ചായത്ത് പ്രസിഡൻറുമാരായിരുന്നവരുടെ പേര് വിവരം താഴെ ചേർക്കുന്നു.

1. ജോസഫ്. ജെ. മാപ്പിളശ്ശേരി
2. ചന്ദ്രൻപിള്ള ആറ്റുകടവിൽ
3. റ്റി.സി. തോമസ് തൈയ്യിൽ
4. എം.ജെ. ജോസഫ് മണത്ര
5. ജേക്കബ്. ജെ. മാപ്പിളശ്ശേരി
6. ആർ. ഗോപാലകൃഷ്ണപിള്ള
7. ജോസുകുട്ടി ജോസഫ്
8. ജേക്കബ് കുര്യൻ മാപ്പിളശ്ശേരി

******
*****
***
***



2 ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

ഭൂപ്രകൃതി

കേരളത്തിന്റെ ഭൂപ്രകതിയിൽ തീര സമതല പ്രദേശത്ത് ഉൾപ്പെട്ട് ഒരു പ്രദേശവും 'കുട്ടനാട്' എന്ന കാർഷിക കാലാവസ്ഥ മേഖലയിൽ വരുന്നതുമാണ് ചമ്പക്കുളം പഞ്ചായത്ത്. കാർഷിക-പാർസ്ഥിതക ഘടകങ്ങളെ [Agro Ecological] അടിസ്ഥാനമാക്കി കുട്ടനാട് പ്രദേശത്തെ അപ്പർ കുട്ടനാട്, കായൽ പ്രദേശങ്ങൾ, വൈക്കം, ലോവർ കുട്ടനാട്, വടക്കൻ കുട്ടനാട്, പുറക്കാട്കരി എന്നീ 6 വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഇതിൽ 16280 ഹെക്ടർ വരുന്ന ലോവർ കുട്ടനാട്ടിൽ പെടുന്ന ചമ്പക്കുളം പഞ്ചായത്തിന് 22.97 ചതുരശ്ര കി.മീ. വിസ്തൃതിയുണ്ട്. പമ്പ, അച്ചൻ കോവിൽ, മണിമല എന്നീ നദികൾ ചെന്നെത്തുന്ന താഴ്ന്ന പ്രദേശമാണ് ലോവർ കുട്ടനാട് എന്നതുകൊണ്ട് വെള്ളപ്പൊക്കം രൂക്ഷമായി അനുഭവപ്പെടുന്നു. കടൽനിരപ്പിന് 1-2 മീറ്റർ താഴെ കിടക്കുന്ന പ്രദേശമാണിത്.

അതിര്

കിഴക്ക്	:	രാമങ്കരി
പടിഞ്ഞാറ്	:	നെടുമുടി
വടക്ക്	:	പുളിംകുന്ന്, വെളിയനാട്
തെക്ക്	:	എടത്വാ, തകഴി

മണ്ണ്

ലവണവും അമ്ലവും ചേർന്ന (Acid Saline) മണ്ണാണ് പഞ്ചായത്തിൽ പൊതുവെ കാണപ്പെടുന്നത്. ഉൾനാടൻ ജലമാർഗ്ഗങ്ങളുടേയും നദികളുടേയും തീരത്തു സംധാരണ കാണുന്ന 'കരപ്പാടം' മണ്ണാണ് ഇവിടെയുള്ളത്. നദികളിലൂടെ ഒഴുകിയെത്തി അടിഞ്ഞുകൂടിയ എക്കൽമണ്ണാണിത്. മണ്ണ് വളരെ ആഴത്തിലുള്ളതും വെള്ളം കെട്ടി നില്ക്കുന്നതുമാണ്. കറുത്ത ചാര നിറത്തിലുള്ള മണ്ണിൽ കളിമണ്ണും എക്കലും അധികമുണ്ട്. അമ്ലാംശവും ലവണാംശവും അധികമാണ്. അഴു

കിയ ജൈവപദാർത്ഥങ്ങളും ഇവിടുത്തെ മണ്ണിൽ ധാരാളമുണ്ട്. സസ്യങ്ങൾക്കാവശ്യമായ ഫോസ്ഫറസിന്റെ അംശം വളരെ കുറവായാണ് ഇവിടുത്തെ മണ്ണിൽ കാണപ്പെടുന്നത്.

ഭൂവിനിയോഗം

പഞ്ചായത്തിന്റെ ഭൂവിസ്തൃതി 22.97 ച. കി. ആണ്. പ്രധാന കൃഷി 1723 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്ന നെല്ലാണ്. കൂടാതെ തെങ്ങ്, വാഴ പച്ചക്കറികൾ എന്നീ പുരയിട കൃഷികളും ഇവിടെ ചെയ്യുന്നുണ്ട്.

പ്രധാന കാർഷിക വിളകളും അവയുടെ ഭൂവിസ്തിയും

കാർഷക വിള	ഭൂവിസ്തൃതി
നെല്ല് (ഒന്നാംവിള)	1722.824 ഹെക്ടർ
നെല്ല് (രണ്ടാംവിള)	800 ഹെക്ടർ
പച്ചക്കറികൾ	20 ഹെക്ടർ
തെങ്ങ്	450 ഹെക്ടർ
വാഴ	35 ഹെക്ടർ

ഭൂമി സംബന്ധമായ വിവരങ്ങൾ

ഇനം	വിസ്തീർണ്ണം
നിലം	1663 ഹെക്ടർ
പുരയിടം	430.5 ഹെക്ടർ
പുറമ്പോക്ക്	95.4 ഹെക്ടർ
കൃഷിയോഗ്യമായ തരിശ്	9.06 ഹെക്ടർ
കൃഷിയോഗ്യമല്ലാത്ത തരിശ്	16.18 ഹെക്ടർ
ആകെ	2214.14 ഹെക്ടർ

വില്ലേജ് സെറ്റിൽമെൻറ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിലെ ആകെയുള്ള ഭൂപ്രദേശം 5 ഉടമസ്ഥതയിലായിരുന്നുവെന്നു കാണുന്നു.

നിലം ഇനം തിരിച്ചുള്ള Abstract Statement

ഇനം	നിലം വിസ്തീർണ്ണം			പുരയിടം വിസ്തീർണ്ണം		
	സർവ്വേ നമ്പർ	ഏക്കർ	സെൻറ്	സർവ്വേ നമ്പർ	ഏക്കർ	സെൻറ്
1. പണ്ടാരവകപ്പാട്ടം, വിരുത്തി മുതലായവ	1078	1460	39	911	204	60
2. സർക്കാർ ദേവസ്വം പാട്ടം ഇനാം മുതലായവ	257	812	5	172	42	70
3. കണ്ടുകൃഷി	102	433	89	1	-	2
4. ബ്രഹ്മസ്വം, ഒറ്റി, തോട്ടം	85	211	90	45	11	94
5. കരം ഒഴിവ് വസ്തുക്കൾ	63	148	9	13	7	72
ആകെ.	1585	3066	32	1151	267	98

1. പണ്ടാരം വക വസ്തു - 50%
2. ദേവസ്വം വക പാട്ടം - 25%
3. കണ്ടുകൃഷി - 13%
4. ബ്രഹ്മസ്വ വക ഒറ്റി, തേട്ടം - 7%
5. കരം ഒഴിവു വസ്തു - 5%

69 പോട്ടാദാരൻമാർ, അതിൽ 197 പാട്ടാദാരന്മാർക്ക് നിലങ്ങളും, 262 പാട്ടാദാരന്മാർക്ക് പുരയിടങ്ങളും 237 പേർക്ക് ഇതു രണ്ടും ഉള്ളതാണ്.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 1991 - ലെ സെൻസസ് അനുസരിച്ച് 17369 ആണ്. ഇതിൽ 2218 പേർ കർഷകരാണ്. ആകെ ജനസംഖ്യയുടെ 12.76%. ഒരു ഹെക്ടറിനു താഴെ കൃഷിഭൂമിയുള്ള 1574 നാമമാത്ര കർഷകരും 1 ഹെക്ടർ മുതൽ 2 ഹെക്ടർ വരെ കൃഷി ഭൂമിയുള്ള 644 ചെറുകിട കർഷകരുമാണ് ഇവിടെയുള്ളത്. വൻകിട കർഷകർ [2 -ഹെക്ടറിനു മുകളിൽ] ആരുംതന്നെ ഇല്ല.

കാലാവസ്ഥ - ജലം

സംസ്ഥാനത്തിന്റെ പൊതു അവസ്ഥയിൽ നിന്നും വ്യത്യസ്തമായ കാലാവസ്ഥ പ്രത്യേകതകൾ ഒന്നുംതന്നെ ഇല്ല. സംസ്ഥാന ശരാശരിയേക്കാൾ കുറവു മഴ മാത്രമേ ലഭിക്കുന്നുള്ളൂ. എന്ന് മങ്കൊമ്പ് നെല്ലു ഗവേഷണ കേന്ദ്രത്തിൽനിന്നും ലഭിച്ച് Rainfall Data വ്യക്തമാക്കുന്നു. കഴിഞ്ഞ 5 വർഷക്കാലം പെയ്ത മഴയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

Year	Jan	Feb	Mar	Aprl	May	June	July	Aug	Sept	Oct	Nov	Dec	Total
1992	Nil	4.5	Nil	6.2	276.4	654.8	586.8	461	324.	383	322.6	6.2	3025.7
No. of Days	(0)	(1)	(0)	(2)	(13)	(24)	(26)	(22)	(12)	(18)	(18)	(2)	(128)
1993	Nil	2	7	78.1	202.4	911.5	780.8	177	181.2	604.1	203.5	35.63	163.2
No. of Days	(0)	(1)	(1)	(8)	(18)	(26)	(26)	(14)	(10)	(18)	(12)	(2)	(136)
1994	4.6	40.5	59	107	241.8	583	649	356	188.3	403.6	114	1.4	2748.2
No. of Days	(1)	(3)	(3)	(7)	(12)	(23)	(23)	(19)	(12)	(23)	(6)	(1)	(133)
1995	12.2	Nil	69.6	150.8	324.9	592.6	619	425.9	343.1	218.4	117.8	Nil	2874.2
No. of Days	(2)	(0)	(5)	(15)	(19)	(23)	(24)	(19)	(18)	(15)	(10)	(0)	(133)
1996	18.8	Nil	Nil	134.6	116.6	473.8	516.6	236.2					
No. of Days	(2)	(0)	(0)	(1)	(9)	(20)	(25)	(22)					

ശരാശരി പ്രതിവർഷ മഷ ലഭ്യത .... മി.മീ. ആണ്. ഏറ്റവും അധികം മഴ ലഭിക്കുന്നത് ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ്. ആകെ ലഭിക്കുന്ന മഴയുടെ .... ശതമാനം വരും.

ഇവിടുത്തെ ജലാശയങ്ങളിലെ വെള്ളത്തിന്റെ താപനില ഏറ്റവും കുറഞ്ഞത് 24°C ഉം കൂടിയത് 35°Cഉം ആണ്. കുട്ടനാടിന്റെ മുകൾ ഭാഗത്തേക്കാളും താപനില ഇവിടെ കൂടുതലാണ്. ജലത്തിലെ ഓക്സി

ജൻറ അളവ് പൊതുവായി 30°C 7-8 മില്ലീ ഗ്രാം/ലിറ്റർ എന്ന തോതിലാണ്. പ്രധാന ജലാശയങ്ങളിലെല്ലാം ലയിച്ചു ചേർന്ന ഓക്സിജൻറ [D. O] അളവ് 5 മില്ലീഗ്രാം /ലിറ്റർ എന്നതിൽ കുറയാറില്ല. Biological Oxygen Demand [B O D] വളരെ അപൂർവ്വമായി മാത്രമേ 5 -ൽ കൂടാറുള്ളൂ. എന്നാൽ ഒഴുക്കില്ലാത്ത തോടുകളിൽ D. O. 0 മുതൽ 5 വരെയും B O D 10 മുതൽ 20 വരെയും Chemical Oxygon Demand [C O D] 80 മില്ലീഗ്രാം/ലിറ്റർ എന്ന തോതിലും എത്തുന്നുണ്ട്. മറ്റു ജലാശയങ്ങളിൽ ഓക്സിജൻറ അളവ് ഇന്ത്യൻ സ്റ്റാൻഡേർഡ് പ്രകാരം അനുവദനീയമായ തോതിലാണ്. നൈട്രജൻ, നൈട്രേറ്റ്, നൈട്രൈറ്റ്, അമോണിയ എന്നീ രൂപകങ്ങളിൽ ചെറിയ തോതിൽ കാണാറുണ്ട്. ഇവിടെ രാസവളങ്ങളുടെ അമിതോപയോഗവും ജൈവാശിഷ്ടവും മൂലം നൈട്രജൻറ അളവ് കൂടിവരുന്നു. അമോണിയയുടെ അളവ് ഒരു ലിറ്ററിൽ 2 മില്ലിഗ്രാം വരെ വരുന്നുണ്ട്.

ജലത്തിലെ രോഗകാരികളായ ബാക്ടീരിയകളുടെ എണ്ണവും വളരെ കൂടുതലാണ്. മനുഷ്യ മലത്തിൽക്കൂടി വെള്ളത്തിലെത്തുന്ന എസ്പെരീഷ്യകോളൈ [Excherischia Coli) എന്ന ബാക്ടീരിയയുടെ അളവ് ഇവിടുത്തെ നദികളിലെ സാമ്പിളുകളിൽ 100 മില്ലീലിറ്റർ വെള്ളത്തിൽ 500 മുതൽ 5000 വരെ കാണുകയുണ്ടായി. എന്നാൽ വെള്ളം കെട്ടികിടക്കുന്ന തോടുകളിലും മറ്റും 15000-20000 വരെ കാണുന്നു. പലപ്രദേശങ്ങളിലും കുളിക്കാനും ഉള്ള വെള്ളത്തിൽ, ഉപയോഗിക്കുവാൻ അനുവദനീയമായതിലും വളരെ കൂടുതലാണ്. 100 മില്ലീ ലിറ്റർ വെള്ളത്തിൽ 1800 ബാക്ടീരിയകളെ വരെ കാണുകയുണ്ടായി. (കുടിവെള്ളത്തിൽ അുവദനീയമായത് 20 എണ്ണമാണ്) അമിത കീടനാശിനി പ്രയോഗംമൂലം ജലം മലിനമാണ്. ഭൂഗർഭ ജനല ലഭ്യതയേയും ഗുണനിലാവരത്തേയും സംബന്ധിച്ച് പഠനങ്ങൾ നടന്നിട്ടില്ല. നെടുമുടിയിലും, ചമ്പക്കുളം ഗവ: ആശുപത്രിയ്ക്കു സമീപത്തും പുല്ലങ്ങടിയിലും മാത്രമാണ്. ഭൂഗർഭസമ്പത്ത് കണ്ടെത്തി ഉപയോഗിച്ചിട്ടുള്ളത്.

ജൈവസമ്പത്ത്

ജനകീയാസൂത്രണ സർവ്വേയിലൂടെ ശേഖരിച്ച പഞ്ചായത്തിലെ വളർത്തു മൃഗങ്ങളുടെ വിവരങ്ങൾ 'മൃഗസംരക്ഷണം' എന്ന വിഭാഗത്തിൽ പട്ടികപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്തിൽ സാധാരണയായി കാണപ്പെടുന്ന പക്ഷികൾ താഴെപ്പറയുന്നു.

1. കാക്ക
2. നാട്ടുമൈന (Common Myna) കിന്നരി മൈനയെ അപൂർവ്വമായി കാണാറുണ്ട്.
3. മണ്ണാത്തിപുള്ള് (Magpie Robin)
4. ചെമ്പോത്ത് (Southern Coucal) ഉപ്പനെന്നും പേരുണ്ട്.
5. കറുപ്പൻ തേൻകിളി (Purple Sunbird)
6. നാട്ടു ബുൾബുൾ (Red vented Bulbul)
7. ഓലേഞ്ഞാലി (Indian Treepie)
8. നാട്ടു തത്ത (Roseringed Parakeet)
9. മഞ്ഞകറുപ്പൻ (Blackheaded Oriole)
10. തുന്നാരൻ (Tailor Bird)
11. അയോറ (Common Iora)
12. ആറ്റക്കറുപ്പൻ (White Backed Munia)
13. ആറ്റക്കുരുവി (Baya Sparrow) തൂക്കണാം കുരുവി, കുരിയാറ്റക്കുരുവിയെന്നും വിളിക്കും.
14. കരിങ്കുയിൽ (Indian Kod) നാട്ടുകുയിലെന്നും പറയാറുണ്ട്.
15. അമ്പലപ്രാവ് (Blue rock Pigeon)
16. അരിപ്രാവ് (Spotted Dove)
17. ചക്കിപ്പരുന്ത് (Pariah Kite)
18. ചിന്നക്കുട്ടുറുവൻ (Small Green Barbet)
19. ചെരി മീൻകൊത്തി (Common [Small blue] Kingfisher)
20. മീൻ കൊത്തി ചാത്തൻ (White Brearted Kingfisher) ഈ പക്ഷിയെ നീലപൊൻമാൻ എന്നാണ് ഇവിടെ വിളിക്കുന്നത്.
21. ആനറാഞ്ചി (King Crow)
22. നത്ത് (Owlet)
23. കുളകൊക്ക് (Pond Heron or Paddy bird)
24. മുണ്ടി
25. കൊക്ക് (Hero)
26. മഴക്കൊച്ച (Chestnut Bithern)
27. ചിന്നകൊക്ക് (Little Green Heron)

ചമ്പക്കുളം പഞ്ചായത്ത് ജനസംഖ്യ - 91 സെൻസസ്

വാർഡ്	വിസ്തീർണ്ണം ചതുരശ്ര കിലോമീറ്റർ	വീടുകളുടെ എണ്ണം	കുടുംബങ്ങളുടെ എണ്ണം	ജനസംഖ്യ (ഭവന രഹിതർ ഉൾപ്പെടെ)			ജനസംഖ്യ (0-6) വയസ്സ് ഗ്രൂപ്പിൽ ഉള്ളവർ			പട്ടികജാതി ജനസംഖ്യ			പട്ടികവർഗ്ഗ ജനസംഖ്യ			സാക്ഷരൻ			Percentage of SC Population
				M	F	T	M	F	T	M	F	T	M	F	T	M	F	T	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I		410	410	981	1113	2094	96	108	204	86	89	175				879	969	1738	8.36
II		393	393	1207	1104	2311	146	124	270	55	55	110				1048	938	1986	4.76
III		390	390	1020	1000	2020	133	94	227	101	103	204				869	846	1715	10.10
IV		410	410	1098	1092	2190	125	113	238	33	39	72				859	950	1809	3.28
V		260	260	654	652	1306	64	68	132	12	7	19				582	572	1154	1.45
VI		400	400	1064	1073	2137	136	112	248	144	135	279				898	908	1806	13.10
VII		340	340	933	921	1854	92	106	198	28	24	52				826	797	1623	2.80
VIII		382	386	882	1025	1907	104	95	199	94	99	193				768	901	1669	10.12
IX		310	310	717	833	1550	58	99	157	71	72	143				629	712	1341	9.22
ആകെ	22.97	3295	3299	8556	8813	17369	954	919	1873	624	623	1247	-	-	-	7458	7593	15091	7.19

28. മൂങ്ങ (Owl)

29. നാട്ടു മരംകൊത്തി (Kerala Golden Dacked Woodpecker)

30. ഇലക്കിളി (Jeerdon's Chloropsis)


31. ചെങ്കോക്കൽ ഇത്തിക്കണ്ണി കുരുവി (Tickell's Flower packer) എന്നീ സ്ഥിരവാസി പക്ഷികളും സ്ഥിരവാസിയാണോ ദേശാടന പക്ഷിയാണോ എന്ന് പക്ഷി നിരീക്ഷകർ തിരിച്ചറിഞ്ഞിട്ടില്ലാത്ത വിറയൻ പുള്ള് (Kestred) ഇവിടെ കാണാറുണ്ട്. സെപ്റ്റംബർ മാസം മുതൽ ഏപ്രിൽമാസം വരെ വയൽക്കോതി കത്രിക (Comon Swallow) കാട്ടു വാലുകുലുക്കി (Forert Wagtail) യും സെപ്റ്റംബർ മാസം മുതൽ മെയ്മാസം വരെ നാകമോഹനും (Paradise Flycatcher) ഒക്ടോബർ മുതൽ മാർച്ച് വരെ എരണ്ട (Teal) യും ഇവിടെയെത്തുന്ന ദേശാടന പക്ഷികളാണ്.

തുമ്പ, ആടലോടകം, തൃത്തറവ്, കരളുവേകം, ഒടിയൻ, കല്ലുതുക്കി, ആനച്ചുവടി, മുക്കുറ്റി, പനിക്കൂർക്ക, ആര്യവേപ്പ്, കച്ചോലം, തുളസി, കരിനെച്ചി, കൈയെണ്ണ, ആവണക്ക്, ബ്രഹ്മി, തഴുതാമ എന്നീ ഔഷധസസ്യങ്ങൾ ഇവിടെ കണ്ടുവരുന്നു. എങ്കിലും വേണ്ടതുപോലെ ഇവ പരിപാലിക്കപ്പെടുന്നില്ല.

സർപ്പക്കാവുകൾ ഇവിടെയുണ്ട്. സജീവമായ ഇക്കോ വ്യൂഹമാണ് സർപ്പക്കാവുകൾ. ഇത് സംരക്ഷിക്കപ്പെടണം. സർപ്പക്കാവിനു സമീപമുള്ള കിണറുകളിലും, കുളങ്ങളിലും വർഷക്കാലത്തുപോലും സമൃദ്ധമായ ജല ലഭ്യതയുണ്ട്.

ജനപ്രകൃതി

1991 കനേഷുകുമാരി പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 17369 ആണം. ഇതിൽ 8556 [49.26%] പുരുഷന്മാരും 8813 [50.74%] സ്ത്രീകളുമാണ്. പുരുഷന്മാരെക്കാൾ 275 സ്ത്രീകൾ കൂടുതലാണ്. സ്ത്രീ പുരുഷ അനുപാതം 1000 പുരുഷന്മാർക്ക് 1030 സ്ത്രീകൾ. സംസ്ഥാന ശരാശരി 1036 ആണ്. ജനസാന്ദ്രത കി. മീറ്ററിന് 756 ആണ്. സംസ്ഥാന ശരാശരിയോട് ഏതാണ്ട് അടുത്തെത്തുന്നു. (749 km^2) ജില്ലാ ശരാശരി 1415 km^2 ആണ്. പട്ടികവർഗ്ഗ വിഭാഗക്കാർ പഞ്ചായത്തിലില്ല. 1247 പേരാണ് പട്ടികജാതി വിഭാഗത്തിലുള്ളത്. ഇത് ആകെ ജനസംഖ്യയുടെ 7.17% ആണ്. 624 പുരുഷന്മാരും 6623 സ്ത്രീകളുമാണ്. 0-6 പ്രായ ഗ്രൂപ്പുകാർ 1873 പേരാണ് ഇവർ ആകെ ജനസംഖ്യയുടെ 10.78% വരും. ഈ ഗ്രൂപ്പിൽ പെൺകുട്ടികളെക്കാൾ കൂടുതൽ ആൺകുട്ടികളാണ്. മറ്റു പ്രായ ഗ്രൂപ്പിലുള്ളവരുടെ എണ്ണം പറയാൻ ജനകീയാസൂത്രണ സർവ്വേ ക്രോഡീകരണം പൂർത്തിയാകാത്തതിനാൽ സാധിക്കുന്നില്ല. 97.12% പേർ സാക്ഷരരാണ് (15051 പേർ). ഇതിൽ 7458 പേർ (97.65%) പുരുഷന്മാരും 8813 പേർ (96.18%) സ്ത്രീകളുമാണ്. സാക്ഷരതാ ശതമാനം സംസ്ഥാന ശരാശരിയേക്കാൾ (83.35%) കൂടുതലാണ്. ഒരു വീട്ടിലെ ശരാശരി അംഗസംഖ്യ 5.3 ആണ്. സംസ്ഥാന ശരാശരിയുടെ തുല്യമാണിത്. 1996 ഡിസംബർ മാസത്തിൽ നടന്ന ജനകീയാസൂത്രണ സർവ്വേ ക്രോഡീകരണം പൂർത്തിയാകാത്തതിനാൽ വിദ്യാഭ്യാസ തൊഴിൽ സംബന്ധമായ വിലയിരുത്തൽ സാധ്യമല്ലാതായിരിക്കുന്നു. ■



3 ചരിത്രം


ഈ നാടും ഇതിന്റെ ചരിത്രവും സംസ്ക്കാരവും, ഉൽപാദന പ്രക്രിയയുമെല്ലാം മനുഷ്യന്റെ പേശീബലം കൊണ്ട് സൃഷ്ടിക്കപ്പെട്ടതാണ്. അനന്തവിശാലതയോടെ പ്രക്ഷുബ്ധമായികിടന്നിരുന്ന വേമ്പനാട്ടുകായലിനെ, ചെറിയ ചെറിയ ഭാഗങ്ങളാക്കി ചിറകെട്ടി വളച്ചെടുത്താണ് കുട്ടനാട്ടിലെ കൃഷിയിടങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. വളച്ചുകുത്തി ചവിട്ടി പറ്റിച്ചെടുത്ത് കണ്ണന്റെ കരിയിലും, തേവന്റെ കരിയിലും രാമന്റെ കരിയിലും, ഉയർന്ന ഞാറ്റുപാട്ടും കൊയ്തുപാട്ടുമൊക്കെയാണ് ഇവിടുത്തെ ആദിമകലാരൂപങ്ങൾ. പ്രകൃതിയോടു പടവെട്ടികൃഷി ചെയ്ത് വിളവു വർദ്ധിക്കുന്തോറും കൃഷി ഭൂമി ഉടമസ്ഥാവകാശം രാജ സ്വത്തിലേക്കും ബ്രഹ്മസ്വത്തിലേക്കും മാറി. ബ്രഹ്മസ്വഭൂമികളും രാജസ്വഭൂമികളും കണ്ടു കൃഷിക്കായി കരപ്രമാണിമാർക്കു ലഭിച്ചു. ക്രമേണ ഇവർ ജന്മിമാരായി മാറി. അവർ രെക്കലും കാർഷികപ്പണിയിൽ ഏർപ്പെട്ടിരുന്നില്ല. പകരം കൃഷിക്കാർക്ക് ഭൂമി പാട്ടത്തിനു നൽകുകയായിരുന്നു. മൃഗതുല്യരായികണക്കാക്കപ്പെട്ടിരുന്ന അടിമ ജീവതങ്ങളുടെ അദ്ധ്വാനശേഷി കൂലി കൂടാതെ യഥേഷ്ടം ലഭ്യമായതുമൂലം കുട്ടനാട്ടിലെ കാർഷികസാങ്കേതിക വിദ്യയ്ക്ക് ദീർഘകാലം .യാതൊരു മാറ്റവും ഉണ്ടായിട്ടില്ല. പാട്ടക്കൃഷിക്കാരും കർഷകത്തൊഴിലാളികളും രാപകലില്ലാതെ കൃഷി ഭൂമിയിൽ കഷ്ടപ്പെട്ടു. പക്ഷേ ഉൽപ്പന്നമെല്ലാം പാട്ടവും വാരവും ഭൂ നികുതിയുമൊക്കെയായി നാടുവാഴിത്തത്തിന്റേറയും പൗരോഹിത്യത്തിന്റെറയും പത്തായപ്പുരയിലേക്കൊഴുകി. പാട്ടകൃഷിക്കാർ നിത്യദാരിദ്ര്യത്തിലേയ്ക്ക് നീങ്ങി. ഓരോ വർഷത്തെ ചെലവിനും ഹുണ്ടികക്കാരായ തമിഴ് ബ്രാഹ്മണരിൽ നിന്നും അന്യായ പലിശയ്ക്ക് കടംകൊള്ളേണ്ടിവന്നു. അങ്ങനെ പാട്ടവും വാരവും ഭൂനികുതി കടവും മൂലം നശിച്ച കർഷകരുടെ നാശത്തിൽ നിന്നും തമിഴ് ബ്രാഹ്മണർ കുട്ടനാട്ടിലെ പ്രബല സാമ്പത്തിക ശക്തിയായി വളർന്നുവന്നു. ഇങ്ങനെയാണ് കുട്ടനാട്ടിലെ മൂലധനത്തിന്റെ വളർച്ച. ഏതാണ്ട് ഇതേ കാലത്തുതന്നെ കുച്ചവട മൂലധനത്തിന്റെ പ്രതിനിധികൾ എന്ന നിലയിൽ ക്രിസ്ത്യൻ വിഭാഗവും ഉയർന്നുവന്നു.

അക്കാലത്ത് നിലനിന്നിരുന്ന ജന്മികുടിയാൻ ബന്ധങ്ങളെപ്പറ്റിയും, സാമ്പത്തിക വിതരണത്തെപ്പറ്റിയും പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളോ, അത് തെളിയിക്കുന്നതിന് ചരിത്രത്തിന്റെ ശാസ്ത്രീയ ഉപകരണങ്ങളോ ഇത്തരം ചെറിയ അന്വേഷണത്തിൽ ലഭ്യമായില്ല. ആശ്രയിക്കാവുന്ന ഓരേ ഒരു കാര്യം ഇവിടെ നിലനില്ക്കുന്ന മിത്തുകൾ മാത്രമാണ്. ശാസ്ത്രീയ ഉപകരണങ്ങൾ പരാജയപ്പെടുന്നിടത്ത് മിത്തുകൾ ചരിത്രകാരന്മാരെ സഹായിച്ചിട്ടുള്ളതായിക്കാണാം. ചമ്പക്കുളം പഞ്ചായത്തുമായി ബന്ധപ്പെട്ട മിത്തുകളിൽ ഏറ്റവും ശ്രദ്ധേയമായത് നാനൂറ്റും പാടത്ത് നടന്നുവെന്നുകരുതുന്ന ഒന്നാണ്. കഥാപാത്രങ്ങളായ കൊക്കരാകാൽ തമ്പുരാക്കന്മാരും മൂത്ത പറയനായ ഇടിണ്ടാൻ വല്യച്ചനും നെടുമുടി പഞ്ചായത്തുകാരാണെങ്കിലും സംഭവം നടന്നത് ഇവിടെയാണ്. പടിക്കൽ പന്തീരായിരവും, പന്തിരേത് പോത്തുമുണ്ടായിരുന്ന കൊക്കരാക്കൽ തമ്പുരാന്റെ ആശ്രിതനായിരുന്നു ഇട്ടിണ്ടാൻ. ഒരിക്കൽ കൊക്കരാക്കയിലെ കന്നുകാലികൾ ഏതോ ദീനം ബാധിച്ച് ഒന്നൊന്നായി ചത്തുവീഴാൻ തുടങ്ങി. പറയനെ കന്നിനോടൊപ്പം നുകത്തിൽകെട്ടി ഉഴുതാൽ ദീനം മാറുമെന്ന് പ്രശ്നവിധി. അവശേഷിച്ച കന്നിനേയും ഇട്ടിണ്ടാനെയും ഒരേനുകത്തിൽ കെട്ടി ഉഴുകയും പാടത്ത് ചോരചർദ്ദിച്ച് ഇട്ടിണ്ടാൻ മരിക്കുകയും ചെയ്തു. ചരിത്രവുമായി കെട്ടു പിണഞ്ഞു കിടക്കുന്ന ഈ മിത്തിനെ ത്യാജ ഗ്രാഹ്യ ബുദ്ധിയോടെ സമീപിച്ചാൽ അക്കാലത്തെ ജന്മി കുടിയാൻ ബന്ധത്തെ അറിയാൻ കഴിയും. നായർ പ്രബലതയുള്ള സ്ഥലമായിരുന്നു നമ്മുടേത്. ഇവരിൽ പ്രധാനി ചെമ്പകശ്ശേരി രാജാവിന്റെ ഉപപടനായന്മാരും പ്രശസ്തിപെറ്റ വൈദ്യന്മാരുമായിരുന്ന വെള്ളൂർ കുറുപ്പന്മാർ ആയിരിക്കണം 'വെട്ടും കുത്തും മാത്തൂർക്ക്, ' ഒടിവും ചതവും വെള്ളൂർക്ക് '' എന്നൊരു ചൊല്ലും ഇവിടെ നിലവിലുണ്ടായിരുന്നു. പടിപ്പുരയ്ക്കൽ ക്ഷേത്ര പരിസരത്ത് കളരികെട്ടി ആയുധ പരിശീലനവും നടത്തുന്നുണ്ടായിരുന്നു. കടത്തനാട്ടിൽ നിന്ന് നായനാർമാർ വന്ന് ഈ കളരികളിൽ ആയുധ വിദ്യ പഠിപ്പിച്ചിരുന്നു. ആയുധവിദ്യയിലും ആയുധപ്രകടനത്തിലും, അധഃസ്ഥിതർക്കും പങ്കുണ്ടായിരുന്നുവത്രെ. - ഇന്ന് പടച്ചാൽ എന്നറിയപ്പെടുന്ന പാടശേഖരത്ത് വർഷം തോറും ആയില്യം മകത്തിന് അധഃസ്ഥിതർ കല്ലും കവണിയുമായി രണ്ടു വിഭാഗമായി തിരിഞ്ഞ് ഏറ്റുമുട്ടിയിരുന്നു.

സംഘബോധത്തിന്റെയും കൂട്ടായ യത്നത്തിന്റേയും ചരിത്ര പൈതൃകമാണ് ഈ നാട്ടിലുള്ളതെന്നതിന് ഏറ്റവും പ്രബലമായ തെളിവാണ് ചമ്പക്കുളം മൂലം വള്ളംകളി. (സാംസ്ക്കാരിക വിഭാഗം കാണുക.,) കൊല്ലവർഷം 990 - ൽ ആണ് മൂലം വള്ളംകളി ആരംഭിച്ചത് എന്ന് പൊതുവേ അംഗീകരിക്കപ്പെടുന്നു.

വള്ള നിർമ്മാണത്തിന്റെ സാങ്കേതിക വിദ്യ പ്രത്യേക ശ്രദ്ധ ആകർഷിച്ചിരുന്നു. പൊങ്ങുതടിയിൽ നിന്നും ചുണ്ടൻ വള്ളങ്ങൾ വരെയെത്തുന്ന ഈ സാങ്കേതിക വിദ്യ വികസിച്ചത് വളരെ വേഗത്തിലാണ് എന്നു കാണാം യോദ്ധാക്കൾക്കായി ചുണ്ടൻ വള്ളം, അകമ്പടിക്കായി വെയ്പ്വള്ളങ്ങൾ, മിന്നൽ യുദ്ധങ്ങൾക്ക് ഇരുട്ടുകുത്തി ഇങ്ങനെയാണ് രീതി. ഈ പോർവഞ്ചികളുടെ സാങ്കേതി വിദ്യ ലോകത്തിന് എന്നെന്നും ഒരു അത്ഭുതമായിരുന്നു. എന്തായാലും കാർഷിക മാറ്റത്തിന്റെ ഗണ്യമായ ഒരു ഭാഗം നാടുവാഴികൾ തമ്മിലുള്ള യുദ്ധത്തിനായി ചെലവഴിച്ചു എന്നത് ചരിത്ര സത്യമാണ്. യുദ്ധകാര്യങ്ങളിൽ പ്രത്യക്ഷമായോ പരോക്ഷമായോ ശക്തമായ പിൻബലം നൽകിയിരുന്ന നാടാണ് ചമ്പക്കുളം. പിന്നീട് ചെമ്പകശ്ശേരി, മാർത്താണ്ഡവർമ കീഴടക്കുകയും, മാർത്താണ്ഡവർമ്മയെ തുടർന്ന് ബ്രിട്ടീഷുകാർ ഭരണാധികാരികളായതും ഉൾപ്പെടെ ചരിത്രത്തിലുള്ളതെല്ലാം നമുക്കും ബാധകമാണ്.

കുട്ടനാട്ടിലെ സാമ്പ്രദായിക ഉൽപാദന സാങ്കേതിക വിദ്യയ്ക്ക് ശക്തമായ മാറ്റങ്ങൾ വരുത്തിയത് വ്യവസായ വിപ്ലവത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുവന്ന ബ്രിട്ടീഷുകാരാണ്. ഒന്നാം ലോക മഹായുദ്ധകാലത്ത്, ബ്രണ്ടൻ സായ്പ്പിന്റെ എഞ്ചിനോടൊപ്പം വന്ന യന്ത്രവത്ക്കരണ പ്രവർത്തനങ്ങൾ കുട്ടനാടൻ കാർഷികമേഖലയിൽ വ്യാപകമായ മാറ്റങ്ങൾ വരുത്തി. കാർഷിക രംഗത്ത് സാങ്കേതിക വിദ്യയിലും, ഉൽപാദന ബന്ധങ്ങളിലുമുണ്ടായ മാറ്റം നമ്മുടെ നാടിന്റെയും ഉൽപാദനബന്ധങ്ങളെ സ്വാധീനിച്ചു. നവീന വിദ്യാഭ്യാസം ജനങ്ങളുടെ ഇടയിൽ പ്രചരിക്കാൻ തുടങ്ങി. നാട്ടാരുടെ പരിശ്രമഫലമായി പഞ്ചായത്തിൽ ആദ്യമായി 1884 - ൽ ഒരു വിദ്യാലയം പുന്നക്കുന്നത്തുശ്ശേരിൽ സ്ഥാപിതമായി. ആദ്യത്തെ വായനശാലയായ പബ്ലിക് ലൈബ്രറി ചമ്പക്കുളം 1945 - ലാണ് സ്ഥാപിതമായത്. നവീന വിദ്യാഭ്യാസത്തോടൊപ്പം തന്നെ സ്വാതന്ത്ര്യത്തിന്റെ അലയൊലികളും, നാട്ടിൽ ഉയർന്നുതുടങ്ങി. ആരംഗത്ത്



എടുത്തുപറയത്തക്ക വ്യക്തിത്വം ശ്രീ. ചാക്കോ കാഞ്ഞൂപ്പറമ്പന്റേതാണ്. കുട്ടനാട്ടിലെ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെ നേതാവായിരുന്നു അദ്ദേഹം. സ്വാതന്ത്ര്യം എന്ന വാക്ക് നിഷിദ്ധവും സ്വാതന്ത്ര്യം ആഗ്രഹിക്കുന്നവൻ നിഷേധിയുമായിരുന്ന ആ കാലത്ത് അന്തസ്സു പാടത്ത് ശ്രീ കാഞ്ഞൂപ്പറമ്പനും, കുട്ടനാട് രാമകൃഷ്ണപിള്ളയും നേതൃത്വം കൊടുത്ത സമരം, ഏതൊരു കുട്ടനാട്ടുകാരനും അഭിമാനിക്കാൻ വക നൽകുന്നതാണ്. കിരാത മർദ്ദനത്തിനുപേരുകേട്ട 'CP" ഭരിക്കുന്ന കാലം ദേശീയ സ്വാതന്ത്ര്യ പ്രവർത്തനത്തിന്റെ ഭാഗമായി ഒരു യോഗം നടത്താൻ കോൺഗ്രസ് പ്രവർത്തകർ തീരുമാനിച്ചു. യോഗം നടത്താൻ സ്ഥലം കൊടുക്കുവാൻ ആരും തയ്യാറായില്ല. അഥവാ തയ്യാറായാൽ തന്നെ 'CP" യുടെ പട്ടാളക്കാർ യോഗം കലക്കുകയും, യോഗ നേതാക്കളെ അറസ്റ്റു ചെയ്യുകയും ചെയ്യും. ശ്രീ കാഞ്ഞൂപ്പറമ്പന്റെ നേതൃത്വത്തിൽ കെട്ടുവള്ളങ്ങൾ കൂട്ടിച്ചേർത്ത് കെട്ടി സമ്മേളനം തുടങ്ങി. നിമിഷങ്ങൾക്കുള്ളിൽ സി. പി. യുടെ പട്ടാളം ബോട്ടുനിറയെയെത്തി. അതിനുമുമ്പ് തന്നെ സി. പി.യെ അനുകൂലിക്കുന്നവർ ചെണ്ടയും പാട്ടയും കൊട്ടിയോഗം അലങ്കോലപ്പെടുത്താനെത്തിയുരുന്നു. പട്ടാളവും യോഗം കലക്കികളുമെത്തിയപ്പോൾ സമ്മേളന സ്ഥലം (കെട്ടുവള്ളങ്ങൾ) പാട മദ്ധ്യത്തിലേയ്ക്ക് നീങ്ങുകയും വിജയകരമായി യോഗം പര്യവസാനിക്കുകയും ചെയ്തു.

ദേശീയ പ്രസ്ഥാനത്തോടൊപ്പംതന്നെ എസ്. എൻ. ഡി. പി. പ്രസ്ഥാനവും, അവശജന വിഭാഗങ്ങളെ സംഘടിപ്പിക്കുന്നതിനും ജാതി പീഡനങ്ങൾ അവസാനിപ്പിക്കുന്നതിനും ആവശ്യമായ നിരവധി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. കാരേകാട് സ്കൂളിനു സമീപമുള്ള ഒരു വീട്ടിൽ കല്യാണത്തോടനുബന്ധിച്ച് ഒരു പന്തിഭോജനം (മിശ്ര ഭോജനം) നടന്നിട്ടുണ്ട്. ജാതി പീഡനത്തിനെതിരായ പ്രവർത്തനങ്ങൾ നടത്തിയതിൽ എസ്. എൻ. ഡി. പി. നേതാക്കളായ ശ്രീ. എം. കെ. കൃഷ്ണൻ, കുറ്റിക്കാട്ടിൽ ശങ്കരൻ ചാന്നാൻ (കൈനകരി) എന്നിവർ വഹിച്ച പങ്ക് പ്രത്യേകം പ്രസ്താവ്യമാണ്. ഇതേ സമയത്തുതന്നെ അയ്യൻകാളിയുടേയും മറ്റും പരിശ്രമഫലമായി കേരളത്തിലുടനീളമുണ്ടായ അധഃസ്ഥിതരുടെ ഉയർത്തെഴുനേൽപും സ്വാഭാവികമായും നമ്മുടെ ഗ്രാമത്തിലും പുത്തനുണർവുണ്ടാക്കി. ഈയൊരു സാമൂഹ്യ സാഹചര്യത്തിലാണ് കർഷകത്തൊഴിലാളി പ്രസ്ഥാനത്തിന്റെ പിറവി.

കുട്ടനാട്ടിലെ കർഷകത്തൊഴിലാളി പ്രസ്ഥാനം 1939 ഡിസംബർ 8 (1115 വൃശ്ചികം 22) നാണ് രൂപീകരിക്കപ്പെടുന്നത്. അതിനുമുമ്പ് ചില പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. 1113- ൽ തെക്കേക്കര സ്വദേശിയായ ചോതൻ എന്ന കർഷകത്തൊഴിലാളിയെ കാവാലത്തുള്ള ഒരു കർഷപ്രമാണിയുടെ (ചെമ്പുന്തര തൊമ്മച്ചൻ) അനുജൻ, ഏതോ നിസ്സാര കാര്യത്തിന് തല്ലിക്കൊന്നു കിഴിച്ചിട്ടു. അധഃസ്ഥിതന്റെ ജീവന് പുല്ല് വിലപോലും കല്പിക്കാതിരുന്ന ആ കാലഘട്ടത്തിൽ അതൊരു സംഭവമേ ആയിരുന്നില്ല. തമ്പ്രാക്കന്മാരുടെ കയ്യാൽ കൊല ചെയ്യപ്പെട്ട പതിനായിരക്കണക്കിന് അടിമ ജീവിതങ്ങളിലൊന്നായി നാട്ടുകാർ ഇതിനെയും കരുതി. എന്നാൽ ചോതന്റെ ഭാര്യ ഓമന ചിന്ന പാട്ടത്തിൽ പത്മനാഭപിള്ള എന്ന കരപ്രമാണിയുടെ സഹായത്തോടെ അമ്പലപ്പുഴ കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തു. 'ഓമനചിന്ന കേസ്' എന്നാണിത് അറിയപ്പെട്ടത്. കുറ്റവാളികൾ രക്ഷപെട്ടെങ്കിലും മറവു ചെയ്ത ശവശരീരം കോടതി നിർദ്ദേശ പ്രകാരം പുറത്തെടുത്ത് പോസ്റ്റുമോർട്ടം ചെയ്തതും മറ്റും അധഃസ്ഥിതന്റെ മനസ്സിൽ അഭൂതപൂർവ്വമായ മാറ്റങ്ങൾ ഉണ്ടാക്കി. ഒരു കർഷകത്തൊഴിലാളിയുടെ വധം ഇത്രയേറെ ചർച്ചചെയ്യപ്പെടുന്നത് കുട്ടനാടിൽ ആദ്യമായിരുന്നു. അടിയാളനെ കൊന്നതിന് തമ്പ്രാനെതിരെ ഫയൽ ചെയ്യപ്പെട്ട കുട്ടനാട്ടിലെ ആദ്യത്തെ കേസും ഇതായിരിക്കണം.

1940 - ന്റെ ആദ്യപാദങ്ങളോടെ തന്നെ കർഷകത്തൊഴിലാളികളുടെ ചെറിയ ചെറിയ ചെറുത്തു നില്പുകൾ ഇവിടെ ഉയർന്നുവന്നു. ചരിത്ര സംഭവങ്ങൾ പാടശേഖരങ്ങളിലേക്ക് ഇറങ്ങിവന്നു. അതിനുമുമ്പ് പ്രധാനപ്പെട്ട യോഗങ്ങളും മറ്റും നമ്മുടെ പഞ്ചായത്തിന് തൊട്ടടുത്തുള്ള പുളിങ്കുന്ന, മങ്കൊമ്പ്, ചമ്പക്കുളം മൂന്നാറ്റുംമുഖം തുടങ്ങിയ അങ്ങാടികളിൽ വച്ചായിരുന്നു നടന്നിരുന്നത്. കർഷകത്തൊഴിലാളി സമരങ്ങളിൽ ഏറ്റവും പ്രമുഖമായ സ്ഥാനം വഹിക്കുന്ന 1955 - ലെ വെള്ളിശ്രാക്കൽ സമരത്തിന് നേതൃത്വം കൊടുത്തതിലൊരാൾ നമ്മുടെ പഞ്ചായത്ത് കാരനായ ശ്രീ. പി.കെ.പാട്ടമായിരുന്നു. നിഷ്ഠൂരമായ മർദ്ദനങ്ങൾ സഹിച്ചുകൊണ്ട് കർഷകത്തൊഴിലാളികളുടെ മോചനത്തിനുവേണ്ടി പ്രവർത്തിച്ച പി. കെ. പരമേശ്വര കയ്മൾ എന്നപി.കെ. പാട്ടം പരക്കെ അറിയപ്പെടുന്ന നേതാവായിരുന്നു.

ഇതേ കാലത്ത് തന്നെ തൊള്ളായിരം പാട ശേഖരത്ത് കൃഷി സംരക്ഷണ സേനക്കാരും കർഷക തൊഴിലാളികളും തമ്മിലേറ്റുമുട്ടി. ഒരു പ്രത്യേക സമുദായക്കാരെ മാത്രം പണിക്കിറക്കാൻ ചില വൻകിട കൃഷിക്കാർ നടതതിയ ശ്രമമായിരുന്നു ഈ ഏറ്റുമുട്ടലിന് കാരണം. 1964 - ൽ പ്രസിദ്ധമായ ചിറക്ക് പുറംസമരം നടന്നു. കൂലി ഏട്ടണയിൽ നിന്നും 12 അണയാക്കി വർദ്ധിപ്പിക്കുന്നതിനുള്ള ഈ സമരം 'കാലണാ സമരം' എന്നറിയപ്പെടുന്നു. കളത്തിൽ സ്കറിയ എന്ന ജന്മിയുടെ പാടശേഖരത്തിലാണ് ഈ സമരം നടന്നത്. കറുത്ത, പങ്ക (പങ്കജാക്ഷി) ലക്ഷ്മി തുടങ്ങിയ വനിതകൾ കൊടിയ മർദ്ദനങ്ങളെ അതി ജീവിച്ചുകൊണ്ട് ഈ സമരത്തിന് ധീരമായി നേതൃത്വം കൊടുത്തു. എന്നത് പൊതു പ്രവർത്തനങ്ങളിലും രാഷ്ട്രീയ രംഗത്തും സ്ത്രീകൾ കടന്നുവരുന്നതിന് പ്രചോദനമായിട്ടുണ്ട്. പിന്നീടിങ്ങോട്ടുള്ള സാമൂഹ്യമാറ്റങ്ങൾ ഈ റിപ്പോർട്ടിൽ വിവിധ ഭാഗങ്ങളിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

കഴിഞ്ഞ അര നൂറ്റാണ്ടിനുള്ളിൽ നമ്മുടെ സാമൂഹ്യ സാംസ്ക്കാരിക രംഗത്ത് അതിശീഘ്രഗതിയിലുള്ള വ്യത്യാസങ്ങൾ വന്നിട്ടുണ്ട്. നവോത്ഥാന പ്രസ്ഥാനങ്ങളുടെയും അതിന്റെ തുടർച്ചയായ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുടെയും പ്രവർത്തനങ്ങളും ഉല്പാദന പ്രക്രിയയിലും, സാങ്കേതിക വിദ്യയിലും ഉണ്ടായ മാറ്റങ്ങളുമാണ് ഇതിന് കാരണം. ഉത്പാദന പ്രക്രിയയിലുണ്ടായ ഈ മാറ്റം നമ്മുടെ ആചാര മര്യാദകളിലും, വിശ്വാസങ്ങളിലും, കുടുംബ ബന്ധങ്ങളിലും അത്ഭുതകരമായ മാറ്റങ്ങളാണ് ഉണ്ടാക്കിയത്. നമ്മുടെ ഭൂതകാലത്തെ പറ്റിയുള്ള അന്വേഷണം നമ്മെ മൗഢ്യങ്ങളിൽ നിന്ന് തീർച്ചയായും വിളിച്ചുണർത്തുകതന്നെ ചെയ്യും. ഇന്നിനെ സൃഷ്ടിക്കാൻ നമ്മുടെ മുൻ തലമുറ അതിജീവിച്ച ത്യാഗത്തിന്റെയും, സഹനത്തിന്റെയും പോരാട്ടത്തിന്റെയും ഇന്നലെകൾ നിശ്ചയമായും നല്ലയൊരു നാളേക്കുള്ള വഴികാട്ടി ആയിരിക്കുകതന്നെ ചെയ്യും. ■

***
****
******



4 വികസന മേഖലാ അവലോകനം

4A കൃഷി, ജലസേചനം

ഈ നാടും ഇതിന്റെ സംസ്ക്കാരവും കൃഷിയും എല്ലാമെല്ലാം മനുഷ്യന്റെ പേശീബലം കൊണ്ട് സൃഷ്ടിക്കപ്പെട്ടതാണ്. വിശാലമായും പ്രക്ഷുബ്ധമായും കിടന്നിരുന്ന വേമ്പനാട്ടുകായലിനെ ചെറിയ ചെറിയ ഭാഗങ്ങളായി ചിറകെട്ടി വളച്ചെടുത്താണ് കുട്ടനാട്ടിലെ കൃഷി നിലങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. അന്നുമുതൽ ഇന്നോളം കുട്ടനാട്ടിലെ പ്രധാനകൃഷി നെല്ല് ആണ്. അതുകൊണ്ടുതന്നെ ഇവിടുത്തെ ചരിത്രത്തിനും സംസ്ക്കാരത്തിനും തനതു കലാരൂപങ്ങൾക്കും നെൽകൃഷിയുമായി ബന്ധമുണ്ട്. വളച്ചുകെട്ടി എടുത്ത് പ്രകൃതിയുടെ തടസ്സങ്ങളെ അതിലംഘിച്ച് കൃഷി ചെയ്ത്. വിളവ് വർദ്ധിക്കുന്തോറും ഭൂമിയുടെ ഉടമസ്ഥാവകാശം രാജസ്വത്തിലേക്കും ബ്രഹ്മസ്വത്തിലേക്കും ദേവസ്വത്തിലേക്കും എത്തപ്പെടുകയായിരുന്നു. ഏറ്റവും കുറഞ്ഞ ചിലവിൽ അധഃസ്ഥിതരുടെ അദ്ധ്വാനശേഷി യഥേഷ്ടം ലഭിച്ചിരുന്നതുകൊണ്ട് ദീർകാലത്തേക്ക് കുട്ടനാട്ടിലെ കാർഷിക സാങ്കേതിക വിദ്യക്ക് യാതൊരു മാറ്റവും വേണ്ടിവന്നില്ല. പണ്ടാരവക ഭൂമിയും ദേവസ്വം വക ഭൂമിയും കണ്ടു കൃഷിക്കായി ഏൽപ്പിക്കപ്പെട്ട പ്രമാണിമാർ ക്രമേണ ഭൂമിയുടെ ജന്മിമാരായി. അവർ ഒരിക്കലും കാർഷിക വൃത്തിയിൽ നേരിട്ട് ഏർപ്പെടാതിരിക്കുകയും ഭൂമികൃഷിയ്ക്കായി പാട്ടത്തിന് കൊടുക്കുകയും ചെയ്തു പോന്നു. പാട്ടകൃഷിക്കാരാവട്ടെ അമിതമായ പാട്ടവും വാരവും കൊടുത്ത് നിത്യദാരിദ്ര്യത്തിലായി. ഓരോ തവണ കൃഷി ചെയ്യുന്നതിനും വിത്തിനും മറ്റു ചെലവുകൾക്കും അന്യായ പലിശയ്ക്ക് ഹുണ്ടിക-തമിഴ് ബ്രാഹ്മണരിൽ നിന്നും കടം കൊള്ളേണ്ടി വരികയും, കടംകൊണ്ടും പാട്ടവും വാരവും കൊടുത്ത് തകർന്ന കർഷകരുടെ നാശത്തിൽ നിന്നും തമിഴ് ബ്രാഹ്മണർ പ്രബല സാമ്പത്തികശക്തിയായി വളരുകയും ചെയ്തു.

സമുദ്രനിരപ്പിൽ നിന്നും രണ്ടു മീറ്റർ താ

ഴ്ന്നതാണ് കുട്ടനാട്ടിലെ കൃഷി നിലങ്ങൾ. കൃഷി ചെയ്യണമെന്ന് തീരുമാനിക്കുന്ന കൊല്ലം തുലാവർഷം കഴിഞ്ഞ് പാടത്തിന്റെ പുറവരമ്പ് ഉറപ്പിച്ച് വെള്ളം ഒഴുകിയെത്തുന്നതിന് പറ്റിയ സ്ഥാനങ്ങളിൽ തുടങ്ങുന്നു. മുട്ടൊപ്പം വെള്ളത്തിൽ ചെമ്പാവ്, ഞവര, ചീര, ചെട്ടിവിരിവ്, കൊളപ്പാല, അരികുറുക, ചെറുകുറുക, ജീരകച്ചെമ്പാവ്, തുടങ്ങിയ വിത്തുകൾ വിതയ്ക്കുന്നു. പറയ്ക്കുപറ എന്നതാണ് രീതി. കളകളെ വെള്ളത്താൽ നിയന്ത്രിച്ചും കീടങ്ങളെ ഏറുകൊട്ടയ്ക്ക് വീശിയും വിളയെ സംരക്ഷിച്ചുപോന്നു. വളമായി ഉപയോഗിച്ചിരുന്നത് ചാരവും ചാണകവുമായിരുന്നു. നേർവട്ടം വിളവാണ് (പത്തുമേനി) പരമാവധി ലഭിച്ചിരുന്ന രണ്ടോ അതിലധികമോ വർഷത്തെ ഇടവേളയ്ക്കുശേഷമാണ് ആദ്യകാലങ്ങളിൽ ഓരോ പാടത്തും കൃഷി ചെയ്തിരുന്നത്. മതിയായ തൊഴിലാളികൾ ലഭ്യമല്ലായിരുന്നു എന്നത് പഴനില കൃഷിക്ക് കാരണമായി ഒന്നാം ലോക മഹായുദ്ധകാലത്ത് കൊച്ചിയിലെത്തിയ ജോർജ്ജ് ബ്രണ്ടൻ എന്ന ബ്രിട്ടീഷ് കാരനായ എഞ്ചിനീയർ വെള്ളം വറ്റിക്കുന്നതിന് ആവികൊണ്ട് പ്രവർത്തിക്കുന്ന ഏതാനും എഞ്ചിനുകൾ ഇംഗ്ലണ്ടിൽ നിന്ന് കൊണ്ടുവരിയും അതിനോട് പെട്ടിയും പറയും ചേർത്ത് വെള്ളം വറ്റിക്കാൻ കഴിയുമെന്ന് ബോധ്യപ്പെടുത്തുകയും ചെയ്തു. തുടർന്ന് ഈ നൂതന സാങ്കേതിക വിദ്യ കൃഷിക്കാർസ്വീകരിക്കുകയും മുഴുവൻ പാടശേഖരങ്ങളിലും ഉടമ്പടി വ്യവസ്ഥയിൽ ഈ സംവിധാനം വ്യാപിപ്പിക്കുകയും ചെയ്തു. കാർഷിക മേഖലയിൽ സ്പോടനാത്മകമായ മാറ്റമാണ് വെള്ളം വറ്റിക്കാനുള്ള പുതിയ യന്ത്രം സൃഷ്ടിച്ചത്. പതിവായി കൃഷി ഇറക്കുന്നതിന് ഇത് സഹായകമായി. ആവിയ്ക്കുപകരം മണ്ണെണ്ണ, ഡീസൽ, വൈദ്യുതി എന്നിവ പിൽക്കാലങ്ങളിൽ ഉപയോഗിച്ചുപോന്നുവെങ്കിലും യന്ത്രത്തിന്റെ അടിസംഥാന പ്രവർത്തന സ്വഭാവം ഇന്നുമ മാറ്റമില്ലാതെ തുടരുകയാണ്.. രണ്ടാം ലോക മഹായുദ്ധത്തെത്തുടർന്ന് രാജ്യത്താകെ അതിരൂക്ഷമായ ഭക്ഷ്യക്ഷാമമുണ്ടാവുകയും ബർമ്മയിൽ നിന്നും ഇറക്കുമതി ചെയ്തുകൊണ്ടിരുന്ന അരിയുടെ വരവ് നിലയ്ക്കുകയും ചെയ്തു. ഈ പരിതഃസ്ഥിതിയിൽ പഴനിലകൃഷി പോരെന്നും വർഷം തോറും കൃഷി വേണമെന്നും നിയമം വന്നു. അങ്ങനെയാണ് കുട്ടനാട്ടിലും വർഷംതോറും കൃഷി ആരംഭിച്ചത്. ഇങ്ങനെ കൃഷി ചെയ്യുന്നതിന് കർഷകരിൽ താത്പര്യം ജനിപപ്പിക്കുന്നതിന് വെള്ളം വറ്റിക്കുന്നതിനുള്ള ചെലവിന്റെ നാലിനൊന്നു ഭാഗം സഹായമായി നൽകാൻ തുടങ്ങി. പമ്പിംഗ് സബ്സിഡി എന്ന പേരിൽ അത് ഇന്നും തുടർന്നുവരുന്നു.

ഭൂപരിഷ്ക്കരണത്തെതുടർന്ന് ഭൂമിയുടെ ഉടമസ്ഥാവകാശത്തിൽ ഗണ്യമായ മാറ്റങ്ങൾ ഉണ്ടായി. പാട്ടക്കൃഷിക്കാർ ഭൂവുടമകളാവുകയും ഒരു പരിധിവരെ ഭൂമി വികേന്ദ്രീകരിക്കപ്പെടുകയും ചെയ്തു. ഇത് കാർഷിക മേഖലയിൽ ഒരു പുത്തനുണർവ്വ് സംജാതമാക്കി. ഭൂവുടമസ്ഥതയിലുള്ള ഈ മാറ്റം പട്ടിക 1- ൽ നിന്ന് മനസ്സിലാക്കാം. സ്വാതന്ത്ര്യലബ്ധിയെത്തുടർന്ന് ഭക്ഷ്യസ്വയം പര്യാപ്തതയ്ക്ക് വേണ്ടിയുള്ള പ്രോത്സാഹനങ്ങൾ സർക്കാരുകളുടെ ഭാഗത്തുനിന്ന് ഉണ്ടാകുവാൻ തുടങ്ങി. ഇതിന്റെ ഭാഗമായി കുട്ടനാട്ടിലും ഇരുപ്പുകൃഷിക്കുവേണ്ടിയുള്ള ആലോചനകൾ ആരംഭിച്ചു. വേനൽക്കാലത്ത് പുഞ്ചക്കൃഷിക്ക് ഓരുവെള്ളക്കയറ്റവും രണ്ടാം കൃഷിക്ക് വെള്ളപ്പൊക്കവും എക്കാലവും ഭീഷണിയായിരുന്നു. വേണ്ടത്ര കൂടിയാലോചനകൾ ഇല്ലാതെയും ഓരുവെള്ളക്കയറ്റം തടയുന്നതിന് തണ്ണീർമുക്കം ബണ്ടും മഴക്കാലത്ത് നദികളിലെത്തുന്ന അധികജലത്തെഒഴുക്കിക്കളയുന്നതിന് തോട്ടപ്പള്ളി സ്പിൽവേയും നിർമ്മിക്കപ്പെട്ടു. ആയിരത്തിത്തൊള്ളായിരത്തി അറുപത്തി എട്ടോടുകൂടി 'ഇരുപ്പൂ' കൃഷി ആരംഭിച്ചു. ആയിരത്തിത്തൊള്ളായിത്തി എഴുപതുകളിൽ അത് വ്യാപകമാവുകയും ചെയ്തു.

ചമ്പക്കുളം ഗ്രാമപഞ്ചായത്തിലെ കൈവശഭൂമി വിവരങ്ങൾ	
വിസ്തീർണ്ണം (ഹെക്ടർ)	കർഷകരുടെ എണ്ണം
നാമമാത്ര കർഷകർ (ആകെ)	1672
0.02 ഹെ - 0.10 ഹെ	65
0.01 ഹെ-0.20 ഹെ	363
0.20 ഹെ. - 0.40 ഹെ	518
0.40 ഹെ - 1 ഹെ	726
ചെറുകിട കർഷകർ	644

വൻകിട കർഷകർ	ഇല്ല
ആകെ കർഷകർ	2326

അവലംബം : കൃഷിഭവൻ രേഖകൾ

പമ്പ, മണിമല, എന്നീ നദികൾ കനിഞ്ഞനുഗ്രഹിക്കുന്ന ചമ്പക്കുളം, കുട്ടനാടിന്റെ കാർഷിക, പാരിസ്ഥിതിക മേഖലയിൽ 'ലോവർ കുട്ടനാട്' - ൽപ്പെടുന്നു. ചമ്പക്കുളം പഞ്ചായത്തിന്റെ ആകെ വിസ്തൃതി 2214.14 ഹെക്ടർ ആണ്. 32 പാടശേഖരങ്ങളിലായി 1663 ഹെക്ടർ കൃഷി ഭൂമി ഉണ്ട്. ആകെ വിസ്തൃതിയുടെ 75.30% പ്രദേശത്ത് നെൽക്കൃഷി ചെയ്യുന്നു.

ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ	
ഇനം	വിസ്തീർണ്ണം
നിലം	1663 ഹെക്ടർ
പുരയിടം	430.5 ഹെ.
പുറമ്പോക്ക്	95.4 ഹെ.
കൃഷിയോഗ്യ തരിശ്	9.06 ഹെ.
കൃഷിയോഗ്യമല്ലാത്ത തരിശ്	16.18 ഹെ.
ആകെ.	2214.14 ഹെ.

പട്ടിക - 3

പഞ്ചായത്തിലെ നെല്ലുല്പാദക സമിതികളുടെ വിവരം.

നമ്പർ	നെല്ലുല്പാദകസമിതിയുടെ പേര്	വിസ്തീർണ്ണം ഹെക്ടർ		കർഷകരുടെ എണ്ണം		
				നാനമാത്ര	ചെറുകിട	വൻകിട
1	വളയം	2	-	5	2	-
2	പുല്ലങ്ങാടി പടിഞ്ഞാറ്	12	120	18	6	-
3	ഉന്തൻവേലി നന്ത്യാട് വരമ്പിനകം	28	280	31	9	-
4	മൂലപ്പള്ളിക്കാട് കരി കാച്ചാംകോട്ടം	63	400	76	22	-
5	അഞ്ഞൂറ്റും പാടം	18	608	27	8	-
6	മുന്നൂറ്റും പാടം	10	-	8	2	-
7	മണിമലക്കാട്	11	-	15	5	-
8	കുറുപ്പൻ തുരുത്ത്	24	380	23	7	
9	മൂല പൊങ്ങമ്പ്ര	90	-	103	42	-
10	കൊക്കണം	76	-	62	31	-
11	ഇടക്കറുക നാലുനാൽപ്പത്	170	-	125	48	-
12	എഴുകാട്	42	-	47	13	-
13	കട്ടക്കുഴി	4	324	3	2	-
14	ഇടംപാടം മാനംകരി	34	00	46	14	-
15	അറുനൂറ് ചക്കംകരി	66	-	54	16	-
16	വേഴക്കുഴി മുക്കം	11	540	22	7	-

17	ഉമ്പുകാട്ട് വരമ്പിനകം വടക്ക് ചെമ്പകശേരി	10	800	7	2	-
18	ചെറുകോട്ട് മുന്നൂറ്	9	600	12	4	-
19	ഈഴപ്പാടി	24	-	30	8	-
20	പാട്ടത്തിവരമ്പിനകം	41	200	46	14	-
21	പടച്ചാൽ	82	300	68	33	-
22	നാലുതോട്ടിനകം	12	-	23	8	-
23	ഇല്ലിമുറിതെക്കേതൊള്ളായിരം	220	-	212	79	-
24	കോയിക്കരി	92	-	70	40	-
25	നാട്ടായം	99	-	124	48	-
26	കുളമ്പള്ളി	51	520	43	13	-
27	ചേപ്പിലാക്ക സങ്കരമംഗലം	72	304	70	33	-
28	ചിറക്കുപുറം	32	-	44	13	-
29	ഉമ്പുകാട്ടു വരമ്പിനകം തെക്ക്	20	620	24	7	-
30	പെരുമാനിക്കാരിവടക്കേതൊള്ളായിരം	119	480	96	47	-
31	ചെമ്പടി ചക്കംകരി	142	-	110	52	-
32	ഗോവേന്ത പാടം	30	670	28	9	-
	ആകെ	1723	146	1672	644	-

പട്ടിക രണ്ടിൽ ആകെ നിലത്തിന്റെ വിസ്തീർണ്ണം 1663 ഹെക്ടർ ആണ്. എന്നാൽ പട്ടിക മൂന്നിൽപാടശേഖരങ്ങളുടെ വിസ്തീർണ്ണം കൂട്ടി കിട്ടുന്നത്, 1723 ഹെക്ടർ എന്നാണ്. ഈ വ്യത്യാസത്തിന്റെ കാരം ചില പാടശേഖരണങ്ങൾ രാമങ്കരി എടത്വാ പഞ്ചായത്തുകളിലേക്കുകൂടി വ്യാപിപ്പിച്ചു കിടക്കുന്നതുകൊണ്ടാണ്.

നെൽകൃഷി മേഖല അഭിമുഖീകരിക്കുന്ന നിരവിധ പ്രശ്നങ്ങൾ, ഗ്രാമസഭകളിൽ ഉയർന്നുവരികയുണ്ടായി അവയെ വിഷയക്രമത്തിൽ സംഗ്രഹിക്കുന്നു.

വിത്ത്

''വിത്തുഗണം പത്തുഗുണം'' എന്ന പഴഞ്ചൊല്ലിൽ നിന്നുതന്നെ നല്ല വിത്തുകൾ തെരഞ്ഞെടുക്കേണ്ടതിന്റെ പ്രാധാന്യം വ്യക്തമാകുന്നു. സങ്കരയിനം വിത്തുകളുടെ രംഗപ്രവേശത്തോടെ വിത്തിന്റെ ഗുണനിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിൽ കൃഷിക്കാരന്റെ പങ്ക് ഏതാണ്ട് ഇല്ലാതായി. ഹരിതവിപ്ലവത്തിന്റെ ഭാഗമായി കുട്ടനാട്ടിൽ അവതരിപ്പിക്കപ്പെട്ട സങ്കരയിനം വിത്തുകളുടെ ഗുണങ്ങൾ മൂന്ന് തലമുറമാത്രമേ നീണ്ടു നിൽക്കുന്നുള്ളൂ. രോഗ പ്രതിരോധശേഷി നഷ്ടപ്പെടുന്നതും ശുദ്ധമായ വിത്ത് നിലനിർത്താൻ കഴിയാത്തതുമാണ് ഇതിനുകാരണം. ഇന്ന് യഥാർത്ഥത്തിൽ വിത്തിന്റെ കാര്യത്തിൽ കൃഷിക്കാർ നിസ്സഹായരാണ്. ആവശ്യത്തിന് വിത്ത് ലഭിക്കുന്നതിനുള്ള ഒരു ഏജൻസിയും ഇവിടെയില്ല. നാഷണൽ സീഡ് കോർപ്പറേഷനിൽ നിന്നുള്ള വിത്ത് ലഭ്യത, ആവശ്യകതയുമായി തട്ടിച്ചുനോക്കുമ്പോൾ തുലോം തുച്ഛമാണെന്നു കാണാം. ഒരു വർഷം ഏകദേശം 499.00 ടൺ വിത്താണ് നമുക്ക് ആവശ്യമായിട്ടുള്ളത്.

ഹരിത വിപ്ലവത്തിന്റെ ഭാഗമായി 1968 - ൽ സങ്കരയിനം വിത്തുകൾ ഇവിടെ വ്യാപകമായിത്തുടങ്ങി. കേരളത്തിലെ നെല്ലു ഗവേഷണ കേന്ദ്രങ്ങളിൽ പരീക്ഷിച്ചറിഞ്ഞ T-9, PTB-10, MO-1, MO-2 എന്നീ മൂപ്പ് കുറഞ്ഞ വിത്തുകളും MO-3, PTB-20 എന്നിങ്ങനെ മധ്യകാല മൂപ്പുള്ള വിത്തുകളും PTB-4, UR-19 എന്നിങ്ങനെ മൂപ്പ് കൂടിയ വിത്തുകളും കർഷകൻ ഉപയോഗിക്കാൻ തുടങ്ങി. ഇതോടൊപ്പം രാസവളം, കീടനാശിനി പ്രയോഗങ്ങളും ആരംഭിച്ചു. വിതയ്ക്കുപകരം ഞാറ് നട്ടും നുരി വിത്തിട്ടും കൃഷിക്കാർ കൃഷി രീതികൾ പരിഷ്ക്കരിച്ചു. ആയിരത്തിത്തൊള്ളായിരത്തി എഴുപതുകൾ നെല്ലുൽപാദനത്തിലും അതുവഴിയുള്ള വരുമാനത്തിലും ഒരു കുതിച്ചുകയറ്റം തന്നെ നത്തി. TN-1, IR-8, ജയ എന്നിങ്ങനെ അത്യുത്പാദനശേഷിയുള്ള വിത്തുകളുടെ ഉപയോഗത്തിലൂടെയും രാസവളം, കുമിൾ, കിടനാശിനി എന്നിവയിലൂടെ ഉള്ള ഉപയോഗത്തിലൂടെയും ഉതംപാദനം പരമാവധിയാക്കി. എന്നാൽ

ഇതോടൊപ്പം കൃഷിച്ചെലവുകളും വർദ്ധിക്കാൻ തുടങ്ങി. അങ്ങനെ പഴയ കൃഷി രീതി അപ്രത്യക്ഷമാവുകയും പുതിയ കൃഷിരീതിയും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ഉടലെടുക്കുകയും ചെയ്തു.

വളം

മലവെള്ളം തെക്കുനിന്നും വടക്കോട്ട് കുട്ടനാടൻ പാടശേഖരങ്ങളിലൂടെ ഒഴുകിപ്പോയിക്കൊണ്ടിരുന്ന കാലത്ത് മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിന്നിരുന്നു. രാസവളത്തെ മാത്രം ആശ്രയിച്ചുകൊണ്ടുള്ള കൃഷിയാണ് ഇന്ന് നടക്കുന്നത്. ആയിരത്തിത്തൊള്ളായിരത്തി അറുപതുകളിൽ ഒരു കിലോ രാസവളംകൊണ്ട് പതിനാറുകിലോ ധാന്യം ഉൽപ്പാദിപ്പിക്കുമായിരുന്നുവെങ്കിൽ ഇന്ന് അത് പകുതി മാത്രമായി കുറഞ്ഞിരിക്കുന്നു. സസ്യങ്ങൾക്ക് രാസവളം സ്വീകരിക്കണമെങ്കിൽ മണ്ണിൽ മതിയായ ജൈവാംശം ഉണ്ടായിരിക്കണം. കൃഷി വിദഗ്ധന്മാർ നിർദ്ദേശിക്കുന്നതിലും അധികം രാസവളങ്ങൾ ആണ് ഭൂരിഭാഗവും കർഷകരും പ്രയോഗിക്കുന്നത്. മണ്ണുപരിശോധന നടത്തി അതിന്റെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുന്ന രീതി ഏതാണ്ട് ഇല്ലാതായിരിക്കുന്നു. കഴിഞ്ഞ മൂന്നു വർഷം പഞ്ചായത്തിലെമുഴുവൻ പാടശേഖരങ്ങളിലുമായി ഉപയോഗിച്ച രാസവളങ്ങളുടെ അളവ് താഴെ (പട്ടിക - 4) കൊടുക്കുന്നു.

പട്ടിക

	1993-94	1994-95	1995-96
ഫാക്ടംഫോസ്	254 Mt	260 M.T	240. M.T
യൂറിയ	105 "	120 "	140 "
പൊട്ടാഷ്	125 "	130 "	135 "
അവലംബം കൃഷിഭവൻ രേഖകൾ			

കള-കീടനാശിനികൾ

അമിതമായ കീടനാശിനി പ്രയോഗമാണ് ഇവിടെ കണ്ടുവരുന്ന മറ്റൊരു പ്രവണത. കമ്പനി പരസ്യങ്ങളെ ആശ്രയിച്ചാണ് കർഷകർ മാറി മാറി കീടനാശിനികൾ ഉപയോഗിക്കുന്നത്. ഇത് ഒരു പരിസ്ഥിത ഭീഷണികൂടിയാണ്. ഓർഗാനോ ഫോസ്ഫറസ്, ഓർഗാനോ ക്ലോറിൻ എന്നീ രണ്ടുതരം സംയുക്തങ്ങളാണ് ഇവിടെ ഉപയോഗിക്കുന്നത്. ഇതിൽ ഓർഗാനോ ക്ലോറിൻ കടുത്ത വിഷമുള്ളതാണ്. ഇതാണം കൂടുതലായും പാടശേഖരങ്ങളിൽ ഉപയോഗിക്കുന്നത്. നിരോധിച്ചിട്ടുള്ള DDT -പോലുള്ള കീടനാശിനികളും ഇവിടെ ഉപയോഗിക്കുന്നുണ്ട്. ചിലന്തി, മൈക്രോവേലിയച്ചാഴി തുടങ്ങിയ മിത്രകീടങ്ങളുടെ നാശവും സംഭവിക്കുന്നു. ഒരു എട്ടുകാലി ഒരു ദിവസം 10-15 മുഞ്ഞകളെ തിന്നും. കർഷകമിത്രങ്ങളായ ചേരയും, തവളയും വംശനാശത്തിന്റെ വക്കിലാണ്. ഭൂമിയുടെ ഉഴവുകാരായ മണ്ണിരപാടങ്ങളിത്തിന്നും അപ്രത്യക്ഷമാകാനും ഇത് കാരണമായി. ഓരോ സീസണിലും ഏക്കറിന് 800 മുതൽ 1000 രൂപ വരെ കീടനാശിനികൾക്കായി ചെലവഴിക്കുന്നു. ഇത്രയേറെ കീടനാശിനികൾ ഉപയോഗിക്കുന്നുവെങ്കിലും ഇലപേൻ, ഇലചുരുട്ടിപ്പുഴു, മുഞ്ഞ ഗാളീച്ച തുടങ്ങിയ ശത്രുകീടങ്ങളെ നിയന്ത്രിക്കാൻ കഴിയുന്നില്ല. കീടങ്ങൾ വിഷങ്ങളെ അതിജീവിക്കുന്നതിലുള്ള പ്രതിരോധശേഷി നേടിക്കൊണ്ടിരിക്കുന്നു. ഏറ്റവും വിനാശകരമായ മോണോ ക്രോട്ടോഫോസ്., കാർബോഫുറാൻ എന്നീ ഇനങ്ങളിൽപ്പെട്ട കീടനാശിനികൾ ഇവിടെ ഏറ്റവും അധികം ചെലവഴിക്കുന്നു. കളനാശിനിയായി ഉപയോഗിക്കുന്ന റ്റു. ഫോർ. ഡി. യുടെ പ്രധാന ചേരുവ വിയറ്റ്നാം യുദ്ധത്തിൽ ഉപയോഗിച്ച ഏറ്റവും മാരകമായ ''ഏജൻറ് ഓറഞ്ച്' ആണ് പ്രകൃതിയെ കൂടുതൽ മനസ്സിലാക്കിക്കൊണ്ടുള്ള സമഗ്രവും സംയോജിതവുമായ കീട നിയന്ത്രണ സംവിധാനത്തെക്കുറിച്ച് വേണ്ടത്ര ഗവേഷണങ്ങൾ നടന്നിട്ടില്ല. കളനാശിനിയുടെ ഉപയോഗം മണ്ണിന്റെ ജൈവഘടനയെ താറുമാറാക്കുകയും അതിന്റെ പുനരുൽപാദനക്ഷമത കാലക്രമേണ നശിപ്പിക്കുകയും ചെയ്യുന്നു.

പഞ്ചായത്തിൽ ഉപയോഗിക്കുന്ന കീടനാശിനിയുടെ അളവ് താഴെ ചേർക്കുന്നു.

പട്ടിക. 5	കീടനാശിനി		കീടനാശിനി		കീടനാശിനി	
	1993-94		1994-95		1995-96	
	Lt	Kgs	Lt.	Kgs	Lt	Kgs
സഹകരണം	1860	530	1800	260	1600	180
സ്വകാര്യം	240	40	160	25	50	10
ആകെ	2100	570	1960	285	1650	190

അവലംബം - കൃഷിഭവൻ രേഖകൾ

കഴിഞ്ഞ രണ്ടുവർഷമായി കീടനാശിനിയുടെ ഉപയോഗം കുറഞ്ഞ വരുന്നതായി പട്ടികയിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ ഇത് കാലാവസ്ഥയിലുണ്ടായ അനുകൂലഘടകമാകാം. ലഭ്യമായ കണക്കുകളുടെ അപൂർണ്ണതയുമാകാം.

തണ്ടുതുരപ്പൻ, ഓല ചുരുക്കിപ്പുഴു ഇലപ്പേൻ കുഴൽപ്പുഴ എന്നിവയാണ് നെൽച്ചെടിയെ ആവർത്തിച്ച് ആക്രമിക്കുന്ന പ്രധാനകീടങ്ങൾ കൂടാതെ ചില വർഷങ്ങളിൽ വ്യാപകമായി മുഞ്ഞയുടെ ആക്രമണവും കൃഷിയെ നശിപ്പിക്കാറുണ്ട് . ഈ വർഷമുണ്ടായിരിക്കുന്ന ഗാളീച്ചയുടെ അക്രമമവും അതിന്റെ ഫലമായുണ്ടായിട്ടുള്ള കുഴൽ രോഗവും നിയന്ത്രിക്കാൻ കൃഷിക്കാരന് കഴിയുന്നില്ല. രോഗലക്ഷണം കണ്ടു തുടങ്ങിയാൽ പിന്നെ നെൽച്ചെടിയെ രക്ഷിക്കാൻ ഇന്ന് ഒരു മരുന്നും ലഭ്യമല്ല. അത്യന്തം മാരകമായി കുഴൽരോഗം കുട്ടനാട്ടിൽ പടർന്നുപിടിക്കുകയാണ്.

കുമിൾ രോഗബാധ പാടശേഖരങ്ങളിൽ സർവ സാധാരണമാണ്. വൈറസ് രോഗങ്ങളും ചെറിയ തോതിൽ പ്രത്യക്ഷപ്പെടാറുണ്ട്. വൈറസ് രോഗബാധ സമീപകാലത്തും വ്യാപകമാക്കാൻ സാദ്ധ്യതയുള്ളതായി റിപ്പോർട്ടുകളുണ്ട്. ഇതിനെ തടയുന്നതിന് പ്രതിവിധികൾ യാതൊന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ലാത്തതിനാൽ പ്രതിരോധശേഷിയുള്ള വിത്തിനങ്ങൾ വികസിപ്പിച്ചെടുക്കുക മാത്രമാണ് പോം വഴി.

ജല നിർഗമനം

കുട്ടനാട്ടിൽ നെൽക്കൃഷിക്ക് ആവശ്യമായ ജലം സുലഭമാണ്. എന്നാൽ കയറ്റിയ വെള്ളം പുറത്തേയ്ക്ക് പമ്പു ചെയ്തു നീക്കുക എന്ന പ്രക്രിയയാണ് പ്രധാനം. പുറത്തേയ്ക്ക് വെള്ളം ഒഴുക്കി കൊണ്ടുവരുന്നതിന് നിലവിലുള്ള വാച്ചാലുകൾ കൈവഴികൾ മതിയായ വീതിയിലും താഴ്ചയിലും സംരക്ഷിക്കപ്പെടുന്നില്ല. പെട്ടെന്നുള്ള ജല നിർഗമനത്തിന് സാദ്ധ്യമാകത്തക്കതരത്തിൽ ഇവയെ പുനഃസൃഷ്ടിക്കുന്നതിനെക്കുറിച്ച് പാടശേഖരസമിതി ആലോചിക്കണം.

വൈദ്യുതി ദൗർലഭ്യം നിമിത്തം യഥാസമയം വെള്ളം വറ്റിച്ച് കൃഷിയിറക്കുന്നതിനും, വിതകഴിഞ്ഞാൽ ഉറവ വറ്റിച്ച് വിത്ത് സംരക്ഷിക്കുന്നതിനും, കഴിയുന്നില്ല. സ്ഥിരം കണക്ഷൻ മോട്ടോർ തറകളില്ലാത്തതു നിമിത്തം ഓരോ കൃഷിക്കും കണക്ഷൻ ലഭിക്കുന്നതിന് ദിവസങ്ങളോളം വൈദ്യുതി ഓഫീസുകളിൽ കയറിയിറങ്ങുന്നതിനും കൃഷിക്കാരുടെ ചെലവിൽ കൈമടക്കു കൊടുക്കേണ്ടതായും വരുന്നു.

ഉല്പാദന ക്ഷമത

ഇതര മേഖലയെ അപേക്ഷിച്ച് കുട്ടനാട്ടിലെ നെൽക്കൃഷി ചെലവേറിയതാണെങ്കിലും ഇവിടത്തെ വിളവ് താരതമ്യേന ഉയർന്നതാണ്. 1994 - 95 ലെ നെല്ലിന്റെ ഉല്പാദനക്ഷമത കേരളത്തിൽ ഹെക്ടറിന് 1943 കിലോ

ആയിരുന്നുവെങ്കിൽ നമ്മുടേത് 3750 കി. ഗ്രാം ആണ് തൊഴിലാളികൾക്ക് നൽകുന്ന പതവും തീർപ്പും കൂടി ചേർത്താൽ ഉല്പാദനക്ഷമത 4285 കി. ഗ്രാമായി കണക്കാക്കാം.

നെല്ല് ഉല്പാദനക്ഷമതപട്ടിക

വർഷം	കേരളം	ചമ്പക്കുളം
	Kg Hector	Kg Hector
1973-74	1440	-
1974-75	1587	-
1985-86	1729	-
1990-91	1942	-
1991-92	1959	-
1992-93	2018	-
1993-94	1977	-
1994-95	1943	3750

മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും ഉല്പാദന ക്ഷമതയിൽ നാം എത്രമാത്രം മുമ്പിലാണെന്ന് മനസ്സിലാക്കാൻ സാധിക്കും. എന്നാൽ നമ്മുടെ സാദ്ധ്യതയനുസരിച്ച് ഉല്പാദനക്ഷമത കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഉല്പാദനക്ഷമത ശരാശരി 5000 കിലോ ആയി വർദ്ധിപ്പിക്കാം. ഈ വിളവ് ഇപ്പോൾ തന്നെ ചുരുക്കം ചില കൃഷിക്കാർ നേടിയിട്ടുണ്ട്. ഗ്രൂപ്പ് ഫാമിങ്ങിന്റെ സത്ഫലങ്ങൾ കണ്ടുതുടങ്ങിയ 1990 - 91, 91-92, 92-93 വർഷങ്ങളിലെ ഉല്പാദന വർദ്ധനവ് പട്ടികയിൽ നിന്നും വ്യക്തമാണ്. നെൽക്കൃഷി നഷ്ടത്തിലാണ് എന്നാണ് കർഷകർ പറയാറുള്ളത്. രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതമായ വിലവർദ്ധവും ഉൽപ്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാഴികയുമാണ് കാരണങ്ങൾ പ്രകൃതിക്ഷോഭം മൂലമോ ചില സന്ദർഭങ്ങളിൽ കൃഷി നാശം സംഭവിക്കാറുണ്ടെങ്കിലും 'കൃഷി നഷ്ടമാണ്' എന്ന അഭിപ്രായം വസ്തുനിഷ്ടമാണോ എന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്. കൃഷി ഭവനിൽ നിന്നും ലഭിച്ച നെല്ലുൽപ്പാദനച്ചിലവിന്റെ കണക്ക് താഴെ പട്ടികയായി ചേർത്തിരിക്കുന്നു.

പട്ടിക നമ്പർ .....(ഒരു ഹെക്ടറിന്)

ഇനവിവരം	തൊഴിൽ ദിനങ്ങൾ/അളവ്		ചെലവ് രൂപയിൽ
1 കൂലിച്ചെലവ്	സ്ത്രീ (40രൂപ)	പുരുഷൻ (60 രൂപ)	
നിലം രുക്കൽ	15	10	
വിത	-	03	
ഉറവ വറ്റിക്കൽ	-	03	
വളം ഇടീൽ	-	10	
നടിച്ചിൽ	20	-	

കളപറിക്കൽ	50	-	
മെയ്ൻറനൻസ്	-	05	
പതിരുപിടുത്തം	-	05	
	85 X 40	36 X 60	5560.00
2. വളം			
ഫാക്ടംഫോസ്	250 കിലോ		1560.00
യൂറിയ	125 കിലോ		427.00
പൊട്ടാഷ്	125 കിലോ		477.00
3. കളനാശിനി, കീടനാശിനി			1200
മരുന്ന് തളിക്കൂലി			280
4. വിത്ത് വില			1000
5. ഉഴവ്			150
6 നേർമ്മ		ആകെ	11654. 00

അവലംബം - കൃഷിവകുപ്പ്

പട്ടിക അനുസരിച്ച് കൃഷിച്ചെലവ് ഹെക്ടറിന് 11654/- രൂപയാണ്. ഉല്പാദനം മുപ്പത്തേഴര കിൻറൽ ആയി കണക്കാക്കിയാൽ കിൻറലിന് 500 രൂപ പ്രകാരം. 17750 രൂപ ലഭിക്കും. ഇതിൽ നിന്നും ചെലവ് കുറച്ചാൽ മിച്ചമായി ലഭിക്കുന്ന 6096 രൂപയാണ് കൃഷിക്കാരൻറെ ലാഭം. വൈക്കോലിൻറെ വിലയും ചേർത്താൽ ലാഭത്തിൻറെ അളവ് അല്പം കൂടി വർദ്ധിക്കാം.


വായ്പാ സംവിധാനങ്ങൾ

കർഷകർക്ക് കാർഷിക വായ്പ ലഭിക്കുന്നതിന് സഹകരണ സംഘങ്ങളെ മാത്രമാണ് ആശ്രയിക്കാനുള്ളത്. ഭൂരിപക്ഷം കൃഷിക്കാരും സഹകരണ സംഘങ്ങളിൽ അംഗങ്ങളാണെങ്കിലും ഇവർക്കാണു വായ്പ നൽകാനുള്ള ശേഷി സംഘങ്ങൾക്കില്ല. തന്നെയുമല്ല നൽകുന്ന വായ്പതന്നെ യഥാസമയത്ത് ലഭിക്കാറില്ല. കൃഷിക്കാരിൽ ഭൂരിഭാഗവും 100-150 ശതമാനം ബ്ലേഡ് പലിശക്ക് കടം വാങ്ങുന്നതിന് നിർബന്ധിതരാകുന്നു ലഭ്യമാകുന്ന ലാഭം പോലും അനുഭവവേദ്യമാകാതിരിക്കാൻ ഇതും കാരണമാണ്.

കഴിഞ്ഞ 3 വർഷങ്ങളിൽ സർവ്വീസ് സഹകരണസംഘങ്ങൾ നൽകിയ വായ്പയെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ പട്ടികയായി കൊടുക്കുന്നു.

199394	199495	199596	
സഹകരണ സംഘം	കർഷകരുടെ	കർഷകരുടെ	കർഷകരുടെ
	എണ്ണം തുക	എണ്ണം തുക	എണ്ണം തുക
SCB 1256 ചമ്പക്കുളം			
SCB 503 -തെക്കേക്കര			2262580.95

പുന്നക്കുന്നത്തുശ്ശേരി - പുല്ലങ്ങടി



ഈ റിപ്പോർട്ടിന്റെ സഹകരണം എന്ന വിഷയം ചർച്ച ചെയ്യുന്ന ഭാഗത്ത് പട്ടികയുമായി ബന്ധപ്പെട്ട് വിശദമായി പരിശോധിക്കുന്നുണ്ട്.

കൂലി - സേവന വ്യവസ്ഥകൾ

അടിമ തുല്യമായ ഒരു ജീവിത രീതിയാണ് കുട്ടനാട്ടിലെ കർഷകതൊഴിലാളികൾക്ക് ഉണ്ടായിരുന്നത്. 1930 കളുടെ അവസാനത്തോടെ കർഷകതൊഴിലാളികളെ സംഘടിപ്പിച്ച് രൂപംകൊണ്ട ട്രെയിഡ് യൂണിയനുകൾ പ്രസ്ഥാനം നടത്തിയ എണ്ണമറ്റ പോരാട്ടങ്ങൾ ഈ വിഭാഗം തൊഴിലാളികവുടെ ജീവിതത്തിൽ പടിപടിയായ മാറ്റങ്ങൾ വരുത്തി. ഓരോ ചെറിയ ചെറിയ നേട്ടത്തിനു വേണ്ടിയും ത്യാഗോജ്വലമായ സമരങ്ങളാണ് ഈ ഭാഗത്ത് നടത്തേണ്ടിവന്നത്. മെച്ചപ്പെട്ട വേതനത്തിനു വേണ്ടി മുമ്പെന്നപോലെ സമരം ഇന്ന് ആവശ്യമായി വരുന്നില്ല. ഇന്ന് കൃഷിക്കാർ സേവന വേതന വ്യവസ്ഥകളോടു യഥാർത്ഥ ബോധത്തോടുള്ള ഒരു നിലപാടാണ് കൈക്കൊണ്ടത്. കൃഷിക്കാരുടേയും തൊഴിലാളികളുടേയും കൂടുതൽ ഐക്യത്തിലൂടെ മാത്രമേ കാർഷിക രംഗത്തെ ഇന്നത്തെ വെല്ലുവിളികളെ മുറിച്ച് കടക്കാൻ കഴിയുകയുള്ളൂ.

കർഷകത്തൊഴിലാളികളുടെ അഭാവം പ്രത്യേകിച്ച് കൊയ്ത്തിന്, രൂക്ഷമായി ക്കൊണ്ടിരിക്കുന്ന പ്രശ്നമാണ്. മാവേലിക്കര, ചെങ്ങന്നൂർ,ചെന്നിത്തല തീരദേശ മേഖല തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള തൊഴിലാളികളുടെ വരവ് നിലച്ചത് ഇതിനു ഒരു കാരണമാണ്. മറ്റ് മേഖലകളെ അപേക്ഷിച്ച് കൂടുതൽ അദ്ധ്വാനഭാരവും അദ്ധ്വാനത്തിനനുസരിച്ചുള്ള വേതനം ഇല്ലാത്തതും പുതിയ തലമുറകളെ ഈ രംഗത്തേക്ക് വരാതിരിക്കാൻ കാരണമാണ്.

തൊഴിൽ ദിനങ്ങൾ മുമ്പത്തേക്കാൾ കുറഞ്ഞിട്ടുണ്ട്. വേതനത്തിലുള്ള അന്തരം വളരെപ്രകടമായികാണുന്ന ഒരു മേഖലയാണിത് പുരുഷന് 70 രൂപ കൂലി ലഭിക്കുമ്പോൾ സ്ത്രീക്ക് 44 രൂപ മാത്രമാണ് ലഭിക്കുന്നത്. ഇന്ന് കർഷകതൊഴിലാളികളുടെ 70.75 ശതമാനം സ്ത്രീകളാണ്. എന്നാൽ വരമ്പ് പണി, വിത, വളമിടീൽ എന്നീ ജോലികൾ ഇന്നും പുരുഷന്മാർക്ക് മാത്രമായി നീക്കിവെച്ചിരിക്കുന്നു. കൃഷിപ്പണികളിൽ ഏറ്റവും അദ്ധ്വാനഭാരം കൂടിയ കൊയ്ത്തുമെതി രംഗത്ത് നിന്ന് പുരുഷന്മാർ ഏതാണ്ട് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഈ രംഗത്തുള്ള ഏതൊരു നവീകരണവും സ്ത്രീ തൊഴിലാളികളുടെ നില മെച്ചപ്പെടുത്തുന്നതാവണം.

പ്രകൃതി ദുരന്തങ്ങൾ

കുട്ടനാട്ടിൽ മൂന്ന് നാല് വർഷത്തെ ഇടവേളകളിൽ ഏതെങ്കിലും തരത്തിലുള്ള പ്രകൃതി ദുരന്തത്തിൽപ്പെട്ട് കൃഷി പൂർണമായും നശിച്ചുപോവാറുണ്ട്. വെള്ളപ്പൊക്കം, വരൾച്ച, രൂക്ഷമായ രോഗബാധ തുടങ്ങിയ സന്ദർഭങ്ങളിൽ കൃഷിക്കാരെ സഹായിക്കാനായി രൂപം നൽകിയിട്ടുള്ള ഇൻഷുറൻസ് പദ്ധതികൾ അശാസ്ത്രീയവും പരാജയവുമാണ്. നഷ്ടപരിഹാരം സാങ്കേതിക നൂലാമാലകളിൽപ്പെട്ട് കുരുങ്ങി പോകുന്നു. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്തവർ മാത്രമാണ ഇൻഷുറൻസ് പരിതിയിൽപ്പെടുന്നത്. കൃഷിഭവൻ രേഖകളിൽ നിന്ന് 94 വെള്ളപൊക്കദുരിതാശ്വാസ വിതരണത്തിന്റെ കണക്കുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. അത് പട്ടികയായി താഴെ ചേർക്കുന്നു.

പട്ടിക നമ്പർ

വർഷം	പ്രകൃതിക്ഷോഭം	വിസ്തീർണ്ണം	ധനസഹായം	വിതരണം
		ഹെക്ടർ	ലഭിച്ചവർ	ചെയ്തതുക
1993-94				
1994-95	വെള്ളപ്പൊക്കം	1596	2022	150,4131
1995-96				

ധനസഹായം ലഭിച്ച കൃഷിക്കാരനു തന്നെശരാശരി 744 രൂപ മാത്രമാണ് ലഭിച്ചതെന്ന് ഈ പട്ടികയിൽ നിന്ന് മനസ്സിലാക്കാം. ഹെക്ടറിന് 942 രൂപ വെച്ച് ലഭിച്ചുവെന്ന് കണക്കാക്കാം. ചെലവ് ഹെക്ടറിന് 12000 രൂപ ആണെന്ന് കൂടി പരിഗണിക്കുമ്പോൾ നഷ്ടപരിഹാരം തീരെ തുച്ഛമാണെന്നും മനസ്സിലാക്കാം.

സംഭരണം - സംസ്ക്കരണം - വിതരണം

വിളവെടുപ്പു കാലത്ത് കുട്ടനാട്ടിലെ നെല്ല് സംഭരിക്കുന്നത് കാലടിയിലെ വമ്പൻ മില്ലുടമകളും കുട്ടനാട്ടിൽ തന്നെയുള്ള മോഡേൺ റൈസ് മിൽ ഉടമകളുമാണ്. മുൻ കാലങ്ങളിൽ നെല്ല് സംഭരിച്ചിരുന്നത് നാട്ടിൽ തന്നെയുള്ള ചെറുകിട പുഴുങ്ങി കുത്തുകാരായിരുന്നു. വിളവെടുക്കുന്ന മുറക്ക് തന്നെ കൃഷിക്കാരന് ഉൽപ്പന്നം വിറ്റഴിക്കേണ്ടിവരുന്നു. ഇതിനു രണ്ടു കാരണങ്ങളാണ് ഉള്ളത് (ഒന്ന്) ഉൽപ്പന്നം കേടുകൂടാതെ സംഭരിച്ചു വെയ്ക്കാനുള്ള സൗകര്യക്കുറവ്. (രണ്ട്) കൃഷി ആവശ്യത്തിനായി വാങ്ങിയ കടം പലിശ സഹിതം തിരിച്ചു കൊടുക്കുന്നതിന് ഈ സാഹചര്യം മുതലെടുത്ത് വൻ കിട കച്ചവടക്കാർ കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ നരേട്ടറിയാവുന്ന ഇടനിലക്കാരുടെ സഹായത്തോടുകൂടി പരമാവധി വിലക്കുറച്ച് നെല്ല് കടത്തിക്കൊണ്ടു പോകുന്നു. എല്ലാവർഷവും വിളവെടുപ്പു സമയത്ത് വിലകുറയുന്ന പ്രതിഭാസം തുടരുകയാണ്.

സഹകരണ സംഘങ്ങളിൽ നെല്ല് സംഭരിക്കുവാൻ എടുത്ത തീരുമാനം കൃഷിക്കാർക്ക് ഒരു പരിധിവരെ സഹായകരമാണ്. നെല്ല് സംഭരിക്കാൻ മതിയായ സൗകര്യമുള്ള ഗോഡൗണുകൾ ഇല്ലാത്തതും സൊസൈറ്റി സംഭരിച്ചു വിൽക്കുന്ന നെല്ലിന് സർക്കാർ വിൽപ്പന നികുതി ഏർപ്പെടുത്തിയിട്ടുള്ളതും പ്രശ്നങ്ങളാണ്.

ഒരു ടൺ നെല്ലിൽ നിന്നും 700 കിലോ ഗ്രാം അരിയും 140 കിലോ കാലിത്തീറ്റയും ലഭിക്കുമെന്നാണ് കണക്ക്. അങ്ങനെയെങ്കിൽ നെല്ലിന് ന്യായമായും ലഭിക്കേണ്ട വില ലഭിക്കുന്നില്ലായെന്ന് മസ്സിലാക്കുകവാൻ സാമ്പത്തിക വിദഗ്ധരുടെ ആവശ്യമില്ല.

നെൽപ്പാടം നികത്തൽ

ഇവിടുത്തെ പ്രധാന ആഹാരം അരിയാണ്., കേരളത്തിൽ ആവശ്യമുള്ളതിന്റെ മൂന്നിലൊന്ന് മാത്രമാണ് ഉല്പാദിപ്പിച്ചുപോരുന്നത്. അയൽ സംസ്ഥാനത്തെ ആശ്രയിക്കാതെ കേരളത്തിന്റെ ഭക്ഷ്യ ആവശ്യത്തെ തൃപ്തിപ്പെടുത്താൻ കഴിയില്ല.

യാത്രക്ലേശം പരിഹരിക്കുന്നതിനുള്ള റോഡു നിർമ്മാണത്തിന് നമ്മുടെ പ്രദേശത്ത് വയൽ നികത്തേണ്ടി വരുന്നു. എന്നാൽ ഇങ്ങനെ നിർമ്മിക്കുന്ന റോഡിനു ഇരു വശവും പാർപ്പിടാവശ്യത്തിനെന്ന വാജ്ഞേന സ്വഭാവികമായും നികത്തപ്പെടുന്ന പ്രവണത വ്യാപകമാണ് റിയൽ എസ്റ്റേറ്റ് ബിസിനസ് കാർ ആ രംഗത്ത് കള്ള കണ്ണോടുകൂടി സജീവമായി രംഗത്തുണ്ട്. പുതുതായി നിർമ്മിക്കപ്പെടുന്ന റോഡിനു സമീപത്തോ അല്പം അകലെയോ താമസിക്കുന്നു പണക്കാർക്ക് തങ്ങളുടെ വീട്ടിലേക്ക് അപ്രോച്ച് റോഡുകൾ നിർമ്മിക്കുന്നതും വയൽ നികത്തുന്നതിനു കാരണമാകുന്നുണ്ട്. ഇത് കുട്ടനാട്ടിലെ പരിസ്ഥിതിയെ ദോഷമായി ബാധിക്കുന്നതും ഉല്പാദന ക്ഷമതയെ തകർക്കുന്നതുമാണ്. ഈ റോഡുകൾ നിർമ്മിക്കുമ്പോൾ ജല നിർഗ്ഗമനത്തിന് മതിയായ സംവിധാനങ്ങൾ ഏർപ്പെടുത്താത്തതു നിമിത്തം പാടശേഖരങ്ങളിൽ നീർക്കെട്ട് ഉണ്ടാവുകയും ചെയ്യുന്നു. അശാസ്ത്രീയമായ വികസനത്തിന്റെ പേരിൽ തലങ്ങും വിലങ്ങും റോഡു നിർമ്മിക്കുന്നതിനാൽ പാടശേഖരങ്ങൾ തുണ്ടുതുണ്ടുകളായി തീരുന്നു. നെൽ വയലുകൾ മത്സ്യങ്ങളെ വളർത്തുന്നതിനായി രൂപാന്തരപ്പെടുത്തുന്ന പ്രവണതയും വ്യാപകമാണ്. നെൽ വയലുകൾ രൂപാന്തരപ്പെടുത്തുന്നതിൻ തടയുന്ന KLU നിലനിൽക്കുമ്പോൾ ധനകാര്യസ്ഥാപനങ്ങൾ മത്സ്യകുളം നിർമ്മിക്കുന്നതിനും മറ്റും ലക്ഷങ്ങൾ വായ്പ നൽകുന്നത് വിചിത്രമാണ്.

അപകടകരമാം വിധം നെൽവയൽ നികത്തപ്പെടുന്നതിന്റെ ഒരു ചിത്രം താഴെ പട്ടികയായി ചേർക്കുന്നു.

വിള വിസ്തീർണ്ണം

വർഷം	കേരളം (ഹെക്ടർ)	പഞ്ചായത്ത്
1973 -74	89400	
1980-81	80200	
1985-96	67800	
1990-91	55900	
1991-92	54100	
1992-93	53700	

1993-94	50700	
1994-95	50300	

പഞ്ചായത്തിലെ കൃഷിഭൂമി നികത്തുന്നതിനെ സംബന്ധിച്ചുള്ള കണക്ക ലഭ്യമല്ല. എന്നാൽ കഴിഞ്ഞ സെറ്റിൽമെൻറിനു ശേഷവും 94-95 വർഷത്തെ റീസർവ്വേക്ക് ശേഷവും ചമ്പക്കുളം പഞ്ചായത്തിനെ പൂർണ്ണമായി ഉൾക്കൊള്ളുന്ന വില്ലേജിലെ നിലത്തിൻെറയും പുരയിടത്തിൻെറയും കണക്ക് താരതമ്യപഠനത്തിനുവേണ്ടി പട്ടികയായി ചുവടെ ചേർക്കുന്നു.

ചമ്പക്കുളം വില്ലേജ് - പട്ടിക നമ്പർ

	നിലം	പുരയിടം
	H A M^2	H A M^2
സെറ്റിൽ മെൻറ് കാലത്ത്		
നിലവിൽ വന്നത്	1936.16.46	167.3463
റീസർവ്വേ റിക്കാർഡ്		
പ്രകാരം നിലവിലുള്ളത്	1663.0090	430.5378
കുറവ്	273.15.56	-
കൂടുതൽ	-	261.88.31

സ്ഥാപനങ്ങൾ

റൈസ് റിസർവ്വ് സ്റ്റേഷൻ

കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെ ഒരു നെല്ലു ഗവേഷണ കേന്ദ്രം ചമ്പക്കുളം പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. കാർഷിക വിജ്ഞാന വ്യാപനത്തിൽ ഈ സ്ഥാപനത്തിൻെറ സാദ്ധ്യത വേണ്ടവിധം പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്. ഈ രംഗത്തുള്ള ഗവേഷകരുടെവൈദഗ്ധ്യവും, കൃഷിക്കാരുടെ അനുഭവ സമ്പത്തും കൂടിയോജിപ്പിച്ച് നെൽക്കൃഷിയിൽ ഒരു മുന്നേറ്റം സൃഷ്ടിക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല.

കൃഷിഭവൻ

ഏലാ ആഫീസുകൾ പഞ്ചായത്ത് തലത്തിൽ കൃഷിഭവനുകളായി പുനഃസംഘടിപ്പിച്ചപ്പോൾ ഏറെ പ്രതീക്ഷകൾ ഉണർത്തിയിരുന്നു. ഗ്രൂപ്പ് ഫാമിംഗ് വിജയകരമായി സംഘടിപ്പിക്കുന്നതിൽ ഈ സ്ഥാപനം നേതൃത്വപരമായ പങ്ക് വഹിച്ചിരുന്നു. പിൽക്കാലത്ത് അക്കാഡമിക് പ്രവർത്തനങ്ങൾ ഒഴിവാക്കി ഇവ കേവലം കണക്കെഴുത്താഫീസായി അധഃപതിച്ചു. ഒരു പഞ്ചായത്തിലെ കാർഷിക സംബന്ധമായ വിവരങ്ങളുടെ മുഖ്യ കേന്ദ്രമായി പ്രവർത്തിക്കേണ്ട കൃഷിഭവൻ ആ നിലയിലേക്ക് വളരേണ്ടിയിരിക്കുന്നു. സമീപ കാലം വരെ സർക്കാർ സഹായ പദ്ധതികളുടെ സിംഹഭാഗവും വിതരണം ചെയ്തിരുന്നത് കൃഷിഭവനിൽക്കൂടിയാണ്. സാമ്പത്തികം കൂടുതൽ കൈകാര്യം ചെയ്യുന്ന സ്ഥാപനമെന്ന നിലയിൽ ഉദ്യോഗസ്ഥന്മാരും പാടശേഖരസമിതി ഭാരവാഹികളും ചേർന്ന് അഴിമതി നടത്തുന്നതായി പരക്കെ ആക്ഷേപമുണ്ട്. കുട്ടനാട്ടിലെ ഇതരകൃഷിഭവനുകളേക്കാൾ മെച്ചപ്പെട്ട സേവനം ചമ്പക്കുളം കൃഷിഭവനിൽ നിന്നും ലഭിക്കുന്നുണ്ട്.

പുഞ്ചസ്പെഷ്യൽ ആഫീസ്.

പാടശേകരത്തിലെ വെള്ളം വറ്റിക്കുന്ന പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കുക എന്ന ഉദ്ദേശത്തോടുകൂടി 1942 -ൽ ആരംഭിച്ചതാണ് പുഞ്ച സ്പെഷ്യൽ ആഫീസ് കൃഷി വകുപ്പിന് ഗ്രാമതലം വരെ ഓഫീസ് ഇല്ലാതിരുന്ന കാലത്ത് തുടങ്ങിയതാണ്. ഈ ആഫീസ് പാടശേഖരക്കമ്മറ്റിയും പുഞ്ചസ്പെഷ്യൽ ആഫീസറും കൂടിയാലോചിച്ച് പമ്പിംഗ് ലേലം പരസ്യപ്പെടുത്തുന്നു. നിശ്ചിതദിവസം ഏറ്റവും താഴ്ന്ന ഏറ്റവും താഴ്ന്ന

കൊട്ടേഷൻ നൽകുന്നയാളെ തിരഞ്ഞെടുക്കണമെന്നാണ് ചട്ടം. എങ്ങനെയും നിക്ഷിപ്ത താത്പര്യക്കാർക്ക് ലേലം ഉറപ്പിച്ച് അഴിമതി നടത്തുന്നതായി പരക്കെ പരാതി ഉയരുന്നുണ്ട്. ഈ ആഫീസിന് ഇപ്പോൾ പ്രസക്തിയില്ല.

പ്രധാന മന്ത്രിയുടെ കൃഷി വികസന ഫണ്ട്.

കൃഷി മെച്ചപ്പെടുത്തി ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി കോടിക്കണക്കിന് രൂപായാണ് കാർഷിക മേഖലയിൽ ചെലവഴിക്കുന്നത് എന്നാൽ ഈ തുക ഉത്പാദവർദ്ധനവിനുവേണ്ടി ഉപയോഗിക്കാതെ പാടശേഖരത്തിനു ചുറ്റുമായി കല്ലും സിമിൻറും ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി ഉപയോഗിക്കപ്പെടുകയാണ്. കരാറുകാരും ഉദ്യോഗസ്ഥന്മാരും ചേർന്നുള്ള അവിശുദ്ധകൂട്ടുകെട്ട് ഈ രംഗത്ത് പ്രവർത്തിക്കുന്നതായും വർദ്ധിച്ചതോതിലുള്ള അഴിമതി നടക്കുന്നതായും സാർവ്വത്രികമായി ആക്ഷേപമുണ്ട്.

സാദ്ധ്യതകൾ - നിർദ്ദേശങ്ങൾ

1. കുട്ടനാട് സീഡ് കോർപ്പറേഷൻ തെക്കേക്കര കേന്ദ്രമായി സ്ഥാപിക്കണം. മങ്കൊമ്പ് നെല്ലുഗവേഷണ കേന്ദ്രത്തിൻറെ സഹകരണത്തോടുകൂടി തെരഞ്ഞെടുക്കപ്പെട്ട പാടങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട കൃഷിക്കാരുടെ സഹായത്തോടുകൂടി ഇത് ചെയ്യാവുന്നതാണ്.
2. കുട്ടനാടിൻറെ മണ്ണിനു പറ്റിയതും ഉല്പാദനക്ഷമവും പ്രതിരോധ ശേഷിയുള്ളതുമായ വിത്തിനങ്ങൾ വികസിപ്പിച്ചെടുക്കുക.
3. സഞ്ചരിക്കുന്ന മണ്ണു പരിശോധനാ കേന്ദ്രം ആരംഭിക്കുകയും ഓരോ പാടത്തിൻറെയും മണ്ണിൻറെ സ്വഭാവത്തിനനുസരിച്ച് രാസ വളം പ്രയോഗിക്കുകയും ചെയ്യുക.
4. പാടശേഖരങ്ങളുടെ പുറം ബണ്ടുകളിലും സർക്കാർ പുറമ്പോക്കിലും ശീമക്കൊന്ന പോലുള്ള പച്ചില വള സസ്യങ്ങൾ വച്ചു പിടിപ്പിക്കുക.
5. 10 സെൻറോ അതിൽ കൂടുതലോ ഉള്ള എല്ലാ പുരയിടങ്ങളിലും കമ്പോസ്റ്റുകുഴി നിർമ്മിക്കാനുള്ള പ്രോത്സാഹനവും സാങ്കേതിക സഹായവും നൽകുക.
6. സാദ്ധ്യമായ സ്ഥലങ്ങളിൽ മണ്ണിരവളം നിർമ്മിക്കാനുള്ള പരിശീലനം കൃഷിക്കാർക്ക് നൽകുക. ജൈവ വള പ്രയോഗം നിർബന്ധിതമാക്കുക അതിനായി കൃഷി ചിലവിൽ ഒരു തുക നീക്കിവയ്ക്കുക.
7. ശാസ്ത്രീയ വള പ്രയോഗം നടത്തുക. 3 തവണയായി വളം പ്രയോഗിക്കുന്ന പതിവു രീതി ഒഴിവാക്കി അളവുകുറച്ച് കൂടുതൽ തവണ വിദ്യ പ്രയോഗിക്കുക.
8. പ്രാദേശികമായി അനുയോജ്യമായതും സ്ഥായിയായിട്ടുള്ളതുമായ ഒരു കൃഷി രീതി വികസിപ്പിച്ചെടുക്കുന്നതിൻറെ ഭാഗമായി പഞ്ചായത്തിൽ ഒരു പാടശേഖരം തിരഞ്ഞെടുക്ക് ഗാലസ് (GALASA) പദ്ധതി നടപ്പാക്കുക. Group Aproach for Locally Adaptaed and Sustianable Agriculture എന്നതാണ് ആ പദ്ധതി. തൃശൂർ ജില്ലയിലെ പാടശേഖരത്തിൽ പരീക്ഷിച്ചു വിജയിച്ചിട്ടുള്ള ഈ പദ്ധതി പ്രാദേശിക സാദ്ധ്യതകളെ പൂർണ്ണമായി വിനിയോഗിക്കപ്പെടും എന്നത് ആണ്.
9. സംയോജിത കീടനിയന്ത്രണ പരിപാടി (IPM) എല്ലാ പാടശേഖരങ്ങളിലും സ്ഥിരമായി നടപ്പാക്കുക. ഇന്ന് ഓരോ കൃഷിക്കാരനും സ്വന്തം നിലത്തിൽ തനിക്കുതോന്നുന്ന തരത്തിൽ കീടനിയന്ത്രണം നടത്തുന്ന അപരിഷ്കൃത രീതിയാണ് നിലവിലുള്ളത്.
10. കീടനാശിനിയുടെ ഉപയോഗം പടിപാടിയായി കുറച്ചുകൊണ്ടുവരിക. ജൈവ കീടനാശിനി നിർമ്മാണത്തിൻറെ സാദ്ധ്യതയെക്കുറിച്ച് ഗവേഷണം നടത്തുക (വേപ്പിൻ പിണ്ണാക്ക് ഉപയോഗിക്കുമ്പോൾ കീടങ്ങളുടെ ആക്രമണം ഒരു പരിധിവരെ കുറഞ്ഞിരിക്കുന്നതായി കാണുന്നു)
11. കാർഷിക മേഖലയിൽ സ്ത്രീ - പുരുഷ വേതനത്തിലുള്ള അന്തരം ഒഴിവാക്കുവാൻ സാമൂഹ്യതീരുമാനം ഉണ്ടാക്കുക.
12. കർഷകതൊഴിലാളി ക്ഷേമനിധി ബോർഡിൻറെ പ്രവർത്തനം കാര്യക്ഷമമാക്കുക. താലൂക്ക് അടിസ്ഥാനത്തിൽ ക്ഷേമനിധി ഓഫീസ് കുട്ടനാട്ടിൽ ആരംഭിക്കുക.

13. ക്ഷേമനിധിയിൽ ഇന്നു രജിസ്റ്റർ ചെയ്തിരിക്കുന്ന കർഷക തൊഴിലാളികളിൽ യഥാർത്ഥ കർഷകതൊഴിലാളികളല്ല. പ്രാദേശികമായി യഥാർത്ഥ കർഷകതൊഴിലാളികളെ കണ്ടെത്തി അവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുക. (മറ്റാനുകൂല്യങ്ങൾ കിട്ടുന്ന വിഭാഗത്തെ ഒഴിവാക്കാവുന്നതാണ്)

14. കൊയ്ത്തുമെതിയുടെ അദ്ധ്വാനഭാരം കുറച്ച് തൊഴി ലാളികളേയും കൃഷിക്കാരേയും ഈ രംഗത്ത് ഉറപ്പിച്ചു നിർത്തുന്നതിന് കുട്ടനാടിന് അനുയോജ്യമായ മെതി യന്ത്രം രൂപ കല്പന ചെയ്യുക. ഈ യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുവാനുള്ള പരിശാലനം കർഷകതൊഴിലാളി സ്ത്രീകൾക്കു നൽകുക.

15. കർഷകൻ നെല്ലുല്പാദനസമിതികൾ പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവയുടെ കൂട്ടായ പ്രവർത്തനം സാദ്ധ്യമാകുന്ന തരത്തിൽ ബന്ധപ്പെട്ടവയുടെ നിയമങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുക. നിലവിലുള്ള സർവ്വീസ് സംഘങ്ങളുടെ പ്രവർത്തന പരിധി പാടശേഖരാടിസ്ഥാനത്തിൽ പുനർ നിർണ്ണയിക്കുക. നെല്ലുല്പാദക സമിതിയുടെ ശുപാർശയിൽ കർഷകർക്ക് ക്രഡിറ്റ് ലിമിറ്റ് നൽകുക.

16. എല്ലാ നെല്ലുല്പാദക സമിതികളുടേയും പ്രതിനിധികളും ജന പ്രതിനിധികളും ഉൾക്കൊള്ളുന്ന കർഷക സമിതി പഞ്ചായത്ത് തലത്തിൽ രൂപീകരിക്കണം. ഈ സമിതിക്ക് റിട്ടയർ ചെയ്ത കൃഷി ഉദ്യോഗസ്ഥന്മാരും നല്ല കൃഷിക്കാരുമടങ്ങുന്ന വിദഗ്ധ സെൽ ഉണ്ടായിരിക്കണം. നെല്ലുല്പാദന സമിതിയുടെ കണക്ക് ഓഡിറ്റ് ചെയ്യുവാൻ പഞ്ചായത്ത് കർഷക സമിതിയുടെ ഒരു ഓഡിറ്റ് വിഭാഗമുണ്ടാക്കണം.

17. പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംസ്ക്കരിച്ച് അരിയായി മാത്രമേ മറ്റു സ്ഥലങ്ങളിലേയ്ക്ക് വിപണനം ചെയ്യാവൂ. ഇതിനായി സഹകരണ മേഖലയിൽ ഒരു മോഡേൺ റൈസ് മിൽ സ്ഥാപിക്കുക. ഇവിടെ ഉല്പാദിപ്പിക്കുന്ന അരി സർക്കാർ ഏറ്റെടുത്ത് മാവേലി സ്റ്റോർ വഴി വിതരണം ചെയ്യാവുന്നതാണ്. ഇതോടനുബന്ധിച്ച് തവിടുപയോഗിച്ചുള്ള ഒരു കാലിത്തീറ്റയൂണിറ്റും ആരംഭിക്കാവുന്നതാണ്.

18. വെള്ളപ്പൊക്ക ഭീഷണിയെ തടയുന്നതിന് പുറംബണ്ടു ബലപ്പെടുത്തുന്നതിനായി നിർമ്മിക്കുന്ന കല്ലുകെട്ട് വേണ്ടത്ര ഈടും കാര്യക്ഷമതയുമുള്ളതല്ല. വലിയ അഴിമതി നടക്കുന്ന മേഖലയിലാണ്. തെരഞ്ഞെടുത്തൊരു പാടശേഖരത്തിൽ വട്ടിപ്പുല്ലും, കടകലും, കൈതയും, വച്ചു ബലപ്പെടുത്തിയ പ്രകൃതിക്കിണങ്ങുന്ന നാടൻ സാങ്കേതിക വിദ്യ പരീക്ഷിച്ചു നോക്കേണ്ടതാണ്.

19. ഇന്നുള്ള പുഞ്ചസ്പെഷ്യൽ ഓഫീസ് നിർത്തലാക്കണം. കൃഷി ഭവനുകളെ അക്കാഡമിക സ്വഭാവമുള്ള ഒരു സ്ഥാപനമാക്കി മാറ്റുകയും ഉദ്യോഗസ്ഥന്മാർ കർഷകർക്ക് ആവശ്യമായ വിദഗ്ധ ഉപദേശം നൽകുന്നതിനായി പാടങ്ങളിലേയ്ക്ക് ഇറങ്ങി വരുകയും വേണം.

20. ഇന്നു നൽകിക്കൊണ്ടിരിക്കുന്ന വിവിധ സബ്സിഡികൾ നിർത്തലാക്കി പകരം ആ തുക കർഷകർക്ക് പ്രയോജനം ലഭിക്കത്തക്ക വിധം ഏകോപിപ്പിച്ച് പഞ്ചായത്ത് വഴി വിതരണം ചെയ്യണം. പഞ്ചായത്ത് കർഷക സമിതിയുടെ ശുപാർശ അനുസരിച്ചാവണം സാമ്പത്തിക സഹായം വിതരണം ചെയ്യേണ്ടത്.

21. മുഴുവൻ കർഷകരേയും വിള ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിൽ കൊണ്ടുവരത്തക്ക വിധത്തിൽ ഫലപ്രദമായ ഇൻഷ്വറൻസ് സമ്പ്രദായം ഏർപ്പെടുത്തണം.

22. നെൽപ്പാടം നികത്തുന്നത് കർശനമായി തടയുന്നത് ഗ്രാമ പഞ്ചായത്തിന്റെ പ്രാഥമിക ചുമതലയാവണം. ഭൂവിനിയോഗനിയമത്തിന്റെ (KLU) പഴുതുകളടച്ച് പ്രയോഗക്ഷമമാക്കാൻ നിയമത്തിന് ആവശ്യമായ ഭേദഗതികൾ വരുത്തുക. വീടുവെയ്ക്കുന്നതിനും മറ്റ് ഒഴിച്ചുകൂടാൻ പറ്റാത്ത ആവശ്യങ്ങൾക്കും പരിമിതമായ ഭൂമി നികത്തേണ്ടിവന്നേക്കാം. ഇതിന് അനുമതി നൽകാനുള്ള അധികാരം റവന്യൂ വകുപ്പിൽ നിന്നും മാറ്റി ജില്ലാ പഞ്ചായത്തിന് നൽകാവുന്നതാണ്.

23. വലിയ പാടശേഖരങ്ങളുടെ മദ്ധ്യഭാഗത്തുള്ള നിലങ്ങളിലേയ്ക്ക് സാധനങ്ങൾ കൊണ്ടുപോകുന്നതും, കൊയ്ത്തിനുശേഷം അവിടെ നിന്നും

കറ്റകളത്തിലെത്തിക്കുന്നതും ഇന്ന് പ്രയാസകരമായ ജോലിയാണ്. ചെറിയ തോടുവെട്ടി പാടശേഖരത്തെ വിഭജിക്കുന്നതാണ് ഇതിനുള്ള ശാസ്ത്രീയമായ പരിഹാര. ജല നിർഗ്ഗമനം കൂടുതൽ കാര്യക്ഷമമാക്കാനും ഇതു സഹായിക്കും.

മറ്റ് ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. മുഴുവൻ പാട ശേഖരങ്ങളിലേയും പുറം ബണ്ട് വീതികൂട്ടി കല്ലുകെട്ടി സംരക്ഷിക്കുക.
2. പാടശേഖരങ്ങൾക്ക്സ്ഥിരമായ മോട്ടോർ സംവിധാനം ഉണ്ടാകണം. അതിന് സ്ഥിരമായ കണക്ഷൻ നൽകുകയും പമ്പിംഗ് നെല്ലുല്പാദന സമിതിയുടെ ചുമതലയിൽ ആക്കുകയും ചെയ്യുക.
3. മോട്ടോർ ചാലുകൾ നിശ്ചിത ദൂരം ഇരുവശവും കല്ലുകെട്ടി ബലപ്പെടുത്തുക.
4. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. ഷട്ടർ സംവിധാനമുള്ള മടകൾ നിർമ്മിക്കുക.
5. കൊയ്ത്തിനു ശേഷം പാഴായിപ്പോകുന്ന കച്ചി ഉപയോഗിച്ച് കൂൺ കൃഷി ചെയ്യാവുന്നതാണ്. ഇതിനായി തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് പരിശീലന നൽകുക.
6. ഉമ്പുകാട്ടു വരമ്പിനകം തെക്കുചിറയ്ക്കു പുറം, കോയിക്കരി എന്നീ പാടശേഖരങ്ങൾകക് പൊതുമടകൾ നിർമ്മിച്ച് ഷട്ടർ ഇടുക.
7. വലിയ പാടശേഖരങ്ങളെ ഡിവൈഡിംഗ് ബണ്ടുകൾ നിർമ്മിച്ച് വിഭജിക്കുക.

പുരയിടകൃഷി

കൃഷി ഭവൻ രേഖയനുസരിച്ച് 430.5 ഹെക്ടർ പുരയിടമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഈ പുരയിടങ്ങളിലെ കാർഷിക വിളകളെക്കുറിച്ച് പരിശോധിക്കാം.

1.തെങ്ങ്

ഏകദേശം .....ഹെക്ടർ പ്രദേശത്താണ് തെങ്ങ്കൃഷി ചെയ്യുന്നത്. പഞ്ചായത്തിൽ നെൽ കൃഷി കഴിഞ്ഞാൽ കൂടുതൽ അളവിൽ കൃഷിചെയ്യുന്ന വിളയാണ് തെങ്ങ്. ബഹു ഭൂരിപക്ഷത്തിനുംകൈവശമുള്ള ഭൂമി വളരെ പരിമിതമായതിനാൽ തെങ്ങുകൃഷി ഒരു വരുമാന മാർഗ്ഗമായിട്ട് ഇവർ പരിഗണിക്കുന്നില്ല. ഭക്ഷ്യ ആവശ്യത്തിനുമാത്രമേ ഇവരുടെ തെങ്ങുകളിൽ നിന്നും തേങ്ങലഭിക്കുന്നുള്ളൂ

നമ്മുടെ നാട്ടിലെ തെങ്ങുകൃഷിയെ ഏറ്റവും അധികം ബാധിക്കുന്നത് കാറ്റുവീഴ്ച രോഗമാണ്. നിരവധി ഗവേഷണങ്ങൾ നടക്കുന്നുണ്ടെങ്കിലും ഇന്നും ഫലപ്രദമായൊരു പ്രതിവിധി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. വേരു ചീയൽ കൂമ്പുചീയൽ രോഗങ്ങളും ധാരളമായുണ്ട്. ചെല്ലിയുടെ ആക്രമണമാണ്മറ്റൊരു ഭീഷണി. മറ്റ് കാർഷിക ഉല്പന്നങ്ങൾക്ക് വില വർദ്ധിച്ചപ്പോഴും തേങ്ങായുടെ വിലയിൽ കാര്യമായ വർദ്ധനവുണ്ടായില്ല. ഈ കാരണങ്ങൾകൊണ്ട് തെങ്ങിന് ആവശ്യമായ പരിചരണഃ നൽകുന്നതിൽ കൃഷിക്കാർ വിമുഖരായി. ഇത് പതിവായി ഉല്പാദന ക്ഷമത കുറയ്ക്കുന്നതിന് കാരണമായിട്ടുണ്ട്. കഴിഞ്ഞ 3 വർഷത്തെ ഉലപാദന ക്ഷമതയുടെ കണക്ക് താഴെകൊടുക്കുന്നു.

പട്ടിക നമ്പർ

വർഷം	കേരളം	പഞ്ചായത്ത്
1992-93	6000	12000
1993-94	4800	9500
1994-95	4400	6800

അവലംബം - കൃഷി ഭവൻ രേഖകൾ

ഉല്പാദന ക്ഷമ.തയിൽ ഭീമമായ ഇടിവാണ് സമീപങ്ങളിൽ സംഭവിച്ചിരിക്കുന്നത് എന്ന് പട്ടികയിൽ നിന്നും വ്യക്തമാണ്. തെങ്ങ് കൃഷിക്ക് പറ്റിയ മണ്ണാണ് കുട്ടനാട്ടിലേത്. ഉല്പാദനക്ഷമത കേരളത്തിന്റെ ഇരട്ടിയോളമാണ് നമ്മുടെ പഞ്ചായത്തിലേത്. എന്നാൽ ഉലപാദന ക്ഷമതയിലെ ഇടിവിന്റെ തോത് സംസ്ഥാന ശരാശരിയെക്കാൾ കൂടുതലാണ്.

ഈ രംഗത്ത് ഫലപ്രദമായ ഇടപെടൽ ഉണ്ടാകുന്നില്ല. നല്ലയിനം തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ച് ആവശ്യാനുസരണം വിതരണം ചെയ്യുന്നതിന് മതിയായ സംവിധാനങ്ങൾ ഒന്നുംതന്നെയില്ല. തെങ്ങിൻ തൈ നഴ്സറികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. മുമ്പ് കൃഷിക്കാരുതന്നെ വിത്തു തേങ്ങ ഉല്പാദിപ്പിച്ചുവരുന്നു. ഇന്ന് ഈ രീതിയും അപ്രത്യക്ഷമായിരിക്കുകയാണ്. കഴിഞ്ഞ 3 വർഷമായി കൃഷിഭവൻ വഴി വിതരണം ചെയ്തിരുന്ന തെങ്ങിൻ തൈകളുടെ കണക്ക് ചുവടെ ചേർക്കുന്നു.

പട്ടിക നമ്പർ		
1993-94	1994-95	1995-96
1075. Nos	380 Nos	2050 Nos


ഉല്പന്നങ്ങളുടെ വൈവിദ്ധ്യ വൽക്കരണവും അതുവഴി പുതിയ കമ്പോളങ്ങൾ കണ്ടെത്താനുള്ള ശ്രമവും നടന്നിട്ടില്ല. കയർ കയറ്റുല്പന്ന നിർമ്മാണം, ചിരട്ട, ചകിരി ഇവ ഉപയോഗിച്ചിട്ടുള്ള കരകൗശല നിർമ്മാണം, പച്ചതേങ്ങ സംസ്ക്കരിച്ചുണ്ടാക്കുന്ന ഉത്പന്നങ്ങൾ ഇവയൊന്നും തന്നെ ഇവിടെ ഉപോല്പന്നങ്ങൾ എന്ന നിലയിൽ ഇവിടെ നടക്കുന്നില്ല. വാർഡു തലത്തിൽ രൂപീകരിച്ചു പ്രവർത്തിച്ചുവന്ന കേര കർഷക സമിതി ഇന്ന് പേപ്പറിൽ മാത്രമായി ഒതുങ്ങുന്നു. ഉല്പാദനം വർദ്ധിപ്പിക്കുന്നതിലും പുതിയ സംഭരണ വിപണന സാദ്ധ്യത ആരായുന്നതിലും ഈ സമിതികൾ തികഞ്ഞ പരാജയമാണ്.

സാദ്ധ്യതകൾ

1. ആവശ്യമായ പരിചരണങ്ങൾ നൽകിയാൽ പെട്ടെന്ന് ഫലം നൽകുന്ന ഒരു വിളവാണ് തെങ്ങ്. നല്ല തൈ തെരഞ്ഞെടുക്കൽ, നടീൽ ആദികാല പരിചരണം, ജലസേചനം, വളം ചേർക്കൽ കാലാകാലങ്ങളിലുള്ള പരിചരണം ഇവ കൃത്യമായി നടത്തണം.
2. തൊണ്ടു കൊണ്ടുള്ള പുതയിടീൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുമെന്ന് പരീക്ഷിച്ചിട്ടുള്ളതാണ്. വർഷകാലത്തിനുമുമ്പായി പുതയിടീൽ നടത്തിയാൽ മഴ പെയ്യുന്നമുറയ്ക്ക് വെള്ളം സംഭരിക്കാൻ ഇതിനു കഴിയും.
3. നിലവിലുള്ള കേര കർഷക സമിതി പുനഃസംഘടിപ്പിക്കുകയും ഓരോ സമിതികളിൽ നിന്നും എട്ട് പത്ത് വേറെ തെരഞ്ഞെടുത്ത് രോഗ നിവാരണത്തിനും ഉല്പാദനക്ഷമത വർദ്ധിക്കാനുതകുന്ന തരത്തിലുള്ള മിതിയായ പരിശീലനം നൽകുക. ക്രിമി കീടങ്ങളിൽ നിന്നും പൂക്കുലകളെ രക്ഷിക്കാൻ തെങ്ങിന്റെ മണ്ട വൃത്തിയാക്കുക, ബോഡോമിശ്രിതം ഉണ്ടാക്കി രോഗബാധയുള്ള തെങ്ങുകൾക്കു തളിക്കുക. വെട്ടിമാറ്റേണ്ട തെങ്ങുകൾ ഏതെന്നു നിർദ്ദേശിക്കുക തുടങ്ങിയ കാര്യങ്ങൾ ഇവർ ചെയ്യേണ്ടതാണ്. ശരിയായ സേവനം നൽകാൻ ഇവർക്കു കഴിഞ്ഞാൽ പ്രതിഫലം കൃഷിക്കാരിൽ നിന്നുതന്നെ ഈടാക്കാവുന്നതാണ്.
4. സഹകരണ സംഘങ്ങൾ, നാളികേര കർഷകർക്കാവശ്യമായ വായ്പകൾ നൽകുകയോ അല്ലെങ്കിൽ കേര കർഷകരുടെ ഒരു സഹകരണ സംഘം പഞ്ചായത്തു തലത്തിൽ രൂപീകരിക്കുകയോ ചെയ്യണം. കേരകർഷക സമിതികൾ വഴി സംഘത്തിൽ വായ്പാ അപേക്ഷ നൽകുകയും അവർ ശുപാർശ ചെയ്യുന്നവർക്ക് വായ്പ നൽകുകയും വേണം.
5. കേരകർഷക സമിതിയുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടുകൂടി മേൽത്തരം തൈകൾ ഉൽപ്പാദിപ്പിക്കണം. കൃഷിഭവൻ, കാർഷിക സർവ്വകലാശാല എന്നിവയുടെ സാങ്കേതിക മേൽനോട്ടത്തിൽ ഇതു ചെയ്യേണ്ടതാണ്.
6. പച്ച തേങ്ങാ സംസ്ക്കരിച്ച് തൂൾ തേങ്ങ, നാളികേര ക്രീം, തേങ്ങാപ്പാൽ പൊടി, തുടങ്ങിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കാവുന്നതാണ്. ഇതിനാവശ്യമായ സാങ്കേതിക പരിശീലനം നൽകി ചെറുകിട ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കണം.
7. ചിരട്ട ഉപയോഗിച്ചുകൊണ്ട് അലങ്കാര വസ്തുക്കളും ബട്ടൺ ഐസ്ക്രീം കപ്പ് തുടങ്ങിയവ നിർമ്മിക്കാവുന്നതാണ്. തേങ്ങാ വെള്ളത്തിൽനിന്നും വിന്നാഗിരി ഉൽപ്പാദിപ്പിക്കാവുന്നതാണ്. പരീക്ഷണാടിസ്ഥാനത്തിൽ താൽപര്യമുള്ള ഒന്നോ രണ്ടോ ആളുകൾക്ക് ഇതിനാവശ്യമായ പരിശീലനം നൽകണം.
8. നമ്മുടെ പഞ്ചായത്തിൽ കരിക്കിന്റെ ഉപഭോഗവും വിൽപ്പനയും നാമമാത്രമായിപ്പോലും നടക്കുന്നില്ല. കരിക്ക് വളരെയധികം പോഷകമൂല്യമുള്ള പാനീയമാണ്. ഇളനീർ പന്തലുകൾ സ്ഥാപിച്ച് കരിക്ക് വിൽപന നടത്തണം.
9. തെങ്ങിൻ തടി ഉപയോഗിച്ച് ഫർണിച്ചറുകൾ, കരകൗശലവസ്തുക്കൾ, വാൾ പാനലുകൾ, തറയിൽ വിരിക്കാവുന്ന ടൈലുകൾ എന്നിവ ഉണ്ടാക്കുന്നതിന് സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ സാങ്കേതിക വിദ്യ ഇവിടെ ലഭ്യമാക്കി ഒരു വ്യവസായ യൂണിറ്റ് സ്ഥാപിക്കണം.

പഴം പച്ചക്കറി കൃഷി

മുൻകാലങ്ങളിൽ വെള്ളപ്പൊക്കത്തിനുശേഷം വീട്ടുവളപ്പുകളിൽ ചീര, വെള്ളരി, വഴുതന, പച്ചമുളക്,



കാന്താരി, അമര, വാളമര, പടവലം, പാവൽ, വെണ്ട എന്നീ പച്ചക്കറികളും ചേമ്പ്, ചേന, കാച്ചിൽ എന്നീ കിഴങ്ങുവർഗ്ഗങ്ങളും ധാരാളമായി കൃഷി ചെയ്തിരുന്നു. എന്നാൽ ഇന്ന് നമ്മുടെ ദൈനംദിന ആവശ്യത്തിനുള്ള പച്ചക്കറികൾ അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നു. ഏകദേശം 5-6 ലക്ഷം രൂപയുടെ പച്ചക്കറി ഒരു മാസം നാം ഉപയോഗിക്കുന്നു. എല്ലാ വീട്ടുവളപ്പുകളിലും ഒരിഞ്ചു സ്ഥലം പോലും പാഴാക്കാതെ പച്ചക്കറി കൃഷി ചെയ്യുവാനുള്ള ഒരു ജനകീയ പദ്ധതിക്ക് രൂപം നൽകണം. ഇതിനാവശ്യമായ മുഴുവൻ വിത്തുകളും പഞ്ചായത്തിൽനിന്ന് സൗജന്യമായി വിതരണം ചെയ്യുകയും പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകാൻ വാർഡുതലത്തിൽ അനുഭവസമ്പന്നരായ കർഷകരുടേയും മറ്റ് വിദഗ്ദ്ധരുടേയും ഒരു സെൽ രൂപീകരിക്കുകയും വേണം. അവർ ഈ പ്രവർത്തനങ്ങളെ ഓരോ ഘട്ടത്തിലും വിലയിരുത്തണം.

പഴവർഗ്ഗ കൃഷിയിൽ ഏറ്റവും പ്രധാനം വാഴക്കൃഷി തന്നെയാണ് പഞ്ചായത്തിൽ ഏതാണ്ട് 35-40 ഹെക്ടർ സ്ഥലത്ത് വാഴകൃഷി നടത്തുന്നുണ്ടെന്നാണ് കൃഷിഭവൻ രേഖകളിൽ കാണുന്നത്. നേന്ത്രവാഴ ഒഴികെ മറ്റ് വാഴകൾക്ക് രാസവളപ്രയോഗം കുറവാണ്. പാളയംകോടൻ വാഴകൾ മറ്റ് പരിചരണം ഒന്നും കൂടാതെ വളർത്തുന്നവയാണ്. യഥാർത്ഥത്തിൽ വാഴക്കൃഷി ചുരുക്കം ചില ആളുകൾ മാത്രമേ നടത്തുന്നുള്ളൂ എന്നാൽ മിക്കവാറും എല്ലാ വീട്ടുവളപ്പിലും വാഴ വളർത്തുന്നുണ്ട്. വെള്ളപ്പൊക്കമാണ് ഈ കൃഷിക്ക് ഭീഷണിയായിട്ടുള്ളത്. സമയം ക്രമീകരിച്ച് കൃഷി നടത്തിയാൽ ഒരു പരിധിവരെ കൃഷി നാശം ഒഴിവാക്കാം.

നമ്മുടെ പ്രദേശത്ത് മാവുകൾ സുലഭമായി വളരുകയും പ്രത്യേകിച്ച് പരിചരണമൊന്നും കൂടാതെ മറ്റ് പ്രദേശങ്ങളിലേതിനേക്കാൾ കൂടുതൽ കായ്ഫലം നൽകുകയും ചെയ്യുന്നു. മാമ്പലകയുടെ ആവശ്യകത വർദ്ധിച്ചുവരുന്നതുനുസരിച്ച് വൻതോതിൽ നാടൻ മാവുകൾ വെട്ടിക്കൊണ്ടിരിക്കുന്നു. ബോധപൂർവ്വം മാവുകൾ വളർത്തുന്നവർ കുറവാണ്. പ്രകൃതിതന്നെ കൃഷി ചെയ്യുന്നു എന്നു പറയുന്നതാവും ശരി. മാമ്പഴങ്ങളുടെ ഒരുവിധ സംസ്ക്കരണവും പഞ്ചായത്തിൽ നടക്കുന്നില്ല.

സാധ്യതകൾ

1. നാം നിത്യേന ഉപയോഗിച്ചുവരുന്ന പച്ചക്കറികളുടെ കാര്യത്തിൽ സമ്പൂർണ്ണമായ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് പരിമിതികളേറെയുണ്ടെങ്കിലും ഈ മണ്ണിന് ഏറ്റവും അനുയോജ്യമായ പച്ചക്കറികളും, പഴവർഗ്ഗങ്ങളും കൃഷി ചെയ്ത് ഉണ്ടാക്കണം.
2. കൃഷി ചെയ്യുന്നതിനുള്ള പരിശീലനം കർഷകർക്കു നൽകണം.
3. പച്ചക്കറി, വാഴക്കൃഷിക്ക് വിത്തു ലഭ്യമാക്കുന്നതിൽ പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട കർഷർക്ക് വിദഗ്ദ്ധസഹായങ്ങൾ നൽകി, കൃഷി ചെയ്യിക്കുകയും അവരിൽനിന്ന് പഞ്ചായത്ത് വിത്ത് സംഭരിച്ച് വിതരണം നടത്തുകയും ചെയ്യണം.
4. പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത നേടുന്നതിനായി ജനകീയ പദ്ധതികൾ രൂപീകരിക്കുക.
5. നല്ലയിനം ഒട്ടുമാവിൻ തൈകൾ കർഷകർക്ക് ലഭ്യമാക്കണം.
6. പഞ്ചായത്തിൽ ലഭ്യമാകുന്ന മാങ്ങ സംഭരിച്ച് സംസ്ക്കരിക്കുന്നതിനായി ഒരു മാമ്പഴ സംസ്ക്കരണയൂണിറ്റ് ആരംഭിക്കുക. മാമ്പഴത്തിൽനിന്ന് ധാരാളം ഉൽപന്നങ്ങൾ ഇന്ന് വിപണിയിൽ ലഭ്യമാണ്.

4B മൃഗസംരക്ഷണവും,മത്സ്യബന്ധനവും

മൃഗസംരക്ഷണം

നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ സാധ്യതയുള്ള മേഖലയാണ് മൃഗസംരക്ഷണം. വിസ്തൃതമായ കാർഷികമേഖലയിൽ നിന്നും ലഭിക്കുന്ന വൈക്കോൽ, പാട വരമ്പത്തും പുരയിടങ്ങളിലും ധാരാളമായി വളരുന്ന പച്ചപ്പുല്ല് എന്നിവയുടെ ലഭ്യതയും മൃഗ പരിപാലനരംഗത്തേക്ക് കൂടുതൽ ആളുകൾക്ക് കടന്നു വരുവാൻ കഴിയുന്ന അനുകൂല ഘടകമാണ്. നെൽകൃഷിയെ ആശ്രയിച്ചുകൊണ്ടാണ് മൃഗ പരിപാലനമേഖല ഇവിടെ വളർന്നു വികസിച്ചത്.

കോഴിക്കുഞ്ഞുങ്ങളെ വിരിയിച്ച് അവയുടെ വളർച്ചയുടെ ഘട്ടങ്ങളിൽ തീറ്റയ്ക്കായി കൊയ്ത്തുകഴിഞ്ഞ പാടങ്ങളെയാണ് മുഖ്യമായും ആശ്രയിക്കുന്നത്. അതുപോലെ തന്നെ കൊയ്ത്തുകഴിഞ്ഞ പാടങ്ങളിൽ മൃഗങ്ങളെ മേയാൻ വിടുന്നതും, താറാവുകളെ കൊയ്ത്തുകഴിഞ്ഞ പാടങ്ങളിൽ തീറ്റുന്നതും, വയലുകളിലെ പുല്ലും കളകളും നെല്ലിൽ നിന്ന് ലഭിക്കുന്ന തവിടും തീറ്റയായി ഉപയോഗിക്കുന്നതടക്കം നെൽകൃഷിയും മൃഗപരിപാലനവും തമ്മിലുള്ള നാഭീനാളബന്ധം വ്യക്തമാക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ പശു, ആട്, എരുമ, എന്നിവ പാലുൽപ്പാദനത്തിനുവേണ്ടിയും നിലം ഉഴുതുന്നതിനുവേണ്ടി കന്നുകളെയും മുൻപുമുതൽ വളർത്തിവരുന്നു. കാർഷികമേഖലയിൽ നടപ്പാക്കിവരുന്ന യന്ത്രവൽക്കരണം മൂലം കന്ന്ഉഴവ് ഏതാണ്ട് അപ്രത്യക്ഷമായിവരുന്നു.

മുട്ടയുൽപ്പാദനത്തിനായി ഒട്ടുമിക്ക കുടുംബങ്ങളിലും നാടൻ കോഴികളെ വളർത്തുന്നു. അപൂർവ്വം കുടുംബങ്ങളിൽ വീട്ടാവശ്യത്തിനുവേണ്ടി ചുരുങ്ങിയ എണ്ണം താറാവുകളെ വളർത്തുന്നു. തൊഴിൽ എന്നനിലയിൽ ചുരുക്കം ചില വ്യക്തികൾ താറാവുകൃഷിയിൽ ഏർപ്പെട്ടിട്ടുണ്ട്.

എന്നാൽ താറാവുകൃഷി ഒഴികെ കന്നുകാലി, കോഴി വളർത്തൽ ഒരു പ്രധാന തൊഴിൽ എന്ന നിലയിൽ ആരും സ്വീകരിച്ചിട്ടില്ല. വീട്ടമ്മമാർക്ക് സ്വന്തമായ ഒരു വരുമാന മാർഗ്ഗമാണ് കന്നുകാലി കോഴി വളർത്തൽ.

അപൂർവ്വം ചില വ്യക്തികൾ വില്പനാവശ്യത്തിനായ് ഇറച്ചിക്കോഴികളെ വളർത്തുവാൻ ആരംഭിച്ചിട്ടുണ്ട്. ശാസ്ത്രീയമായ ആസൂത്രണം ചെയ്യപ്പെട്ടാൽ മറ്റ് പല മേഖലകളെക്കാൾ കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ വരുമാന മുണ്ടാക്കുവാനും കഴിയുന്ന മേഖലയാണു മൃഗസംരക്ഷണം.

പ്രശ്നങ്ങൾ

1. പശു

പശുവളർത്തലാണ് പഞ്ചായത്തിൽ ഏറ്റവും വ്യാപകമായിട്ടുള്ളത്. നാടൻ പശുക്കൾ അന്യംനിന്നു കൊണ്ടിരിക്കുന്നു. സങ്കരയിനം പശുക്കളിൽനിന്നും പ്രതീക്ഷിത പാലുൽപ്പാദനവും ഗുണലഭ്യതയും നേടുന്നതിനും കഴിയുന്ന പശ്ചാത്തല സൗകര്യം ഇവിടില്ല. 4, 7, 9 വാർഡുകളിൽ പശുക്കളുടെ എണ്ണം പഞ്ചായത്തിലെ മറ്റ് വാർഡുകളെ അപേക്ഷിച്ച് കുറവാണ്. നാടൻ, സങ്കരയിനം പശുക്കളെ വേർതിരിച്ചറിയുന്നതിന് സർവ്വേയിലൂടെ കഴിഞ്ഞിട്ടില്ല.

പശുക്കളുടെ ശരാശരി പാലുൽപ്പാദനം പ്രതിമാസം 41,156 ലിറ്റർ പാലാണെന്നാണ് ജനകീയാസൂത്രണ സർവ്വേയിലൂടെ വ്യക്തമാക്കുന്നത്. എന്നാൽ ഇത് എത്രത്തോളം വസ്തുതാപരമാണെന്നുള്ളതിൽ സംശയമുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 1063 പശുക്കളിൽനിന്നും ലഭിക്കുന്ന പാലിന്റെ അളവ് ഒരു ദിവസം 3 ലിറ്റർ വീതം എന്ന് കണക്കാക്കിയാൽതന്നെ 95 670 ലിറ്റർ വരും. പഞ്ചായത്തിൽ ഉള്ള 4 ക്ഷീരോൽപ്പാദക സംഘങ്ങളിൽ (1 പ്രവർത്തനക്ഷമമല്ല) ആയി കർഷകർ പ്രതിമാസം അളക്കുന്ന പാൽ 26850 ലിറ്ററാണു ബാക്കി വരുന്ന ഏകദേശം 65-70 ആയിരം ലിറ്റർ പാൽ സ്വന്ത ആവശ്യത്തിനും പ്രാദേശികമായി വിൽപ്പന നടത്തുന്നതിനും ഉപയോഗിക്കുന്നു. പാലുൽപ്പാദനത്തിന്റെ കാര്യത്തിൽ ഒട്ടേറെ അനുകൂലഘടകങ്ങൾ ഉണ്ടായിട്ടും സ്വയം പര്യാപ്തത കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. 250 മില്ലിലിറ്റർ പാൽ ഒരാൾ ഒരു ദിവസം ഉപയോഗിക്കണമെന്നാണ് ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശം.

പഞ്ചായത്തിൽ ആകെ ജനസംഖ്യ 17369 ആണ്. ഇത്രയും പേർക്ക് 4342 ലിറ്റർ പാലാണ് പ്രതിദിനം ആവശ്യമായിട്ടുള്ളത്. പഞ്ചായത്തിൽ പ്രതിദിനം ഉൽപ്പാദിപ്പിക്കുന്ന 3200 ലിറ്റർ പാലിൽ 750 ലിറ്റർ പാൽ ക്ഷീരോൽപ്പാദക സംഘംവഴി മിൽമയ്ക്കു നൽകുന്നു. ബാക്കിയുള്ള 2450 ലിറ്റർ പാലും മിൽമ ബൂത്തുവഴി വിതരണം ചെയ്യുന്ന 100 ലിറ്റർ പാലും അടക്കം 2550 ലിറ്റർ പാലാണ് ഇവിടുത്തെ ജനങ്ങൾക്ക് ലഭിക്കുന്നത്. ആവശ്യവും ലഭ്യതയും തമ്മിൽ 1792 ലിറ്റർ പാലിന്റെ വ്യത്യാസമുണ്ട്. ഏകദേശം 500 ഓളം പശുക്കളെക്കൂടി വളർത്തിയെങ്കിൽ മാത്രമേ നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള കമ്മി പരിഹരിക്കാനാവൂ.

ഒരു കുടുംബത്തിന് ഒരു പശു എന്ന കണക്കെടുത്താൽതന്നെ പഞ്ചായത്തിലെ 32% കുടുംബങ്ങളിൽ മാത്രമേ പശുവിനെ വളർത്തുന്നുള്ളു.

പാലുൽപ്പാദനത്തിലും പശുവളർത്തിലിലും ഗണ്യമായ പുരോഗതി നേടാൻ കഴിയാത്തതിന് കാരണം

1) പശുക്കളെ തീറ്റിപ്പോറ്റുന്നതിനാവശ്യമായ സാമ്പത്തികശേഷി കർഷകനില്ല.
2) അത്യുൽപ്പാദനശേഷിയുള്ള പശുക്കളെ പരിപാലിക്കുന്നതിനുള്ള പരിജ്ഞാനം ഇല്ലായ്മ.
3) സങ്കരയിനം പശുക്കളുടെ രോഗത്തെക്കുറിച്ചുള്ള ധാരണക്കുറവ്.
4) പ്രതിരോധ - ചികിത്സാ സൗകര്യങ്ങളുടെ ലഭ്യതക്കുറവ്.

കാലികൾക്ക് സാധാരണയായി അകിട്വീക്കം, വിരശല്യം, കുളമ്പുപനി, വയറിളക്കം, ദഹനക്കുറവ്, മുടന്തൻ പനി, പുഴുക്കടി, കീറ്റോസിസ്, ഹൈപ്പോ-കാൽസീനിയ എന്നീ രോഗങ്ങളും കിടാരികൾക്ക് പോഷകാഹാരക്കുറവുമൂലമുള്ള തളർച്ച, വളർച്ചക്കുറവ് എന്നീ രോഗങ്ങളും കണ്ടുവരുന്നു.

എരുമ

നാടൻ സങ്കരയിനത്തിലായി 19 എരുമകളാണു നമ്മുടെ പഞ്ചായത്തിലുള്ളത്. താരതമ്യേന കുറഞ്ഞചിലവിൽ കൂടുതൽ പാലുൽപ്പാദിപ്പിക്കുവാൻ കഴിയുന്ന എരുമ വളർത്തുന്നതിന് കർഷകർ താല്പര്യം കാണിക്കുന്നില്ല. എരുമ വളർത്തൽ അദ്ധ്വാനഭാരവും കഷ്ടപ്പാടും കൂടുതലുള്ള തൊഴിലാണ്.

ആട്

നമ്മുടെ പഞ്ചായത്തിൽ 732 ആടാണ് ഉള്ളത്. ശാസ്ത്രീയമായി കൂട്കെട്ടി ആരുംതന്നെ ആടിനെ വളർത്തുന്നില്ല. തീറ്റരീതിയും അശാസ്ത്രീയമാണ്. ആടിന് തീറ്റയായി നല്കാവുന്ന പ്ലാവ്, ഒതളം, മുരിക്ക് എന്നിവ ധാരാളമായി ഉള്ളതുകൊണ്ട് കുറഞ്ഞചിലവിൽ ആടുകളെ വളർത്തുവാൻ സാധിക്കും. നന്നായി വളർത്തുന്ന ഒരാട് രണ്ട് വർഷത്തിൽ മൂന്ന് തവണ പ്രസവി

ക്കുകയും ഓരോ പ്രസവത്തിലും ശരാശരി രണ്ട് കുട്ടികളെ വീതം ലഭ്യമാക്കുകയും ചെയ്യുന്നു. പാലുൽപ്പാദനം കുറയുന്ന മുറയ്ക്ക് മാംസാവശ്യത്തിനായി ഉപയോഗിക്കുവാൻ കഴിയും എന്നിതിനാൽ ആടുവളർത്തൽ വ്യാപകമാക്കണം

കോഴി

പ്രായപൂർത്തിയായ ഒരാൾക്ക് ഒരു ദിവസം പകുതി മുട്ടയാണ് ലോകാരോഗ്യ സംഘടന നിർദ്ദേശിക്കുന്നത്. ഇതുപ്രകാരം 7745 മുട്ടയാണു പ്രതിദിനം ആവശ്യമായിട്ടുള്ളത്. മുട്ടയുൽപ്പാദനത്തിൽ സ്വയം പര്യാപ്തത നേടുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ പഞ്ചായത്തിൽ കോഴികളെ സാധാരണ വീട്ടുവളപ്പിൽ വിട്ടാണ് വളർത്തുന്നത്. സങ്കരയിനം കോഴികളെ വളർത്തുകയാണെങ്കിൽ മുട്ടയുൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കുവാൻ കഴിയും. സാധാരണ കോഴികൾ സാംക്രമിക രോഗംമൂലം ചത്തുപോകുന്നു. ഇവയ്ക്ക് പ്രതിരോധ കുത്തിവെപ്പു നടത്തുവാൻ സംവിധാനം ഇവിടെയില്ല.

നല്ല ലാഭം ലഭിക്കുന്ന ഇറച്ചിക്കോഴി വളർത്തൽ നമ്മുടെ പഞ്ചായത്തിൽ വളരെ കുറവാണ്. കൂടു കെട്ടുന്നതിനും കുഞ്ഞുങ്ങളെ വാങ്ങുന്നതിനും മറ്റുമായി വേണ്ടിവരുന്ന ചിലവ് വഹിക്കുവാൻ കഴിയാത്തതിനാൽ പലരും ഈ രംഗത്തേക്ക് കടന്നുവരുന്നില്ല.

താറാവ്

കുട്ടനാടൻ പരിതസ്ഥിതി താറാവിന് വളരുവാൻ ഏറ്റവും അനുകൂലമായ ഘടകമാണ്. താറാവു വളർത്തലും കൃഷിയും ഇവിടെയുണ്ട്. 1331 താറാവുകളെ വീടുകളിൽ വളർത്തുകയും ഏകദേശം 20,000 ത്തോളം താറാവുകളും കൃഷിചെയ്യുകയും ചെയ്യുന്നു. ഏകദേശം വൻകിട താറാവു കർഷകരുണ്ട്.

താറാവു കൃഷിക്കാർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം താറാവുകൾ കൂട്ടത്തോടെ രോഗംമൂലം ചത്തൊടുങ്ങുന്നു എന്നതാണ്. ഒരു തരം വൈറസ് മൂലമാണ് ഈ രോഗമുണ്ടാകുന്നത് എന്ന് പഠനങ്ങൾ തെളിയിക്കുന്നു. ഇതിന് ഫലപ്രദമായ ചികിത്സ ഇന്ന് ലഭ്യമല്ല. പ്രതിരോധകുത്തിവെപ്പാണ് ഏക പോംവഴി. എങ്കിലും ഇതിനാവശ്യമായ മരുന്നിന്റെ ലഭ്യതക്കുറവും പ്രധാന പ്രശ്നമാണ്.

തിരുവനന്തപുരത്ത് പാലോട് കേന്ദ്രമാക്കി ഗവൺമെൻറ് ഉടമയിൽ പ്രതിരോധ കുത്തിവെപ്പിനാവശ്യമായ വാക്സിൻ നിർമ്മിക്കുന്നുണ്ടെങ്കിലും പലപ്പോഴും കർഷകരുടെ ആവശ്യത്തിനനുസരിച്ച് ഇത് ലഭിക്കുന്നില്ല. തമിഴ്നാട്ടിൽ റാബിപെട്ടയിൽ ഉണ്ടാക്കുന്ന വാക്സിൻ സ്വകാര്യ വ്യക്തികൾ അവിഹിതമായി വാങ്ങിക്കൊണ്ടുവന്ന് ഇവിടെ വിൽപ്പന നടത്തുന്നുണ്ട്. താഴ്ന്ന ഊഷ്മാവിൽ വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ട ഈ വാക്സിൻ ഇവരുടെ അശ്രദ്ധമൂലം പലപ്പോഴും ഉപയോഗശൂന്യമായിരിക്കും.

നെൽപ്പാടങ്ങളിൽ അമിതമായ രാസവള, കീടനാശിനി പ്രയോഗം നടത്തുന്നതിനാൽ ഈ പാടങ്ങളിൽ തീറ്റുവാൻ വിടുന്ന താറാവുകളുടെ ഉള്ളിൽ ഈ രാസവസ്തുക്കൾ ചെല്ലുന്നതിനും അതുമൂലം താറാവുകളുടെ രോഗപ്രതിരോധശേഷി നശിക്കുന്നതിനും ഇടയുണ്ട്. മുട്ട ഉൽപ്പാദനത്തെയും ഇത് ബാധിക്കുന്നുണ്ട്.

മൃഗസംരക്ഷണ സ്ഥാപനങ്ങൾ

തെക്കേക്കരയിൽ ഒരു വെറ്റിനറി പോളി ക്ലിനിക്കും കണ്ടങ്കരിയിൽ ഒരു എ.സി.ഡി.പി. സബ് സെൻറ്ററുമാണ് നിലവിലുള്ളത്. താലൂക്കാസ്ഥാനത്ത് പ്രവർത്തിക്കുന്ന പോളീ ക്ലിനിക്കിന്റെ പ്രവർത്തനം തൃപ്തികരമല്ല. ആവശ്യത്തിന് മരുന്നുകളും, പ്രതിരോധ വാക്സിനുകളും ഇവിടെ ലഭ്യമല്ല. ലാബോറട്ടറി സംവിധാനമെച്ചമല്ല. ആവശ്യത്തിന് സ്റ്റാഫും ഇവിടെ ഇല്ല.

ബീജസങ്കലനത്തിനും ചികിത്സക്കുമായി മൃഗങ്ങളെ ആശുപത്രിയിൽ എത്തിക്കുന്നതിന് യാത്രാസൗകര്യം ഇല്ല.

പദ്ധതി അവലോകനം

ഈ മേഖലയിൽ മൃഗസംരക്ഷണവകുപ്പും ക്ഷീരവികസന വകുപ്പും പ്രവർത്തിക്കുന്നു. ഈ വകുപ്പുകൾവഴി കഴിഞ്ഞ പദ്ധതിക്കാലത്ത് ആവഷ്ക്കരിച്ച പദ്ധതികൾ ലക്ഷ്യം കൈവരിച്ചിട്ടില്ല. മൃഗസംരക്ഷണ വകുപ്പുവഴി 400 പേർക്ക് 35 രൂപ വിലയുള്ള 5 കോഴിയെവീതം 15 രൂപ സബ്സിഡി നിരക്കിലും 200 പേർക്ക് 10 കോഴിയെ വീതം സൗജന്യമായും 8, 9 ക്ലാസുകളിൽ പഠിക്കുന്ന പോഷകാഹാരക്കുറവുള്ള 50 കുട്ടികൾക്ക് 3 കോഴിയെ വീതവും, ഷെഡ്യൂൾഡ് കാസ്റ്റിൽപ്പെട്ട 30 കുടുംബങ്ങൾക്ക് 2 പെണ്ണാടിനെ വീതവും നൽകിയിട്ടുണ്ട്. 10,000 രൂപ വീതം സബ്സിഡി നൽകി രണ്ട് എഗ്ഗർ നഴ്സറികൾ സ്ഥാപിച്ചിട്ടുണ്ട്. ക്ഷീര വികസന വകുപ്പുവഴി വിവിധ പദ്ധതികളിലായി നാമമാത്രമായ തോതിൽ സഹായങ്ങൾ നൽകിയിട്ടുണ്ട്.

ചമ്പക്കുളം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ഷീരോല്പാദക സഹകരണസംഘങ്ങളുടെ വിവരങ്ങൾ

ക്രമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തന മേഖല	ആംഗങ്ങളുടെ എണ്ണം ജനറൽ		SC/ST		ദിവസേന കൈകാര്യം ചെയ്യുന്ന ശരാശരി പാലിന്റെ അളവ് ഫെബ്രുവരി		ജൂലൈ		ജീവനക്കാരുടെ വിവരം
			പു	സ്ത്രീ	പു	സ്ത്രീ	പ്രാദേശിക വില്പന	ഡയറിയ്ക്ക യക്കുന്നത്	പ്രാദേശിക വില്പന	ഡയറിയ്ക്ക യ്ക്കുന്നത്	
1	ചമ്പക്കുളം ക്ഷീരോല്പാദക സഹകരണ സംഘം നമ്പർ A. 156 (D) APCOS ചമ്പക്കുളം പി. ഒ.	വാർഡ് I,II & III	370	68	3	1	42ലി	252 ലി	52ലി	275 ലി	സെക്രട്ടറി 1 മിൽക്ക് ടെസ്റ്റർ 1 മിൽക്ക് കളക്ടർ 1
2.	ചമ്പക്കുളം നോർത്ത് ക്ഷീരോല്പാദക സഹായ സഹകരണ സംഘം A - 198 (D) APCOS തെക്കേക്കര പി. ഒ	വാർഡ് IV, V, VI	273	29	24	6	64ലീ	178 ലീ	65ലീ	258 ലീ	സെക്രട്ടറി - 1 മിൽക്ക് ടെസ്റ്റർ1 മിൽക്ക് കളക്ടർ 1
3.	കണ്ടങ്കരി -പുല്ലംഗടി ക്ഷീരോല്പാദക സഹകരണ സഹകരസംഘം A - 152 (D) APCOS പുല്ലാവടി പി. ഒ.	വാർഡ് VIII & IX	247	13	7	2	22ലി	321ലി	32ലി	323ലീ	" " "
4.	പുന്നക്കുന്നത്തുശ്ശേരി ക്ഷീരോല്പാദക സഹകരണസംഘം A. 191.(D) APCOS പുളിങ്കുന്ന് പി. ഒ.	വാർഡ് VII V (ഒന്നാംകര പാലത്തിനു കിഴക്ക്) VI. ഒന്നാംകര തോടിനും പടിഞ്ഞാറെകരക്കും ഇടയ്ക്ക്	പ്രവർത്തനരഹിതമായിക്കിടക്കുന്നു								

പട്ടിക - 3

പഞ്ചവത്സര പദ്ധതിക്കാലത്ത് ക്ഷീരവികസന വകുപ്പ് ചമ്പക്കുളം യൂണിറ്റിലൂടെ ചമ്പക്കും പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

	പദ്ധതികൾ	92-93		93-94		94-95		95-96		96-97 (അപൂർണ്ണം)	
		സ്ഥലം	സാമ്പത്തികം	സ്ഥലം	സാമ്പത്തികം	സ്ഥലം	സാമ്പത്തികം	സ്ഥലം	സാമ്പത്തികം	സ്ഥലം	സാമ്പത്തികം
I	ഗ്രാമീണ ക്ഷീരവികസനവും വിജ്ഞാന വ്യാപനവും										
a)	ബ്ലോക്ക് തല കന്നുകാലി പ്രദർശനം	1	900	-	-	-	-	-	-	-	-
b)	മാതൃകാ ഡയറി യൂണിറ്റ്	-	-	1	6000	-	-	1	7000	-	-
c)	കർഷക സമ്പർക്ക പരിപാടി					6	1200	10	2000	8	1600
d)	നാടൻ ക്ഷീരോല്പന്ന നിർമ്മാണ പ്രദർശനം					6	600	10	1000	8	800
e)	മാതൃകാ കന്നുകാലി തൊഴുത്ത്	2	1000	-	-	-	-	11	13750	7	8750
f)	വിറ്റാമിൻ - എ	-	-	-	-	40(കുപ്പി)	1120	80 (കുപ്പി)	2240		
g)	ധാതുലവണ മിശ്രിതം	-	-	-	-	100kg	800	80kg	640		
h)	ശുദ്ധമായ പാലുല്പാദന കിറ്റ്	-	-	-	-	-	15	750			
II	ക്ഷീരസഹകരണ സംഘങ്ങളുടെ നവീകരണം										
a)	കാലിത്തീറ്റ യൂണിറ്റ്	-	-	-	-	-	-	-	-	-	-
b)	മിനി മിൽക് പ്രോഡക്ട് യൂണിറ്റ്	-	-	-	-	-	-	-	-	-	-
c)	രാസവസ്തുക്കൾക്ക് ധനസഹായം	-	-	2	320	-	-	-	-	-	-
d)	വനിതാ ക്ഷീരോല്പന്ന യൂണിറ്റ്	-	-	-	-	-	-	2	44000		
e)	ബിൽഡിംഗ് ഗ്രാൻറ്	-	-	-	-	-	-	-	-	-	-
f)	മാനേജരിയൽ ഗ്രാൻറ്	-	-	1	3300	1	2500	-	-		
g)	പ്രവർത്തന മൂലധനം	-	-	-	-	-	-	1	5000		
h)	ഫർണിച്ചർ ഗ്രാൻറ്	-	-	-	-	-	-	1	5000		
i)	മിൽക് ക്യാൻ	-	-	1	1000	-	-	-	-		
j)	മിൽക്കോ ടെസ്റ്റർ	-	-	-	-	-	-	-	-	-	-

പദ്ധതികൾ	92-93		93-94		94-95		95-96		96-97 (അപൂർണ്ണം)	
	സ്ഥലം	സാമ്പത്തികം	സ്ഥലം	സാമ്പത്തികം	സ്ഥലം	സാമ്പത്തികം	സ്ഥലം	സാമ്പത്തികം	സ്ഥലം	സാമ്പത്തികം 96 നവംബർ വരെ
III വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി										
a) വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി 5 ഹെക്ടർ										
b) -do- 1 ഹെക്ടർ										
c) ഫോഡർ ബാങ്ക്										
d) വൻപയർ കൃഷി	-	-	-	-	1.5H	1050	2H	1400	3.3H	1110
e) മക്കച്ചോളം കൃഷി	-	-	-	-	3H	2850	2H	1900	2.5H	1750
f) തീറ്റപ്പുൽ സംഭരണ വിതരണ പദ്ധതി	-	-	-	-	-	-	-	-	-	-
g) സൈലേജ്	-	-	-	-	-	-	-	-	-	-
h) 'ഹെ'	2MT	400	1MT	200	1MT	200	2MT	400	1MT	200
IV ദേശീയ തീറ്റപ്പുൽകൃഷി										
a) ദീർഘകാല പുൽകൃഷി										
1) പുൽപയർ മിശ്രിതം					1.5H	750	1H	1000	0.5H	250
2) കോഗോ സിഗ്നൽ	-	-	-	-	-	-	-	-	-	-
3) സ്റ്റൈലോസാന്തസ്സ്	-	-	-	-	-	-	-	-	0.32H	160
4) ആൻഡ്രോപോഗൻ										
5) ഗിനി	-	-	-	-	-	-	-	-	0.12H	60
6) പുൽക്കടകൃഷി	-	-	-	-	2.5H	2500	5H	5000	3H	3000
b) വൈക്കോൽ യൂറിയാ ചേർത്ത് ഗുണ സംപുഷ്ടീകരണം	-	-	-	-	20	10000	10	5000		
V പ്രത്യേക ഘടകപദ്ധതി										
കറവപ്പശു, തൊഴുത്ത് പരിശീലനം	-	-	-	-	3	18072	-	-	4	25800
VI പ്രത്യേക കേന്ദ്ര സഹായ പദ്ധതി										
കറവപ്പശു തൊഴുത്ത് പരിശീലനം										
ആകെ സാമ്പത്തിക നേട്ടം		2300		10820		41642		96080		43480

നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കണം.

2. സ്ത്രീകൾക്കും കുട്ടികൾക്കും പരിചരിക്കുവാൻ കഴിയുന്ന വലിപ്പം കുറഞ്ഞ ഇനത്തിലുള്ള (വെച്ചൂർ) നാടൻ പശുക്കളെ ദുർബ്ബല വിഭാഗങ്ങൾക്ക് ലഭ്യമാക്കണം.

   അത്യുൽപ്പാദന ശേഷിയുള്ള സങ്കര ഇനം പശുക്കളെ നിലവിലുള്ള ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ വഴി താല്പര്യവും വളർത്തുവാൻ അനുയോജ്യമായ സാഹചര്യവുമുള്ളവരെ കണ്ടെത്തി വായ്പയായി നൽകണം.

3. പ്രാദേശിക അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് പോഷകഗുണമുള്ള കാലിത്തീറ്റ നിർമ്മാണയൂണിറ്റ് സ്ഥാപിക്കണം.

4. തീറ്റപ്പുൽ കൃഷി വ്യാപകമാക്കുകയും അതിനാവശ്യമായ പരിശീലനം കർഷകൻ ലഭ്യമാക്കുകയും ചെയ്യണം.

5. വൃത്തിയും വെടിപ്പുമുള്ള തൊഴുത്തു നിർമ്മിക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായം സബ്സിഡിയോടുകൂടി ലഭ്യമാക്കണം.

6. അദ്ധ്വാനം കൂടുതലാണെങ്കിലും കൂടുതൽ ലാഭകരമായി എരുമയെ വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

7. ക്ഷീരോൽപ്പാദന സഹകരണസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും രണ്ട് വാർഡിന് ഒന്ന് എന്ന നിലയിൽ ക്ഷീരോൽപ്പാദന സംഘങ്ങൾ രൂപീകരിക്കുകയും വേണം.

8. പാൽ സംസ്ക്കരിക്കുകയും വിപണനം നടത്തുകയും ചെയ്യാൻ പഞ്ചായത്തിൽ 1 കേന്ദ്രം ആരംഭിക്കുകയും ഇതിലൂടെ ആവശ്യമായ സാങ്കേതിക പരിശീലനം നൽകുകയും വേണം.

9. ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ നൽകിവരുന്ന പാൽ വില അപര്യാപ്തമാണ്. വിപണി വിലയ്ക്ക് ആനുപാതികമായുള്ള വില കർഷകർക്ക് ലഭ്യമാക്കണം.

10. പശുവളർത്തുന്ന മുഴുവൻ ആൾക്കാരെയും ക്ഷീരോൽപ്പാദക സംഘത്തിൽ അംഗങ്ങളാക്കുകയും കന്നുകാലികളെ പരിചരിക്കുന്നതിനാവശ്യമായ ബോധവൽക്കരണക്ലാസ്സുകൾ നടത്തുകയും ചെയ്യണം.

11. ഒന്നിലധികം കന്നുകാലികളെ വളർത്തുന്ന കുടുംബങ്ങൾക്ക് ഓരോ വാർഡിലും 10 കുടുംബങ്ങൾക്ക് വീതം ഗോബർ ഗ്യാസ് പ്ലാന്റ് ഉണ്ടാക്കുന്നതിനുള്ള സാങ്കേതിക സഹായവും സാമ്പത്തിക സഹായവുംനൽകണം.

12. മലബാറി ജനുസിൽ പ്പെട്ട രോഗപ്രതിരോധ ശേഷിയും അത്യുൽപ്പാദന ശേഷിയുമുള്ള ആടുകളെ ലഭ്യമാക്കണം.

13. മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കണം. എല്ലാ വീട്ടിലും കോഴിവളർത്തൽ ആരംഭിക്കാൻ കഴിയുന്ന പദ്ധതികൾക്ക് പഞ്ചായത്ത് മുൻകൈ എടുക്കണം. ബ്രോഡോവൈറ്റ്, ആസ്ട്രോവൈറ്റ് തുടങ്ങിയ അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങൾ പരീക്ഷിക്കാവുന്നതാണ്.

14. കോഴികൾക്കാവശ്യമായ പ്രതിരോധ കുത്തിവെയ്പ്പുകൾ മൃഗാശുപത്രിയുടെ ചുമതലയിൽ നടത്തണം.

15. ഇറച്ചിക്കോഴിയെ വളർത്തി വിൽപ്പന നടത്തുന്ന യൂണിറ്റ് ആരംഭിക്കണം.

16. താറാവു കൃഷിയുടെ സാധ്യത പരിശോധിച്ച് കൃഷി അഭിവൃദ്ധിപ്പെടുത്തണം. തറാവുകൾക്ക് പ്രതിരോധകുത്തിവെപ്പുകൾ നടത്തി കൂട്ടത്തോടെ ചത്തൊടുങ്ങുന്ന സ്ഥിതിവിശേഷം മാറ്റണം.

17. മാംസാവശ്യത്തിനായി കശാപ്പു നടത്തുന്ന മൃഗങ്ങൾ രോഗ വിമുക്തമാണോ എന്നറിയുവാൻ പരിശോധന നടത്തണം. പഞ്ചായത്തിൽ കശാപ്പുശാലകൾക്ക് ലൈസൻസുകൾ നിർബന്ധമാക്കുകയും മൃഗങ്ങളെ കൊല്ലുന്നതും വിൽപ്പന നടത്തുന്നതും ശുചിത്വത്തോടുകൂടിയാണെന്നും ഉറപ്പുവരുത്തണം.

18. കണ്ടങ്കരിയിൽ പ്രവർത്തിക്കുന്ന ഗോ സംരക്ഷണ ഉപകേന്ദ്രത്തിൽ പ്രതിരോധ കുത്തിവെപ്പിനാവശ്യമായ എല്ലാ വാക്സിനുകളും ലഭ്യ



മാക്കണം. പ്രഥമ ശുശ്രൂഷ നൽകുന്നതിനുള്ള മരുന്നുകളും വിരശല്യത്തിനുള്ള മരുന്നുകളും ലഭ്യമാക്കണം.

19. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താലൂക്ക് മൃഗാശുപത്രിക്ക് റോഡ് സൗകര്യമുള്ള സ്ഥലത്തേയ്ക്ക് മാറ്റി സ്വന്തമായി സ്ഥലവും കെട്ടിടവും നിർമ്മിക്കുവാൻ നടപടിയെടുക്കണം

20. നമ്മുടെ പഞ്ചായത്തിന്റെ തെക്കൻ മേഖലയിൽ ഒരു മൃഗാശുപത്രി സ്ഥാപിക്കണം.

മത്സ്യബന്ധനം

നദികളിലും ഉൾനാടൻ ജലാശയങ്ങളിലും വളരുന്ന കരിമീൻ, വാള, കാരി, വരാൽ, കുറുവ, വാഹ, ചേറുമീൻ, കാളാഞ്ചി, മങ്ങൽ , വാഹ, ചെങ്കടി, വറ്റ, കൊഞ്ച്, ചെമ്പല്ലി , പരൽ, തൂളി, ആരകൻ, വലഞ്ഞിൽ തുടങ്ങിയ ശുദ്ധ ജലത്തിൽ വളരുന്ന ജൈവ സമ്പത്താണ് ജനങ്ങളുടെ മാംസ ഉപഭോഗം നിർവ്വഹിച്ചിരുന്നത്.

ഇവയിലെ മിക്ക ഇനങ്ങളും ഇന്ന് വംശനാശത്തിന്റെ വക്കിലാണ്, അമിതമായ കീടനാശിനി പ്രയോഗം, തണ്ണീർ മുക്കം ബണ്ട് വന്നതിനുശേഷം ഓരുവെള്ളം കയറി ഇറങ്ങാത്തതും,അശാസ്ത്രീയമായ മത്സ്യ ബന്ധനരീതികളും മത്സ്യരോഗത്തിന് കാരണമാകും.

മത്സ്യ സമ്പത്തിനുള്ള ഈ ശോഷണം തന്നെയാണ് മത്സ്യതൊഴിലാളി മേഖലയിൽ അനുഭവപ്പെടുന്ന പ്രധാന പ്രശ്നം.

നമ്മുടെ പഞ്ചായത്തിൽ ഈ തൊഴിലുമായി ബന്ധപ്പെട്ട് ഉപജീവനം കഴിക്കുന്ന 83 കുടുംബങ്ങൾ ഉണ്ട്. ഗതാഗത സൗകര്യം വർദ്ധിച്ചപ്പോൾ നാടൻ മത്സ്യങ്ങൾക്ക് കൂടുതൽ ഡിമാൻറ് ഉണ്ടായിട്ടുണ്ട്. എന്നാൽ ഇതിന്റെ നേട്ടം തൊഴിലാളികൾക്കല്ല ലഭിക്കുന്നത്. ഇടത്തട്ടുകാരുടെ ചൂഷണത്തിന് തൊഴിലാളികൾ വിധേയരാകുന്നു. ദൂരെയുള്ള വിപണികളിൽ കൊണ്ടുപോയി മത്സ്യം വിൽക്കേണ്ട അവസ്ഥ നിലനിൽക്കുന്നു. ജനങ്ങളുടെ മത്സ്യ ഉപഭോഗം ക്രമേണ കുറഞ്ഞുവരികയാണ്. ഇത് ഭാവിയിൽ പോഷകാഹാരക്കുറവിന് കാരണമായേക്കാം.

പ്രശ്നങ്ങൾ

1. വർദ്ധിച്ച തോതിലുള്ള ജലമലിനീകരണം.
2. നഞ്ച് കലക്കിയും തോട്ടപൊട്ടിച്ചും, കണ്ണിയടുപ്പമുള്ള വലകൾ ഉപയോഗിച്ചും വൈദ്യുതി ഉപയോഗിച്ചുള്ള മീൻ പിടുത്തവും, മടവല കെട്ടിയുള്ള മീൻ പിടുത്തവും തുടങ്ങിയ അശാസ്ത്രീയമത്സ്യ ബന്ധനരീതികൾ.
3. വിപണന സാധ്യതയുള്ള ആറ്റ് കൊഞ്ച്, കരിമീൻ തുടങ്ങിയവയുടെ ശോഷണം.
4. ആറ്റ് തീരത്തും തോട്ടിറമ്പിലും ഉണ്ടായിരുന്ന സ്വാഭാവിക കാടുകളുടെ നാശം
5. മത്സ്യതൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ അനർഹരായ പലരും കൈപ്പറ്റുന്നു. അർഹരായ തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ ലഭിക്കുന്നതിനുള്ള പലതരം തടസ്സങ്ങൾ.
6. മത്സ്യരോഗം
7. മത്സ്യബന്ധന ഉപകരണങ്ങളുടെയും വള്ളങ്ങളുടെയും വലിയ തോതിലുള്ള വിലവർദ്ധനവ്
8. മത്സ്യഫെഡ് പോലെയുള്ള സർക്കാർ ഏജൻസികൾ കടലോര മത്സ്യതൊഴിലാളികൾക്ക് കൂടുതൽ പ്രാമുഖ്യം നൽകുന്നു.

പരിഹാരങ്ങൾ

1. കാർഷിക മേഖലയിലെ കീടനാശിനി പ്രയോഗം പടിപടിയായി കുറച്ച് ജലമലിനീകരണം തടയുക.
2. തണ്ണീർ മുക്കം റഗുലേറ്ററിന്റെ പ്രവർത്തനം ക്രമീകരിച്ച് കൃഷി നാശമുണ്ടാക്കാതെ തന്നെ ഓർ കയറ്റം ഉറപ്പു വരുത്തുക.
3. നമ്മുടെ പഞ്ചായത്തിൽ മത്സ്യതൊഴിലാളികൾക്ക് സഹകരണ സംഘം സ്ഥാപിച്ച് മത്സ്യ വിപണനം സംഘം വഴി നടത്തി തൊഴിലാളികൾക്ക് ന്യായവില ഉറപ്പാക്കുകയും ചെയ്യുക.
4. മത്സ്യതൊഴിലാളികൾക്ക് ഗവൺമെൻറ് നൽകുന്ന ആനുകൂല്യങ്ങൾ സംഘം വഴി വിതരണം

ചെയ്താൽ അനർഹർ ആനുകൂല്യം കൈപ്പറ്റുന്നത് ഒഴിവാക്കുവാൻ കഴിയും.

5. വിപണനസാധ്യതയുള്ള ആറ്റുകൊമ്പ്, കരിമീൻ തുടങ്ങിയ ഇനം മത്സ്യ കുഞ്ഞുങ്ങളെ ഫിഷറീസ് ഡിപ്പാർട്ടുമെൻറിൻെറ മേൽനോട്ടത്തിൽ വളർത്തി പൊതുജലാശയങ്ങളിൽ നിക്ഷേപിക്കണം.

6. നഞ്ച് കലക്കിയും തോട്ടാ പൊട്ടിച്ചും അടക്കം കൊല്ലിവലയും പറ്റ് കണ്ണിവലകളും വൈദ്യുതിയും ഉപയോഗിച്ചുള്ള മത്സ്യബന്ധം കർശനമായി തടയുകയും അശാസ്ത്രീയ മത്സ്യബന്ധനരീതിക്കെതിരെ തൊഴിലാളികളെ ബോധവൽക്കരിക്കുകയും അവരുടെ ജാഗ്രതാസംഘങ്ങൾ രൂപീകരിക്കുകയും ചെയ്യണം.


7. വംശംനാശം നേരിടുന്ന മത്സ്യകുഞ്ഞുങ്ങളുടെ ലിസ്റ്റു തയ്യാറാക്കുകയും അവയുടെ വംശം വർദ്ധനവ് ഉണ്ടാക്കുന്നതിനായി മത്സ്യതൊഴിലാളികളുടെ സഹകരണത്തോടുകൂടിയുള്ള പരിപാടികൾ തയ്യാറാക്കണം.

8. ശുദ്ധജല മത്സങ്ങളെക്കുറിച്ചും അവയുടെ ജീവിതക്രമത്തെക്കുറിച്ചും പഠിക്കുവാൻ ഒരു ഗവേഷണ സ്ഥാപനം സ്ഥാപിക്കുകയും അതോടനുബന്ധിച്ച് നാടൻ മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്ന ഒരു ഹാച്ചറിതാലൂക്ക് അടിസ്ഥാനത്തിൽ സ്ഥാപിക്കുകയും പൊതു ജലാശയത്തിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഈ മത്സ്യകുഞ്ഞുങ്ങളെ ഉപയോഗിക്കുകയും ചെയ്യണം.

9. പാഴായികിടക്കുന്ന ചതുപ്പുനിലങ്ങൾ, കുളങ്ങൾ ഇവ പൂർണ്ണമായി മത്സ്യകൃഷിക്ക് ഉപയുക്തമാക്കണം.

■

◆▼◆▼◆▼◆
◆▼◆
◆▼◆



4 c വ്യവസായം

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് നാം അധിവസിക്കുന്ന പ്രകൃതിരമണീയമായ ഈ കൊച്ചു ''കേരളം''. ആലപ്പുഴ ജില്ലയിൽ ഏതാണ്ട് കാൽ നൂറ്റാണ്ട് മുമ്പുവരെ ഉണ്ടായിരുന്ന വൻ വ്യവസായങ്ങളായ കൊപ്ര, കുരുമുളക്, കയർ മുതലായ മേഖലക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കാതിരുന്നതിനാൽ ഇന്ന് ഈ മേഖലകളെല്ലാം ഏതാണ്ട് നാമാവശേഷമായ നിലയിലാണ്.

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന നമ്മുടെ പഞ്ചായത്തിൽ വ്യാവസായിക വളർച്ച ഉണ്ടാവണമെങ്കിൽ അത്യാവശ്യമായും ഗതാഗത സൗകര്യങ്ങളും പ്രത്യേകിച്ച് പുല്ലങ്ങടി കണ്ടങ്കരി എന്നീ പ്രദേശങ്ങളിൽ വൈദ്യുതിയും, മൂലധനലഭ്യതയും ആണ്.

ചമ്പക്കുളം പഞ്ചായത്തിൽ ഏകദേശം 1663 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിലൂടെ ലഭിക്കുന്ന 66520 ക്വിന്റൽ നെല്ല് കഴിച്ചാൽ .....ടൺ വൈക്കോൽ, കളയായി പറിച്ചുനീക്കുന്ന ടണ്ണിൽ അധികം വരുന്ന-കവുട-അതുപോലുള്ള കളകൾ ഉണക്കി എടുത്താൽ ലഭ്യമാവുന്ന പോഷക സമൃദ്ധമായ കാലിതീറ്റകൾ ഉൽപാദിപ്പിക്കുവാൻ ആവശ്യമായ അസംസ്കൃത വസ്തുക്കളും, ബ്രൗൺ പേപ്പർ, കട്ടികടലാസ് മുതലായവ നിർമ്മിക്കാൻ ഉപയോഗിക്കാവുന്ന ചുവട്ടുകച്ചി എന്നിവയെല്ലാം പാഴായിപോവുന്ന അസംസ്കൃത വസ്തുക്കളാണ്. കന്നുകാലി വളർത്തലിന് എല്ലാവിധ സാധ്യതകളും ഉള്ള നമ്മുടെ പഞ്ചായത്തിൽ കുറഞ്ഞ ചിലവിൽ കന്നുകാലികളെ സംരക്ഷിക്കാവുന്ന എല്ലാ വിധ അനുകൂല ഘടകങ്ങളുമുണ്ട്.

കേരളത്തിൽ ഏറ്റവും വിപണന സാധ്യതയുള്ള ''വീൽ ബീഫ്'' ഉൽപാദിപ്പിക്കുവാനുള്ള കാളക്കുട്ടികളെ കുറഞ്ഞ ചിലവിൽ വളർത്താവുന്ന ഒരു പ്രദേശമാണ് നമ്മുടേത്.

ഇങ്ങനെ വളർത്തുന്ന കാളക്കുട്ടികളുടെ ചാണകത്തിൽ നിന്നും ഉണ്ടാക്കാവുന്ന ജൈവവളം ഇന്നു നല്ല ഡിമാൻറുള്ള ഒരു product ആണ്. Bi-product ആയി ലഭിക്കുന്ന Biogas ഊർജ്ജപ്രതിസന്ധിക്ക് ഒരു പരിധിവരെ സഹായകരമാണ്.

പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കളെക്കുറിച്ചുള്ള അറിവില്ലായ്മ, ഉൽപന്നങ്ങളു

ടെ വിപണന സാദ്ധ്യത, അതുമൂലം ലഭിക്കുന്ന തൊഴിൽ സാധ്യത, സാമ്പത്തിക നേട്ടം മുതലായവയെക്കുറിച്ച് നമ്മുടെ ജനങ്ങളെയും വ്യവസായ തൽപരരായവരെയും കണ്ടുപിടിച്ച് അവർക്ക് വേണ്ട രീതിയിൽ ബോധവൽക്കരണം നടത്തുകയും വ്യവസായങ്ങൾ തുടങ്ങാനുള്ള പ്രാഥമിക-അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊടുക്കുകയും വേണം.

കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ ആളുകൾക്ക് തൊഴിലും കൂടുതൽ സാമ്പത്തിക നേട്ടങ്ങളും ഉണ്ടാക്കുവാൻ കഴിയുമെന്നു മനസ്സിലായാൽ വ്യവസായികൾ ആ മേഖലയിലേക്ക് ആകൃഷ്ടരാവുമെന്ന കാര്യത്തിൽ സംശയം വേണ്ട.

ഏകദേശം പതിനേഴായിരത്തി മൂന്നൂറ്റി അറുപത്തി ഒൻപതു ജനങ്ങൾ അധിവസിക്കുന്ന നമ്മുടെ പഞ്ചായത്തിൽ നാമമാത്രമായ ഈ വ്യവസായ സ്ഥാപനങ്ങളിൽ തൊഴിൽ ലഭിക്കുന്നവരുടെ എണ്ണം വളരെ കുറവാണ്. കക്കാ സംസ്കരണവുമായി ബന്ധപ്പെട്ട ചൂളകൾ മുമ്പുണ്ടായിരുന്നത് ഇപ്പോഴില്ല. ആവശ്യാനുസരണം വൈദ്യുതി ലഭിക്കാത്തതും നമ്മുടെ പ്രദേശത്തെ പുരോഗതിയെ സാരമായി ബാധിക്കുന്നുണ്ട്. ഉൽപന്നങ്ങൾക്ക് ആകർഷകമായ വില ലഭിക്കാത്തതും അതിന്റെ വിപണിയുടെ കുറവും വ്യവസായ മാന്ദ്യത്തിന് ഒരു പരിധിവരെ കാരണമാവാറുണ്ട്.

വനിതകൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാവുന്ന ധാരാളം വ്യവസായ യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടത് വളരെ ആവശ്യമാണ്. പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് വേണ്ടി ''സുബല'' പോലുള്ള യൂണിറ്റുകൾ സ്ഥാപിച്ച് ആ വിഭാഗത്തിലുള്ളവരുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. വ്യവസായം തുടങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് വേണ്ടത്ര പരിശീലനം ലഭ്യമാവുന്നില്ല.
2. പരമ്പരാഗത വ്യവസായത്തിന്റെ അധഃപതനം
3 ധനകാര്യ സ്ഥാപനങ്ങളുടെ കർക്കശ വ്യവസ്ഥകളും അവർ തുടരുന്ന അലംഭാവവും.
4 വ്യവസായ പ്രദർശനത്തിന്റെറയും ബോധവൽക്കരണത്തിന്റെറയും അപര്യാപ്തത.
5 പട്ടിക-ജാതി പട്ടിക വർഗ്ഗത്തിനു വേണ്ടി പ്രത്യേക വ്യവസായ യൂണിറ്റുകൾ കണ്ടെത്തുന്നില്ല.

നിർദ്ദേശങ്ങൾ

1. നാളികേര സംഭരണ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുക.
2. പഞ്ചായത്തു പ്രദേശത്തു നിന്നും ലഭ്യമാവുന്ന അസംസ്കൃത വസ്തുക്കൾ/നെല്ല്, വൈക്കോൽ, കക്കാ, കൊപ്ര, തേങ്ങ, ചിരട്ട ഉപയോഗിച്ചു ചെറുകിട വ്യവസായ യൂണിറ്റുകൾ ഓരോ വാർഡുകളിലും സ്ഥാപിക്കുക.
3 വനിതകൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാവുന്ന സോപ്പു വ്യവസായം, കറിപൗഡറുകൾ, അച്ചാർ വ്യവസായം, മെഴുകുതിരി, കയറുൽപന്നങ്ങൾ, ബേക്കറി സാധനങ്ങൾ, എന്നിവയുടെ നിർമ്മാണയൂ ണിറ്റുകൾ സ്ഥാപിക്കുക.
4. പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്കായി പ്രത്യേക പരമ്പരാഗത വ്യവസായ സംരംഭങ്ങൾ തുടങ്ങുക.
5. വ്യാവസായിക വികസനത്തിന് ഉപകരിക്കുന്ന റോഡുകളുടെ നിർമ്മാണവും ഊർജ്ജലഭ്യതയും മുൻഗണന നൽകിനടപ്പാക്കുക. ■

****
*****
****
***



4D ഗതാഗതം, ഊർജ്ജം. മാർക്കറ്റ്

ഗതാഗതം

ആദ്യകാലങ്ങളിൽ കുട്ടനാടൻ പ്രദേശങ്ങളിൽ ഗതാഗതത്തിന് വള്ളങ്ങളാണ് പ്രധാനമായി ഉപയോഗിച്ചിരുന്നത്. അതിൽത്തന്നെ തണ്ടുവള്ളങ്ങൾ വളവര വള്ളങ്ങൾ ചെറിയ തോണികൾ ഓടുവാ കെട്ടിയ വള്ളങ്ങൾ പ്രമുഖ പങ്ക് വഹിച്ചിരുന്നു. ആലപ്പുഴയിൽനിന്നും; കുട്ടനാട്ടിൽനിന്ന് ചരക്കുകൾ കയറ്റി പാലാ, മണിമല മുതലായ സ്ഥലങ്ങളിൽ കൊണ്ടുപോകുകയും അവിടെനിന്ന് മലഞ്ചരക്കുകൾ, തേങ്ങ മുതലായവ ഈ നാടുകളിലേക്ക് വള്ളങ്ങളിൽ കൊണ്ടുവന്നിരുന്നു. പിന്നീട് കാലക്രമത്തിൽ സാമ്പത്തികമായി പുരോഗമിച്ചപ്പോൾ സ്പെഷ്യൽ ബോട്ടുകൾ ഉടലെടുക്കുകയും യാത്രയ്ക്ക് സ്വകാര്യവ്യക്തികൾ യാത്രാബോട്ടുകൾ ഇവിടെ കുറച്ചു വർഷങ്ങളിൽ ഉപയോഗിച്ചുപോന്നു. പിന്നീട് സർക്കാർ ഉടമയിൽ ബോട്ടു സർവ്വീസ് നടത്തിപ്പോന്നു. ആലപ്പുഴ, ചങ്ങനാശ്ശേരി മുതലായ സ്ഥലങ്ങളിൽ യാത്രചെയ്യുന്നതിനുവേണ്ടി പരസ്പരം ദിക്കുകൾ അറിയുന്നതിനുവേണ്ടി നിർമ്മിച്ച് ഒന്നാങ്കര വിളക്കുമരം, കൊടുപുന്ന വിളക്കുമരം എന്നിവ ഇന്നും നിലനിൽക്കുന്നു. ആലപ്പുഴ ചങ്ങനാശ്ശേരി റോഡു നിലവിൽ വന്നപ്പോൾ എ.സി. കനാൽ ഒന്നാങ്കരവരെ നിന്നു പോകുകയും ചെയ്തു. ഈ കനാൽ പഞ്ചായത്തിൽ വളർച്ചയ്ക്ക് ഒരു പരിധിവരെ തടസ്സം ആയിട്ടുണ്ട്.

ചരക്കു ഗതാഗതത്തിന് അതുവഴി കുറഞ്ഞ ചെലവിൽ സാധനങ്ങൾ ആലപ്പുഴനിന്നും ചങ്ങനാശ്ശേരി മുതലായ സ്ഥലങ്ങളിൽനിന്നും ഈ പ്രദേശങ്ങളിൽ എത്തിക്കുന്നതിന് സാധിക്കാതെ വന്നിട്ടുണ്ട്. ഇത് വ്യാപാരത്തിന് ഒരു പരിധിവരെ തടസ്സം ആയിട്ടുണ്ട്. 1955-56 കാലഘട്ടങ്ങളിലാണ് ആദ്യമായി കുട്ടനാട്ടിൽക്കൂടി ആലപ്പുഴ ചങ്ങനാശ്ശേരി റോഡ് നിർമ്മിക്കുന്നത്. ടി റോഡ് ചമ്പക്കുളം പഞ്ചായത്തിന്റെ വടക്കുഭാഗത്തുകൂടി 6 കിലോമീറ്റർ ദൂരത്തിൽ കുടന്നുപോകുന്നു. റോഡ് നിലവിൽ വന്നശേഷം ഈ നാട് പുരോഗതിയിലേക്ക് ഉയരുകയായിരുന്നു. എ.സി. റോഡിൽനിന്ന് ആദ്യമായി നിർമ്മിച്ച റോഡ് ചമ്പക്കുളം ബ്ലോക്കാഫീസിലേക്ക് ആണ്. അതിനുശേഷം പൊതുജന പങ്കാളിത്തത്തോടെ തെ



ക്കേക്കര സ്കൂളിലേക്ക് ബ്ലോക്ക് ജംഗ്ഷനിൽനിന്ന് ഒരു ബണ്ട് നിർമ്മിച്ച് ചെറിയ റോഡു നിർമ്മിച്ച് യാത്ര സൗകര്യമുണ്ടാക്കിയിരുന്നു. എ.സി. റോഡുപണി തീർന്നുവെങ്കിലും കിടങ്ങറ, നെടുമുടി, പള്ളാത്തുരുത്തി പാലങ്ങളുടെ പണി താമസിച്ചുപോയത് ഒരു പരിധിവരെ ഈ പ്രദേശത്തെ വികസനത്തെ ബാധിച്ചു. 1982 -ൽ ആദ്യമായി കിടങ്ങറ പാലം തീർന്നപ്പോൾ ഈ പ്രദേശങ്ങൾ ഗ്രാവൽ മുതലായവ കൊണ്ടുവരുന്നതിന് എളുപ്പമാകുകയും ഗ്രാവൽ റോഡുകൾ നിർമ്മിക്കുന്നത് ആരംഭിക്കുകയും ചെയ്തു.

എ.സി. റോഡു പള്ളിക്കൂട്ടുമ്മ, നീലംപേരൂർ റോഡിന്റെ ആദ്യ റീച്ച് പുന്നക്കുന്നം വരെയും എ.സി. റോഡു മുതൽ ചമ്പക്കുളം ഗവ:ആശുപത്രി റോഡ്, എ.സി. റോഡ് ചതുർത്ഥ്യാകരി കടവ് ഇവ പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് നടത്തുകയുണ്ടായി. ടി റോഡുകൾ കുട്ടനാടിന്റെ താലൂക്ക് ആസ്ഥാനമായ ഈ പ്രദേശം നാനാവിധമായ വികസനത്തിന് സംഭാവനകൾ നല്കി. ഇപ്പോൾ പഞ്ചായത്തിൽ ടാർ റോഡുകൾ 13.500 കി.മീ. നിലവിലുണ്ട്. ഇവിടെ വാഹന ഗതാഗത സൗകര്യം നിലവിലുണ്ട്. എ.സി. റോഡിൽനിന്നും ചതുർത്ഥ്യാകരി കടവിലേക്ക് ബസ്സ് ഗതാഗതം ഉണ്ടായിരുന്നതാണ്. എന്നാൽ കുറച്ചു വർഷങ്ങളായി ഇപ്പോൾ ബസ്സ് സർവ്വീസ് നടത്തുന്നില്ല.

അനുബന്ധം - A

	പഞ്ചായത്തിലെ ടാർ റോഡുകൾ	ഉടമസ്ഥത	ദൂരം	വീതി	വാഹന ഗതാഗത സൗകര്യം
1)	A.C. റോഡിൽ നെടുമുടി മുതൽ പള്ളിക്കൂട്ടുമ്മവരെ	P.W.D	6 k.m.	8 m.	ഉണ്ട്
2)	പള്ളിക്കൂട്ടുമ്മ പുന്നക്കുന്നം	P.W.D	2.04 k.m.	6 m.	ഉണ്ട്
3)	A.C. to ചമ്പക്കുളം ഗവ: ആശുപത്രി	P.W.D	3.05 k.m.	6 m.	ഉണ്ട്
4)	A.C. to ചതുർത്ഥ്യാകരി കടവ്	P.W.D	1.05 k.m.	6 m.	ഉണ്ട്
5)	A.C. to 66 K.V സബ്സ്റ്റേഷൻ	P.W.D	.600 m.	6 m.	ഇല്ല
6)	നെടുമുടി ജംഗ്ഷൻ to ഫെറി	P.W.D	.250 m.	6 m.	ഉണ്ട്
7)	A.C. to ബ്ലോക്ക് ഓഫീസ്	P.W.D	.500 m.	6 m.	ഉണ്ട്

അനുബന്ധം - B

പഞ്ചായത്തിൽ മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

	ഉടമസ്ഥത	X	വീതി	X
1)	ചമ്പക്കുളം എടത്വാ റോഡിന്റെ I Reach	പഞ്ചായത്ത്	6 m.	
2)	ചമ്പക്കുളം റോഡ് to തുണ്ടികടവ് റോഡ്	പഞ്ചായത്ത്	6 m.	
3)	പൊയ്കാരംകുളം to തുറവശ്ശേരിറോഡ്	പഞ്ചായത്ത്	6 m.	
4)	ചമ്പക്കുളം റോഡ് to വളയംകടവ് വരെ	പഞ്ചായത്ത്	6 m.	
5)	A.C.റോഡ് to സ്മശാനം റോഡ് I Reach	പഞ്ചായത്ത്	6 m.	
6)	A.C. റോഡ് to 60 -ൽ ചിറവരെ I Reach	പഞ്ചായത്ത്	6 m.	
7)	A.C.റോഡ് to ചക്രപുരയ്ക്കൽ I Reach	പഞ്ചായത്ത്	6 m.	
8)	A.C. റോഡ് to S.C.B. No: 503	പഞ്ചായത്ത്	6 m.	
9)	S.C.B. No: 503 റോഡ് to S.N.D.P	പഞ്ചായത്ത്	6 m.	

10)	ബ്ലോക്ക് റോഡ് to മൂലേച്ചിറ I Reach	പഞ്ചായത്ത്	6 m.
11)	ഒന്നാംകര പാലം to വിളക്കുമരം ജെട്ടി	പഞ്ചായത്ത്	6 m.
12)	A.C. റോഡ് to ഗവ: ഹൈസ്ക്കൂൾ I Reach	പഞ്ചായത്ത്	6 m.
13)	മാനത്ത്കാട് മഠത്തിൽ കടവ് റോഡ് I Reach	പഞ്ചായത്ത്	6 m.
14)	I.C.ജംഗ്ഷൻ to കുംമ്പളംചിറ ജെട്ടി	പഞ്ചായത്ത്	6 m.

വാർഡ് പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

I ചമ്പക്കുളം കണ്ടങ്കരി ഡി.വി.എച്ച്.എസ്. തായങ്കരി വഴി എടത്വ
മലയാമ്പുറം മുതൽ ആക്കേൽവഴി അംഗൻവാടി വരെ റോഡ്.

II സൊസൈറ്റി ജംഗ്ഷനു മുതൽ വല്ലയിൽവരെ ട്രാക്ടർ
കാരകാടു എൽ.പി.എസ് മുതൽ ഗോവേന്ത ജംഗ്ഷൻവരെ
പൊയ്ക്കാരം കളംമുതൽ തുറവശ്ശേരിവരെ റോഡ്
II Reach
തോട്ടത്തിൽ ജംഗ്ഷൻ മുതൽ വടക്കോട്ട് പൂത്തറവഴി പെരുമ്പാത്തറ കോളനി സെൻറ് ജോർജ് ചർച്ച് വഴി മാപ്പിളശ്ശേരി ട്രാക്ടർ റോഡ്.

III ചമ്പക്കുളം റോഡിൽനിന്നും കിഴക്കോട്ട് പായിക്കാട്ടുവഴി 12 -ൽ പാലം വരെ ട്രാക്ടർ റോഡ്.
ചമ്പക്കുളം റോഡിൽനിന്നും അയിലാതറ കോളനിയിലേക്കു ട്രാക്ടർ റോഡ്.
ചമ്പക്കുളം റോഡിൽനിന്നും പൊയ്കാരംകളം ജംഗ്ഷൻ വഴി തട്ടാറ വരെ ട്രാക്ടർ.

IV ചതുർത്ത്യാകരി കടവിൽ നിന്നും ഉമ്പുകാടു പുറംബണ്ടുവഴി മൂന്നാറ്റിൻ മുഖത്തേക്കു ട്രാക്ടർ റോഡ്.
കോയിക്കരി പാടത്തിൻെറ പടിഞ്ഞാറുള്ള നിലത്തിൽകൂടി കൊട്ടാരം പടവുപുരവരെ.
എ.സി. റോഡിൽനിന്നു (കോയിക്കരി) ഭാഗികമായി തീർത്തിരിക്കുന്ന 60 ചിറ റോഡിൻെറ പണി പൂർത്തീകരിക്കുക.

V മങ്കൊമ്പ് പാലംമുതൽ വടക്കോട്ട് ആറ്റുതീരം വഴി താലൂക്ക് ഓഫീസ്വരെ.
പഞ്ചായത്ത് ഓഫീസിൻെറ എതിർവശത്തുനിന്നും സൊസൈറ്റി റോഡിലേക്ക് വഴി വീതികൂട്ടി വാഹനഗതാഗത യോഗ്യമാക്കുക.
പള്ളിക്കൂട്ടുമ്മ മുതൽ വിത്തുവട്ടിക്കൽ വരെ.

VI മാനത്തുകാട് മഠത്തിൽ കടവുറോഡിൻെറ II Reach.
ബ്ലോക്ക് ജംഗ്ഷൻ മുതൽ ഒന്നാം വാർഡു പട്ടികജാതി കോളനിവരെയുള്ള റോഡിൻെറ II Reach.
മാനത്തുകാട്ടിൽനിന്നും തൊള്ളായിരം പാടത്തിൻെറ ഡിവൈഡിംഗ് ബണ്ട് നിർമ്മിക്കുക.
മഠത്തിൽ കടവു റോഡിൽനിന്നും കരിയാനപ്പള്ളിവരെ ലിങ്ക് റോഡ്.
മഠത്തിൽ കടവു മുതൽ എ.സി. റോഡുവരെ ട്രാക്ടർ റോഡ്.
പള്ളിക്കൂട്ടുമ്മ മുതൽ തെക്കോട്ട് ചക്കളത്തുമൂട്ടുവഴി ഇല്ലിമുറിവരെ.

VII വാലേക്കളം മുതൽ ലക്ഷംവീട് വഴി പള്ളിപാലംവരെ ട്രാക്ടർ.
പുന്നക്കുന്നംറോഡ് മുക്ക് മുതൽ ചെപ്പിലാറ്റ് ചിറവരെ ട്രാക്റ്റർ റോഡ്.
പുന്നക്കുന്നം റോഡ് മുക്ക് മുതൽ മാളേയം പുരയ്ക്കൽ

VIII ഇല്ലിമുറി മുതൽ കണ്ടങ്കരി ആശ്രമം ജട്ടിവരെ.
കൊടുപ്പുന്ന തായങ്കരി റോഡിൽനിന്നും ചിറമുറിയ്ക്കൽ പാലംവഴി ആശ്രമം ജട്ടിവരെ.
വടക്കേതലയ്ക്കൽ മുതൽ പടിഞ്ഞാറോട്ടു വൈയ്പിൻ മഠം വഴി തെക്കോട്ട് ഡി.വി. എച്ച്.എസ്. വഴി ആശ്രമം ജട്ടിവരെ.
മേനോൻചിറ ജട്ടിമുതൽ കിഴക്കോട്ടുചെന്ന് വടക്കോട്ടു 40 -ൽ ചിറ 50 -ൽ ചിറ കോളനിവഴി മംഗലശ്ശേരിവരെ ട്രാക്ടർ റോഡ്.
മംഗലശ്ശേരി മുതൽ ഇല്ലിമുറി പാലംവരെ ട്രാക്ടർ റോഡ്.
ചിറമുറിയ്ക്കൽ പാലംമുതൽ ചെറുപുരയ്ക്കൽ വടക്കേത്തലയ്ക്കൽ വൈയ്പുംമഠം വഴി ഡി.വി. എച്ച്.എസ്. വരെ
ഡി.വി.എച്ച്.എസ് മുതൽ പടിഞ്ഞാറോട്ട് ആറ്റുതീരം വഴി ചമ്പക്കുളം റോഡുവരെ ട്രാക്ടർറോഡ്.

പുതിയതായി നിർമ്മിക്കേണ്ട നടപ്പാതകൾ

1) ആതിരപ്പള്ളി മോട്ടോർ തറയിൽനിന്നും വടക്ക് തോട്ടുതീരം വരെ.

2) പരിയാതിട്ട പാലത്തിന്റെ തെക്കേക്കര വഴി ആറ്റു തീരത്തുകൂടി.

3) ശുദ്ര പുതിയവീട് തുരുത്തിൽനിന്നും കിഴക്കോട്ട് മാടശ്ശേരി വരെ [ശ്രമദാനം]

4) ചമ്പക്കുളം എടത്വ റോഡിൽനിന്നും ശുദ്ര പുതിയ വീട്

5) മണത്രയിൽനിന്നും അമിച്ചകരി എൽ.പി.എസ്.

6) മാടശ്ശേരിയിൽനിന്നും മങ്ങാട്ടു, അറയ്ക്കൽ വല്യ വീട് പുതിയവീട് ആക്കേൽ പാലംവരെ.

3. നാലുകെട്ടിൽനിന്നും AC റോഡുവരെ നിലവിലുള്ള വഴി വീതി കൂട്ടുക.
ചമ്പക്കുളം റോഡിൽനിന്നും തൈത്തറവരെ 8 നടപ്പാത
കോയിക്കരി പാലം മുതൽ എൽ.പി.എസ് വഴി 110 ൽ വരെയുള്ള വഴി വീതികൂട്ടുക.
മണ്ണൂത്ര പുരയിടം മുതൽ പായിക്കാട്വരെ വഴി വീതികൂട്ടുക.
മുതിരപറമ്പ് നടപ്പാത വീതി കൂട്ടുക.

4. കോയിക്കരി പാടത്തിന്റെ മോട്ടോർ തറമുതൽ ചമ്പക്കോടുവഴി കോച്ചേരി പുരയിടം വരെ.
നരിപ്പുകുന്നുവരെ നടപ്പാത.
ഉമ്പുകാട്ടു നടുഭാഗത്തു നിന്നു ആറ്റുതീരം വരെ.
കോയിക്കരി പാടത്തുനിന്നും കല്ലൂത്തറവരെ.
കൊട്ടാരം കടവുമുതൽ 60 ൽ കടവുവരെ.
മാധവശ്ശേരി തോടിന്റെ വടക്കേ അറ്റം മുതൽ നെടുമുടി തോട് കിഴക്കേ അറ്റംവരെ.
നെടുമുടി റോഡുമുക്കിൽ നിന്നും ആറ്റിറമ്പുവരെ.

5. ഇലക്ട്രിസിറ്റി റോഡിൽനിന്നും 36 ചിറവരെ വഴി വീതികൂട്ടുക.
പൊന്നംവാട മുതൽ പടിഞ്ഞാറോട്ടു പള്ളിച്ചിറവരെ വഴി വീതി കൂട്ടുക.
പനങ്ങാട്ടു പാലത്തിൽനിന്നും തെക്കോട്ടുള്ള വഴി വീതികൂട്ടുക.

6. അറയ്ക്ക കണിയാന്ത വഴി വീതികൂട്ടുക.
തെക്കേക്കര ഗവ: എച്ച്.എസ്. മുതൽ കരയോഗം വഴി പൂത്തറവരെയുള്ള വഴി വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.
മുടന്താഞ്ഞിലി ജംഗ്ഷൻ മുതൽ തെക്കോട്ട് മഠത്തിൽ കളത്തിൽ പാലം വരെ.

7. കുരിശുപള്ളി മുതൽ തെക്കോട്ട് കുറ്റിക്കൽ വരെ നടപ്പാത വീതികൂട്ടുക.
തെക്കേക്കര പള്ളി പാലംമുതൽ വാഴത്തറവരെ നടപ്പാത നിർമ്മിക്കുക.
സ്കൂൾ റോഡിൽനിന്നും നാലുതറ വരെയുള്ള വഴി പൂർത്തിയാക്കുക.
വളയത്തിൽ പാലം മുതൽ കാച്ചാംകോടവരെ നടപ്പാത നിർമ്മിക്കുക.
നിർദ്ദിഷ്ഠ ബ്ലോക്കു അമിച്ചകരി കോളനി റോഡിൽനിന്നും കുരിക്കോട കോളനിയിലേക്കു നടപ്പാത നിർമ്മിക്കുക.
പെരുമ്പള്ളി പാലം മുതൽ വളയത്തിൽ പാലം വരെ വഴി വീതികൂട്ടുക.
കൂട്ടുമ്മ പാലം മുതൽ കിച്ചേരിക്കാട്ടു പാലംവരെ വഴി വീതികൂട്ടുക.
സ്കൂൾ റോഡിൽനിന്നും ചിങ്ങംതറയിലേക്കു നടപ്പാത നിർമ്മിക്കുക.

8. ലക്ഷം വീടുമുതൽ പെരുമാനിക്കരി വരെ വീതി കൂട്ടുക.
പുന്നക്കുന്നം മണത്ര ജംഗ്ഷൻ മുതൽ നിലവിലുള്ള വഴി വീതി കൂട്ടുക.
കോയിപ്പള്ളി മുതൽ ചിറ്റംതറവരെ വഴി വീതി കൂട്ടുക.
പെരുമാനം മഠത്തിനു കിഴക്കുവശം വഴി വീതി കൂട്ടുക.
മണത്തറ എം.ജെ അലക്സാണ്ടറുടെ നിലവിലുള്ള വഴി വീതി കൂട്ടി ലക്ഷം വീടുവരെ.
കളത്തിൽ മഠം മുതൽ പോളേൽ തെക്കേടം വരെ വീതികൂട്ടുക.
പള്ളിപ്പാലം മുതൽ കാരുപറമ്പുവരെ വഴി വീതി കൂട്ടുക.

9. പാട്ടത്തിൽ വരമ്പിനകം ആമ്പക്കാടു വടക്കുവശം വടക്കോട്ടുള്ള വാച്ചാലു വരമ്പിന്റെ ഒരു വശം കനപ്പിച്ച് വടക്കു കളരിക്കൽ പുരയിടം വരെ ബണ്ടു നിർമ്മിക്കുക.
(ചിറമുറിയ്ക്കൽ പാലം മുതൽ ചെറുപുരയ്ക്കൽ പാലം വഴി വടക്കേത്തലയ്ക്കൽ വരെ.)
ചിറമുറിയ്ക്കൽ പാലം മുതൽ എച്ച്.എസ് വഴി ആശുപത്രി ജട്ടിവരെ.

ഇരുത്തേൽ പാലം മുതൽ അമ്പലംവഴി ആശ്രമം ജട്ടിവരെ.
വടക്കേത്തലയ്ക്കൽ മുതൽ നാലു നാല്പതു പാടത്തിന്റെ പഠിഞ്ഞാറെ ചിറവഴി ഇടക്ക 50 -ൽ ചിറവരെ നപ്പാത.
കുളമ്പള്ളി കളപുരയ്ക്കൽ മുതൽ വടക്കേതലയ്ക്കൽ വരെ.
മേനോൻ ചിറ (താഴത്തുരുത്തിൽ പാലം) മുതൽ വടക്കോട്ട് ആദ്യപള്ളി മുട്ടുവരെ.
30 -ൽ വഴി മുതൽ പാറയിൽ വഴിയും ചിറ കിഴക്കേവരി വരെ നടപ്പാത.

10. പുല്ലങ്ങടി മുക്കത്തു ചിറയിൽ കടത്തുകടവു മുതൽ തെക്കോട്ട് കുറ്റിക്കാടു ക്ഷേത്രം വഴി പുല്ലങ്ങടി പള്ളി ജട്ടിവരെ.
പുല്ലങ്ങടി പള്ളി ജട്ടി മുതൽ കോതറ തോട് വിളക്കുമരം വരെ.

വലിയ പാലങ്ങൾ

1) ചമ്പക്കുളം (ഗവ: ആശുപത്രി ബസ്റ്റാൻഡ് നെടുമുടി പഞ്ചായത്തിലേക്കു ചമ്പക്കുളത്താറ്റിൽ.
2) പുല്ലങ്ങടി കണ്ടംകരി
3) കുമ്പളംചിറ ജട്ടിയിൽനിന്നും പുളിങ്കുന്നു പഞ്ചായത്തിൽ കുട്ടനാടു താലൂക്ക് എച്ച്.ക്യു. ഹോസ്പിറ്റലിലേക്കു പുളിങ്കുന്നു ആറിനു കുറുകെ.
4) എ.സി. റോഡിൽ പള്ളിക്കൂട്ടുമ്മയിൽ പുത്തനാറിനു കുറകെ സെറ്റിൽമെൻറ് കോളനി.
5) തുണ്ടികടവു റോഡിൽ 110 -ൽ തോടിനു പാലം

I
1) അമേരിക്കൻ ഷാപ്പുപാലം
2) സോഷ്യൽ സർവ്വീസ് വായനശാല പാലം
3) പുത്തൻപറമ്പിൽ തോടിനു പാലം
4) ആക്കേൽ പാലം
5) മുണ്ടകത്തിൽ പാലം
6) മമ്പള്ളിപാലം
7) തട്ടാറ പാലം
8) ചാലൂത്ര തെക്കേടം
9) കല്ലൂത്ര

II പൂത്തറപാലം, സെൻറ് ജോർജു പള്ളിപാലം മേടേൽ പാലം

III
1) പൈങ്ങാകളം പാലം
2) മൂക്കുതുരുത്തി
3) തുണ്ടിപാലം
4) മഠത്തിൻകളം
5) പുത്തൻപുരയ്ക്കൽ എസ്.എച്ച.യു.പി.എസ് പാലം

IV
1) ഉമ്പുക്കാട്ടു വരമ്പിനകം
2) ചക്രപുരയ്ക്കൽ
3) പരുവപ്പറമ്പ്

V
1) പള്ളിച്ചിറ പാലം,
2) പുല്ലംപില പാലം
3) 66 കെ.വി. പാലം

VI
1) കരയോഗം
2) നൂറുപറച്ചിറ പാലം
3) വളയംപാലം
4) കൊട്ടാരം പാലം
5) കരിയാനപള്ളി
6) കുരിശുപള്ളി
7) ഇല്ലിമുറി
8) നാലു നാല്പത്
9) പോളേൽ മുട്ടേൽ
10) കൂട്ടുമ്മേൽ പാലം
11) മണിമലക്കാട്
12) കീച്ചേരിക്കാട്
13) 310 തറയിൽനിന്ന് കിഴക്കോട്ട്

VII
1) വാലേക്കളം പാലം
2) മണത്ര തോട്ടിൽ പാലം
3) മാങ്ങായിൽ പാലം
4) പുതുശ്ശേരി പാലം
5) സൊസൈറ്റി പാലം
6) മാളേംപുരയ്ക്കൽ

VIII
1) വടക്കേത്തലയ്ക്കൽ
2) കൂട്ടുമ്മേൽ പള്ളി പാലം
3) കുളമ്പിള്ളി ഇല്ലിമുറി പാലം
4) ഇടശ്ശേരി പാലം
5) ചോഴക്കാടു പാലം
6) ചെറുപരയ്ക്കൽ പാലം
7) ചെറുകോട്ടു പാലം
8) താഴെത്തുരുത്തിൽ
9) ഒറ്റത്തെങ്ങിൽ പാലം
10) അമ്മാർ തോട്ടിൽ പാലം
11) ചിറമുറിയ്ക്കൽ പാലം

റോഡു ഗതാഗതം

കാലവർഷക്കെടുതികൾ കൂടുതൽ അനുഭവപ്പെടുന്ന പ്രദേശം എന്ന നിലയിൽ നിലവിലുള്ള റോഡുകൾ, കാലാകാലങ്ങളിൽ റിപ്പയർ ചെയ്യുന്നതിൽ കൂടുതൽ ഫണ്ട് അനുവദിക്കേണ്ടതാണ്. നിലവിലുള്ള ഗ്രാവൽ റോഡുകൾ ഇരുവശവും കരിങ്കൽ കെട്ടി സംരക്ഷിച്ചും റോഡിന് കൂടുതൽ ഉയരത്തിലും നിർമ്മിക്കുകയാണെങ്കിൽ ഒരു പരിധിവരെ റോഡ് നഷ്ടപ്പെടാതെ സംരക്ഷിക്കുവാൻ സാധിക്കുന്നതാണ്. ആവശ്യമായ സ്ഥലങ്ങളിൽ ഓടകൾ നിർമ്മിച്ചു നീർക്കെട്ടുതടയേണ്ടതും ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ഗ്രാവൽ റോഡുകൾ പൂർത്തീകരിച്ച് ബസ്സ് സർവ്വീസ് നടത്തുകയാണെങ്കിൽ ഒരു പരിധിവരെ ഈ പഞ്ചായത്തിലെ യാത്രയ്ക്ക് പ്രയോജനപ്പെടുന്നതാണ്. നെടുമുടി പാലത്തിനു സമീപം അകായർ ചെയ്തിരിക്കുന്ന സ്ഥലത്ത് ഒരു ബസ്റ്റാൻഡ് അടിയന്തിരമായി അനുവദിച്ച് ഇവിടെനിന്ന് കൂടുതൽ ബസ്സ് സർവ്വീസ് നടത്തേണ്ടതാണ്. നെടുമുടിതെക്കേക്കര ജംഗ്ഷന് ബ്ലോക്ക് ജംഗ്ഷൻ പള്ളിക്കൂട്ടുമ്മ, ചമ്പക്കുളം എന്നീ സ്ഥലങ്ങളിൽ വെയിറ്റിംഗ് ഷെഡ് പണിത് യാത്രക്കാർക്ക് വേണ്ട സൗകര്യം ചെയ്തു കൊടുക്കേണ്ടതാണ്. ഈ പഞ്ചായത്തിൽ നെടുമുടി, മങ്കൊമ്പ് പള്ളിക്കൂട്ടുമ്മ എന്നിവിടങ്ങളിൽ ഓട്ടോ സ്റ്റാൻഡും നെടുമുടിയിൽ ടാക്സി സ്റ്റാൻഡും ഉണ്ട്. പഞ്ചായത്തു വഴികൾ 6 അടിയെങ്കിലും വീതിയിൽ നിർമ്മിച്ചാൽ ഓട്ടോ ഗതാഗതത്തിനുപകരിക്കുന്നതും അതുവഴി കുറച്ചുപേർക്കു ഉപജീവനത്തിനു സൗകര്യം ഉണ്ടാകുന്നതും ജനങ്ങൾക്ക് യാത്രയ്ക്കു പകരിക്കുന്നതുമാണ്.

ജല ഗാതഗതം

ചമ്പക്കുളം പഞ്ചായത്തിൽപ്പെട്ട നെടുമുടിയിൽ ഇപ്പോൾ ഒരു സ്റ്റേഷൻ മാസ്റ്റർ ഓഫീസ് നിലവിൽ ഉണ്ട്. ചമ്പക്കുളം പഞ്ചായത്തിൽപ്പെട്ട 8-9 വാർഡുകൾ കണ്ടങ്കരി പുല്ലങ്ങടി എന്നീ വാർഡുകളിൽ ഇപ്പോഴും യാത്രയ്ക്ക് ബോട്ടു മാത്രമേ ഉള്ളൂ. അതുകൊണ്ട് ആ പ്രദേശങ്ങളിൽ കൂടുതൽ ബോട്ട് സർവ്വീസ് നടത്തിയാലെ ജനങ്ങൾക്ക് പ്രയോജനപ്പെടുകയുള്ളൂ.

ചമ്പക്കുളം പഞ്ചായത്തിൽ 1, 2, 4, 5, 7, 8, 9 എന്നീ വാർഡുകൾ ബോട്ടു സർവ്വീസ് നടത്തുന്ന മേഖലകളുമായി ബന്ധപ്പെട്ടിരിക്കുന്നു. ചമ്പക്കുളം ബസ്റ്റാൻഡ് ജട്ടിയിൽ ഒരു സ്റ്റേഷൻ മാസ്റ്റർ ഓഫീസ് അടിയിന്തരമായി അനുവദിക്കണം. അതുവഴി ജലഗതാഗതം മാത്രം ആശ്രയിച്ചു കഴിയുന്ന 8, 9 വാർഡുകളിലെ ജനങ്ങൾക്ക് വരെ പ്രയോജനം ഉണ്ടാകുന്നതാണ്. ചമ്പക്കുളം പഞ്ചായത്തിൽക്കൂടി മണിമല, പമ്പ എന്നീ നദികൾ ഒഴുകുന്നു. ഈ ജലാശയങ്ങളിൽക്കൂടി എടത്വാ, തലവടി, ചെങ്ങന്നൂർ, മാന്നാർ, തകഴി, കോട്ടയം, കാവാലം, ആലപ്പുഴ. ചങ്ങനാശ്ശേരി മുതലായ സ്ഥാപനങ്ങളിലേക്ക് എസ്.ഡബ്ല്യു, റ്റി.ഡി സർവ്വീസ് നടത്തുന്നുണ്ട്. എന്നാൽ ഇപ്പോഴും മിക്ക സ്ഥലങ്ങളിലും ബോട്ടിനെ മാത്രം ആശ്രയിക്കുന്ന ജനങ്ങൾക്ക് ആവശ്യമായി സർവ്വീസ് നടത്തുന്നില്ല എന്നാണ് പരാതി. അതുകൊണ്ട് കൂടുതൽ ബോട്ടുകൾ സർവ്വീസ് നടത്തണം. ഇപ്പോൾ ആവശ്യത്തിൽതന്നെ 21 ജട്ടികൾ നിലവിലുണ്ട്. കൂടാതെ പുതിയ 2 ജട്ടികൾക്കൂടി താഴെ പറയുന്ന സ്ഥലങ്ങളിൽ സ്ഥാപിച്ച് യാത്രയ്ക്ക് കൂടുതൽ സൗകര്യം ഉണ്ടാക്കിയാൽ ജലഗതാഗതത്തിന് ഒരു പരിധിവരെ പ്രയോജനപ്പെടും.

1) 9 -ാം വാർഡിൽ വിളക്കുമരം ജട്ടി (പുല്ലങ്ങടി)
2) കണ്ടങ്കരി, 24 ൽ ജട്ടി വാർഡ്
(8) പുതുക്കി പണിയേണ്ട ജട്ടി:-
ഒന്നാങ്കര വിളക്കുമരം ജട്ടി

ഊർജ്ജം

പഞ്ചായത്തിൽ ആവശ്യമായ സ്ഥലങ്ങളിലെല്ലാം പുതിയതായി ലൈനുകൾ വലിക്കേണ്ടതും പുതിയതായി നിർമ്മിച്ചതും നിർമ്മിച്ചുകൊണ്ടിരിക്കുന്നതുമായ എല്ലാ വഴികളിലും ലൈൻ വലിച്ച് വഴിവിളക്കുകൾ സ്ഥാപിക്കേണ്ടതാണ്. ലൈനുകളിൽ കാലാകാലങ്ങളിൽ അറ്റകുറ്റ പണികൾ നടത്തേണ്ടതും ലൈനുകളോട് ചേർന്നു മരങ്ങൾ വച്ചുപിടിപ്പിക്കുന്നതും നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതും നിരുത്സാഹപ്പെടുത്തേണ്ടതാണ്.

ലൈനുകളിൽ മുട്ടിനിൽക്കുന്ന മരക്കൊമ്പുകളും മറ്റും മുറിച്ചുമാറ്റുന്നതിന് ജനകീയ പങ്കാളിത്തം ഉണ്ടാകുന്നതിനുള്ള നടപടികളെക്കുറിച്ചു ചർച്ച ചെയ്തു തുടർ നടപടികൾ ഉണ്ടാകണം.

പാടശേഖരങ്ങൾക്ക് സ്ഥിരമായ കണക്ഷനുകൾ നല്കേണ്ടതും അതിനായി പ്രത്യേകം ലൈൻ വലിക്കുന്നതും ഉചിതമായിരിക്കും. പഞ്ചായത്തിന്റെ മിക്ക വീടുകളിലും പാചകാവശ്യത്തിനു വിറകാണു ഉപയോഗിക്കുന്നത്. പുകയില്ലാത്ത അടുപ്പുകളുടെ പ്രചാരം



കുറവാണ്. ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി തുടങ്ങിയവ ഉപയോഗിച്ചു പാചകം ചെയ്യുന്നവർ 5 ശതമാനത്തോളം വരും. ഈ പഞ്ചായത്തിന്റെ മുഴുവൻ ഭാഗങ്ങളും നല്ലതുപോലെ സൂര്യപ്രകാശം കിട്ടുന്ന സ്ഥലങ്ങളായതുകൊണ്ട് വീടുകളിലും കവലകളിലും സോളാർ വിളക്കുകളെ ആശ്രയിക്കാവുന്നതാണ്. വൈദ്യുതിയുടെ പ്രസരണനഷ്ടം ഒഴിവാക്കുന്നതിനും വീടുകളിലെ ദുരുപയോഗം തടയാനും അപകടങ്ങൾ ഒഴിവാക്കുവാനും വൈദ്യുതി ബോർഡിന്റെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനു ഓഫീസും ഫീൽഡുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും സുതാര്യമാക്കുന്നതിനും ഉള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.

സാധ്യതകൾ

1) പുകയില്ലാത്ത അടുപ്പുകളുടെ പ്രചാരത്തിനായി ബോധവൽക്കരണം.
2) എൽ.പി.ജി കണക്ഷനുകൾ ലഭിക്കുന്നതിനുള്ള സംവിധാനം.
3) സാധ്യമാകുന്നടത്തെല്ലാം സോളാർ വിളക്കുകൾ സ്ഥാപിക്കുക.
4) ഇലക്ട്രിസിറ്റി ഓഫീസുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രശ്ന പരിഹാരത്തിനായി ജനകീയ സമിതികൾ രൂപീകരിക്കുക.
5) പാടശേഖരങ്ങളിലെ പമ്പിംഗ് ജോലികൾക്കായി വൈദ്യുതി സ്ഥിരം കണക്ഷനായി നൽകുക.
6) സ്റ്റെപ്പ് അപ്പുകളും ഹീറ്ററുകളും ഉപയോഗിക്കുന്നതുവഴി ഉണ്ടാകുന്ന വൈദ്യുത ദുരുപയോഗം തടയുക.
7) ഊർജ്ജാവശ്യത്തിന് ഗോബർ ഗ്യാസ് പ്ലാന്ററുകൾ സ്ഥാപിക്കുക.

ഈ പഞ്ചായത്തിൽ എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ട്. എന്നാൽ ചില വാർഡുകളിലെ ചുരുക്കം ചില പ്രദേശങ്ങളിൽ വൈദ്യുതി എത്തിച്ചേരേണ്ടതുണ്ട്. മങ്കൊമ്പ്, ചമ്പക്കുളം ഓഫീസുകളുടെ കീഴിലാണ് ഈ പ്രദേശത്തു വൈദ്യുതി വിതരണം നടക്കുന്നത്.

ഈ പഞ്ചായത്തു പ്രദേശത്ത് 38 ട്രാൻസ്ഫോർമർ നിലവിലുണ്ട്. ഈ പഞ്ചായത്തിൽ 2160 ഗാർഹിക ഉപഭോഗക്താക്കളുണ്ട്. വ്യാപാരമേഖലയിൽ 82 ഉം, വ്യാവസായിക മേഖലയിൽ 39ഉം കാർഷിക മേഖലയിൽ 19 ഉം സ്ഥിരം കണക്ഷനുകളും 36 താല്ക്കാലിക കണക്ഷനുകളും. ആണ് നിലവിൽ ഉള്ളത്. ഈ പഞ്ചായത്തിലെ എസ് സി, എസ് റ്റി കോളനികളെല്ലാം വൈദ്യുതീകരിച്ചതാണ്.

പ്രശ്നങ്ങൾ

നിലവിലുള്ള ഒരു ട്രാൻസ്ഫോമറിന് അധികഭാരം വഹിക്കുന്നതിനുള്ള ശേഷി ഇല്ല. ലൈനുകളിൽ കാലാകാലങ്ങളിലുള്ള അറ്റകുറ്റപണികൾ നടത്താതെയും മരച്ചില്ലകളും മറ്റും മുറിച്ചു മാറ്റാത്തതും ഇവിടെ വോൾട്ടേജ് ക്ഷാമം രൂക്ഷമാക്കുന്നു. പഞ്ചായത്തിൽ ഒരു പ്രദേശത്തും പൂർണ്ണമായി വഴിവിളക്കുകൾ ഇല്ല. ഉള്ളതിൽതന്നെ 30% മാത്രമേ ഉപയോഗപ്രദമായവയുള്ളു. അവതന്നെ 24 മണിക്കൂറും പ്രകാശിച്ചുകൊണ്ടിരിക്കുകയാണ്. വഴിവിളക്കുകൾ കത്തിക്കുന്നതിനും കെടുത്തുന്നതിനും അംഗീകൃതമായ ആളുകൾ ഉള്ളതായിട്ട് അറിവില്ല. പല വഴിവിളക്കുകളും റിപ്പയർചെയ്യാത്തതുകൊണ്ട് ഉപയോഗശൂന്യമായതാണ്. പഞ്ചായത്തു പ്രദേശത്ത് പല ഓഫീസുകളുടെ കീഴിൽ വൈദ്യുതി വിതരണം നടക്കുന്നതിനാൽ ഉപഭോക്താക്കൾക്ക് പ്രശ്നപരിഹാരത്തിന് ബുദ്ധിമുട്ടുണ്ടാകുന്നു. ബോർഡു ജീവനക്കാരുടെ അനാസ്ഥ, ജനങ്ങളുടെപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിമുഖത എന്നിവയും ഈ മേഖലയിൽ പ്രശ്നങ്ങൾ കൂട്ടുന്നു. സമ്പന്ന കുടുംബങ്ങളിലെ സ്റ്റെപ്പ് അപ്പ് ഉപയോഗവും.

മാർക്കറ്റ്

ചമ്പക്കുളം പഞ്ചായത്തിൽ ആഴ്ച ചന്തകളോ, അന്തിച്ചന്തകളോ ഇല്ല, അതുകൊണ്ട് ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ വിൽക്കുന്നതിനും വാങ്ങുന്നതിനും സാധിക്കില്ല. ഇപ്പോൾ നെടുമുടി, തെക്കേക്കര ചമ്പക്കുളം, പുന്നക്കുന്നം എന്നീ സ്ഥലങ്ങളിൽ ചില കച്ചവട സ്ഥാപനങ്ങൾ നിലവിലുണ്ട്. എന്നാൽ ഇപ്പോൾ നിത്യമായി ഉപയോഗിക്കുന്ന സാധനങ്ങൾ കിട്ടുവാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട് നെടുമുടിയിൽ ആഴ്ചയിൽ പ്രവർത്തിക്കുന്ന ഒരു പൊതു മാർക്കറ്റും, ദിവസേന അന്തിച്ചന്തകൾ നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഒന്നാമതായി തെക്കേക്കര പാലത്തിന് കിഴക്ക് തെക്കുവശത്തായി പുറമ്പോക്ക് നികത്തി ഒരു അന്തിച്ചന്തയും, അമിച്ചകരി

ബസ്റ്റാൻറിലും ഒരു അന്തിച്ചന്തയും, പള്ളിക്കൂട്ടുമ്മയ്ക്ക സമീപം ഒരു അന്തിച്ചന്തയും നടത്തിയാൽ ജനങ്ങൾക്ക് അത്യാവശ്യ സാധനങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനും സാധിക്കും. നെല്ല്, നാളികേരം, മത്സ്യം, പാൽ, പച്ചക്കറികൾ എന്നി ഉല്പന്നങ്ങൾക്ക് പൊതു വിപണിയില്ല സഹകരണ വിപണിയില്ല എന്നതാണ് പരിതാപകരമായ വസ്തുത. നെല്ല്, നാളികേരം, മത്സ്യം, പാൽ, പച്ചക്കറികൾ, ഇവ സഹകരണ അടിസ്ഥാനത്തിൽ നടത്തുന്നത് ഉല്പാദകർക്ക് പ്രയോജനപ്പെടും.

ഊർജാസൂത്രണത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഗാർഹികാവശ്യത്തിനായി ഉപയോഗിക്കുന്ന ഇന്ധനമായ വിറകിൻെറ കാര്യത്തിലാണ് സ്വഭാവികമായും ഊന്നൽ നൽകേണ്ടത്. പഞ്ചായത്തിൽ ഏകദേശം 3000 വീടുകൾ വിറകടുപ്പ് ഉപയോഗിക്കുന്നവരാണ്. 8-10% ഇന്ധനക്ഷമതയുള്ള പ്രാചീനമായ മൂന്നുകല്ല് അടുപ്പ് ഉപയോഗിക്കുന്നവരാണ് ഭൂരിഭാഗവും. 12% വരെ ദക്ഷതയുള്ള വശങ്ങൾ അടച്ച (രുഗ്മിനി അടുപ്പ്) അടുപ്പുകൾ ഉപയോഗിക്കുന്നവരും ഉണ്ട്. ദക്ഷതയേറിയ പരിഷത്ത് അടുപ്പുകളും പഞ്ചായത്തിൽ ചെറിയ തോതിൽ പ്രചരിച്ചിട്ടുണ്ട്.

ഒരു ദിവസം 3 കിലോവിറക് പാചകാവശ്യത്തിനായി ഒരു വീട്ടിൽ ഉപയോഗിക്കുന്നുണ്ട് എന്നാണ് മതിപ്പുകണക്ക്. കിലോയിക്ക് 2 രൂപ പ്രകാരം 3000 വീടുകൾക്ക് ഒരു ദിവസം വിറകിനായി ചെലവഴിക്കേണ്ടതുക [3x2x3000] 18000 രൂപയാണ്. ഒരു മാസത്തേക്ക് 5,40,000 രൂപയാണ് നമ്മുടെ പഞ്ചായത്ത് വിറകിനായി മാത്രം ചെലവഴിക്കുന്നത്. വിറാകാവശ്യത്തിൻെറ 10% പോലും പ്രാദേശികമായി ലഭ്യമാകുന്ന തെങ്ങിൽ നിന്നോ മറ്റു ജൈവവസ്തുക്കളിൽ നിന്നോ ഉപയോഗിക്കുന്നില്ല. ചുരുക്കത്തിൽ ഇവിടെ ആവശ്യമുള്ള വിറക് ലഭിക്കണമെങ്കിൽ മറ്റുപ്രദേശങ്ങളെ ആശ്രയിക്കാതെ തരമില്ല എന്നർത്ഥം. ഊർജരംഗത്തെ വികസനപരിപാടി കരുപ്പിടിപ്പിക്കുമ്പോൾ വിറകിൻെറ ലഭ്യതയും അവയുടെ കാര്യക്ഷമമായ നിയോഗത്തേയും കണക്കിലെടുത്തു കൊണ്ടായിരിക്കണം.ദക്ഷതകൂടിയ പരിഷത്ത് അടുപ്പുകളുടെ വ്യാപനം വഴി ഈ രംഗത്ത് വലിയൊരു ചലനം സൃഷ്ടിക്കാൻ കഴിയും. സംസ്ഥാന സർക്കാരിൻെറ ഊർജാസൂത്രണ ഏജൻസിയായ ANERT (Agency for Non-conventional Energy and Rural Technology) 100% സബ്സിഡി നല്കികൊണ്ട് പരിഷത്ത് അടുപ്പ് പ്രചരിപ്പിക്കുന്നുണ്ട്. 36-40% ദക്ഷതയുള്ള 2+1 മോഡൽ അടുപ്പ് പഞ്ചായത്തിലെ 3000 വീടുകളിൽ സ്ഥാപിച്ചാൽ വിറകാവശ്യം 1/3 ആയി പരിമിതപ്പെടുത്താനാകും.

ജനകീയാസൂത്രണ സർവ്വേ ക്രോഡീകരണം പൂർത്തിയാകാത്തതിനാൽ വീടുകളിൽ ഉപയോഗിക്കുന്ന വൈദ്യുതോപകരണങ്ങളുടെ വിശദാംശങ്ങൾ ലഭ്യമല്ല. എങ്കിലും പ്രകാശിപ്പിക്കുന്ന ബൾബുകളെ സംബന്ധിച്ചും ഉപയോഗിക്കുന്ന യൂണിറ്റുകളെ സംബന്ധിച്ചും ലളിതമായ ഒരു കണക്ക് പരിശോധിക്കുവാൻശ്രമിക്കുന്നു.ശരാശരി 10,000 60w ൻെറ ബൾബുകൾ പഞ്ചായത്തിൽ 3 മണിക്കൂർ വീതം കത്തുന്നതായി കണക്കാക്കിയാൽ

ഒരു ദിവസം = $\frac{10,000x60x3}{1000}$ =1800 യൂണിറ്റ്

വൈദ്യുതി ഇതിനായി ഉപയോഗിക്കുന്നുവെന്ന് കാണാം. 100w,60w ബൾബുകൾക്കു പകരം 40w ട്യൂബുകൾ സ്ഥാപിച്ചാൽ[$\frac{10,000x40x3}{1000}$ =1200 യൂണിറ്റ്

(1800-1200) 600 യൂണിറ്റ് വൈദ്യുതി

ഒരുദിവസം ലാഭിക്കാം. ഒരു മാസം 18,000 യൂണിറ്റ് മിച്ചമുണ്ടാകണം. ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്ന ചെലവും കേരളത്തിൻെറ ഇന്നത്തെ വൈദ്യുതി പ്രതിസന്ധിയും കണക്കിലെടുത്താൽ ട്യൂബുകൾ സൗജന്യമായി മുഴുവൻ വീടുകൾക്ക് നല്കിയാലും അതൊരു നഷ്ടമാകില്ല. വൈദ്യുതോർജ്ജം കുടിച്ചുവറ്റിക്കുന്ന ഹീറ്റർ പോലുള്ള ഉപകരണങ്ങൾ പൂർണ്ണമായും ഉപേക്ഷിക്കണം. ഇതുപയോഗിക്കുന്ന കൺസ്യൂമർക്കെതിരെ കർശനനടപടി കൈക്കൊള്ളാൻ ഇലക്ട്രിസിറ്റി ബോർഡ് തയ്യാറാകണം. ■

*****
****



4E വിദ്യാഭ്യാസം

വിദ്യാഭ്യാസം

ഒരു നവജാത ശിശുവിനെ സമകാലീന സമൂഹത്തിന്റെ ബോധനിലവാരത്തിലേക്ക് പടിപടിയായി ഉയർത്തുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. അത് ശിശുവിന്റെ സഹജവാസനകളെ പരിപോക്ഷിപ്പിക്കുന്നതും, അന്തർലീനമായ കഴിവുകളെ പുറത്തുകൊണ്ടുവരുന്നതുമാവണം. അത് വിമോചനത്തെ ത്വരിതപ്പെടുത്തുന്നതാവണം. സമൂഹത്തിന്റെയാകെ വികസനത്തിന് ഉതകുന്നതാവണം. അത്തരത്തിൽ ചമ്പക്കുളം പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്.

ശിശുവിദ്യാഭ്യാസം

ശിശുവിദ്യാഭ്യാസത്തിനായി പഞ്ചായത്തിൽ 11 ആശാൻകളരികളും, 14 അങ്കണവാടികളും, 5 നഴ്സറി വിദ്യാലയങ്ങളുമാണ് പ്രവർത്തിക്കുന്നത്. പരമ്പരാഗതരീതിയിലുള്ള പ്രവർത്തനങ്ങളാണ് കളരികളിൽ നടക്കുന്നത്. എങ്കിലും പനയോലയും എഴുത്താണി (നാരായം)യും അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു. മണലിൽ വിരൽ കൊണ്ടെഴുതുമ്പോൾ ആഴത്തിൽ മനസ്സിൽ പതിയും എന്ന തത്വത്തിന്റെ പിൻബലം ഈ രീതിക്കുണ്ട്. ഏറ്റവും പ്രയാസമേറിയ 'അ' എന്ന അക്ഷരത്തിലാണ് തുടങ്ങുന്നത് എന്ന മനഃശാസ്ത്ര ന്യൂനതയും ഈ രീതിക്കുണ്ട്.

അങ്കണവാടികളിൽ കളിരീതിയ്ക്കാണ് പ്രാധാന്യം. ഏറ്റവും പ്രയാസം കുറവായ 'റ'യിൽ ആണ് അഭ്യസനം ആരംഭിക്കുന്നത്. അങ്കണവാടികളിലെ വർക്കർ, ഹെൽപർ എന്നിവർക്ക് സാമൂഹ്യക്ഷേമവകുപ്പിൽ നിന്ന് പരിശീലനങ്ങൾ നൽകുന്നുണ്ട്.ഇവ കേന്ദ്ര-സംസ്ഥാന സാമൂഹ്യക്ഷേമവകുപ്പുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു. സമഗ്ര ശിശുവികസന പദ്ധതി (I.C.D.S). Integrated Child Development Scheme) എന്ന പദ്ധതിയുടെ ലക്ഷ്യം തന്നെ പഠനത്തോടൊപ്പം ആരോഗ്യവും എന്നതാണ്. അങ്കണവാടികളുടെ സ്ഥിതി കുറച്ചു കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. ശിശുവിൽ കേന്ദ്രീകരിച്ചതും കളിരീതിക്ക് പ്രാധാന്യം കൊടുക്കുന്നതുമായ പഠനം ഒരുക്കുന്നതിനായുള്ള ഭൗതിക സാഹചര്യങ്ങൾ (സ്ഥലം, പഠന-കളി

ഉപകരണങ്ങൾ) മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധവയ്ക്കേണ്ടതുണ്ട്.

ഇനിയുള്ളത് നഴ്സറി വിദ്യാലയങ്ങളാണ്. പ്രാഥമിക വിദ്യാലയത്തിന്റെ ചെറുപതിപ്പുകൾ എന്ന നിലയിലാണ് ഇവ പ്രവർത്തിക്കുന്നത്. ഇവയിലെ അദ്ധ്യയന മാധ്യമം ഇംഗ്ലീഷാണ് എന്നു കാണാം. വിദ്യാഭ്യാസ ഘടകങ്ങൾക്കാണ് ഇവിടെ മുൻതൂക്കം. ശിശുവിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവർ മലയാളം മാധ്യമമായുള്ള വിദ്യാഭ്യാസത്തെക്കുറിച്ച് ചിന്തിക്കുന്നതേയില്ല എന്നത് സവിശേഷശ്രദ്ധയോടെ കാണേണ്ടതുണ്ട്. ചെറിയ കുട്ടികൾ ചുറ്റുപാടിനെ മനസ്സിലാക്കാനും അറിവുനേടിപ്രതികരിക്കാനും തുടങ്ങുന്ന ഘട്ടത്തിൽ അതിനുള്ള മാധ്യമം മാതൃഭാഷയായിരിക്കണം. അതിനാൽ ശിശുവിദ്യാഭ്യാസ കേന്ദ്രത്തിലെ മാധ്യമം മാതൃഭാഷയായിരിക്കണം എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഔപചാരിക വിദ്യാഭ്യാസം

(പട്ടിക - 2 കാണുക)

പഞ്ചായത്തിൽ 8 ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്.

L.P. സ്കൂളുകൾ 4 എണ്ണം

1. ഗവ: L.P. സ്കൂൾ ചമ്പക്കുളം
2. ഗവ: L.P. സ്കൂൾ ആറ്റുവാത്തല
3. സെ:ജോൺസ്. L.P. സ്കൂൾ തെക്കേക്കര (Unaided)
4. മേരിമാതാ. L.P. സ്കൂൾ, പുന്നക്കുന്നം.

യു.പി.സ്കൂൾ 2 എണ്ണം.

1. എസ്.എച്ച്.യുപി.സ്കൂൾ ചമ്പക്കുളം
2. ഫാ.തോമസ് പോരൂക്കര ഇംഗ്ലീഷ് സ്കൂൾ (Unaided) ചമ്പക്കുളം.

ഹൈസ്കൂൾ വിഭാഗത്തിൽ 2 സ്കൂളുകളുണ്ട്.

1. ഗവ:ഹൈസ്കൂൾ, തെക്കേക്കര.
2. D.V.H.S -കണ്ടങ്കരി.

പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം 1628 ആണ് (850+778)

അദ്ധ്യാപകരുടെ എണ്ണം. 63

Unaided അദ്ധ്യാപകർ. 8 ആകെ 71.

91-ലെ സെൻസസ് പ്രകാരം 0-6 വയസ് ഗ്രൂപ്പിലെ കുട്ടികളുടെ എണ്ണം 954 + 919 = 1873 ആണ്. അവർ ഇപ്പോൾ (96 ൽ) ഒന്നും അഞ്ചിനും ഇടയിൽ ക്ലാസിൽ പഠിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം 499 + 487 = 986 ആണ്. ശേഷിക്കുന്ന 887 കുട്ടികൾ ഈ പഞ്ചായത്തിലെ വിദ്യാലയത്തിലല്ല പഠിക്കുന്നത് എന്നു കാണാം. ഇതിന്റെ കാരണം അന്വേഷിക്കേണ്ടതും പരിഹാരം നടപ്പിൽ വരുത്തേണ്ടതുമാണ്.

1. ഗവ: ഹൈസ്ക്കൂൾ - തെക്കേക്കര

ഒരു പ്രൈമറി വിദ്യാലയം എന്ന നിലയിൽ, 1922 ൽ അറയ്ക്കൽ വാസുദേവപ്പണിക്കരുടെ നേതൃത്വത്തിൽ സ്ഥാപിക്കപ്പെട്ടു. പിൽകാലത്ത് വിദ്യാലയവും സ്ഥലവും ഗവൺമെൻറിനെ ഏൽപിക്കുകയും, U.P., H.S. എന്ന നിലകളിലേക്ക് ഉയർത്തപ്പെടുകയും ചെയ്തു.

ഇപ്പോൾ ആസൂത്രണ വകുപ്പ് സെക്രട്ടറിയായി പ്രവർത്തിച്ചു വരുന്ന ശ്രീ. പി.കെ.ശിവാദാൻ I.A.S. തുടങ്ങി പല പ്രമുഖരും ഈ വിദ്യാലയത്തിൽ പ്രഥമിക വിദ്യാഭ്യാസം നടത്തിയിട്ടുണ്ട്.

എന്നാൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി മറ്റ് പഞ്ചായത്തുകളെ ആശ്രയിക്കേണ്ട സ്ഥിതിയായിരുന്നു ഉണ്ടായിരുന്നത്. ഹൈസ്കൂളായി ഉയർത്തുകയുണ്ടായി എങ്കിലും ഭൗകിരസാഹചര്യങ്ങളുടെ അപര്യാപ്തത ഇന്നും നിലനില്ക്കുന്നു. പഞ്ചായത്തിലെ ഏക ഗവൺമെൻറ് ഹൈസ്ക്കൂൾ എന്ന നിലയിൽ ഈ വിദ്യാലയത്തെ ഏറെമെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. D.V.H.S. കണ്ടങ്കരി

കണ്ടങ്കരി ദേവസ്വത്തിന്റേയും കണ്ടങ്കരി പുല്ലണ്ടികരകളിലെ N.S.S ന്റെയും തുമ്പയിൽ കേശവൻ നായർ, തുമ്പയിൽ നാണുപിള്ള കളത്തിൽ വീട്ടിൽ പരമേശ്വരൻ പിള്ള എന്നീ വ്യക്തികളുടേയും പരിശ്രമഫലമായി 1949ൽ ഒരു പ്രാഥമിക വിദ്യാലയമായി സ്ഥാപിതമായി. കർഷകരും കർഷകതൊഴിലാളുകളുമായി ഏറെ സാധാരണ ജനങ്ങൾ വസിക്കുന്ന ഈ പ്രദേശത്തെ വിദ്യാഭ്യാസപരമായി മുന്നോട്ടുനയിക്കുന്നതിനും അതിലൂടെ പലർക്കും ജീവിതമാർഗ്ഗം നേടിക്കൊടുക്കുന്നതിനും D.V.H.S. കണ്ടങ്കരിക്കു കഴിഞ്ഞിട്ടുണ്ട്. 1950ൽ തന്നെ ഒരു U.P. സ്കൂളാവുകയും, 1968 ഹൈസ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു.

3. S.H.U.P.S. ചമ്പക്കുളം

1921- മെയ്മാസത്തിലാണ് വിദ്യാലയം സ്ഥാപിതമായത്. മാപ്പിളശ്ശേരിക്കുടുംബാംഗമായ ശ്രീ. തൊമ്മൻ ദേവസ്യായാണ് വിദ്യാലയം സ്ഥാപിക്കുന്നതിന് മുഖ്യ പങ്കു വഹിച്ചത്. കുഞ്ഞുങ്ങളെ അതിരറ്റു സ്നേഹിച്ചിരുന്ന അദ്ദേഹം അവരെ എപ്പോഴും കണ്ടുകൊണ്ടിരിക്കണമെന്ന ആഗ്രഹത്തിൽ തന്റെ വീടിനുസമീപം ഒരു കെട്ടിടം നിർമ്മിച്ചാണ് വിദ്യാലയം തുടങ്ങിയത്. വർഷങ്ങൾക്കുശേഷം വിദ്യാലയം C.M.I. സഭയ്ക്കു കൈമാറുകയായിരുന്നു. ആറും ഏഴും ക്ലാസ്സുകളിലായിരുന്നു തുടക്കം. അഞ്ചാംക്ലാസ്സ് പിന്നീട് കൂട്ടിചേർത്തു.

കുട്ടനാടിന്റെ ഇതിഹാസകാരൻ, വിശ്വസാഹിത്യകാരൻ തകഴി ശിവശങ്കരപ്പിള്ള ഈ വിദ്യാലയത്തിൽ നിന്നും വിദ്യാഭ്യാസം നേടിയിട്ടുണ്ട്. നാട്ടിലെ സാധാരണ ജനങ്ങളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ S.H.U.P.S നിറവേറ്റിപ്പോരുന്നു - ഭംഗിയായിത്തന്നെ.

4. മേരിമാതാ L.P.S പുന്നക്കുന്നം

ചമ്പക്കുളം പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയമാണിത്. 1884ൽ നാട്ടുകാരുടെ വകയായി പുന്നക്കുന്നം സ്കൂൾ സ്ഥാപിക്കപ്പെട്ടു. നാട്ടുകാരിൽ നിന്നും ഒരാളെ മാനേജരെ തെരഞ്ഞെടുക്കുക എന്നതായിരുന്നു ആദ്യകാലരീതി.പുന്നക്കുന്നത്തുശ്ശേരിയിൽ ഏറാണ്ട എന്ന സ്ഥാലത്തായിരുന്നു തുടക്കം. രാമനാട് അയ്യപ്പക്കുറുപ്പ് എന്നയാളായിരുന്നു ആദ്യമാനേജർ. വാസുദേവൻ നായർ എന്ന അദ്ധ്യാപകനായിരുന്നു ആദ്യ ഹെഡ്മാസ്റ്റർ. വിവിധ ജാതിമതസ്ഥർ ഇവിടെ പഠിക്കുകയും, അദ്ധ്യാപകരായി ജോലി ചെയ്യുകയും ചെയ്തിട്ടുണ്ട്. ഏറാണ്ടയിൽ നിന്നും സ്കൂൾ മാറ്റണം എന്ന് ആവശ്യപ്പെട്ടതിനെതുടർന്ന് പുളിംകുന്ന് പള്ളിവക സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചു. ശ്രീ വർക്കി പോത്തൻ, കാപ്പിൽ പുതുശ്ശേരി, ശ്രീ പോത്തൻ ജോസഫ് കാപ്പിൽ കോയിപ്പള്ളി, ശ്രീ. കോരച്ചൻ ഇല്ലിപ്പറമ്പ് എന്നിവർ വിവിധകാലയിളവിൽ വിദ്യാലയത്തിന്റെ മാനേജർമാരായി സേവനമനുഷ്ഠിച്ചു. ഇതിൽ ശ്രീ. കോരച്ചൻ 62 വർഷം മാനേജരായിരുന്നു. നാട്ടുകാരുടെ ആദ്യ ർത്ഥനപ്രകാരം 1984ൽ ആരാധനാമഠത്തിന് കൈമാറി.

5. ഗവ: L.P. സ്കൂൾ, ചമ്പക്കുളം

1915 ലാണ് ഒരു സ്വകാര്യ വിദ്യാലയമായി ഈ പ്രവർത്തനം ആരംഭിച്ചത്. സ്കൂൾ സ്ഥാരിക്കുന്നതിനായി പടിപ്പുരയ്ക്കൽ ദേവസ്വം ഭരണസമിതി, കാരേകാട്, പുന്നശ്ശേരി, കടുക്കാത്ര തുടങ്ങിയ കുടുംബങ്ങൾ ശ്രമിച്ചിട്ടുണ്ട്. പിന്നീട് വിദ്യാലയവും സ്ഥലവും ഗവൺമെൻറിലേക്ക് നൽകുകയായിരുന്നു.

6. ഗവ: L.P. സ്കൂൾ, ആറ്റുവാത്തല

ഒരു വ്യക്തിഗത മാനേജ്മെൻറ് വിദ്യാലയം എന്ന നിലയിൽ 1906-ൽ പ്രവർത്തനം ആരംഭിച്ചു. കാഞ്ഞൂപ്പറമ്പിൽ കുടുംബമാണ് ഇതിനായി മുന്നിട്ടു പ്രവർത്തിച്ചത്. ശ്രീ. തോമസ് ആൻറണി, കാഞ്ഞൂപ്പറമ്പ് വിദ്യാലയം സർക്കാരിലേക്ക് നൽകി.

7. സെൻറ് ജോൺസ് L.P. സ്കൂൾ, തെക്കേക്കര

1984-ൽ ആണ് ഈ Unaided വിദ്യാലയം പ്രവർത്തനം ആരംഭിച്ചത്. തെക്കേക്കര പള്ളിയോടനുബന്ധിച്ച് പ്രവർത്തിക്കുന്നു. ആദ്യ മാനേജർ ഫാ: ഫിലിപ്പ് കുന്നുമ്പുറം ആയിരുന്നു.


8. ഫാ: തോമസ്, ചോരൂക്കര ഇംഗ്ലീഷ് സ്കൂൾ

പഞ്ചായത്തിൽ ഏറ്റവുംഒടുവിൽ സ്ഥാപിച്ച Unaided വിദ്യാലയം. 1995-ൽ ആണ് ഇത് പ്രവർത്തനം ആരംഭിച്ചത്. ചമ്പക്കുളം ഗാഗുൽത്താ ആശ്രമവും, CMI സഭയുമാണ് വിദ്യാലയാധികൃതർ. അദ്ധ്യയനം മാധ്യമം ഇംഗ്ലീഷ്.

വിശകലനം

പഞ്ചായത്തിൽ 0-4 പ്രായപരിധിയിൽ 1248 കുട്ടികളാണ് ഉള്ളത് (സെൻസസ്) അവർക്കായി 14 അങ്കണവാടികളാണ് പ്രവർത്തിക്കുന്നത്. അപ്പോൾ ശരാശരി 84 കുട്ടികൾക്കായി ഒരു അങ്കണവാടി എന്നു കാണാം. ഇത് അപര്യാപ്തമാണ്. (പട്ടിക 1) അതുകൊണ്ട് ആവശ്യമായ തുടങ്ങളിൽ പുതിയ അങ്കണവാടികൾ ആരംഭിക്കണം. പഞ്ചായത്തിൽ ഒരു കോളേജ് പോലുമില്ല എന്നതും സാങ്കേതിക വിദ്യാഭ്യാസരംഗത്തെ പരിമിതിയും ഇതേ പട്ടികയിൽ നിന്നു കാണാം.

സ്കൂളുകളുടെ പൊതു വിവരങ്ങളാണ് പട്ടിക 2-ൽ നിന്ന് ലഭിക്കുന്നത്. സർക്കാർ ഉടമസ്ഥതയിലുള്ള 3 സ്കൂളുകളും എയിഡഡ് മേഖല.ിലെ 3 സ്കൂളുകളും, അൺ-എയിഡഡായി പ്രവർത്തിക്കുന്ന 2 വിദ്യാലയങ്ങളുമാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. സർക്കാർ വിദ്യാലയങ്ങളിൽ കുട്ടികൾ കുറവായിരിക്കു



മ്പോൾത്തന്നെ Unaided വിദ്യാലയങ്ങളിൽ കുട്ടികൾ കൂടുതലായി എത്തുന്നു എന്ന കാര്യവുംപട്ടികജാതി കുട്ടികളുടെ പിന്നോക്കാവസ്ഥയും പട്ടിക -3ൽ കാണാം. ആകെ 92 കുട്ടികൾ തോറ്റു പഠിച്ചപ്പോൾ അവരിൽ 23 പേർ (25%) കുട്ടികൾ S.C. വിഭാഗത്തിൽപെടുന്നു. ശരാശരി 23 കുട്ടികൾക്ക് 1 അദ്ധ്യാപകൻ എന്ന നിലയിൽ അദ്ധ്യാപകരുടെ ലഭ്യതയുണ്ട്. ഇത് പട്ടിക 4ൽ നിന്നും ലഭിക്കുന്നു. പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ കുട്ടികളിൽ 17.54% പേർ 30% താഴെ മാർകു വാങ്ങുന്നവരാണ്. 50% നുമേൽ മാർക്കു വാങ്ങുന്നവർ 49.86 ശതമാനമാണ്. പകുതിക്കടുത്ത കുട്ടികൾ ശരാശരിക്കു മുകളിലാണ്.എന്നാൽ H.S. തെക്കേക്കരയിൽ 25.3% കുട്ടികളും കണ്ടങ്കരി H.S -ൽ 29.31% കുട്ടികളും, G.L.P.S. ചമ്പക്കുളത്ത് 44.19% കുട്ടികളും, ആറ്റുവാത്തല G.L.P.S -ൽ 43.74% കുട്ടികളും മാത്രമാണ് 50% കൂടുതൽ മാർക്കുവാങ്ങുന്നത്. സ്കൂളുകളിൽ 30% താഴെ മാർക്കുവാങ്ങുന്നുവരുടെ ശതമാനം പട്ടിക 5ൽ കാണാം. അവർക്കായി അക്കാദമികനിലവാരം ഉയർത്തുന്നതിന് പരിപാടിൾ ആസൂത്രണം ചെയ്യണം.

പട്ടിക - 6-ൽതെക്കേക്കര. H.S. ലെ വിജയ ശതമാനം വളരെ പിന്നിലാണ് എന്നു കാണാം എന്നു മാത്രമല്ല അത് ക്രമമായി കുറഞ്ഞുവരുന്നു എന്നും കാണാം. പഞ്ചായത്തിലെ ഏക സർക്കാർ ഹൈസ്കൂൾ എന്ന നിലയിൽ അതിന്റെ നിലവാരം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിപാടികൾ ആവശ്യമാണ്.

പട്ടിക-7ൽ നിന്ന് പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ അക്കാഡമികസൗകര്യങ്ങൾ ലഭിക്കുന്നു. പ്രൈമറി വിദ്യാലയങ്ങളിൽ 'ഓപ്പറേഷൻ ബ്ലാക് ബോർഡി'ന്റെ ഭാഗമായി റേഡിയോ കം ടേപ്പ്റിക്കോർഡർ ഉണ്ട്.ഒരു വിദ്യാലയത്തിലും T.V, V.C.R. എന്നിവയില്ല. തെക്കേക്കര H.S.ൽ ഒരു ഓവർഹെഡ് പ്രൊജക്ടറും, കണ്ടങ്കരി D.V.H.S. ൽ ഒരു സിനിമാ പ്രൊജക്ടറും ഉണ്ട്. പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ അക്കാഡമികസൗകര്യങ്ങൾ വളരെ കുറവാണ് എന്നു കാണാം. പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ് രൂപീകരിച്ച് അക്കാഡമിക സൗകര്യങ്ങൾ പങ്കുവയ്ക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും വഴിയൊരുക്കണം.

പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ ഭൗതികസൗകര്യങ്ങളുടെ വിവരം പട്ടിക-8ൽ കാണാം. 55 ഡിവിഷനകളാണ് ആകെയുള്ളത്. ക്ലാസ്സ് ഓഫീസ്,ലൈബ്രറി,പരീക്ഷണശാല എന്നിവയ്ക്കെല്ലാമായി 53 സ്ഥിരം മുറികൾ മാത്രമാണുള്ളത്. H.S ൽ മൂത്രപ്പുര ഉണ്ട് എന്നും കാണുന്നുവെങ്കിലും, അടപ്പുറപ്പുള്ളതും വൃത്തിയുള്ളതുമായ മൂത്രപ്പുരകൾ പെൺകുട്ടികൾക്കായി ഇല്ല എന്നതാണ് യാഥാർത്ഥ്യം. ഇത് പ്രത്യേക ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. തെക്കേക്കര H.S.,S.H.U.P.S. എന്നിവിടങ്ങളിൽ ഒരു കക്കൂസ് പോലുമില്ല. കുട്ടികൾക്ക് കുടിവെള്ള സൗകര്യം ഹൈസ്ക്കൂളിൽ മാത്രമാണുള്ളത്. ഫർണിച്ചർ ആവശ്യമായ തോതിൽ ഇല്ല എന്നു പട്ടികയിൽ കാണാം.

സാങ്കേതിക വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഈ പഞ്ചായത്തിൽ ആകെയുള്ളത് 4 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, കംപ്യൂട്ടർ വിദ്യാഭ്യാസത്തിനായി J. J. കമ്പൂട്ടർ സെൻറർ എന്നിവ മാത്രമാണ്.

സമാന്തര വിദ്യാഭ്യാസം

തെക്കേക്കര കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്ന വിദ്യാഅക്കാഡമിഎന്ന പാരലൽ കോളേജും അതിന്റെ മൂന്നാം വാർഡിൽ പ്രവർത്തിക്കുന്ന ശാഖയും മാത്രമാണ് സമാന്തരവിദ്യാഭ്യാസ സ്ഥാപനങ്ങൾ.

സാക്ഷരത

1990 ഏപ്രിൽ 8 ന്റെ നിരക്ഷതാസർവ്വേ അനുസരിച്ച് പഞ്ചായത്തിൽ 6 വയസ്സിനും, 60 വയസ്സിനുമിടയിൽ 601 നിരക്ഷരരായിരുന്നു ഉണ്ടായിരുന്നത്. (പുരുഷന്മാർ-311+സ്ത്രീകൾ 390). അവർക്കായി 67 സാക്ഷരതാകേന്ദ്രങ്ങൾ ആരംഭിച്ചു. 95 ഇൻസ്ട്രക്ടർമാർ സന്നദ്ധപ്രവർത്തകരായി സേവനമനുഷ്ടിച്ചു. അവരിൽ 63 പേർ സ്ത്രീകളായിരുന്നു എന്നത് സ്ത്രീകളുടെ പ്രവർത്തനസന്നദ്ധതയെയാണ് സൂചിപ്പിക്കുന്നത്. പഞ്ചായത്തിൽ ഇതുവരെയായി നടന്ന സന്നദ്ധ പ്രവർത്തനങ്ങളിൽ ഏറ്റവും ബൃഹത്തായതും സാർത്ഥകമായതുമായിരുന്നു അക്ഷരകേരളം എന്ന സാക്ഷരതാ പദ്ധതി. പഞ്ചായത്ത് സാക്ഷരതാ സമിതി ജോയിൻറ് കൺവീനർ ആയ ശ്രീ. കെ.പി. ശ്രീനിയുടെനേതൃത്വത്തിൽ കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ പ്രവർത്തനങ്ങൾ അക്ഷരകേരളം പരിപാടിക്ക് മികവേകി. 91 ജൂൺ 19ന് ചമ്പക്കുളം സമ്പൂർണ്ണ സാക്ഷരമായി എന്നു പ്രഖ്യാപിച്ചു. ഈ പദ്ധതിയിലൂടെ 155 പേർ (21+134) നവസാക്ഷരരായി. അവരിൽ 43 പേർ പട്ടികജാതിയിൽപ്പെടുന്നു.

ആകെ സാക്ഷരത ശതമാനം - 97.12%
പുരുഷ സാക്ഷരത ശതമാനം -98.10%
സ്ത്രീ സാക്ഷരത ശതമാനം - 9618%

അക്ഷരസംഘങ്ങളിലൂടെ ആരംഭിച്ച തുടർ പ്രവർത്തനം, ജനവിദ്യാകേന്ദ്രങ്ങളിലെത്തി. 2-ാം വാർഡിൽ പബ്ലിക് ലൈബ്രറിയോടനുബന്ധിച്ച് മഹാത്മഗാന്ധി മെമ്മോറിയൽ ജന വിദ്യാകേന്ദ്രവും 7-ാം വാർഡിൽ ദേശസേവിനി ഗ്രന്ഥശാലയോടനുബന്ധിച്ച് ഐ.സി. ചാക്കോ മെമ്മോറിയൽ ജനവിദ്യാകേന്ദ്രവും പ്രവർത്തിക്കുന്നു. അവയിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നത് 7-ാം വാർഡലേതു മാത്രമാണ്. രണ്ടിന്റേയും പ്രവർത്തനം തൃപ്തികരമല്ല. ഗ്രന്ഥശാലയിലെ നവസാക്ഷര കോർണറിന്റെ പ്രവർത്തനവും തൃപ്തികരമല്ല.

ചമ്പക്കുളം	സ്ത്രീ	പുരുഷൻ	ആകെ.
ജനസംഖ്യ	8813	8556	17369
കുട്ടികൾ(0.6)പ്രായം	919	954	1873
6ന് മുകളിൽ	7894	7602	15496
സാക്ഷരർ	7593	7458	15051
സാക്ഷരതാ ശതമാനം	96.18	98.10	97.10

പട്ടിക - 6
ചമ്പക്കുളം ഗ്രാമ പഞ്ചായത്ത് - S.S.L.C വിജയശതമാനം

ക്രമ	സ്കൂളിന്റെ പേര്	91-92	92-93	93-94	94-96	95-96
1	2	3	4	5	6	7
1	G.H.S. തെക്കേക്കര	49	42	36	30	17
2	D.V.H.S. കണ്ടങ്കരി	78	62.5	95	62	52

പ്രശ്നങ്ങൾ (ഗ്രാമസഭകളിൽ നിന്നും)

1. പഞ്ചായത്തിലെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം കുറയുന്നു.
2. പൊതുവിദ്യാഭ്യാസസ്ഥാപനങ്ങളിലെ നിലവാരത്തകർച്ച.
3. പാഠപുസ്തകങ്ങൾ യഥാസമയങ്ങളിൽ കുട്ടികളുടെ കയ്യിൽ എത്താത്ത അവസ്ഥ.
4. അദ്ധ്യാപക ഒഴിവുകൾ സമയത്തിന് നികത്തപ്പെടുന്നില്ല എന്ന അവസ്ഥ.
5. പഠനോപകരണങ്ങളുടെ അപര്യാപ്തത. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത.
6. സ്ഥലപരിമിതിമൂലം സ്റ്റാഫ് മുറിയിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലയും ആശ്വാസകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന പരീക്ഷണശാലയും (തെക്കേക്കര H.S.)
7. മാതൃസംഗമങ്ങൾ, രക്ഷാകർതൃസമിതികൾ എന്നിവയുടെ കാര്യക്ഷമതയില്ലായ്മ.
8. വിദ്യാലയങ്ങളിലേക്ക് എത്തുന്നതിന് നല്ല വഴികൾ ഇല്ലാത്ത അവസ്ഥ.
9. ക്ലാസ്സുകൾ തമ്മിൽ ഒരു സ്ക്രീനിന്റെ പോലും വേർതിരിയില്ലാത്ത രീതി.
10. കൂടുതൽ മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങളോടെ ഇംഗ്ലീഷ് മീഡിയം Unaided വിദ്യാലയങ്ങളുടെ ആരംഭം.
11. നഗരങ്ങളിലേക്ക് വാഹനങ്ങളിൽ വിദ്യാർത്ഥികളെ കയറ്റികൊണ്ടുപോകൽ.
12. രക്ഷകർത്താക്കൾക്കിടയിൽ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള തെറ്റായ ധാരണകൾ.
13. വിദ്യാലയങ്ങൾ ചുറ്റുമതിൽ, വേലി ഇവയൊന്നും ഇല്ലാത്ത സ്ഥിതിയുണ്ട്.
14. മാതൃകാപരമായി പ്രവർത്തിക്കുന്ന ശിശു വിദ്യാലയങ്ങൾ ഇല്ലാത്തസ്ഥിതി.

പട്ടിക - 1

ചമ്പക്കുളം പഞ്ചായത്ത്
വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

		ശിശു വിദ്യാഭ്യാസം നഴ്സറികൾ				സാങ്കേതിക വിദ്യാലയങ്ങൾ		കോളേജ്			പാരലൽ കോളേജ്
വാർഡ്	I.C.D.S അങ്കൺ വാടികൾ	പഞ്ചായത്ത്	സർക്കാർ	സ്വകാര്യം	മറ്റുള്ളവ	ടൈപ്പ് റൈറ്റിംഗ് (സ്വകാര്യം)	കംപ്യൂട്ടർ വിദ്യാഭ്യാസം സ്വകാര്യം	സർക്കാർ	സ്വകാര്യം	ആകെ	സ്കൂൾ, കോളേജ് ക്ലാസുകൾ
1	2	3	4	5	6	7	8	9	10	11	12
1	3			-		-					
2	1			1		1					
3	2			-		-					1
4	1			-		1					
5	1			1		1	1				1
6	1			1		-					
7	2			1		-					
8	1			-		-					
9	2			1		-					
ആകെ.	14			5		3					2

പട്ടിക - 2

ചമ്പക്കുളം ഗ്രാമ പഞ്ചായത്ത്
സ്കൂളിന്റെ പൊതു വിവരങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	സ്റ്റാൻഡേർഡുകൾ	വിഭാഗം L.P.S U.P.S H.S	ഉടമസ്ഥത			കുട്ടികളുടെ എണ്ണം				അദ്ധ്യാപകരുടെ എണ്ണം				സ്കൂൾ കാമ്പസിന്റെ മൊത്തം വിസ്തീർണ്ണം	കളിസ്ഥലത്തിന്റെ വിസ്തീർണ്ണം	ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം	വാർഡ്
				സർക്കാർ	എയ്ഡഡ്	അൺ എയ്ഡഡ്	അംഗീകാരം ലഭിച്ചിട്ടില്ലാത്തവ	ആൺ	പെൺ	ആകെ	അനുവദിച്ച പോസ്റ്റ്	നിലവിലുള്ള എണ്ണം	ഒഴിവുകൾ	ദീർഘകാല അവധി				
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19
1	G.H.S. തെക്കേക്കര	I-X	H.S.	√				123	104	227	13	12			1/2 ഏക്കർ		1/2 ഏക്കർ	VI
2	D.V.H.S. കണ്ടകരി	I-X	H.S.		√			284	277	561	29	29		1	5 ഏക്കർ 23 സെന്റ്	50 സെന്റ്		VIII
3	S.U.U.P.S. ചമ്പക്കുളം	V-VII	U.P.S.		√			114	81	195	8	8						II
4	മേരിമാതാ L.P.S. പുളിങ്കുന്ന്	I-V	L.P.S.		√			106	131	237	7	7			35 സെന്റ്	30 സെന്റ്		VII
5	ഗവ: L.P.S. ചമ്പക്കുളം	I-IV	L.P.S.	√				50	25	75	4	3	1		50 സെന്റ്	10 സെന്റ്	25 സെന്റ്	II
6	ഗവ: L.P.S. ആറ്റുവാത്തല	I-IV	L.P.S.	√				36	35	71	4	4			50 സെന്റ്	ഇല്ല		III
7	സെന്റ് ജോൺസ് L.P.S. തെക്കേക്കര	I-IV	L.P.S.			√		100	106	206	-	5			1.5 ഏക്കർ			III
8	ഫാ: തോമസ് പോരൂക്കര ഇംഗ്ലീഷ് സ്കൂൾ	V-VI	U.P.			√		37	19	56	-	3			5 ഏക്കർ	2 ഏക്കർ		II
	ആകെ.							850	778	1628	-	71	1	1				

പട്ടിക - 3

ചമ്പക്കുളം ഗ്രാമപഞ്ചായത്ത്

കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ആകെ കുട്ടികൾ			S.C. കുട്ടികൾ			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ						
								S.C കുട്ടികൾ			മറ്റുള്ളവർ			കുട്ടികൾ			S.C. മറ്റുള്ളവർ			
		M	F	T	M	F	T	M	F	T	M	F	T	M	F	T	M	F	T	Total
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21
1	G.H.S. തെക്കേക്കര	123	104	227	38	24	62	3	-	3	7	2	9							
2	D.V..H.S. കണ്ടങ്കരി	284	277	561	47	43	90	11	1	12	24	2	26				2	2	4	4
3	S.H.U.P.S. ചമ്പക്കുളം	114	81	195	9	5	14	3	2	5	9	6	15							
4	മേരിമാതാ L.P.S. പുളിങ്കുന്ന്	106	131	237	15	7	22	2	1	3	9	7	16							
5	G.L.P.S. ചമ്പക്കുളം	50	25	75	6	3	9													
6	G.L.P.S. ആറ്റുവാത്തല	36	35	71	2	2	4				3	-	3							
7	സെൻറ് ജോൺസ് L.P.S. തെക്കേക്കര	100	106	206	6	9	15													
8	ഫാ. തോമസ് പോരുക്കര ഇംഗ്ലീഷ് സ്കൂൾ	37	19	56																
	ആകെ.	850	778	1628	123	93	216	19	4	23	52	17	69				2	2	4	4

പട്ടിക - 4

ചമ്പക്കുളം ഗ്രാമ പഞ്ചായത്ത്

അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിച്ച വിവരങ്ങൾ

സ്കൂളുകൾ	വിദ്യാർത്ഥികൾ			അദ്ധ്യാപകർ			കെട്ടിടം	മറ്റ് സൗകര്യങ്ങൾ		ഫർണിച്ചർ
	ആണ്	പെണ്ണ്	ആകെ	ആണ്	പെണ്ണ്	ആകെ	വേണ്ടത്ര ഉള്ളവ	വേണ്ടത്ര ഇല്ലാത്തവ	വേണ്ടത്ര ഉള്ളവ	വേണ്ടത്ര ഇല്ലാത്തവ
1	2	3	4	5	6	7	8	9	10	11
L.P.S.	391	369	760			27	3	1	3	1
U.P.S.	295	269	564			44	1	-	1	-
H.S.	164	140	304				1	1	1	1
ആകെ	850	778	1628			71	5	2	5	2

പട്ടിക - 5

ചമ്പക്കുളം ഗ്രാമ പഞ്ചായത്ത്

സ്കൂൾ വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം (ശതമാനത്തിൽ)

ക്രമ നമ്പർ	സ്കൂളിന്റെ പേര്	കുട്ടികൾക്കു ലഭിച്ച മാർക്ക്				
		30%താഴെ	30%നും 40%നും ഇടയിൽ	41%നും 50%നും ഇടയിൽ	51%നും 60%നും ഇടയിൽ	60%ൽ ഇടയിൽ
1	2	3	4	5	6	7
1	G.H.S. തെക്കേക്കര	32.23	19.07	23.68	12.65	12.65
2	D.V.H.S. കണ്ടങ്കരി	44.80	14.25	11.58	10.99	18.32
3	S.H.U.P.S. ചമ്പക്കളും	5.64	12.35	17.43	17.11	47.69
4	മേരിമാതാ L.P.S. പുന്നക്കുന്നം	10.38	17.53	12.98	23.37	35.71
5	G.L.P.S. ചമ്പക്കളും	5.88	26.47	23.52	14.70	29.41
6	G.L.P.S. ആറ്റുവാത്തല	15.62	3.12	3.12	21.87	21.87
7	സെൻറ്: ജോൺസ് L.P.S. തെക്കേക്കര	8.25	12.84	26.60	29.35	22.93
8	ഫാ: തോമസ്, പോരുകര, ഇംഗ്ലീഷ് സ്കൂൾ	-	-	19.64	41.07	39.20
	ആകെ	17.54	15.09	17.32	21.39	28.47

പട്ടിക - 7

ചമ്പക്കുളം ഗ്രാമ പഞ്ചായത്ത്

അക്കാഡമിക് സൗകര്യങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ദൃശ്യശ്രാവ്യ ഉപകരണങ്ങളുടെ എണ്ണം											ബ്ലാക്ബോർഡ്					
		ഗ്രന്ഥശാല ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/ഇല്ല	ലൈബ്രേറി/സയൻസ് കോർണർ ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/ഇല്ല	പഠനോപകരണങ്ങൾ (മാപ്പ്, ചാർട്ട്, ഗ്ലോബ് വേണ്ടത്ര ഉണ്ട്/ഇല്ല	റേഡിയോ	ടേപ്റിക്കോർഡർ	ടി.വി. സെറ്റ്	വി.സി.ആർ വി.സി.പി	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	ഓവർ ഹെഡ് പ്രൊജക്ടർ	കമ്പ്യൂട്ടർ	ആവശ്യമുള്ളത്	നിലവിലുള്ളത്	95-96 -ൽ ലഭിച്ച അദ്ധ്യയന ദിവസം	പ്രത്യേക പൊതു അവധി കളില്ലാതെ നഷ്ടമായ അദ്ധ്യയന ദിവസങ്ങൾ	മാതൃസംഗമങ്ങൾ നടന്നിരുന്നു/അല്ല	P.T.A കൂടി പ്രവർത്തിക്കുന്നു പ്രവർത്തിക്കുന്നില്ല	ക്ലാസ്സ് P.T.A കൂടി പ്രവർത്തിക്കുന്നു/ഇല്ല
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
1	G.H.S. തെക്കേക്കര	√	√	X	X	X	X	X	X	X	√	X	10	8	193	5	√	√	X
2	D.V.H.S. കണ്ടങ്കരി	√	√	√	√	X	X	X	√	X	X	X	17	20	193	6	√	√	X
3	S.H.U.P.S.ചമ്പക്കുളം	√	√	X	X	X	X	X	X	X	X	X	3	3	193	4	√	√	X
4	മേരിമാതാ L.P.S. പുന്നക്കുന്നം	√	√	X	√	√	X	X	X	X	X	X	10	8	192	1	√	√	X
5	ഗവ: L.P.S.ചമ്പക്കുളം	√	√	√	√	√	X	X	X	X	X	X	4	7	192	7	√	√	X
6	ഗവ: L.P.S. ആറ്റുവാത്തല	√	√	X	√	√	X	X	X	X	X	X	4	5	191	-		√	X
7	സെൻറ് ജോൺസ് L.P.S.തെക്കേക്കര	X	X	X	X	X	X	X	X	X	X	X	5	5	194	6			
8	ഫാ: തോമസ് പോരുക്കര ഇംഗ്ലീഷ് സ്കൂൾചമ്പക്കുളം	√	√	√	√	X	X	X	X	X	X	X	2	2					
	ആകെ				5	3			1			1							

പട്ടിക - 8

ചമ്പക്കുളം ഗ്രാമ പഞ്ചായത്ത്

സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

ക്രമ നമ്പർ	സ്കൂളിന്റെ പേര്	കെട്ടിടങ്ങൾ				മുറികൾ									ഇനി ആവശ്യമായവയുടെ എണ്ണം											
		ഡിവിഷനുകളുടെ എണ്ണം	സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം	സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം	ഇതി ആവശ്യമായ മുറികൾ	കെട്ടിടം നിർമ്മിക്കാൻ സ്ഥലം ഉണ്ടോ	ഫർണിച്ചറുകളുടെ എണ്ണം	ഗ്രന്ഥശാലയുടെ കൈവശമുള്ള പുസ്തകങ്ങളുടെ എണ്ണം	ഇതി ആവശ്യമായ പുസ്തകങ്ങൾ	നിലവിലുള്ള കമ്പ്യൂട്ടറുകളുടെ എണ്ണം	ഇടയക്കയുള്ള കമ്പ്യൂട്ടറുകൾ (എണ്ണം)	കുടിവെള്ളം	വൈദ്യുതീകരണം	പാചകമുറി	ടോയ്ലറ്റ് സൗകര്യം	ചുറ്റുമതിലുകൾ	ഡെസ്ക്	ബെഞ്ച്	മേശ	കസേര	ലൈബ്രറി പുസ്തകം	ശാസ്ത്രം	ഗ്രന്ഥശാലാ	ഫർണിച്ചർ
	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25	26	27	28	29
1	G.H.S. തെക്കേക്കര	10	2	1	-	8	6	-	2	√	2	4	-	-		√	√	√	√	X	10	5	5	15	2	1	2	1	
2	D.V.H.S. കണ്ടങ്കരി	17	1	-	-	25	-		.	√	2	10	2	2	X	√	√	√	√	√	10	10	5	10	1				
3	S.H.U.P.S. ചമ്പക്കുളം	6	3	-	-	8	-		.	.	.	-	2	-		X	√	√	√	X	5	10	2	5	1				
4	മേരിമാതാ L.P.S. പുന്നക്കുന്നം	7	3	5	-	1	10		2	X	2	-	1	1		X	X	√	X	X	12	12	3	3					1
5	G.L.P.S. ചമ്പക്കുളം	4	1	1	-	4	3	-	2	√	2	30	-	2		X	X	√	X	√	-								
6	G.L.P.S. ആറ്റുവാത്തല	4	1	-	-	4	-		-	X	1	-	1	1		X	X	√	X	X	10	-	1	3	1				
7	ഫാ: പോരൂക്കര	5	2	-	-	-	-		-	.	1	12	-	2			√			√									
8	ഇംഗ്ലീഷ് സ്കൂൾ	2	1	-	-	3	-		-	.		-	-	-			√												
	ആകെ	55	4	7		53	19		6		10	56	6	7		1					47	37	15	36	5	1	2	1	1

സാധ്യതകൾ (പരിഹാരങ്ങൾ)

1. അങ്കണവാടികളിലെ പഠന കളിസൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
2. വിവിധ ശിശുവിദ്യാഭ്യാസ കേന്ദ്രങ്ങളിലെ സിലബസ് ഏകീകരിക്കുക
3. പ്രീ-പ്രൈമറി തലം മുതൽ നാലാം തരം വരെ അദ്ധ്യയനമാധ്യമം നിർബന്ധമായും മാതൃഭാഷയാക്കുക.
4. വർഷാരംഭത്തിൽ തന്നെ വിദ്യാലയത്തിലുണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുക. ഇതിനായി പി. എസ്. സി. എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് എന്നിവിടങ്ങളിൽ നിന്നും നടപടിയുണ്ടായില്ല എങ്കിൽ പഞ്ചായത്ത് നേരിട്ട് പരിശീലനം സിദ്ധിച്ചവരെ നിയമികക്കേണ്ടതാണ്.
5. അദ്ധ്യാപകരക്ഷാകർതൃയോഗങ്ങളും മാതൃസംഗമങ്ങളും കൂടുതൽ സജീവമാക്കണം. ക്ലാസ്സ് പി.റ്റി. എ. സമ്പ്രദായം മുഴുവൻ വിദ്യാലയങ്ങളിലും നടപ്പിൽ വരുത്തണം. അദ്ധ്യാപകർ വിദ്യാർത്ഥി, രക്ഷിതാവ് എന്നിവർ ക്ലാസ് തലത്തിൽ ഒന്നിച്ചിരുന്ന് കാര്യങ്ങൾ ചർച്ചചെയ്യണം.
6. 9-ാം ക്ലാസ്സ് പരീക്ഷാഫലം അറിയുന്നതു മുതൽ വെക്കേഷൻ ക്ലാസ്സുകളും വിദ്യാലയം കേന്ദ്രീകരിച്ച് രാത്രികാല പഠനങ്ങളും നടത്തുക.
7. പഞ്ചായത്ത് പരിധിയിൽ വരുന്ന വിദ്യാലയങ്ങളിൽ നിന്നും ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന വിദ്യാർത്ഥികളെ (1 മുതൽ 10 വരെ) പ്രോത്സാഹിപ്പിക്കുന്നതിന് ക്യാഷ് അവാർഡുകളും വിദ്യാഭ്യാസ മൂല്യമുള്ള സമ്മാനങ്ങളും നൽകുക.
8. പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ അക്കാഡമിക സൗകര്യങ്ങൾ പങ്കുവയ്ക്കുന്നതിനായി, മുഴുവൻ വിദ്യാലയങ്ങളെയും ചേർത്ത് പഞ്ചായത്ത് വിദ്യാഭ്യാസ കോംപ്ലക്സ് രൂപവത്ക്കരിക്കുക. പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി പഞ്ചായത്ത് വിദ്യാഭ്യാസ കമ്മറ്റി രൂപീകരിക്കുക. പഞ്ചായത്ത് വിദ്യാഭ്യാസ കലണ്ടർ തയ്യാറാക്കുക.
9. വിദ്യാലയത്തിനുള്ളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി അദ്ധ്യാപന പരിശീലനം സിദ്ധിച്ച തൊഴിൽ രഹിതർ, പെൻഷൻ പറ്റിയ അദ്ധ്യാപകർ, സന്നദ്ധപ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെ അക്ഷരവേദി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
10. ക്ലാസ്സുകൾ തമ്മിൽ വേർതിരിക്കുന്നതിന് സ്ക്രീൻ നിർമ്മിക്കുകയോ ഭിത്തികെട്ടുകയോ ചെയ്യുക.
11. ബഞ്ച് ഡസ്ക് ഇവയുടെ അപര്യാപ്തതയുണ്ടെങ്കിൽ പരിഹരിക്കുക.
12. വിദ്യാലയങ്ങളിലെ കളിസ്ഥലങ്ങൾ ഉയർത്തുക. കളിസ്ഥലമില്ലെങ്കിൽ നിർമ്മിക്കുക.
13. മൂത്രപ്പുര കക്കൂസ് തുടങ്ങിയവയുടെ അപര്യാപ്തത പരിഹരിക്കുക.
14. ഉച്ചഭക്ഷണ വിതരണ പരിപാടി പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കാര്യക്ഷമമാക്കുക.
15. വിദ്യാലയങ്ങളിൽ പ്രഥമ ശുശ്രൂഷാ സൗകര്യം ഉണ്ടാക്കുക.
16. സൗജന്യ വൈദ്യപരിശോധന സൗകര്യങ്ങൾ ചെയ്യുക
17. കായിക പരിശീലനങ്ങൾ നിർബന്ധമാക്കുക.
18. വിദ്യാലയങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികളെടുക്കുക.
19. സാങ്കേതിക (തൊഴിലധിഷ്ഠിത) വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകുക. പഞ്ചായത്തിൽ ഒരു ഐ. റ്റി. ഐ. സ്ഥാപിക്കുക. തെക്കേക്കര എച്ച് എസിന്റെ ആഭുമുഖ്യത്തിൽ ഒരു വി. എച്ച്. എസ്. സി. സ്ഥാപിക്കുക.

20 ഒരു തയ്യൽ പരിശീലനകേന്ദ്രം ആരംഭിക്കുക.

21. സമീപ വിദ്യാലയരീതി (Neighbouring School System) നടപ്പിൽ വരുത്തുക. ഇതിനായി ആശയ പ്രചരണങ്ങൾ നടപ്പാക്കുക.

    പഞ്ചായത്തിൽ അൺ എയ്ഡഡ് വിദ്യാലയങ്ങൾക്ക് ഇനി അംഗീകാരം നൽകാതിരിക്കുക.
22. പുല്ലങ്ങടി നിവാസികൾക്കായി ഒരു ലോവർ പ്രൈമറിസ്കൂൾ (എൽ. പി. എസ്) നിർമ്മിക്കുക.

23. വിദ്യാലയങ്ങൾക്ക് ചുറ്റുമതിൽ നിർമ്മിക്കുക.

24. പൊതു വിദ്യാലയങ്ങളോട് ചേർന്ന് മാതൃകാപരമായി പ്രവർത്തിക്കുന്ന മലയാളം മാധ്യമമായുള്ള ശിശുവിദ്യാലയങ്ങൾ തുടങ്ങുക.

25. പഞ്ചായത്തിൽ കുട്ടികളുടേതായ ഒരു ഗ്രന്ഥശാല സ്ഥാപിക്കുക. കുട്ടികളുടെ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിന് നിലവിലുള്ള ഗ്രന്ഥശാലകളിൽ ബാലസാഹിത്യകോർണറുകൾ ആരംഭിക്കുക.

26. ദേശീയാഘോഷങ്ങൾ, സവിശേഷ പ്രാധാന്യമുള്ള ദിനങ്ങൾ ഇവ സുചിതമായി ആഘോഷിക്കുക/ ആചരിക്കുക.

27. വിദ്യാഭ്യാസത്തെക്കുറിച്ചും ശിശു മനഃശാസ്ത്രത്തെക്കുറിച്ചും രക്ഷകർത്താക്കൾക്ക് ഇടയിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

28. അംഗൻവാടി പ്രവർത്തകർക്കായി പരിശീലനങ്ങൾ നടത്തുക.


29. തെക്കേക്കര ഗവ. ഹൈസ്ക്കൂളിൽ പ്രവർത്തനക്ഷമമല്ലാത്ത കെട്ടിടം പൊളിച്ചുമാറ്റുന്നതിന് നടപടി സ്വീകരിക്കുക.

30. പാഠപുസ്തകങ്ങൾ സമയത്തിന് വിതരണത്തിനെത്തിക്കുക.

31. നാടിന്റെ വികസനവുമായി ബന്ധപ്പെടുത്തി ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെ പുനഃസംവിധാനം ചെയ്യുക.

32. ഗവ:. എൽ. പി. എസ്. ചമ്പക്കുളം പഴയകെട്ടിടം പൊളിച്ചു ഓഫീസു കെട്ടിടം പണിതാൽ ബാക്കി സ്ഥലം കളി സ്ഥലമായി ഉപയോഗിക്കാം.

****



4 F സ്ത്രീപദവി

ഒരു സമൂഹം എന്നനിലയിൽ നമ്മുടെ നാട്നേരിടുന്ന പ്രശ്നങ്ങൾക്കു പുറമേ സ്ത്രീ എന്ന നിലയിൽ സവിശേഷമായ പ്രശ്നങ്ങളും അവർ അനുഭവിക്കേണ്ടിവരുന്നു. ഒരു നവജാതശിശു ആണോ പെണ്ണോ എന്ന് അറിയുന്നതോടെ അതാതു സമൂഹത്തിന്റെ പ്രത്യയ ശാസ്ത്രങ്ങൾക്കനുസൃതമായി ആ ശിശുവിൽ പുരുഷനേറയോ സ്ത്രീയുടേയൊ സാമൂഹ്യപദവി ക്രമേണ നിക്ഷേപിച്ചുതുടങ്ങുന്നു. പെൺകുട്ടികളെ വളരെ ചെറുപ്പം മുതൽതന്നെ അടുക്കള ജോലി, ഗൃഹശുചീകരണം, ശിശുസംരക്ഷണം തുടങ്ങിയ തൊഴിലുകൾ പരിശീലിപ്പിക്കാൻ മാതാപിതാക്കൾ താൽപര്യം കാട്ടുന്നു. കൂടുതൽ വിദ്യാഭ്യാസം നേടാൻ അവസരം ലഭിക്കുന്നത് ആൺകുട്ടികൾക്കാണ്. അങ്ങനെ തൊഴിൽ വിഭജനത്തിലൂടെ രണ്ടു വിഭാഗങ്ങളെ സൃഷ്ടിക്കുകയും ഒന്നു മറ്റൊന്നിനെ ആശ്രയിച്ചു മാത്രം കഴിയുക എന്ന സ്ഥിതി ഉണ്ടാക്കുകയും ചെയ്തു. തൊഴിൽ വിഭജന രീതി പ്രകാരം സ്ത്രീകൾക്കായുള്ള തൊഴിലുകൾക്ക് പുരുഷന്മാരുടേതിനേക്കാൾ താണ പദവി നൽകുകയും ചെയ്യുന്നു. ഇതാണ് പൊതുസ്ഥിതിയെങ്കിൽ കാർഷിക മേഖലയിലെ സ്ഥിതി കുറച്ചുകൂടി സങ്കീർണ്ണമാണ്. സ്ത്രീകളുടെ തൊഴിൽ ശക്തിയുടെ 40% കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നു. മൊത്തം കർഷകത്തൊഴിലാളികളിൽ ഏകദേശം 70% സ്ത്രീകളാണ്. കാർഷിക മേഖലയിലെ മുഖ്യ തൊഴിൽ വിഭാഗമായതുകൊണ്ട് കാർഷിക സമ്പദ്വ്യവസ്ഥയിൽ സ്ത്രീകളുടെ പങ്ക് പ്രധാനമാണ് എന്നു കാണാം. 25% കുടുംബങ്ങൾ മാത്രമാണ് കാർഷിക വൃത്തിയെ മാത്രം ആശ്രയിച്ചു കഴിയുന്നത്. നെൽകൃഷിക്കുള്ള ചെലവ് മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടിയതുകൊണ്ടു തൊഴിലാളികളെ കുറച്ചുപയോഗിക്കുന്നു എന്നും പുതിയ പ്രവണതകൾ കാണിക്കുന്നു. ആധുനിക സാങ്കേതികവിദ്യ തൊഴിലവസരങ്ങൾ കുറച്ചിട്ടുണ്ട്. കാർഷിക മേഖലയിലെ പുരുന്മാർ കാർഷികേതരമായ മറ്റ് തൊഴിലുകൾ തേടുന്നു. എന്നാൽ സ്ത്രീകൾ കാർഷിക മേഖലയിൽ തന്നെയാണ് നിലനിൽക്കുന്നത്. 70 മുതൽ 80%വരെ കർഷകത്തൊഴിലാളി കുടുംബങ്ങളിൽ വരുമാനത്തിന്റെമുഖ്യ

സമ്പാദകർ സ്തീകളാണ്.* ഒരു ഹെക്ടറിൽ താഴെ കൃഷിയുള്ള കുടുംബങ്ങളിൽനിന്നും സ്തീകൾ കാർഷിക തൊഴിലുകളിൽ ഏർപ്പെടുന്നു. കാർഷികമേഖലയിലെ സ്ത്രീ പുരുഷ അനുപാതം 5:1 ആണ്. 1957 -ൽ മിനിമം വേജ് നടപ്പിലാക്കിയതോടെ ഒരു വനിതാ തൊഴിലാളിക്ക് ഒരു പുരുഷന് ലഭിക്കുന്നതിന്റെ പകുതി വേതനം ലഭിച്ചിരുന്നു. ഏകദേശം ഒന്നര രൂപാ ദിവസക്കൂലി. കൂലി നിരക്കിൽ വ്യത്യാസങ്ങൾ വന്നെങ്കിലും ഈ സ്ത്രീ പുരുഷവേതന അന്തരം ഏറെ മാറ്റമില്ലാതെ തുടരുന്നു. കാർഷികമേഖലയിൽ ഒരേ ജോലിക്കുതന്നെ സ്ത്രീക്ക് പുരുഷനേക്കാൾ കുറഞ്ഞ വേതനനിരക്കാണുള്ളത്. (ഉദാഹരണം: കണ്ടത്തിലെ കള കുത്തിമാറ്റൽ, പൊലി ചുമന്നിടൽ.... മുതലായവ) പുരുഷന് 70 രൂപയും സ്ത്രീക്ക് 44 രൂപയും ദിവസ വേതനമായി നൽകുന്നു. മറ്റൊരു ചൂഷണ മേഖലകൂടി കാണേണ്ടതുണ്ട്. പുരുഷൻ ജോലികഴിഞ്ഞ് വീട്ടിലെത്തിയാൽ പിന്നീടുള്ള സമയം അയാൾക്കു വിശ്രമവേളയാണ്. എന്നാൽ സ്ത്രീക്കോ? വിശ്രമവേള ഇല്ല എന്നുതന്നെ പറയാം. പാടത്ത് അല്ലെങ്കിൽ ഓഫീസിൽ ജോലികഴിഞ്ഞ് വീട്ടിലെത്തുന്ന സ്ത്രീ വീട്ടുജോലികൾ ആരംഭിക്കുകയായി. ഇന്നു ജോലി ചെയ്തതിലൂടെ നഷ്ടപ്പെട്ട അദ്ധ്വാനശക്തിയെ പുനരുൽപ്പാദിപ്പിക്കുന്നതിനായുള്ള ഭക്ഷണം തയ്യാറാക്കൽ എന്ന 'ഗൃഹജോലി'. അതിനിടയിൽ വീണുകിട്ടുന്ന സമയത്തോ, സമയം കണ്ടെത്തിയോ അടുക്കളത്തോട്ട നിർമ്മാണം കോഴി താറാവു വളർത്തൽ എന്നിങ്ങനെ ജോലികളും. വേതനം ലഭിക്കുന്ന ജോലിക്കായി 6 മണിക്കൂറും ഗാർഹിക ജോലികൾക്കായി 12 മണിക്കൂറും ഉറക്കത്തിനായി 6 മണിക്കൂറുമാണ് ഒരു സ്ത്രീക്കു ശരാശരി ലഭിക്കുന്നത്.

സാമൂഹ്യവികാസത്തിന്റെ ഒരു ഘട്ടത്തിൽ മാറുമറയ്ക്കാൻ സ്വാതന്ത്ര്യമില്ലാതിരുന്ന ഒരു കാലവും അവർക്കുണ്ടായിരുന്നു. കോടിയുടുക്കാൻ പാടില്ല, മുട്ടിനുമുകളിൽ നില്ക്കുന്ന ഒറ്റമുണ്ടു മാത്രമേ ഉടുക്കാൻ പാടുള്ളു. അവർ കൂടുതലും അന്ധവിശ്വാസങ്ങളുടെ അടിമകളും, അനാചാരങ്ങളുടെ ബലിയാടുകളും ആയിരുന്നു.


സമൂഹത്തിലെ ഇടത്തരം കുടുംബങ്ങളിലെ സ്ഥിതിയും പരിഗണിക്കേണ്ടതുണ്ട്. സ്ത്രീക്ക് സ്വന്തമായി യാതൊരു വരുമാന മാർഗ്ഗവുമില്ല. കുഞ്ഞുങ്ങളെ വളർത്തലും ഗൃഹജോലികളിലുമായി അവർ ഒതുങ്ങിക്കൂടുന്നു. അവിടെയും അസ്വാതന്ത്ര്യത്തിന്റെ കാണാച്ചരടുകൾ കാണുകയായി. പലപ്പോഴും ആരാധനാലയങ്ങളിലേക്കുള്ള യാത്ര മാത്രമായിരിക്കും അൽപമൊരാശ്വാസം. ഇതിൽനിന്ന് കുറച്ചെങ്കിലും മാറ്റം ഉദ്യോഗസ്ഥകളുടെ സ്ഥിതിയിലായിരിക്കാം. സാമ്പത്തികമായി മുന്നിലെത്തുമ്പോഴും സ്ത്രീ വിവേചനത്തിന്റെ തായി പിന്നോക്കാവസ്ഥയുടെ ചിത്രം അവിടെയും കാണാൻ കഴിയും.

വിവാഹം എന്ന 'പ്രക്രിയ'യോടടുക്കുമ്പോൾ സ്ത്രീധനം എന്ന അനാചാരം സ്ത്രീക്ക് അഭിമുഖീകരിക്കേണ്ടിവരുന്നു. ചരിത്രപരമായി കുട്ടനാടൻ കർഷകത്തൊഴിലാളികളും സാധാരണ ജനവിഭാഗങ്ങളും ഈ ആചാരത്തോട് ആഭിമുഖ്യം പുലർത്തിയിരുന്നില്ല എന്നു കാണാം. വിവാഹം കഴിച്ചു കൊണ്ടുവരുന്ന സ്ത്രീയും തന്നെപ്പോലെ, അദ്ധ്വാനശക്തിയുടെ ഉടമയാണ് എന്ന തിരിച്ചറിവായിരുന്നു ഇതിനുപിന്നിൽ. അതുകൊണ്ടാണ് വിവാഹത്തോടനുബന്ധിച്ച് വരൻ വധുവിന്റെ പിതാവിന് 'പെൺപണം' നൽകിയിരുന്നത്. 101 ചക്രം മുതൽ 501 ചക്രംവരെ ഇങ്ങനെ പെൺപണം നൽകി 'പെണ്ണി'നെ കൊണ്ടുപോയിരുന്നു. ഏതു ഘട്ടത്തിലാണ് അതു തിരിഞ്ഞ്, വധുവിന്റെ പിതാവ് വധുവിനോടൊപ്പം വരന് 'സ്ത്രീധനം നൽകണം എന്നത് അന്വേഷണവിധേയമാക്കണം. 'നിരോധ' നിയമങ്ങളെയെല്ലാം അവഗണിച്ചുകൊണ്ട് സമൂഹത്തിന്റെ അനുഗ്രഹാശിസ്സുകളോടെ സ്ത്രീധനം ഇന്നും നിലനിൽക്കുന്നു. സ്ത്രീയുടെ പിന്നോക്കാവസ്ഥയുടെ ഒരു ഉദാഹരണം നോക്കാം. പഞ്ചായത്തിൽ സ്ത്രീകളുടെ വിദ്യാഭ്യാസനിലവാരം പുരുഷന്മാരുടേതിനേക്കാൾ ഏറെ പിന്നിലല്ല.

പട്ടിക - 1

	സാക്ഷരത ശതമാനം	നവ സാക്ഷരരുടെ എണ്ണം	വിദ്യാർത്ഥികളുടെ എണ്ണം
സ്ത്രീ	96.18	134	778
പുരുഷൻ	98.10	21	850

* അവലംബം : മങ്കൊമ്പ് നെല്ലു ഗവേഷണകേന്ദ്രം നടത്തിയ പഠനം.



എന്നാൽ ഗ്രന്ഥശാലയും വായനശാലയും ഉപയോഗിക്കുന്നതിൽ സ്ത്രീകൾ വളരെ പിന്നിലായിരിക്കുന്നു.

പട്ടിക - 2

വായനക്കാരുടെ എണ്ണം	ചമ്പക്കുളം പബ്ലിക് ലൈബ്രറി	ദേശസേവിനി പുന്നക്കുന്നം
സ്ത്രീ	82	
പുരുഷൻ	640	
ആകെ	722	

വായനശാലകളും ഗ്രന്ഥശാലകളും പുരുഷന്മാരുടേതായി കണക്കാക്കുന്നു. വീട്ടിനകത്തെ ജോലികഴിഞ്ഞ് വീട്ടമ്മയ്ക്ക് ഇതിന് സമയം കിട്ടില്ല എന്ന് 'ഭാഷ്യം' വായനശാലകളിൽപോയി മനസ്സിന്റെ ബദ്ധപ്പാടുകൾ ഇറക്കിവച്ച് പത്രമാസികകൾ വായിക്കാനോ സ്വന്തം താൽപര്യത്തിനൊത്ത പുസ്തകങ്ങൾ തെരഞ്ഞെടുക്കാനോ അവർക്ക് സാഹചര്യമില്ല. വീട്ടിലെ പുരുഷന്മാരോ ലൈബ്രറിയൻ തന്നെയോ തെരഞ്ഞെടുക്കുന്ന പുസ്തകങ്ങൾ വായിക്കുകയെന്നതാണ് പലപ്പോഴും സംഭവിക്കുന്നത്. പരോക്ഷമായി- 'നീ ഇതു വായിച്ചാൽ മതി' എന്നു തീരുമാനിക്കുന്നതിന് സമമായിരുന്നു ഇത് ഒരു. പെൺകുട്ടി വായനശാലയിൽ പോകാൻ തയ്യാറിയി എന്നുതന്നെ വയ്ക്കുക. പരിഹാസവും അവഹേളനവുമായിരിക്കും ഫലം. പാഠപുസ്തകങ്ങളല്ലാതെ മറ്റ് പുസ്തകങ്ങൾ പെൺകുട്ടികൾ വായിക്കുന്നത് സമൂഹം നല്ല നിലയിൽ വീക്ഷിക്കുന്നില്ല. വിവാഹിതയായിക്കഴിഞ്ഞാലോ? ഗൃഹജോലിയുടെ ഭാരംമൂലം ഗ്രന്ഥശാലയിലോ വായനശാലയിലോ പോയി വായിക്കണമെന്ന് ആഗ്രഹിച്ചാൽപോലും നടക്കാതെയും വരുന്നു. സമൂഹം പൊതുവെയും സ്ത്രീകൾ വിശേഷിച്ചും സ്ത്രീയുടെ മർദ്ദിതാവസ്ഥയെക്കുറിച്ച് ബോധ്യമുള്ളവരല്ല. ഈ ചൂഷിതാവസ്ഥയെക്കുറിച്ച് തിരിച്ചറിവ് നേടിക്കൊണ്ടാവണം സ്ത്രീ പദവി ഉയർത്തുന്നതിനാവശ്യമായ പരിപാടികൾ വിലയിരുത്തേണ്ടതും, പുതിയവ ആസൂത്രണം ചെയ്യേണ്ടതും.

ആശുപത്രിയിലെത്തുന്ന രോഗികളിൽ സ്ത്രീകളാണ് കൂടുതൽ കാർഷികമേഖലയിൽ തോഴിൽ കൂട്ടലുള്ളപ്പോൾ രോഗികൾ കുറയുന്നതായും, അതു കഴിയുമ്പോൾ രോഗികൾ കൂടുന്നതായും കാണുന്നു. പഞ്ചായത്തിന്റെ പരിധിയിൽ 14 അംഗൻവാടികളുണ്ട്. ഒരു ശിശു വിദ്യാഭ്യാസകേന്ദ്രം എന്നനിലയിലാണ് അവയുടെ പ്രവർത്തനം. സ്ത്രീകളുടെയും, ഗർഭിണികളുടെയും അമ്മമാരുടെയും ആരോഗ്യകാര്യത്തിൽ ശ്രദ്ധ ആവശ്യമായതോതിൽ ലഭിക്കുന്നില്ല.

സ്ത്രീകളുടെ മേഖലയിൽ തൊഴിലില്ലായ്മ ഒരു പ്രശ്നം തന്നെയാണ്. തൊഴിൽ തെരഞ്ഞെടുക്കുന്നതിനുള്ള ചോയിസ് അവർക്ക് കുറവാണ്. കാർഷിക മേഖലയിൽ യന്ത്രവത്കരണം, വിളമാറ്റം എന്നിവ ആ മേഖലയിലെ സ്ത്രീ തൊഴിലാളികളെ പുറന്തള്ളുന്നു. ഇത് സ്ത്രീകളെ വീണ്ടും തൊഴിൽ രഹിതരാക്കും. കാർഷികമേഖലയിൽ പുരുഷ തൊഴിലാളിയുടെ എണ്ണം കുറഞ്ഞുവരുന്നു. സ്ത്രീകൾ ആ രംഗത്ത് പിടിച്ചുനില്ക്കുകയും ചെയ്യുന്നു. തൊഴിലാളികളുടെ എണ്ണത്തിൽ സാരമായ കുറവു വരുന്നതുകൊണ്ട് ആവശ്യമായ ചർച്ചകൾക്കുശേഷം യന്ത്രവത്കരണത്തെക്കുറിച്ച് ആലോചിക്കാം. യന്ത്രവത്കരണത്തെക്കുറിച്ച ആലോചിക്കുമ്പോൾ യന്ത്രം ഉപയോഗിക്കുന്നതിന് ആവശ്യമായ പരിശീലനം സ്ത്രീകൾക്ക് നൽകണം. യന്ത്രവത്കരണത്തിന്റെ ഫലമായി പുറന്തള്ളപ്പെടുന്നവരുടെ എണ്ണം കണക്കാക്കുകയും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുതകുന്ന പരിപാടികൾ ആസൂത്രണം ചെയ്യുകയും വേണം.

സ്ത്രീ പദവി ഉയർത്തുന്നതിനാവശ്യമായ പദ്ധതിയായ ഡി.ഡബ്ല്യു.സി.ആർ.എ. (ഡെവലപ്പ്മെൻറ് ഓഫ് വിമൻ ആൻഡ് ചിൽഡ്രൻ ഇൻ റൂറൽ ഏരിയ) യുടെ 2 യൂണിറ്റുകൾ 4 -ാം വാർഡിൽ പ്രവർത്തിക്കുന്നു. ശ്രീമതി കുഞ്ഞമ്മ ജോസഫ് കൺവീനറായുള്ള നവജ്യോതി ഗ്രാമ വികസനകേന്ദ്രവും ശ്രീമതി ലില്ലിക്കുട്ടി കൺവീനറായുവെള്ള നവജ്യോതി ബേക്കറി യൂണിറ്റും നവജ്യോതി ഗ്രാമവികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നവജ്യോതി റൂറൽ സാനിട്ടറി മാർട്ട് എന്ന പേരിൽ 26-12-96 -ൽ ഒരു സ്ഥാപനം പ്രവർത്തനം ആരംഭിച്ചു.

നാലാം വാർഡിൽത്തന്നെ ഒരു ക്ഷീരോൽപന്ന നിർമ്മാണ യൂണിറ്റും ഒരു കറി പൗഡർ നിർമ്മാണ യൂണിറ്റും നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ട്. ചുന്നപ്രയിലെ കമ്യൂണിറ്റി പോളിടെക്നിക് പദ്ധതിപ്രകാരം 4 -ാം വാർഡിൽ ഒരു ഗാർമെൻറ് മെയ്ക്കിംഗ് യൂണിറ്റും തയ്യൽ പരിശീലന കേന്ദ്രവും ഒന്നാം വാർഡിൽ ഒരു ബാഗ് നിർമ്മാണകേന്ദ്രവും (പരിശീലനം) പ്രവർത്തിക്കുന്നു. ഇവയിൽ ബാഗ് നിർമ്മാണ പരിശീലന യൂണിറ്റിന്റെ പ്രവർത്തനം തൃപ്തികരമല്ല. *പട്ടിക - 3

പട്ടിക - 3

മഹിളാ സമാജങ്ങൾ - ചമ്പക്കുളം ഗ്രാമപഞ്ചായത്ത്

ക്രമ നമ്പർ	മഹിളാ സമാജത്തിന്റെ പേര്	പ്രസിഡൻറിന്റെ വിലാസം	സെക്രട്ടറിയുടെ വിലാസം	റജിസ്റ്റർ നമ്പർ	പരിപാടികൾ
1	നവജ്യോതി മഹിളാസമാജം	കുഞ്ഞമ്മ ജോസഫ്		A 241/94 741/93 ബേക്കറി	A. 161/96 കറിപ്പൗഡർ യൂണിറ്റ് D.W.C.R.A യൂണിറ്റ് D.W.C.R.A
2	വികാസ്ഗ്രാമവികസന കേന്ദ്രം- മഹിളാ സമാജം	ലീലാമ്മ ജെയിംസ് കുട്ടുമ്മേൽ	വത്സമ്മ അലക്സ് തോട്ടുമുഖം	A. 385/95	
3	ഗ്രാമദീപം മഹിളാ സമാജം	സരസമ്മ വിശ്രാന്തി ഭവൻ	മോളി കളപ്പുരയ്ക്കൽ	A. 549/95	

പ്രശ്നങ്ങൾ (ഗ്രാമസഭകളിൽനിന്നും)

1 സ്ത്രീകൾ പൊതുരംഗത്തേയ്ക്ക് കൂടുതലായി കടന്നുവരുന്നില്ല. സ്ത്രീയുടെ അപകർഷതാബോധം, പുരുഷന്റെ ഇഷ്ടമില്ലായ്മയും അനുവാദമില്ലായ്മയും സമൂഹത്തിന്റെ തെറ്റായ മനോഭാവം, അപമാനം, അപവാദം, ആരോപണം എന്നിവയോടുള്ള ഭയം, സംഘടനകളിലെ പുരുഷമേധാവിത്വം, സ്ത്രീകളുടെ അമിത ജോലിഭാരം എന്നിവ ഇതിനു കാരണങ്ങളാണ്. വികസനസമിതി യൂണിറ്റുകൾ, കെ.ഐ.ആർ. ഡി.ഇ.ഡി. എന്നിവയിൽ സ്ത്രീ നേതൃത്വം നിലനില്ക്കുന്നു.

2. സ്ത്രീക്ക് സ്വന്തമായി വരുമാനമില്ല എന്ന അവസ്ഥ പൊതുവായി നിലനില്ക്കുന്നു.

3. കയർ പിരിക്കുവാൻ പരിശീലനം നേടിയവർ യന്ത്രം വാങ്ങാൻ പണമില്ലാതെ കുഴങ്ങുന്നു.

4. സ്ത്രീകൾ സാങ്കേതിക വിദ്യാഭ്യാസത്തിൽ പിന്നിലായിരിക്കുന്നു.

5. പഞ്ചായത്തിലെ ചില പ്രദേശങ്ങളിലെ വഴികൾ സ്ത്രീകൾക്ക് നടന്നുപോകാൻ കഴിയാത്തവിധം ഇരുൾ നിറഞ്ഞതാണ്. (രാത്രി)

6. സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്നതും നമ്മുടെ സംസ്കാരത്തെ നശിപ്പിക്കുന്നതുമായ സിനിമാ പോസ്റ്ററുകൾ പതിക്കുന്നു.

7. മദ്യപാനംമൂലം കുടുംബങ്ങൾ കഷ്ടപ്പെടുന്നു.

8. അടുപ്പിലെ കരിയും പുകയും ശ്വസിച്ച് സ്ത്രീകൾ കഷ്ടപ്പെടുന്നു, രോഗികളാവുന്നു.

9. സ്ത്രീകളാണ് രോഗകളിൽ കൂടുതൽ. അവർക്ക് രോഗാതുരത കൂടുതലാണ്.

10. വിധവകളുടെ കുടുംബങ്ങൾ സാമ്പത്തികമായി കൂടുതൽ കഷ്ടപ്പെടുന്നു.

11. കുടിവെള്ള ലഭ്യതയും കക്കൂസ് സൗകര്യവും ഇല്ലാത്തിനാൽ കഷ്ടപ്പെടുന്നത് കൂടുതലും സ്ത്രീകളാണ്.

12. ബസ്സ്റ്റാൻറുകളിൽ വെയിറ്റിങ്ങ് ഷെഡ്, മൂത്രപ്പുര എന്നിവയില്ലാതെ സ്ത്രീകൾ ബുദ്ധിമുട്ടനുഭവിക്കുന്നു.

13. വേതനനിരക്കിൽ സ്ത്രീ-പുരുഷ അന്തരം നിലനിൽക്കുന്നു.

14. സ്ത്രീകളെ ചില പ്രത്യേക തൊഴിലുകളിൽ തളച്ചിടുന്നു.

15. വിവാഹത്തോടനുബന്ധിച്ച് സ്ത്രീധനം എന്ന അനാചാരം നിലനിൽക്കുന്നു. ഇതിന്റെ പേരിൽ കുടുംബങ്ങൾ കഷ്ടപ്പെടുന്നു.

പരിഹാരം (സാധ്യത)

1) സ്ത്രീയ്ക്ക് കുടുംബത്തിലും സമൂഹത്തിലും പുരുഷനൊപ്പം സ്ഥാനം നൽകുക. അതിനാവശ്യമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുകയും വികസന പ്രവർത്തനങ്ങളിൽ പങ്കാളിയാക്കുകയും ചെയ്യുക.
2) സ്ത്രീകൾക്ക് വരുമാന വർദ്ധനവിനായി പദ്ധതികൾ ആസൂത്രണം ചെയ്യുക.
3) തയ്യൽ പരിശീലനകേന്ദ്രങ്ങൾ റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകൾ, ക്ഷീരോൽപാദകയൂണിറ്റുകൾ, ക്ഷീരോൽപന്ന നിർമ്മാണ യൂണിറ്റുകൾ എന്നിവ സാധ്യതയുള്ള മുഴുവൻ സ്ഥലങ്ങളിലും ആരംഭിക്കുക.
4) സ്ത്രീകൾക്കായി പ്രത്യേക സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും സാങ്കേതിക പരിശീലന കേന്ദ്രങ്ങളും ആരംഭിക്കുക. വാച്ച്, റേഡിയോ, ടി.വി., കമ്പ്യൂട്ടർ ഉപകരണങ്ങൾ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ എന്നിവയിൽ പരിശീലനം നൽകുക.
5) മഹിളാസമാജങ്ങൾ, വനിതാസഹകരണ സംഘങ്ങൾ എന്നിവ രൂപീകരിക്കുക. തഴപ്പായനെയ്ത്ത്, കുട്ടനിർമ്മാണം, ആട്, മാട്, കോഴി, താറാവ് എന്നിവ വളർത്തുന്നതിനും അടുക്കളത്തോട്ട നിർമ്മാണത്തിനും പദ്ധതികൾ രൂപീകരിക്കുക.
6) സ്വയംതൊഴിൽ പദ്ധതിയിൽ സ്ത്രീകൾക്ക് മുൻഗണന നൽകുക.
7) കയർ പിരിക്കുന്നതിൽ പരിശീലനം സിദ്ധിച്ചവർക്ക ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായ നൽകുക.
8) വിധവകൾക്കും വികലാംഗർക്കും ക്ഷേമപദ്ധതികളിൽ മുൻഗണന നൽകുക.
9) വിധവാ പെൻഷൻ അർഹരായ മുഴുവൻപേർക്കും നൽകുക.
10) സ്ത്രീകൾക്ക് പൊതുകുളിക്കടവ് നിർമ്മിക്കുക.
11) പഞ്ചായത്തിലെ ഇരുൾനിറഞ്ഞ വഴികളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.
12) പഞ്ചായത്ത് പരിധിയിൽ പതിക്കുന്ന സിനിമാ പോസ്റ്ററുകൾ പഞ്ചായത്തിന്റെ അനുമതിയോടെ മാത്രം പതിക്കുക. (സീൽ പതിക്കുക) അശ്ലീലമായ പോസ്റ്ററുകൾ പതിക്കാൻ അനുവാദം നൽകാതിരിക്കുക. അഥവാ അശ്ലീല പോസ്റ്ററുകൾ പതിക്കപ്പെട്ടാൽ സ്ത്രീകൾ സംഘടിച്ച് അവ നശിപ്പിക്കുക.
13) മദ്യനിരോധനം പൂർണ്ണമാക്കുക. വ്യാജമദ്യം പൂർണ്ണമായും ജനകീയ ഇടപെടലിലൂടെ ഇല്ലാതാക്കുക. ജനജാഗ്രതാ സംഘങ്ങൾ രൂപീകരിക്കുക.
14) പഞ്ചായത്തിലെ വീടുകളിൽ പുകയില്ലാത്ത അടുപ്പ് സ്ഥാപിക്കുക. എൽ.പി.ജി. വാതക കണക്ഷൻ നൽകുക.
15) സ്ത്രീകളുടെ പ്രത്യേ രോഗങ്ങൾക്കു പരിഹാരം കാണുക. ചമ്പക്കുളം ഗവ: ആശുപത്രിയിൽ ഒരു ഗൈനക്കോളജിസ്റ്റിന്റെ സേവനം മുഴുവൻ സമയവും ലഭ്യമാക്കുക. അവിടെ സിസേറിയൻ നടത്താൻ കഴിയുന്നവിധം തീയേറ്റർ സൗകര്യവും ഉണ്ടാവേണ്ടതാണ്.
16) പഞ്ചായത്തിൽ എല്ലായിടത്തും കുടിവെള്ളം എത്തിക്കുക.
17) മുഴുവൻ വീടുകളിലും കക്കൂസ് നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക. ഇതിന് സബ്സിഡിയോടുകൂടിയ സാമ്പത്തിക സഹായം ചെയ്യുക.
18) ചമ്പക്കുളം ബസ്സ്റ്റാന്റ്, മങ്കൊമ്പ് ജംഗ്ഷൻ എന്നിവിടങ്ങളിൽ സ്ത്രീകൾക്കായി മൂത്രപ്പുരയും വെയിറ്റിങ്ങ് ഷെഡും, ബ്ലോക്ക് ജംഗ്ഷൻ പുന്നക്കുന്നം മണത്രക്കടവ് എന്നിവിടങ്ങളിൽ വെയിറ്റിങ്ങ് ഷെഡും നിർമ്മിക്കുക. മൂത്രപ്പുരകൾ അടച്ചുറപ്പുള്ളതും ജല ലഭ്യതയുള്ളതും ആയിരിക്കണം.
19) സ്ത്രീകൾക്ക് പ്രത്യേക തൊഴിൽ എന്ന രീതി ഒഴിവാക്കുക. പരമാവധി മേഖലകളിൽ അവർക്ക് പ്രവേശനം നൽകുക.
20) സ്ത്രീയ്ക്കും പുരുഷനും തുല്ല്യജോലിക്ക് തുല്യ വേതനം എന്നത് നിയമംമൂലം നടപ്പിലാക്കുക.
21) സ്ത്രീകൾക്കായ് ഗ്രാമീണ പുസ്തക വിതരണ പദ്ധതി തുടങ്ങുക. ഇതിനായി നിലവിലുള്ള ഗ്രന്ഥശാലകളിൽ ഓരോ വനിതയെ തെരഞ്ഞെടുക്കുക.
22) സ്ത്രീധന സമ്പ്രദായം നിർത്തലാക്കുക. സ്ത്രീയ്ക്ക് പുരുഷനൊപ്പം ഷെയർ എന്ന രീതി നടപ്പിലാക്കുക. ഇതിനാവശ്യമായ നിയമങ്ങളിൽ ഏകീകരണം വരുത്തുക. ■

4G സംസ്ക്കാരം

മനുഷ്യന്റെ ശാരീരികവും മാനസികവുമായ ജീവിതമുറകളുടെ ആകെത്തുകയാണ് സംസ്ക്കാരം. ഇത് മനുഷ്യചരിത്രത്തിന്റെ അവിഭാജ്യ ഘടകവുമാണ്. മനുഷ്യന്റെ അദ്ധ്വാനമാണ് മറ്റെന്തിനേയും എന്നപോലെ സംസ്ക്കാരത്തിന്റെയും സൃഷ്ടാവ്. നമ്മുടെ നാടിന്റെ സംസ്ക്കാരം കൈക്കരുത്തിന്റെയും മെയ്ക്കരുത്തിന്റെയും സൃഷ്ടിയാണ്. നമ്മുടെ നാടുതന്നെയും അങ്ങനെയാണ്. അത് പ്രധാനമായും കൃഷിയുമായി ബന്ധപ്പെട്ടതുമാണ്. എന്നാൽ അവരെ അടിമകളാക്കി മാറ്റിനിർത്തിക്കൊണ്ട്, ഒരു പുതിയ ഫ്യൂഡൽ സംസ്ക്കാരം ഇവിടെ ഉടലെടുത്തു. ഇത് ഒരു പരിധിവരെ ജാതിമതാധിഷ്ടിതവും ആയിരുന്നു. വ്യത്യസ്ഥമായ മറ്റൊരു സംസ്ക്കാരമായിരുന്നു ക്രിസ്ത്യൻ സംസ്ക്കാരം. എങ്കിലും പൊതുവായി കാണാൻ കഴിയുന്നത് കൂട്ടായ്മയുടേതായ ഒരു സംസ്ക്കാരമാണ്. പുതിയതെന്തു വരുമ്പോഴും അത് സ്വീകരിക്കുന്ന കൊടുക്കൽ വാങ്ങലിൽ സന്നദ്ധമായ ചഞ്ചലതയുള്ള ഒരു സംസ്ക്കാരം അതാണ് നമ്മുടെ നാടിന്റേത്. അവയ്ക്ക് ഉദാഹരണമായി ആദ്യം നമുക്ക് കാണാൻ കഴിയുന്നത് പ്രസിദ്ധമായ മൂലം വള്ളംകളി തന്നെയാണ്.

അമ്പലപ്പുഴക്ഷേത്രം പണിതീർത്തകാലം. പ്രതിഷ്ഠയ്ക്കുള്ള ശുഭമുഹൂർത്തവും തീരുമാനമായി. പ്രതിഷ്ഠയ്ക്കു നിശ്ചയിച്ച വിഗ്രഹം അശുദ്ധമാണ് എന്ന വിവരം അപ്പോഴാണ് അറിയുന്നത്. ചെമ്പകശ്ശേരി രാജാവ് ആകെ വിഷമത്തിലായി. മുൻ നിശ്ചയിച്ച മുഹൂർത്തത്തിൽത്തന്നെ പ്രതിഷ്ഠ നടത്താൻ തീരുമാനിച്ചു. കുറിച്ചി കരിങ്കുളം ക്ഷേത്രത്തിലെ പാർഥസാരഥി വിഗ്രഹമാണ് അവിടേക്ക് കണ്ടെത്തിയത്. കുറിച്ചിയാകട്ടെ ചെമ്പകശ്ശേരി രാജാവുമായി ശത്രുതയിൽ കഴിയുന്ന വടക്കുംകൂർ രാജാവിന്റെ അധീനതയിലും. വിഗ്രഹം കൊണ്ടുവരുന്നതിനായി സജീവ പ്രധാനിയായകണ്ടങ്കരി പാറയിൽ മേനോനെ രാജാവ് നിയോഗിച്ചു. മേനോന്റെ നേതൃത്വത്തിൽ ഒരു സംഘം ഭടന്മാർ വേണ്ട സജ്ജീകരണങ്ങളോടെ കുറിച്ചിയിലേക്കു യാത്രയായി. വഴിയിൽ എന്തെങ്കിലും തടസ്സമുണ്ടായാൽ, രാജാവിന്റെ ആശ്രിതനായ മാപ്പിളശ്ശേരിൽ ഇട്ടിതൊമ്മന്റെ വസതിയിൽ അഭയം പ്രാപിക്കണം എന്നായിരുന്നു രാജകൽപന.



തന്ത്രശാലിയായ മേനോൻ കുറിച്ചിയിലെത്തി വിഗ്രഹം കൈക്കലാക്കി. തിരികെ അമ്പലപ്പുഴയ്ക്കു യാത്രയുമായി. എന്നാൽ നേരം വൈകിയതിനാൽ രാജകൽപനപ്രകാരം മാപ്പിളശ്ശേരിക്കടവിൽ അടുത്തു. നിലവറയിൽ നിറദീപങ്ങൾ തെളിച്ച് വിഗ്രഹമെടുത്തുവച്ചു. ചെമ്പകശ്ശേരി രാജാവും പരിവാരങ്ങളും, ജലവാഹനങ്ങളിൽ ആഘോഷപൂർവ്വം മാപ്പിളശ്ശേരിയിൽ എത്തി. പരിസരത്തെ എല്ലാ കരകളിൽനിന്നും, ജാതിഭേദ ചിന്തകൾക്കതീതമായി ജലവാഹനങ്ങളിൽ അവിടെ എത്തിച്ചേർന്നു. ജലഘോഷയാത്രയായി അമ്പലപ്പുഴയ്ക്കു യാത്രയായി. വഴിയിൽ മഠത്തിൽ ക്ഷേത്രത്തിൽ ഇറക്കിവച്ച് പ്രഭാത പൂജകൾ നടത്തി. ഇത് മിഥുനമാസത്തിലെ മൂലം നാളിലായിരുന്നു. ഈ ഓർമ്മ പുതുക്കുന്നതിനാണ് മൂലം വള്ളംകളി നടത്തുന്നത്.

മതമൈത്രിയിൽ അധിഷ്ഠിതമായ ഒരു സാംസ്ക്കാരിക പാരമ്പര്യത്തിന്റെ ഓർമ്മ പുതുക്കൽ എന്നവണ്ണം ചമ്പക്കുളം പള്ളിയിൽനിന്നാണ് ജലോത്സവത്തിന്റെ സമാപനവേദിയായ മാളിയേക്കൽ കടവിൽ കെട്ടി ഉയർത്താനുള്ള കൊടിയും കയറും നൽകുന്നത്. ഇപ്പോഴും അത് തുടരുന്നു. മതമൈത്രിയുംഅന്യമതസഹിഷ്ണുതയും, വെല്ലുവിളിയും നേരിട്ടുകൊണ്ടിരിക്കുന്ന നമ്മുടെ രാജ്യത്തിനാകെയും മാതൃകയായി ഉയർത്തിക്കാട്ടേണ്ടതാണ് നമ്മുടെ നാട്ടിലെ ഈ മതമൈത്രീദീപത്തെ. അതിന്റെ മധുരസ്മരണകൾ മനസ്സിന്റെ മണിച്ചെപ്പിൽ നമ്മൾ എക്കാലവും സൂക്ഷിക്കേണ്ടതാണ്. ആ ഓർമ്മകൾ കൂടെപ്പിറപ്പിനു കാവലാളാകുവാൻ നമുക്ക് കരുത്തുനൽകും. ആ കരുത്തായിരിക്കും മനുഷ്യൻ ഒന്നാണ് എന്ന ചിന്തയ്ക്ക് വളരാൻ അന്തരീക്ഷമൊരുക്കുന്ന തുരുത്തുകൾ

വള്ളംകളിയിലെ മത്സര അംശത്തിനു പ്രാധാന്യം കുറച്ചുകൊണ്ട് സാംസ്ക്കാരിക വശത്തിനു കൂടുതൽ പ്രാധാന്യം നൽകുന്നതിന് നടത്തിപ്പിൽ പങ്കാളികൾ എന്നനിലയിൽ ചമ്പക്കുളം പഞ്ചായത്തും ശ്രമിക്കേണ്ടതാണ്.

ജാതി മത ഘടന

പഴയ കാലത്തുണ്ടായിരുന്ന ചാതുർ വർണ്യ വ്യവസ്ഥ നമ്മുടെ നാട്ടിൽ കൃത്യമായി പാലിക്കപ്പെട്ടിരുന്നില്ല എന്നു കാണാം. ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്ര എന്നിങ്ങനെ നാലു വിഭാഗങ്ങൾ കൃത്യമായി ഇവിടെ കാണാൻ കഴിയില്ല. ജാതിവിഭാഗങ്ങൾക്കനുസൃതമായ തൊഴിലുകൾ എന്ന രീതി നിലനിന്നിരുന്നു. ബ്രാഹ്മണ കുടുംബങ്ങൾ അപൂർവ്വമാണ്. ക്ഷത്രിയ വൈശ്യ കുടുംബങ്ങൾ ഇല്ലതന്നെ.

എന്നാൽ ക്ഷത്രിയന്മാരുടെ ചുമതലയിലായിരുന്ന യുദ്ധജോലികൾ ഇവിടെ കുറുപ്പന്മാരായിരുന്നു ചെയ്തിരുന്നത്. (വെള്ളൂർ കുറുപ്പ്, ചെമ്പകശ്ശേരി രാജാവിന്റെ ഉപപടനായകനായിരുന്നു എന്ന് ചരിത്രത്തിൽ കാണുന്നു) വൈശ്യരുടെ ജോലിയായി നിശ്ചയിച്ചിരുന്ന കച്ചവടം ക്രിസ്ത്യാനികൾ (നസ്രാണികൾ) ആയിരുന്നു ചെയ്തിരുന്നത്. ശൂദ്രരിലെ ഒരു വിഭാഗവും പഞ്ചമവിഭാഗങ്ങളും ചേർന്നായിരുന്നു ദാസ്യജോലികൾ ചെയ്തിരുന്നത്. ചാതുർവർണ്യത്തിനു വെളിയിൽ, പുലയർ (ചേരമർ) പറയർ (സാംബവർ) മണ്ണാൻ വേലൻ എന്നീ വിഭാഗങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. വിശ്വകർമ്മജർ, ഈഴവർ, ഈഴവാത്തികൾ, ഗണകർ തുടങ്ങിയവരും റോമൻ കത്തോലിക്ക, ലത്തീൻ കത്തോലിക്ക, പെന്തക്കോസ്ത്, സി.എം.എസ് എന്നിങ്ങനെ ക്രിസ്തുമത വിശ്വാസികളും, മുസ്ലീം മതവും ഇവിടെ അധിവസിക്കുന്നുണ്ട്. ഹിന്ദു ക്രിസ്ത്യൻ വിഭാഗങ്ങൾക്ക് ഇവിടെ ആരാധനാലയങ്ങളുണ്ട്.

ഹിന്ദു ആരാധനാലയങ്ങൾ

1) പടിപ്പുരയ്ക്കൽ, കാർത്യായിനി ക്ഷേത്രം
2) പര്യാത്തിട്ട വീരഭദ്ര സ്വാമി ക്ഷേത്രം
3) പുല്ലമ്പിലാ ദേവീക്ഷേത്രം
4) ഒന്നാംകര സുബ്രഹ്മണ്യ ക്ഷേത്രം
5) കണ്ടങ്കരിക്കാവ് ദേവീക്ഷേത്രം
6) കുറ്റിക്കാട് ക്ഷേത്രം
7) പുല്ലങ്ങടിപടനായകർ ക്ഷേത്രം

പടയണി, അമ്മൻകുടം, കാളകെട്ട്, തെണ്ട് എന്നീ അനുഷ്ഠാന കലാരൂപങ്ങൾ ഹിന്ദു വിശ്വാസികളുടെ ഇടയിൽ നിലനില്ക്കുന്നുണ്ട്.

ക്രിസ്ത്യൻ ആരാധനാലയങ്ങൾ

1) സെൻറ് ജോസഫ്സ് പള്ളി, കണ്ടങ്കരി
2) സെൻറ് ജോർജ് പള്ളി, അമിച്ചകരി
3) സെൻറ് ജോൺസ് പള്ളി, തെക്കേക്കര
4) നസ്രത്ത് പള്ളി
5) ലത്തീൻ കത്തോലിക്ക പള്ളി – മേരി ക്യൂൻസ് ചർച്ച് നെടുമുടി

6) സി.എം.എസ് പള്ളി, തെക്കേക്കര നാട്ടായം
7) സെൻറ് ജോസഫ്സ് പള്ളി, പുന്നക്കുന്നത്തുശ്ശേരി,
8) സൻറ് സെബാസ്റ്റ്യൻസ് ചർച്ച് തെക്കേക്കര
9) പുല്ലങ്ങടി പള്ളി
10) വ്യാകുലമാതാ, ഗാഗുൽത്താ ദേവാലയം, അമിച്ചകരി
11) ഇസ്കോള മാതാ പള്ളി, പുന്നക്കുന്നത്തുശ്ശേരി
12) സെൻറ് സെബാസ്റ്റ്യൻസ് ചർച്ച്, തെക്കേക്കര
13) സെൻറ് ജൂഡ് ചർച്ച്, അമിച്ചകരി.

ആരാധനാലയങ്ങളുടെയെല്ലാം ആഘോഷങ്ങളിൽ എല്ലാവരും പങ്കാളികളാവുന്നു. എന്നാൽ ആ ഘോഷങ്ങളുടെ സംഘാടനത്തിൽ പൊതുസഹകരണം എന്നത് കാണാൻ കഴിയുന്നില്ല.

കുട്ടനാട് ബുദ്ധൻെറ നാട് എന്ന അർത്ഥത്തിൽ 'ബുദ്ധനാട്' ആയിരുന്നു എന്നും ചമ്പക്കുളത്തും ബുദ്ധമത വിശ്വാസികൾ ഉണ്ടായിരുന്നതായും ഐതീഹ്യമുണ്ട്.

ദേശീയപ്രസ്ഥാനത്തിൻെറ ആവിർഭാവവും കർഷകത്തൊഴിലാളി ട്രേഡ് യൂണിയൻ സംഘടനകളുടെ ആരംഭവും ജാതിമത ചിന്തകൾക്കതീതമായ ഒരു തൊഴിലാളി വർഗ്ഗ സംസ്ക്കാരം ഉടലെടുക്കുന്നതിന് സാഹചര്യമൊരുക്കി.

സാംസ്ക്കാരിക കേരളത്തിന്, ചമ്പക്കുളംഗ്രാമത്തിനേറെതായ ചില അമൂല്യ സംഭാവനകൾ ഉണ്ടായിട്ടുണ്ട്. പ്രഥമ ഗണനീയമായത് കണ്ടങ്കരി നന്ദീക്കാട്ടുഭവനവും ഉണ്ണിരവിക്കുറുപ്പുമാണ്. തുള്ളൽ പ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവായ കുഞ്ചൻ നമ്പ്യാർക്ക് വ്യാകരണം., വേദാന്തം, തർക്കം, ജോതിഷം, വൈദ്യം എന്നീ ശാസ്ത്രങ്ങളിലും, കാവ്യനാടകാലങ്കാരങ്ങളിലും, അപാരമായജ്ഞാനം നേടിക്കൊടുത്തത് ''ഉണ്ണി രവിക്കുറുപ്പാ''യിരുന്നു.

''നന്ദി, കാരണ്യമാം മന്നീരേവാഴുന്ന
മന്ദാര ദാരുവാം ബാലരവിയുടെ
നന്ദി വരുത്തുന്ന കണ്ടങ്കരിക്കാവിൽ
ഇന്ദു ചൂഢപ്രിയേ വന്ദേ ഭഗവതീ.'' എന്ന് നമ്പ്യാരുടെ കവിത തന്നെയുണ്ട്.

കഥകളിയുടെ രംഗത്ത് ഏറെ പ്രശസ്തനായ ശ്രീ. ചമ്പക്കുളം പാച്ചുപിള്ളയാണ് മറ്റൊരു സംഭാവന. ശ്രീ. ചമ്പക്കുളം പാച്ചുപിള്ളയെ പരാമർശിക്കുമ്പോൾ കടന്നുവരുന്ന പലരും കഥകളിയിൽ വിലപ്പെട്ട സംഭാവന നൽകിയിരുന്നവരാണ്. കൊച്ചി ശക്തൻതമ്പുരാനിൽനിന്നും മേനോൻ പദവി കരസ്ഥമാക്കിയ മണ്ണഞ്ചേരി കുണ്ടത്തിൽ നാരായണപിള്ളയുടെ മകനായിരുന്ന ചമ്പക്കുളം പെരുമാനൂർ ശങ്കുപ്പിള്ളയാശാൻെറ മക്കളിൽ പ്രതിഭാധനരായിരുന്നു. ശ്രീ. ചമ്പക്കുളം പാച്ചുപിള്ളയും ശ്രീ. ഗുരുഗോപിനാഥും ചമ്പക്കുളം പരമുപിള്ള ആശാൻെറ ശിഷ്യത്വം സ്വീകരിച്ച് ശ്രീ പാച്ചുപിള്ള കഥകളി അഭ്യസനം ആരംഭിച്ചു. പച്ചവേഷക്കാരനായിട്ടാണ് തുടക്കമെങ്കിലും, അറിയപ്പെടുന്ന ഒരു താടിവേഷക്കാരനായിത്തീർന്നു. ബാലി, ത്രികർത്തൻ, വീരഭദ്രൻ, ദുശ്ശാസനൻ, ബകൻ എന്നീ വേഷങ്ങളിലൂടെ കഥകളി പ്രേമികളുടെ മനസ്സിൽ സ്ഥാനംതേടി. 1982 കൊച്ചുമകൻ ശ്രീ. അമ്പിളിയുടെ അരങ്ങേറ്റത്തോടെ, പടിപ്പുരയ്ക്കൽ ക്ഷേത്രസന്നിധിയിൽ ത്രികർത്തൻെറ വേഷം ആടിത്തകർത്ത്, ചുട്ടിയും ചമയവുമഴിച്ച് അണിയറയിലേക്ക് വിടവാങ്ങി. ഈ കാലത്തിനിടയിൽ ചിത്തിരക്കൊട്ടാരത്തിലെ ഒന്നാം കിടനടൻ എന്നതിൽ തുടങ്ങി, കേന്ദ്രസംഗീത നാടക അക്കാഡമിയുടെ അവാർഡുകൾ അടക്കം നിരവധി പുരസ്ക്കാരങ്ങൾ നേടി. അനുജനായ ഗുരുഗോപിനാഥ് നൃത്തരംഗത്തായിരുന്നു ശ്രദ്ധകേന്ദ്രീകരിച്ചത്. ഉത്തരേന്ത്യൻ നർത്തകി രാഗിണീദേവിയുമായി ബന്ധപ്പെട്ട് നൃത്തപഠനം പൂർത്തിയാക്കി റഷ്യൻ ബാലയുടെ രീതിയിൽ മലയാളത്തിൽ ആദ്യമായി ബാലെ അവതരിപ്പിച്ചു. തിരുവനന്തപുരം വിശ്വകലാകേന്ദ്രത്തിൻെറ ആഭിമുഖ്യത്തിൽ രാമായണം ബാലെയാണ് ആദ്യം അവതരിപ്പിച്ചത് ചിത്തിരതിരുനാളിൽനിന്ന് വീരശൃംഖല നേടിയിട്ടുണ്ട്.

പ്രസിദ്ധ നർത്തകൻ കോട്ടയം ഭവാനീചെല്ലപ്പൻ ചമ്പക്കുളം പരമുപിള്ള ആശാൻെറ പുത്രനാണ്.

അടുത്തതായി പരാമർശിക്കപ്പെടേണ്ടത് ശ്രീ.ഐ.സി. ചാക്കോയെയാണ്. പ്രസിദ്ധനായ ഒരു ജിയോളജിസ്റ്റ് (ഭൂഗർഭ ശാസ്ത്രജ്ഞൻ) എന്നതിനോടൊപ്പംതന്നെ നല്ല ഒരു സാഹിത്യകാരൻ കൂടിയായിരുന്നു അദ്ദേഹം. ഇംഗ്ലണ്ടിൽ ഉപരിപഠനം നടത്തിയ അദ്ദേഹം ശാസ്ത്രസാങ്കേതിക രംഗത്തുമാത്രമായി സേവനം ഒതുക്കിനിർത്തിയില്ല. പരിസ്ഥിതി അദ്ദേഹത്തിനു പ്രിയപ്പെട്ട വിഷയമായിരുന്നു. തണ്ണീർമുക്കം ബണ്ട് ഉണ്ടാക്കിയേക്കാവുന്ന പാരിസ്ഥിതിക ദുരന്തങ്ങളെപ്പോലും പ്രവചിക്കാൻ ഈ ക്രാന്തദർശിയായ പുന്നക്കുന്നത്തുശ്ശേരിക്കാരന് കഴിഞ്ഞു. ശ്രീ. ഏ.ആർ. രാജരാജവർമ്മ



എഴുതിയ കേരളപാണിനീയം എന്ന കൃതിക്ക് 'പാണിനീയ പ്രദ്യോതകം' എന്നപേരിൽ ഒരു പഠനം തയ്യാറാക്കുന്നിന് ശ്രീ. ഐ.സി. ചാക്കോയ്ക്ക് കഴിഞ്ഞു. കേരള സാഹിത്യ അക്കാഡമി അദ്ദേഹത്തെ ആദരിച്ചുകൊണ്ട് ഒരു അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും നല്ല ശാസ്ത്രകൃതിക്കാണ് ഇതു നൽകുന്നത്.

നമ്മുടെ സാംസ്ക്കാരിക ചരിത്രത്തിൽ ഏറെ സംഘടനകളെയൊന്നും കാണാൻ കഴിയുന്നില്ല. പഞ്ചായത്തിന്റെ 1, 2, 3 വാർഡുകൾ കേന്ദ്രമാക്കി 1955 മുതൽ എസ്.എച്ച്. ആർട്ട്സ് ക്ലബ് എന്നപേരിൽ ഒരു സാസ്കാരിക സംഘടന നിലനിന്നിരുന്നു. 'അവശ കത്തോലിക്ക മഹാജനസഭ'യുടെ ഭാഗമായിട്ടായിരുന്നു സംഘടനയുടെ ആരംഭം. ക്രിസ്തുമസ് കരോൾ ഗായക സംഘം എന്നനിലയിൽ തുടങ്ങിയ സംഘടന 1960 കൾ ആയപ്പോഴേക്കും ഒരു അമേച്വർ നാടക സംഘമായി വളർന്നു കഴിഞ്ഞു. അധഃസ്ഥിതരുടെ ജീവിതപ്രശ്നങ്ങൾ പൊതുവായി അവതരിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം. അവരിൽത്തന്നെ ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം ചെയ്തവരുടെ മാനസികാവസ്ഥയിലും അവരോടുള്ള മനോഭാവത്തിലും മാറ്റം വരുത്തുക എന്ന ലക്ഷ്യത്തോടെയായിരുന്നു. പറവൂർ ജോർജ് എഴുതിയ നാടകം അവതരിപ്പിച്ചത്. പ്രതിമാസ പൊതുയോഗങ്ങൾ, വരവുചെലവ് കണക്ക് അവതരിപ്പിക്കൽ, വാർഷികങ്ങൾ എന്നിങ്ങനെ വളരെ ചിട്ടയോടെയായിരുന്നു പ്രവർത്തനങ്ങൾ നടന്നിരുന്നത്.

പ്രദിപാതിക്കേണ്ട മറ്റൊരു പേര് കേരള ശാസ്ത്ര സാഹിത്യപരിഷത്തിന്റേതാണ്. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ഒരു യൂണിറ്റ് തെക്കേക്കര കേന്ദ്രമാക്കി പ്രവർത്തിച്ചു വരുന്നു. 1993 മെയ് 15 -ാം തീയതി മങ്കൊമ്പിൽ നടന്ന അഖിലേന്ത്യാ കാർഷിക സെമിനാർ പരിഷത്തിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്.

കായിക സംസ്ക്കാരം

ആരോഗ്യമുള്ള ശരീരത്തിലാണ് ആരോഗ്യമുള്ള മനസ്സ് സ്ഥിതി ചെയ്യുന്നത്. കായിക സംഘങ്ങൾക്ക് ആരോഗ്യമുള്ള ശരീരത്തെ സൃഷ്ടിക്കുന്നതിന് വലിയ പങ്കാണുള്ളത്. ചമ്പക്കുളത്ത് അവ പലതും ഉണ്ടായിരുന്നു. തുഴച്ചിൽ, നീന്തൽ, വോളീബോൾ, ശരീര സൗന്ദര്യം എന്നിവയിൽ മികച്ച താരങ്ങളെ സംഭാവന ചെയ്യാൻ നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. അതിന്റെ മാത്രം അടിസ്ഥാനത്തിൽ സർവ്വീസസ്, നേവി, ആർമി എന്നിങ്ങനെ വിവിധ തുറകളിലും, അയൽ സംസ്ഥാനങ്ങളിലും ജോലി നേടുന്നതിനുപോലും കായികമേഖല സഹായിച്ചിട്ടുണ്ട്. നീന്തൽ, തുഴച്ചിൽ എന്നീ മേഖലകളിൽ മികച്ച പരിശീലനം നൽകിയാൽ നല്ല താരങ്ങളെ സൃഷ്ടിക്കുന്നതിനും നേട്ടങ്ങൾ കൊയ്യുന്നതിനും നമുക്ക് കഴിയും. വിദ്യാലയങ്ങളും നല്ല കായിക പരിശീലനകേന്ദ്രങ്ങളാവണം. എടുത്തു പറയത്തക്ക നേട്ടമാണ് ചമ്പക്കുളം ചുണ്ടൻ. നെഹ്റുട്രോഫി, മൂലം തൃശ്ശൂർ, പുളിംകുന്ന് തുടങ്ങിയ നിരവധി സ്ഥലങ്ങളിൽ അനവധി തവണ ട്രോഫികൾ നേടുന്നതിന് ചമ്പക്കുളം ചുണ്ടന് കഴിഞ്ഞിട്ടുണ്ട്. നാടിന്റെ സാംസ്ക്കാരിക ഐക്യം നിലനിർത്തുന്നതിന് വള്ളം വഹിക്കുന്ന പങ്ക് നിസ്തുലമാണ്.

ഗ്രന്ഥശാലകൾ

സാമൂഹ്യമാറ്റത്തിൽ വലിയ പങ്കുവഹിക്കുന്ന ഒരു സ്ഥാപനമാണ് ഗ്രന്ഥശാല. 1945 കേരളത്തിൽ നാൽപ്പതിൽപരം ഗ്രന്ഥശാലകളായിരുന്നു ഉണ്ടായിരുന്നത്. അതിലൊന്നാണ് 1943 -ൽ ഒരു വായനശാലയായി ആരംഭിച്ച ചമ്പക്കുളം പബ്ലിക് ലൈബ്രറി.

നമ്മുടെ പഞ്ചായത്തിലെ ഗ്രന്ഥശാലകളിൽ സംസ്ഥാന ലൈബ്രറി കൗൺസിലുമായി അഫിലിയേറ്റു ചെയ്ത്, ഗ്രാൻറ് വാങ്ങുന്നവ ഇപ്പോൾ 2 എണ്ണമാണ്. ചമ്പക്കുളം പബ്ലിക് ലൈബ്രറിയും, പുന്നക്കുന്നം ദേശസേവിനി ലൈബ്രറിയും.

ചമ്പക്കുളം പബ്ലിക് ലൈബ്രറി

ജേക്കബ്. ജെ. കുര്യാളശ്ശേരിയാണ് ഗ്രന്ഥശാലയുടെ സ്ഥാപകൻ. ആദ്യകാലത്ത് പള്ളിയുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചവെങ്കിലും പിൽക്കാലത്ത് പബ്ലിക് ലൈബ്രറിയാവുകയായിരുന്നു. നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു. ഗ്രാമ ശാസ്ത്രസമിതിയുടെ ഒരു യൂണിറ്റ് ഇതോടനുബന്ധമായി നിലനിന്നിരുന്നു. അനുബന്ധമായി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, അർജുന റോവിംഗ് ക്ലബ്ബ്, ഏകലവ്യ സ്വിമ്മിംഗ് ക്ലബ്ബ് എന്നിവയും പ്രവർത്തിച്ചുവന്നു. ജലകായികമേളകളിലും വള്ളംകളി മത്സരങ്ങളിലും വിജയം നേടാൻ കഴിഞ്ഞിട്ടുണ്ട്. ഗ്രന്ഥശാലയോടനുബന്ധമായാണ് മഹാത്മാഗാന്ധി മെമ്മോറിയൻ ജനവിദ്യകേന്ദ്രം പ്രവർത്തിച്ചുവരുന്നത്. ശ്രീ. മാർട്ടിൻ ജേക്കബ് വാഴപ്പാടം സെക്രട്ട



റിയും, ശ്രീ. ഫ്രാൻസീസ് ജോസഫ് മുട്ടുചിറ പ്രസിഡൻറും, ശ്രീ വിൽസൺ എ.ജെ. ആറുപറയിൽ ലൈബ്രേറിയനായും പ്രവർത്തിക്കുന്നു. വായനശാലയോടനുബന്ധിച്ച് പഞ്ചായത്തിൻെറ സഹായത്തിൽ പ്രവർത്തിക്കുന്ന ഒരു ഇൻഫർമേഷൻ സെൻറർ തുടങ്ങണം എന്ന് ആഗ്രഹിക്കുന്നു.

ദേശസേവിനി പുന്നക്കുന്നം

ശ്രീ. ഐ.സി. ചാക്കോയാണ് ഗ്രന്ഥശാലയുടെ സ്ഥാപകൻ. നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. വായനശാലയുടെ ആഭിമുഖ്യത്തിൽ പി.എസ്.സി. പരീക്ഷയ്ക്കായി പരിശീലനപരിപാടി സംഘടിപ്പിക്കാറുണ്ട്. കേരളത്തിൻെറ ആദ്യത്തെ വിദ്യാഭ്യാസ മന്ത്രി പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി പലതവണ വായനശാല സന്ദർശിച്ചിട്ടുണ്ട്. ഐ.സി. ചാക്കോ മെമ്മോറിയൽ ഡിബേറ്റിംഗ് ക്ലബ്ബ്, ഐ.സി. ചാക്കോ മെമ്മോറിയൽ ജനവിദ്യാകേന്ദ്രം എന്നിവ വായനശാലയോടു ചേർന്നു പ്രവർത്തിക്കുന്നു. രണ്ടു വായനശാലകളുടെയും ഓരോ ഭാഗം പോസ്റ്റോഫീസിനായി നൽകിയിട്ടുണ്ട്.പുന്നക്കുന്നത്തുശ്ശേരിയിലെ അംഗൻവാടി പ്രവർത്തിക്കുന്നതും വായനശാലയിൽത്തന്നെ. ശ്രീ. ജയൻ എസ്. സെക്രട്ടറിയായും, ശ്രീ. സന്തോഷ് കെ. വർഗീസ് കോയിപ്പള്ളി പ്രസിഡൻറായും, ശ്രീ. രമേശ്കുമാർ സി.ആർ. ലൈബ്രേറിയനായും പ്രവർത്തിച്ചുവരുന്നു. ലൈബ്രേറിയന്മാർ തങ്ങൾക്കു ലഭിക്കുന്ന അലവൻസ് തുക വായനശാലക്കുതന്നെ സംഭാവനയായി നൽകുന്നു എന്ന കീഴ്വഴക്കവും ഇവിടെയുണ്ട്.

രണ്ടു ഗ്രന്ഥശാലകളും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഫർണിച്ചർ സൗകര്യത്തിൽ മുന്നിൽ ദേശസേവിനിയാണ്. ചമ്പക്കുളം പബ്ലിക് ലൈബ്രറിയിൽ ചില സൗകര്യങ്ങൾ കൂടു ഉണ്ടാകേണ്ടതുണ്ട്.

പഞ്ചായത്തിൽനിന്ന് കഴിഞ്ഞ സാമ്പത്തികവർഷം വായനശാലകൾക്ക് ഗ്രാൻറ് നൽകിയിട്ടില്ല. സാംസ്ക്കാരിക പ്രവർത്തനങ്ങളുടെ പ്രോത്സാഹനം എന്നനിലയിൽ ഗ്രാൻറ് പുനസംഘടിപ്പിക്കേണ്ടതാണ്. വനിതാ വായന പ്രോത്സാഹനം ആവശ്യമാണ്. ടി.വി. രണ്ടിടത്തും കേടായി കിടക്കുന്നു.

പട്ടിക
ചമ്പക്കുളം ഗ്രാമ പഞ്ചായത്ത്
ഗ്രന്ഥശാലകളെ സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	ഗ്രന്ഥശാലയുടെ പേര്	സ്ഥാപിച്ച വർഷം	രജിസ്റ്റർ നമ്പർ	ഗ്രേഡ്	ആകെപുസ്തകങ്ങൾ	അംഗങ്ങൾ ആൺ	പെൺ	ആകെ	ഉടമസ്ഥത	വാർഡ്
1	2	3	4	5	6	7	8	9	10	11
1.	ചമ്പക്കുളം ലൈബ്രറി അമിച്ചകരി ചമ്പക്കുളം	25.10 1945	2489	B	6159	640	82	722	പൊതു ഉടമസ്ഥത (ജനകീയം)	II
2.	ദേശസേവനി ഗ്രന്ഥശാല പുന്നക്കുന്നം	10.5 1954	2408	C	5212				പൊതു ഉടമസ്ഥത (ജനകീയം)	VII
3.	ന്യൂമാൻസ് ലൈബ്രറി ആറ്റുവാത്തല മങ്കൊമ്പ് തെക്കേക്കര	1952	1947	D	3583			217		IV
4.	പബ്ലിക് ലൈബ്രറി പുല്ലങ്കുടി ചമ്പക്കുളം	1950	1289	C	2135					IX

പ്രശ്നങ്ങൾ (ഗ്രാമസഭകളിലൂടെ)

1. സാംസ്ക്കാരികരംഗത്തെ പ്രവർത്തനങ്ങൾക്ക് നമ്മുടെ പഞ്ചായത്തിൽ ഒരു പ്രോത്സാഹനവും ലഭിക്കുന്നില്ല.

2. നാടൻ കലാരൂപങ്ങൾ പലതും അന്യംനിന്നുകൊണ്ടിരിക്കുന്നു. ഉദാഹരണം: ഞാറ്റുപാട്ട്, തേക്കുപാട്ട്, ചക്രപ്പാട്ട്, കൊയ്ത്തുപാട്ട്, കോൽക്കളി, പരിചമുട്ടുകളി എന്നിവ.

3. ടി.വി. എന്ന മാധ്യമത്തിന്റെ പ്രചാരം വർദ്ധിക്കുന്നതനുസരിച്ച് പുതിയ മാധ്യമസംസ്ക്കാരം വളർന്നുവരുന്നു.

4. പഞ്ചായത്തിൽ പൊതുവായി പ്രവർത്തിക്കുന്ന 2 ഗ്രന്ഥശാലകൾ മാത്രം. അവയ്ക്കുതന്നെ പഞ്ചായത്തിൽനിന്ന് ഒരു പ്രോത്സാഹനവും ലഭിക്കുന്നില്ല.

5. പഞ്ചായത്തിന് ഒരു സാസ്ക്കാരിക നിലയം ഇല്ല.

6. ഒരു കമ്മ്യൂണിറ്റിഹാൾ ഇല്ല.

7. ഓണം സ്കൂൾ വാർഷികങ്ങൾ മൂലം വള്ളംകളി ഇവയൊഴികെ പരിപാടിയും സർവ്വമസ്ഥരുടേതായും ആഘോഷിക്കുന്നില്ല.

8. പൊതുവായനയിൽ സ്ത്രീകൾ കുറവ്.

9. ബാലസാഹിത്യ കോർണറും, നവ സാക്ഷര കോർണറുകളും വായനശാലയിൽ തൃപ്തികരമായി പ്രവർത്തിക്കുന്നില്ല.

10. വായനശാലകൾക്ക് ലഭിക്കുന്ന ഗ്രാൻറ് പ്രവർത്തനങ്ങൾക്ക് തികയാതെ വരുന്നു.

സാധ്യതകൾ [പരിഹാരങ്ങൾ)

1. പഞ്ചായത്തിന് ഒരു സാംസ്ക്കാരിക നിലയം നിർമ്മിക്കുക. തെക്കേക്കര കേന്ദ്രമാക്കിയാവുന്നത് നല്ലതാണ്. 6 -ാം പ്രവർത്തിച്ചുകൊണ്ടിരുന്ന സർവ്വോദയം ഗ്രന്ഥശാല ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പുസ്തങ്ങൾ പലരുടേയും കൈകളിലാണ്. ജനപങ്കാളിത്തത്തോടെ അവ ശേഖരിച്ച് ഇത് തുടങ്ങാവുന്നതാണ്. ഒപ്പം പുതിയ പുസ്തകങ്ങളും വാങ്ങേണ്ടതാണ്.

2. സാംസ്ക്കാരിക സംഘങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നൽകണം. പഞ്ചായത്തുതലത്തിൽ അവയെ രജിസ്റ്റർ ചെയ്യുക. പഞ്ചായത്തുതലത്തിൽ പൊതുപരിപാടികൾ അവയുടെ പങ്കാളിത്തത്തോടെ നടത്തുക.

3. കലാ സാംസ്ക്കാരിക സംഘങ്ങൾക്ക് ഗ്രാൻറ് നൽകുക.

4. പഞ്ചായത്തിന് പൊതുവായി ഒരു കളിസ്ഥലം നിർമ്മിക്കുക. 6 -ാം വാർഡിൽ ബ്ലോക്കു ജംഗ്ഷന് തെക്കുവശത്തായി വാങ്ങിയ നിലം ഇതിനായി നികത്തിയെടുക്കുക.

5. കായിക സംഘങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിക്കുക.

6. ടി.വി. തുടങ്ങിയ മാധ്യമങ്ങളിൽ വിദ്യാഭ്യാസ മൂല്യമുള്ള കൂടുതൽ പരിപാടി പ്രക്ഷേപണം ചെയ്യുക. അവ വിദ്യാർത്ഥികൾക്ക് ശ്രദ്ധിക്കാൻ കഴിയുന്ന സമയങ്ങളിൽ ആവുകയും ചെയ്യണം.

7. പുതിയ മാധ്യമസംസ്ക്കാരത്തിന്റെ അടിമകൾ ആകാതിരിക്കുക.

8. കണ്ടങ്കരിയിൽ ഒരു ഗ്രന്ഥശാല സ്ഥപിക്കുക.

9. ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക. ഗ്രന്ഥശാലകളെ കറണ്ടു ചാർജ്ജിൽനിന്നും ഒഴിവാക്കുക. ഗ്രന്ഥശാലകൾക്ക് സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കുക.

10. സ്ത്രീ വായന പ്രോത്സാഹിപ്പിക്കുന്നതിന് പരിപാടികൾ ആസൂത്രണം ചെയ്യുക. വായനശാലകളിൽ വനിതാ വായനാസംഘം രൂപീകരിക്കുക. വനിതകൾക്കായി പുസ്തകങ്ങൾ തെരഞ്ഞെടുത്ത് വനിതാ പുസ്തക കോർണർ വായനശാലകളിൽ രൂപീകരിക്കുക. അവ വിതരണം ചെയ്യുന്നതിന് ഗ്രാമീണ വനിതാ പുസ്തക വിതരണ പദ്ധതി രൂപീകരിക്കുക. ഡോർ ഡെലിവറി രീതിയിൽ പുസ്തക വിതരണരീതി നടപ്പിലാക്കുക. ഒരു വനിതയെ ഇതിനായി തെരഞ്ഞെടുക്കുക.

11. പഞ്ചായത്തിൽ ഒരു ഇൻഫോർമേഷൻ സെൻറർ തുടങ്ങുക. പൊതുക്ഷേമ പ്രവർത്തനങ്ങൾ, പട്ടിക



ജാതി/വനിതാ ക്ഷേമപ്രവർത്തനങ്ങൾ. പി.എസ്. സി. വിജ്ഞാപനങ്ങൾ എന്നിവയെക്കുറിച്ച് വിവരങ്ങൾ ഇവിടെ ലഭ്യമാക്കണം. ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന് ലൈബ്രേറിയനെ ചുമതലപ്പെടുത്തണം. ചമ്പക്കുള പബ്ലിക് ലൈബ്രറി ഇതിന് സന്നദ്ധമാണ്.

12. ഗ്രന്ഥശാലകൾക്ക് പഞ്ചായത്തിൽനിന്നും ഗ്രാൻറ് നൽകുക. ഗ്രാൻറ് തുകയുടെ 75% പുസ്തകങ്ങൾക്കും, 25% മറ്റ് കാര്യങ്ങൾക്കുമായി ചെലവു ചെയ്യുന്നതിന് അനുവാദം നൽകുക. അനുവദിക്കുന്നതിൻെറ ഇരട്ടി തുകയുടെ പുസ്തകങ്ങൾ വാങ്ങണം എന്നരീതി എടുത്തുകളയണം.

13. ഗ്രന്ഥശാലയിൽ, ബാല സാഹിത്യ, നവസാക്ഷരത കോർണർ എന്നീവ രൂപീകരിക്കുക.

14. കുട്ടികൾക്കായി വായനാ മത്സരങ്ങൾ, സാഹിത്യ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുക.

15. നമ്മുടെ നാട്ടിൽ കാണുന്ന അനുഷ്ഠാന കലയായ ഭജനയെയും ഭജനകലാ സംഘങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിന് നടപടികളെടുക്കുക.

16. നാടൻപാട്ടുകൾ, ഞാറ്റുപാട്ട്, കൊയ്ത്തുപാട്ട്, ചക്രപ്പാട്ട് എന്നിവ ശേഖരിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.

17. ദേശസേവിനി വായനശാലയിൽ പ്രവർത്തിച്ചു വരുന്ന അംഗൻവാടി പ്രവർത്തിക്കുന്നതിന് മറ്റൊരു സ്ഥലം കണ്ടുപിടിക്കുക. വായനശാലാ സൗകര്യം വർദ്ധിപ്പിക്കുക.

18. വർഷത്തിലൊരിക്കൽ പഞ്ചായത്തിൽ ഒരു സാംസ്ക്കാരികോത്സവം സംഘടിപ്പിക്കുക.

19. ഒന്നാം വാർഡിലെ സോഷ്യൽ സർവ്വീസ് ലീഗ് വായനശാല പുനരുദ്ധരിക്കുക. ■

★★★★★★★★★★
★★★★★
★★★

4H കുടിവെള്ളം പൊതുജനാരോഗ്യം

കുടിവെള്ളം

മനുഷ്യന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രാഥമികാവശ്യങ്ങളിലൊന്നാണ് കുടിവെള്ളം. വെള്ളത്താൽ ചുറ്റപ്പെട്ടതാണ് നമ്മുടെ ഗ്രാമമെങ്കിലും കുടിവെള്ളത്തിനായി ജനത ഏറ്റവും കഷ്ടപ്പെടുന്നു. വരൾച്ചയിലും വെള്ളപ്പൊക്കത്തിലും ഒരേപോലെ ജനങ്ങൾ കുടിവെള്ളത്തിനായി കഷ്ടപ്പെടുന്നു. കുട്ടനാടിനുവേണ്ടി പ്ലാൻ ചെയ്ത ശുദ്ധജല വിതരണ പദ്ധതികളിലെ ജലം ചങ്ങനാശ്ശേരി, തിരുവല്ല താലൂക്കുകൾക്കായി വിതരണം ചെയ്തത് നമ്മുടെ കുടിവെള്ള പ്രശ്നങ്ങൾ രൂക്ഷമാക്കി.

പമ്പയും മണിമലയും അതിന്റെ കൈവഴികളും ചെറുതോടുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. നമ്മുടെ കുടിവെള്ള സ്രോതസ്സുകൾ ഏതൊക്കെ എന്നു നോക്കാം.

1. ഉപരിതല ജലം
   a. കുളങ്ങൾ
   b. കനാലുകളും നദികളും

വർഷങ്ങൾക്കു മുമ്പ് ഇന്നാട്ടിലെ ജനങ്ങൾ കുളത്തിൽനിന്നും കനാലുകളിൽനിന്നും ശുദ്ധജലം കോരിയെടുത്തുപയോഗിച്ചിരുന്നു. എന്നാൽ ഇന്ന് നദികളിലേയും കനാലുകളിലേയും ജലം ഏറെ മലിനപ്പെട്ടുകഴിഞ്ഞിരിക്കുന്നു (ജലപ്രകൃതി). കാർഷിക മേഖലയിൽ അമിതമായി ഉപയോഗിക്കപ്പെടുന്ന വളം, കീടനാശിനി, കളനാശിനികൾ എന്നിവയുടെ അവശിഷ്ടങ്ങൾ വർദ്ധിച്ചതോതിൽ അടങ്ങിയ അധിക ജലമാണ് ഇന്ന് തോടുകളിലും നദികളിലും കിടക്കുന്നത്. തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽവേ എന്നിവയുടെ ഫലമായി മാലിന്യങ്ങളുടെ ഒരു കലവറയായി മാറിയിരിക്കുന്നു നമ്മുടെ നാട്. മലിന ജലത്തിന്റെ ഉപയോഗം നിമിത്തം പല രോഗങ്ങളും ഇവിടെ വിളയാടുന്നു. പുതിയ ആരോഗ്യ പ്രശ്നങ്ങൾ ഉടലെടുക്കുന്നു. നമ്മുടെ ആരോഗ്യകേന്ദ്രത്തിലെ രോഗങ്ങളുടെ കണക്കുകൾ ഏറിയപങ്കും ജലജന്യരോഗങ്ങളാണ് എന്നു കാണാം.

2. ഭൂർഗഭ ജലം
   a. ആഴം കുറഞ്ഞ കിണറുകൾ
   b. ആഴം കൂടിയ കിണറുകൾ

ഉപരിതല ജലത്തേക്കാൾ താരതമ്യേന മാലിന്യങ്ങൾ കുറവുള്ളത് ഭൂഗർഭജലത്തിലാണ്. ചെറിയ സമൂഹങ്ങൾക്ക് ശുദ്ധജലമെത്തിക്കുന്നതിനുള്ള മാർഗ്ഗം ഭൂഗർഭജലം ഉപയോഗിക്കലാണ്. അവയിൽത്തന്നെ മാലിന്യങ്ങൾ വളരെ കുറവായിരിക്കുന്നത് ആഴം കൂടിയ കിണറുകളിലാണ്. എന്നാൽ കൂട്ടനാട്ടിൽ കിണറുകൾ കൂടുതലും ശുദ്ധജലം ലഭിക്കുന്നില്ല എന്നതാണ് പൊതുഅവസ്ഥ. ചില കിണറുകൾ ഇതിന് അപവാദമായുണ്ട് എന്നും കാണാം.

നമ്മുടെ നാട്ടിൽ ഐ.എച്ച്.ഡി.പി യിലും മറ്റു ചിലയിടങ്ങളിലും കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഓവർ ഹെഡ് ടാങ്ക് സ്ഥാപിച്ച് ജലമെത്തിക്കുന്നതിനുള്ള പള്ളിക്കൂട്ടുമ്മയിലെ പദ്ധതി പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. റിസർവോയറിൽനിന്നും പ്രഷർ പമ്പുപയോഗിച്ച് പമ്പു ചെയ്യുന്നരീതി ചമ്പക്കുളം ആശുപത്രിക്കു സമീപവും, പുല്ലങ്ങടിയിലും പ്രവർത്തിക്കുന്നു. അപൂർവ്വം ചിലയിടങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് ശുദ്ധജലമെത്തിക്കുന്നതിന് കെ.ഡബ്ല്യു.എ യുടെ സഹായം ലഭിച്ചിട്ടുണ്ട്. 2, 3, 6 എന്നീ വാർഡുകളിലാണ് പഞ്ചായത്തിൽ ഏറ്റവും കൂടുതലായി ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നത്. കൂട്ടനാട്ടിലെ സാംക്രമിക രോഗങ്ങളിൽ പലതും വെള്ളവുമായി ബന്ധപ്പെട്ടതാണ്. കുടിക്കാനും കുളിക്കാനും മറ്റും ഉപയോഗിക്കുന്ന വെള്ളത്തിന്റെ ദൗർലഭ്യം നമ്മുടെ പ്രധാന സമൂഹ്യ പ്രശ്നങ്ങളിലൊന്നാണ്. വെള്ളത്തിന്റെ ദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിലാണ് ജലജന്യരോഗങ്ങൾ കൂടുതലായി കണ്ടുവരുന്നത്. അണുക്കളും മറ്റു മാലിന്യങ്ങളും കലർന്ന വെള്ളം ഉപയോഗിക്കാൻ ജനങ്ങൾ നിർബ്ബന്ധിതരായിത്തീരുന്നു. എല്ലാവർക്കും ശുദ്ധജലമെത്തിക്കുക എന്ന ഒറ്റ നടപടികൊണ്ടുതന്നെ ഇന്നുള്ള രോഗാതുരത 30 മുതൽ 40% വരെ കുറയ്ക്കാം എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കാനുള്ള നടപടിയായി കുടിവെള്ളമെത്തിക്കുക എന്ന പ്രവർത്തനത്തെ കണ്ടേ തീരൂ.

പ്രധാന ജലജന്യങ്ങൾ രോഗങ്ങൾ ഏതൊക്കെയെന്നും അവയുടെ കാരണങ്ങൾ എന്തൊക്കെ എന്നും പരിശോധിക്കാം. ജലജന്യരോഗങ്ങളെ പ്രധാനമായും ഇങ്ങനെ തരംതിരിക്കാം.

A. മുഖ്യമായും മലിനജലം മൂലമുണ്ടാകുന്ന രോഗങ്ങൾ

1. വൈറസുകൾ മൂലം

a. പിള്ളവാതം (പോളിയോ)

b. മഞ്ഞപ്പിത്തം (ഹൈപ്പറ്റൈറ്റീസ്)

2.ബാക്ടീരിയകൾ മൂലം

a. ഗാസ്ട്രോ എൻറൈറ്റിസ്

b. ടൈഫോയിഡ്

c. കോളറ

d. ഷിഗല്ലോസിസ്

e. ലെപ്റ്റോസ്പൈറോസിസ് (വീൽസ് ഡിസീസ്)

3.പ്രോട്ടോസോവുകൾ മൂലം

a. അമീബിയാസിസ്

b. ഗിയാർ സിയാസിസ്

4. വിരകൾ മൂലം

B.മുഖ്യമായും വെള്ളത്തിന്റെ ദൗർലഭ്യം മൂലം

1. ത്വക്രോഗങ്ങൾ (ചൊറി, ചിരങ്ങ്)
2. നേത്ര രോഗങ്ങൾ (ട്രക്കോമ)

C.രാസവസ്തുക്കളാൽ മലിനപ്പെടുന്നതുമൂലം

മുകളിൽ പറഞ്ഞ രോഗങ്ങളിൽ പലതും നമ്മുടെ നാട്ടിൽ ഇന്നും ഒരു സാമൂഹ്യ പ്രശ്നമായി അവശേഷിക്കുന്നു.

ആവശ്യാനുസരണം ശുദ്ധജലമെത്തിക്കുകവഴി B ഗ്രൂപ്പിൽപ്പെട്ട രോഗങ്ങളെ പൂർണ്ണമായി നിയന്ത്രിക്കാൻ കഴിയും. A ഗ്രൂപ്പിലെ രോഗങ്ങളുടെ വ്യാപനം കുറയ്ക്കുന്നതിനും, അണു വിമുക്തമായ ശുദ്ധജലം ആവശ്യത്തിന് എല്ലായിടത്തും എത്തിച്ചാൽ C ഗ്രൂപ്പിലെ രോഗങ്ങളെ പൂർണ്ണമായി തടയാനും കഴിയും.

രാസവസ്തുക്കൾ മൂലം മലിനപ്പെട്ടതുവഴി പകരുന്ന രോഗങ്ങൾ അതാതു രാസവസ്തുവിന്റെ ഘടനയനുസരിച്ചുള്ളവയാണ്. കുടിവെള്ളമെത്തിക്കുക എന്നതിനോടൊപ്പം വ്യാപകമായ ബോധവൽക്കരണവും ജലജന്യ രോഗങ്ങൾ തടയുന്നതിന് ആവശ്യമാണ്. വയറിളക്കരോഗം മൂലമുണ്ടാകുന്ന മരണങ്ങൾ സംഭവിക്കുന്നത് ശരീരത്തിലെ ലവണാംശവും, ജലാംശവും നഷ്ടപ്പെടുന്നതു മൂലമാണ്. അതാണല്ലോ നിർജ്ജലീകരണം. നിർജ്ജലീകരണം തടയുന്നതിന് പാനീയ ചികിത്സ നടത്തുന്നതിന് വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തണം.

കുടിവെള്ള സ്രോതസ്സുകളുടെ പൊതു വിവരങ്ങൾ

പട്ടിക

	കേരളം	ചമ്പക്കുളം
സ്വന്തം കിണർ	57.96	
പൊതു കിണർ	27.61	
കുളം	3.00	
പൊതു പൈപ്പ്	8.58	
കായൽ, തോട്	1.09	
മറ്റുള്ളവ	1.42	

പൊതു ജലാശയങ്ങളിൽനിന്ന് വെള്ളം കുടിക്കുന്നവർ കേരളത്തിൽ 1.09% മാത്രമാണ്. ചമ്പക്കുളം പഞ്ചായത്തിൽ ഹൗസ് കണക്ഷനുകളുടെ എണ്ണം 233. പൊതു ടാപ്പുകൾ 67. ഒരു പൊതു ടാപ്പിൽനിന്ന് 25 കുടുംബങ്ങൾ വെള്ളമെടുക്കുന്നു എന്നു കരുതിയാൽ ആകെ പൈപ്പുവെള്ളം ലഭിക്കുന്നത് പഞ്ചായത്തിൽ 1675 കുടുംബങ്ങൾക്കാണ്. കിണറു ജലവും മറ്റുമായി 150 കുടുംബങ്ങൾ ശുദ്ധജലം എടുക്കുന്നു എന്നു കരുതിയാലും ശേഷിക്കുന്ന 1608 കുടുംബങ്ങൾക്ക് കുടിവെള്ളമില്ല എന്നുകാണാം. ആകെ കുടുംബങ്ങൾ 3295 ആണ്. അതായത് 48.9% കുടുംബങ്ങൾ പൊതു ജലാശയത്തിലെ മലിനജലം ഉപയോഗിക്കുന്നു. സംസ്ഥാനത്ത് ഇത്. 1.09% മാത്രമാണ്. ഇത് ഈ രംഗത്തെ നമ്മുടെ ദയനീയാവസ്ഥയെ കാണിക്കുന്നു.

മനുഷ്യനെ മാത്രമല്ല ജലമലിനീകരണം ബാധിക്കുന്നത്. ജലജീവികളെയും മാലിന്യം ആക്രമിച്ചു തുടങ്ങിയിരിക്കുന്നു. നാട്ടിലാകെ പടർന്നുപിടിച്ച മത്സ്യരോഗവും, നീർക്കോലി, തവള, ആമ എന്നിവയെ ബാധിക്കുന്ന രോഗങ്ങളും ഇതിന് ഉദാഹരണമാണ്. മാലിന്യങ്ങൾ വർദ്ധിക്കുന്നതോടൊപ്പം ജലജീവികൾക്കാവശ്യമായ ഓക്സിജന്റെ അളവ് കുറയുകയും ചെയ്യുന്നു. നമ്മുടെ ജലത്തിൽ നിരോധിക്കപ്പെട്ട ഡി.ഡി.റ്റി യുടെ അംശംപോലും കാണാൻ കഴിയുന്നു. മലിനീകരണനിയന്ത്രണ സംവിധാനങ്ങളുടെ ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കേണ്ടതാണ്.


സാധ്യതകൾ

1. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും യുദ്ധകാലാടിസ്ഥാനത്തിൽ ശുദ്ധജലമെത്തിക്കുന്നതിന് നടപടികളെടുക്കുക.2,3,6 എന്നീ വാർഡുകൾക്ക് മുൻഗണന നൽകുക.
2. നാടൻ കുളങ്ങളെ ശുചിയാക്കിയിടുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യുക. കുളങ്ങളെയും പൊതു ജലാശയങ്ങളെയും കുപ്പത്തൊട്ടികളാക്കാതിരിക്കുക.
3. കുളങ്ങളെ ക്ലോറിനേഷനു വിധേയമാക്കുക. ജനപങ്കാളിത്തം ഉറപ്പാക്കുക.
4. കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനങ്ങളുണ്ടാക്കുക.
5. ജലം ശുദ്ധിചെയ്തെടുക്കുന്നതിന് മുച്ചട്ടി, അരിപ്പ തുടങ്ങിയ നാടൻ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുക. ഇതിനായി പ്രത്യേക പരിശീലനങ്ങൾ നൽകുക.
6. നിലവിലുള്ള ടാപ്പുകൾ നന്നാക്കുകയും അതിൽ ശുദ്ധജലമെത്തിക്കുകയും ചെയ്യുക.
7. മില്യൺവെൽ സ്കീമിൽ പെടുത്തി കിണർ നിർമ്മിക്കുക. നിർമ്മിക്കുമ്പോൾ അതിൽ ശുദ്ധജലം ലഭിക്കും എന്ന് ഉറപ്പുവരുത്തണം.
8. തോട്ട പൊട്ടിക്കൽ, നഞ്ചു കലക്കൽ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയുള്ള മത്സ്യബന്ധനം പൂർണ്ണമായും തടയുക.

പൊതുജനാരോഗ്യം

ആരോഗ്യമെന്നത് മനുഷ്യന്റെ ശാരീരികവും മാനസികവുമായ സുസ്ഥിതിയാണ്. ഡോക്ടറും ആശുപത്രിയും മരുന്നും ചേർന്നാൽ വ്യക്തിയുടെ ആരോഗ്യമായി എന്നു പറയാമെങ്കിലും, ശുദ്ധജലവും പോഷകാഹാരവും ശുചിയായ പരിസരവും നല്ല ആരോഗ്യശീലങ്ങളും ചേർന്നെങ്കിൽ മാത്രമേ സാമൂഹ്യാരോഗ്യമാവുകയുള്ളു. കേരള മാതൃകയിൽ കേരളീയരുടെ ആരോഗ്യം മെച്ചപ്പെട്ടു എന്നതിന് സാമൂഹ്യസാഹചര്യങ്ങളുടെ മെച്ചപ്പെടൽ കാരണമാണ്. നേട്ടങ്ങൾ ഏറെയുണ്ടായി എങ്കിലും, നമ്മുടെ ആരോഗ്യരംഗം പുതിയ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നു. വയറിളക്കം, മഞ്ഞപ്പിത്തം, ക്ഷയരോഗം തുടങ്ങിയ ദാരിദ്ര്യജന്യരോഗങ്ങൾ ഇവിടെ കാണപ്പെടുന്നു. ജപ്പാൻ ജ്വരം, കോളറ, എലിപ്പനി തുടങ്ങിയ രോഗങ്ങൾ അടുത്ത കാലത്തായി പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ഇത് നമ്മുടെ ജനതയുടെ ദുർബ്ബലമായ ആരോഗ്യസ്ഥിതിയാണ് കാണിക്കുന്നത്.

നമ്മുടെ ആരോഗ്യരംഗത്തെ വിലയിരുത്തു



ന്നതിന് ആവശ്യമായ സൂചകങ്ങൾ പൂർണ്ണമായി ലഭ്യ മല്ല. ആയൂർദൈർഘ്യം, ശിശുമരണനിരക്ക്, മാതൃ മരണനിരക്ക് എന്നിവയൊക്കെ പരിശോധി ക്കേണ്ടതുണ്ട്. ചമ്പക്കുളം ഗവൺമെൻറ് ആശുപത്രിയി ലെത്തിയ രോഗകളുടെ എണ്ണം മറ്റു വിവരങ്ങൾ ഇവ പട്ടിക 1 -ൽ നിന്ന് ലഭിക്കുന്നു.

പട്ടിക - 1

ചമ്പക്കുളം ഗവ: ആശുപത്രിയിലെ രോഗികളെ സംബന്ധിച്ച വിവരം.

രോഗങ്ങൾ സംബന്ധിച്ച വിവരം (പ്രതിവർഷം എണ്ണം)

വർഷം	ഇൻപേഷ്യൻറ് എണ്ണം	ഔട്ട് പേഷ്യൻറ് എണ്ണം	ത്വക് രോഗം	വാത രോഗം	പകർച്ച വ്യാധികൾ	വിഷ ചികിത്സ	മറ്റ് രോഗങ്ങൾ	ആകെ
1992-93	1403	27784	346	51	4613	2	24175	29187
1993-94	1941	42628	24	24	3514	Nil	40588	44569
1994-95	1979	55202	28	28	8534	8	48175	57181
1995-96	2606	69185	36	36	2929	2	65778	71791

രോഗികളുടെ എണ്ണം ക്രമമായി വർദ്ധിച്ചു വരുന്നു എന്നു കാണുകയും ചെയ്യാം. ത്വക്ക് രോഗങ്ങൾ കൂടുതലായും, സാക്രമിക രോഗങ്ങൾ വളരെ കൂടുതലാ യും കാണപ്പെടുന്നു.

95-96 -ൽ ആകെ രോഗികളിൽ 4.24% പേർ ത്വ ക്ക് രോഗങ്ങൾ പിടിപ്പെട്ടവരും, 4% പേർ പകർച്ച വ്യാധി കൾ പിടിപെട്ടവരുമാണ്. 94-95 -ൽ 14.92% പേർ പകർ ച്ചവ്യാധി പിടിപെട്ട് ആശുപത്രിയിൽ എത്തിയിരുന്നു. പകർച്ചവ്യാധികൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പട്ടിക - 2 ൽ നിന്നും ലഭിക്കുന്നു.

പട്ടിക - 2 ചമ്പക്കുളം ഗവ: ആശുപത്രിയിലെ പകർച്ചവ്യാധി വിവരങ്ങൾ

വർഷം	ജലജന്യം	വായുജന്യം	പ്രാണിജന്യം	മറ്റുള്ളവ
1993-94	1890		26	
1994-95	2175		30	
1995-95	1760		24	

പകർച്ചവ്യാധികളിൽ ജലജന്യ രോഗങ്ങളാണ് ഏറ്റവും കൂടുതൽ, 1995-96 -ൽ പകർച്ചവ്യാധികളിൽ 98.65% ജലജന്യ രോഗങ്ങളാണ്. ആശുപത്രിയിൽ എത്തുന്ന രോഗികൾ ചമ്പക്കുളം പഞ്ചായത്തിൽനിന്നും മാത്രമുള്ളവരല്ല. എന്ന കാര്യം കണക്ക് വിലയിരുത്തു മ്പോൾ ഓർമ്മിക്കണം. ജലജന്യ രോഗങ്ങളുടെ വർദ്ധമാ നമായ ഈ തോത്, കുടിവെള്ളമെത്തിക്കുന്നതിന് അടി യന്തിരമായ പദ്ധതികൾ ആസൂത്രണം ചെയ്യണം എന്നതി ലേക്കാണ് വിരൽ ചൂണ്ടുന്നത്.

ആരോഗ്യ സ്ഥാപനം ചമ്പക്കുളം ഗവ: ആശുപത്രി

1968 -ൽ സ്ഥാപിച്ച ചമ്പക്കുളം ഗവ: ആശുപ ത്രിയാണ് ഏക ആരോഗ്യ സ്ഥാപനം. അലോപ്പതി ചി കിത്സാരീതിയാണ് ഇവിടെ നടക്കുന്നത്. ചമ്പക്കുളം പഞ്ചായത്ത് ഒന്നാം വാർഡിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. വളരെ താണ പ്രദേശമായതിനാൽ പല പ്പോഴും ആശുപത്രിയിൽ വെള്ളം കയറുന്നു. കിടത്തി ചികിത്സിക്കുന്ന രോഗികളെ വെള്ളപ്പൊക്കം മൂലം ഇടയ്ക്ക് വീട്ടിലേയ്ക്ക് വിടേണ്ടി വരുന്ന സാഹചര്യമാ ണ് നിലനില്ക്കുന്നത്. മഴ പെയ്താൽ ചോർന്നൊലി ക്കുന്നു. കക്കൂസ്, കുടിവെള്ള സൗകര്യങ്ങൾ പര്യാ പ്തമല്ല. അവശ്യമരുന്നുകൾ പലപ്പോഴും ലഭ്യമല്ല. ഡോ ക്ടർമാരുടെ സേവനം പൂർണ്ണമായും ലഭിക്കുന്നില്ല. ഓപ്പ റേഷൻ നടത്തുന്നതിന് യാതൊരു സൗകര്യവുമില്ല.

ആയുർവേദ, ഹോമിയോ ചികിത്സാലയങ്ങൾ

പഞ്ചായത്തിൽ ഇല്ല. പലപ്പോഴും ചികിത്സായ്ക്കായി ആലപ്പുഴ മെഡിക്കൽ കോളേജിലേക്കും മറ്റ് ആശുപത്രികളിലേക്കും പോകേണ്ടിവരുന്നു.

പഞ്ചായത്തിൽ 2 കുടുംബക്ഷേമകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഹെൽത്ത് വർക്കർ നിശ്ചിത കാലയളവിനുള്ളിൽ വീടു സന്ദർശിക്കാറില്ല.

സാധ്യതകൾ

1. ചമ്പക്കുളം ഗവ: ആശുപത്രിയുടെ നിയന്ത്രണം ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലാക്കുക.
2. രോഗപ്രതിരോധം, ആരോഗ്യം, വിദ്യാഭ്യാസം, ചികിത്സ എന്നീ രംഗങ്ങളിൽ നടന്നുവരുന്ന പ്രവർത്തനങ്ങളേയും സ്ഥാപനങ്ങളെയും ജീവനക്കാരുടെ സേവനത്തെയും പഞ്ചായത്തു തലത്തിൽ ഏകോപിപ്പിക്കണം.
3. പ്രതിരോധ കുത്തിവയ്പുകൾ, അന്ധത, ക്ഷയം തുടങ്ങിയ പ്രത്യേക രോഗനിവാരണ പരിപാടികൾ ഇവപഞ്ചായത്തുതലത്തിൽകാര്യമായിപ്രചരിപ്പിക്കുക.
4. ചമ്പക്കുളം ഗവ: ആശുപത്രിയിൽ ഒരു ഗൈനക്കോളജിസ്റ്റിന്റെ സേവനം മുഴുവൻ സമയവും ലഭ്യമാക്കുക, സിസേറിയൻ നടത്തുന്നതിനാവശ്യമായ തിയേറ്റർ സൗകര്യമുണ്ടാക്കുക.
5. ആശുപത്രിയിൽ ലാബോറട്ടറി സൗകര്യമുണ്ടാക്കുക.
6. ആരോഗ്യപ്രവർത്തകരുടെ സേവനം കാര്യക്ഷമമാക്കുക. ഇവരെ സഹായിക്കുന്നതിന് പ്രാദേശിക സന്നദ്ധ ആരോഗ്യപ്രവർത്തകരെ തയ്യാറാക്കണം. 50 വീടിന് ഒരാൾ എന്നനിലയിൽ.
7. 12 വയസ്സുവരെയുള്ള കുട്ടികൾക്കായി സൗജന്യ വൈദ്യപരിശോധന സംഘടിപ്പിക്കുക. അവർക്ക് ഹെൽത്ത് കാർഡ് വിതരണം ചെയ്യുക. പോഷകാഹാരക്കുറവുള്ള കുട്ടികൾക്ക് പോഷകാഹാരം വിതരണം ചെയ്യുക.
8. യോഗ്യതയില്ലാത്തവർ ആരോഗ്യ പ്രവർത്തന, ചികിത്സാരംഗങ്ങളിൽ കടുന്നുവരുന്നത് തടയണം.
9. സ്ത്രീകളുടെ ആരോഗ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഒരു ഹെൽത്ത് വർക്കറെ പ്രത്യേകമായി നിയമിക്കുക.
10. രക്തദാനത്തിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിന് ബോധവത്ക്കരണം നടത്തുക. പഞ്ചായത്തിൽ പലയിടങ്ങളിൽ രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ് നടത്തി രക്തദാന സേന രൂപീകരിക്കുക. അവരുടെ പേരു വിവരവും ഗ്രൂപ്പും പഞ്ചായത്തിൽ സൂക്ഷിക്കുക.
11. പഞ്ചായത്തിൽആയുർവേദ,ഹോമിയോപ്പതിചികിത്സാ സൗകര്യങ്ങൾ പൊതു ഉടമസ്ഥതയിൽ ലഭ്യമാക്കുക.
12. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളിലും പുകവലി, വെറ്റിലമുറുക്ക് ഇവ കർശനമായി തടയണം.
13. സി.ആർ.എസ്.പി പദ്ധതിയിൽപെടുത്തി ശുചിത്വമുള്ള കക്കൂസുകൾ മുഴുവൻ വീടുകൾക്കും ലഭ്യമാക്കുക.
14. ഇറച്ചി വെട്ടിനുശേഷം അസ്ഥികൾ മറ്റ് അവശിഷ്ടങ്ങൾ ഇവ പൊതു ജലാശയങ്ങളിൽ ഇടുന്നത് കർശനമായി തടയുക.
15. കക്കൂസുകൾ പൊതു ജലാശയങ്ങളിലേക്ക് തുറന്നവയുണ്ടെങ്കിൽ വീട്ടുകാരെക്കൊണ്ട് അത് അടപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക.
16. എസ്.ഡബ്ല്യു.റ്റി.ഡി ബോട്ടുകളിലെ പൊതു കക്കൂസ് സംവിധാനം അവസാനിപ്പിക്കണം. സംഭരണരീതി ഏർപ്പെടുത്തുകയും, സംഭരണി നിറയുമ്പോൾ പൊതു ടാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നരീതി ആരംഭിക്കണം.
17. കൃഷിക്ക് അമിത വളം, കീടനാശിനി ഇവ ഉപയോഗിക്കുന്നത് അവസാനിപ്പിക്കണം. അവയുടെ ഉപയോഗം കൃഷി വിദഗ്ദ്ധർ നിർദ്ദേശിക്കുന്ന തോതിലാക്കണം.
18. ഹോട്ടലുകളിലെ ശുചിത്വനിലവാരം പരിശോധിക്കുന്നതിന് സംവിധാനമുണ്ടാക്കണം.
19. ചമ്പക്കുളം ആശുപത്രിയെ മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കണം.
    ആശുപത്രിഗ്രൗണ്ട് ഗ്രാവൽ ഉപയോഗിച്ച് ഉയർത്തണം.
    ആശുപത്രി പരിസരം ശുചിയായി സൂക്ഷിക്കുക.
    മഴ പെയ്യുമ്പോൾ ചോർന്നൊലിക്കുന്നത് തടയുക.
    ജനാലകളും വാതിലുകളും പുതുക്കുക.
    ആവശ്യമായബെഡ്ഡുകളുംകിടക്കകളുംലഭ്യമാക്കുക.
    സജ്ഞീവിനി ബോട്ട് നന്നാക്കി പ്രവർത്തിപ്പിക്കുക.
    ആശുപത്രിയിൽ കേടായിക്കിടക്കുന്ന വയറിംഗ് മെച്ചപ്പെടുത്തുക.
    ലോഡ്ഷെഡിംഗ്രിൽനിന്ന് ഒരു പരിധിവരെ രക്ഷനേടാൻ ഒന്നിലധികം ഫീഡർകണക്ഷൻ ലഭ്യമാക്കുക.
    ഒരു മുറിക്ക് ഒന്ന് എന്ന ക്രമത്തിൽ എമർജൻസി ലാമ്പുകൾ ലഭ്യമാക്കുക.
20. ആശുപത്രി വികസന സമിതി ജനോപകരപ്രദമാക്കുക. ജനങ്ങളും ആശുപത്രി ജീവനക്കാരും തമ്മിലുള്ള അകലം കുറയ്ക്കുക. ■

4. പാർപ്പിടവും സാമൂഹ്യ ക്ഷേമവും

താമസയോഗ്യവും മനോഹരവുമായ ഒരു വീട് ആധുനിക മനുഷ്യന്റെ സ്വപ്നമാണ്. എന്നാൽ ഈ സ്വപ്നം നമ്മുടെ പഞ്ചായത്തിൽ ഇനിയും സാക്ഷാൽക്കരിക്കേണ്ടതായിട്ടുണ്ട്. ഉറപ്പുള്ളതും വാസയോഗ്യവുമായ വീടിനെ സംബന്ധിച്ചു ബഹുഭൂരിപക്ഷവും ചിന്തിക്കാൻ തുടങ്ങിയത് 1970 കളിലാണ്. ഭൂരിപക്ഷം വരുന്ന ജനവിഭാഗവും വൻകിട ഭൂഉടമകളുടെ പാടവരമ്പുകളിൽ അവരുടെ സൗകര്യാർത്ഥം കുടിൽ കെട്ടി താമസിച്ചു പോന്നിരുന്നു. എന്നാൽ 70 കളിൽ കേരളത്തിലുണ്ടായ ജനകീയ ആവശ്യത്തിന്റെ ഭാഗമായി കുടികിടപ്പുകാർക്ക് അവർ താമസിച്ചിരുന്ന ഭൂമി സ്വന്തമായി മാറി. ഇതേ തുടർന്ന് സ്വന്തം ഭൂമിയിൽ സ്വന്തം വീടെന്ന ആഗ്രഹം ഉടലെടുത്തു. അതിനെ തുടർന്ന് കുടിലുകൾ ഭൂരിപക്ഷവും ഇഷ്ടിക കെട്ടി ഓടു മേഞ്ഞവ ആയി മാറിയെങ്കിലും ഇത്തരം വീടുകളിൽ ഏറിയ കൂറും മിനിമം സൗകര്യങ്ങൾ പോലും ഉള്ളവയല്ല.

നമ്മുടെ പഞ്ചായത്തിലെ വീടുകളുടെ പൊതു സ്ഥിതിയെക്കുറിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക - I

2 നില കെട്ടിടങ്ങൾ	കോൺക്രീറ്റ് കെട്ടിടങ്ങൾ	ഓടിട്ട കെട്ടിടങ്ങൾ	ഓലകെട്ടിയ വീടുകൾ	മറ്റുള്ളവ
4	221	3044	777	612

പ്രശ്നങ്ങൾ

പാർപ്പിട നിർമ്മാണ രംഗം ഇന്ന് വലിയ പ്രതിസന്ധികളുടെ നടുവിലാണ്. നിർമ്മാണ സാമഗ്രികളായ, കരിങ്കല്ല്, മണൽ, ഇഷ്ടിക, തടി മുതലായവ പ്രകൃതിയിൽനിന്നും നേരിട്ടോ, അൽപ്പം ചില മനുഷ്യാദ്ധ്വാനത്തിലൂടെ രൂപാന്തരപ്പെടുത്തിയോ ലഭിക്കുന്നവയാണ്. അവയുടെ ലഭ്യത അനന്തമല്ല. സിമിൻറിൻെറ കാര്യവും വ്യത്യസ്തമല്ല. ഈ കാര്യം കണക്കിലെടുക്കാതെയും യാതൊരുവിധ കാഴ്ചപ്പാടുമില്ലാതെ ഈ വിഭവങ്ങളുടെ മേൽ അമിതമായ ചൂഷണം ആണ് കഴിഞ്ഞ മൂന്നു ദശകങ്ങളായി നടന്നുവന്നത്. ഓരോ വർഷവും പാർപ്പിട നിർമ്മാണത്തിനായി എത്ര ഘനമീറ്റർ മണലും, തടിയും, കരിങ്കല്ലും ഉപയോഗിക്കണമെന്ന് നാളിതുവരെയതൊരുവിധ പഠനങ്ങളും നടന്നിട്ടില്ല. സർക്കാർ നിയന്ത്രണങ്ങൾ ഒന്നുമില്ലാതെ ന്യൂനപക്ഷം വരുന്ന സമ്പന്നൻമാർ പ്രമാണിത്തം കാട്ടുന്നതിനായി കോൺക്രീറ്റ് സൗധങ്ങൾ നിർമ്മിച്ചു കൂട്ടുകയാണ്. ഗൾഫ് പണത്തിൻെറ ഗണ്യമായ ഭാഗം അശാസ്ത്രീയവും ഉൽപാദനക്ഷമമല്ലാത്തതും ആയ ഈ ധൂർത്തിനുവേണ്ടിയാണ് മാറിയത്. ഇതുമൂലം നിർമ്മാണ സാമഗ്രികളുടെ ലഭ്യത കുറയുകയും വില കുത്തനെ ഉയരുകയും ചെയ്തു. അനിയന്ത്രിതമായ ഈ ഉപഭോഗസംസ്ക്കാരം പാവപ്പെട്ടവൻെറ വീട് എന്ന സ്വപ്നത്തെ അപ്രാപ്യമാക്കുന്നു.

പട്ടിക - II
വില സൂചിക

വർഷം	സിമിൻറ്	കമ്പി	ഇഷ്ടിക	മണൽ
1985	63	7	600	
1990	105	10	1100	
1996	190	18	2000	

തൊഴിൽ പ്രശ്നങ്ങൾ

നിർമ്മാണരംഗത്ത് ഇപ്പോഴും പരമ്പരാഗത തൊഴിലാളികളാണ് പ്രവർത്തിക്കുന്നത്. സാങ്കേതിക വിദ്യയിലാവട്ടെ കാലാനുസൃതമായ മാറ്റം ഉണ്ടായിട്ടില്ല. താരതമ്യേന ഉയർന്ന കൂലിനിരക്ക് ലഭിക്കുന്ന മേഖലയാണിത്. ഈ രംഗത്തെ തൊഴിലാളികളുടെ ദൗർലഭ്യം മൂലം പണി സമയബന്ധിതമായി തീർക്കുന്നതിന് കഴിയുന്നില്ല. കുറച്ചു തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കാൻ കഴിയുന്ന ഒരു മേഖലയാണിത്.

മേസ്തിരി പണിക്കാരുടെ ദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കുന്നത് തമിഴ്നാട്ടിൽനിന്നും എത്തിയിട്ടുള്ള തൊഴിലാളികളാണ്.

പട്ടിക - III
കൂലിനിരക്ക്

	ആശാരി	മേസ്തിരി	മൈക്കാട്
1980	18	18	12
1985	60	60	25
1990	100	100	60
1996	150	150	100

ഭവന നിർമ്മാണ പദ്ധതികൾ

വിവിധതരം ഭവന നിർമ്മാണ പദ്ധതികളാണ് ഭവന ദാരിദ്ര്യം പരിഹരിക്കാൻ ഇപ്പോൾ നിലവിലുള്ളത്. ഗ്രാമവികസന വകുപ്പ് നടപ്പാക്കുന്നു.

I.A.Y, J.R.Y, M.W.S തുടങ്ങിയ 100% സബ്സിഡിയോടുകൂടിയ പട്ടികജാതി/വർഗ്ഗക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതികളും, പട്ടിക-ജാതി വികസന ഓഫീസ് വഴി സ്ഥലം വാങ്ങി വീടു വയ്ക്കുന്ന പദ്ധതി, വീടു തന്നെ നിർമ്മിക്കുന്ന പദ്ധതി. K.S.H.B വായ്പാ പദ്ധതി എന്നിവയാണ് ഇപ്പോൾ നിലവിലുള്ള പദ്ധതികൾ മുൻപ് N.R.E.P, R.L.E.G.P പദ്ധതികളിലൂടെയാണ് വീടു വയ്ക്കുന്നതിന് ധനസഹായം നൽകിയിരുന്നത്. റവന്യൂ വകുപ്പ് നടപ്പാക്കിയ പുനരധിവാസ ഭവന പദ്ധതിയും, പ്രകൃതി ക്ഷോഭത്തിൽ വീടു നശിച്ചവർക്കുള്ള പുനർനിർമ്മാണപദ്ധതിയും ദുർബ്ബലരെ സഹായിക്കുന്നതിനായി നിലവിലുണ്ട്.

റവന്യൂ വകുപ്പുവഴി നടത്തിയ ഭവന പദ്ധതികൾ നാളിതുവരെ വീടു ലഭിച്ചവർ

RHS I-ാം ഘട്ടം	RHS II-ാം ഘട്ടം	RHS III-ാം ഘട്ടം	കൈരളി	Wood '92
211 Nos.	43	45	30	29

1986-87 വർഷം മുതൽ 95-96 വരെയുള്ള വർഷങ്ങളിലായി ചമ്പക്കുളം പഞ്ചായത്തിൽ ഭവനനിർമ്മാണരംഗത്ത് റവന്യൂ വകുപ്പുവഴി സാമ്പത്തിക സഹായം അനുവദിച്ചു പണി തീർന്ന വീടുകളുടെ എണ്ണമാണ് മുകളിൽ പട്ടികയായി ചേർത്തിട്ടുള്ളത്. ഈ വീടുകൾ മതിയായ മെയിൻറൻസ് നടത്താതെ പലതും കാലപ്പഴക്കം നിമിത്തം പ്രകൃതിക്ഷോഭത്തെ തുടർന്ന് തകർന്ന നിലയിലാണ് കാണപ്പെടുന്നത്.

പട്ടിക - IV (ഗ്രാമ വികസന വകുപ്പ്)

പദ്ധതിയുടെ പേര്	I	II	III	IV	V	VI	VII	VIII	IX	Total
NREP	-	-	-	-	-	6	5	10	18	39
RLEGP	2	10	5	-	5	5	-	-	7	34
IAY	3	1	1	1	-	4	2	1	-	13
MWS	1	-	2	-	-	1	-	2	-	6
JRY	-	-	-	1	-	1	-	-	-	2
IAY (N.S)	2	1	1	1	-	6	1	-	-	12
Total	8	12	9	3	5	23	8	13	25	106

സാമൂഹ്യ ക്ഷേമപദ്ധതി പ്രകാരം ചമ്പക്കുളം പഞ്ചായത്തിൽ ധനസഹായം ലഭിച്ച് പട്ടിക വാർഡു തിരിച്ച് ചുവടെ ചേർക്കുന്നു.

ഈ പട്ടികയിൽനിന്നും നൽകിയിട്ടുള്ള വീടുകളുടെ എണ്ണം എത്ര പരിമിതമാണെന്ന് വ്യക്തമാകുന്നുണ്ടല്ലോ. പ്രകൃതിക്ഷോഭത്തിൽപ്പെടുത്തി റവന്യൂ വകുപ്പ് നേരിട്ട് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവന നിർമ്മാണ പദ്ധതി, പഞ്ചായത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവന പദ്ധതി, K.S.H.B നൽകുന്ന ഭവന നിർമ്മാണ വായ്പാപദ്ധതി തകഴിയിൽ പുതുതായി ആരംഭിച്ച റൂറൽ ഹൗസിംങ് കോ-ഓപ്പേറേറ്റീവ് സൊസൈറ്റിയുടെ ഭവന നിർമ്മാണ വായ്പാ പദ്ധതി ഇവയിൽപ്പെടുത്തി നൽകിയിട്ടുള്ള വീടുകളുടെ വിവരം ലഭ്യമല്ല. അവ കൂടി ചേർത്താലും ചിത്രം ഏറെ വ്യത്യസ്തമാകുവാൻ സാധ്യതയില്ല.

ഗ്രാമ വികസന വകുപ്പ് നേരിട്ടും തദ്ദേശ സ്ഥാപനങ്ങൾ വഴിയും ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന തുക തീരെ അപര്യാപ്തമാണ്. കുട്ടനാടിൻറെ ഭൗതീക പരിതസ്ഥിതിയിൽ കെട്ടിട നിർമ്മാണ ചിലവ് കൂടുതലാണ്. ആയതിനാൽ പദ്ധതിയിൽ ഒരു വീടിന് അനുവദിക്കുന്ന തുക കുട്ടനാട്ടിൽ മതിയാകാതെ വരുകയും നിർമ്മാണം ഇടയ്ക്കുവച്ചു നിന്നുപോവുകയും ചെയ്യുന്നു. പദ്ധതിക്കുവേണ്ടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നിലവിലുള്ള മാനദണ്ഡളിൽ മാറ്റം വരുത്തണം.

നിർദ്ദേശങ്ങൾ

1. വീട്ടിലെ അംഗങ്ങളുടെ എണ്ണവും കുടുംബാംഗങ്ങളുടെ സാമൂഹ്യസാഹചര്യത്തിനാനുപാതികമായി വീടിൻറെ വലുപ്പം നിജപ്പെടുത്തണം. ഇതിനാവശ്യമായ നിയമ നിർമ്മാണം സംസ്ഥാന സർക്കാർ നടത്തേണ്ടതാണ്.
2. പാഴ്തടികൾ ശാസ്ത്രീയമായി സംസ്ക്കരിച്ച് കെട്ടിട നിർമ്മാണത്തിനുപയുക്തമാക്കുന്ന സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കണം.
3. കുട്ടനാടൻ മണ്ണിന് അനുയോജ്യമായ വാസ്തു ശില്പ മാതൃകകൾ രൂപപ്പെടുത്തണം.
4. പഞ്ചായത്തിലെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പഞ്ചായത്തു തലത്തിൽ ഭവന നിർമ്മാണ സൊസൈറ്റി രൂപീകരിക്കുക.
5. വിവിധ വകുപ്പുകളിൽ നിന്നും ഭവനനിർമ്മാണത്തിന് അനുവദിക്കുന്ന തുക സൊസൈറ്റി വഴി ഗുണഭോക്താവിന് ലഭ്യമാക്കണം.
6. കെട്ടിടത്തിൻറെ പ്ലാൻ മുതൽ നിർമ്മാണം പൂർത്തിയാക്കുന്ന ഘട്ടം വരെയുള്ള മുഴുവൻ പ്രവർത്തനങ്ങൾക്കും ആവശ്യമായ വിദഗ്ദ്ധ തൊഴിലാളികളെ (എൻജിനീയർ, ആശാരി, മേസ്തിരി) സൊസൈറ്റിക്ക് നൽകാൻ കഴിയണം. നിലവിലു



ള്ള തൊഴിലാളികൾ സൊസൈറ്റിയിൽ അംഗങ്ങളാവുകയും തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും തൊഴിലിന്റെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകണം.

7. ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് നിർമ്മാണ സാമഗ്രികൾ സൊസൈറ്റി സംഭരിച്ച് വിതരണം ചെയ്യുവാൻ കഴിയണം.
8. സബ്സിഡി നിരക്കിൽ സിമിൻറ്, കമ്പി, ഓട്, ഇഷ്ടിക തുടങ്ങിയ സാമഗ്രികൾ സർക്കാർ സൊസൈറ്റിക്ക് സപ്ലൈ ചെയ്യണം.
9. ദുർബ്ബല വിഭാഗങ്ങൾക്ക് വീടു വയ്ക്കുന്നതിന് തുക അനുവദിക്കുമ്പോൾ കുട്ടനാടിന്റെ പ്രത്യേക പരിതസ്ഥിതി അനുസരിച്ച് ചിലവ് പ്രതിക്ഷിക്കുന്ന എസ്റ്റിമേറ്റ് ഉണ്ടാക്കുകയും അതനുസരിച്ചുള്ള മതിയായ തുക അനുവദിക്കുകയും ചെയ്യണം.
10. വീടു പണി, ആരംഭിച്ച് കാലതാമസം കൂടാതെ പൂർത്തീകരിക്കുന്നതിനാവശ്യമായ ശ്രദ്ധയും നിർദ്ദേശവും നൽകാൻ അതാത് വാർഡിലെ മെംബറുടെ ചുമതലയിൽ സമിതി രൂപീകരിക്കണം.
11. വിവിധ ഭവന നിർമ്മാണ പദ്ധതികൾക്ക് അപേക്ഷിക്കുമ്പോൾ നൽകേണ്ട ബാദ്ധ്യതാ സർട്ടിഫിക്കേറ്റുകൾക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഫീസ് നിർത്തലാക്കുക. സബ് രജിസ്റ്റാർ ഓഫീസിലെ കാലതാമസം ഒഴിവാക്കുക.

സാമൂഹ്യക്ഷേമം

ഒരു പരിഷ്കൃത സമൂഹത്തിൽ ജനങ്ങളുടെ പ്രാഥമിക ആവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, തൊഴിൽ, വിദ്യാഭ്യാസം, വിനോദം തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടത് ജനാധിപത്യ സർക്കാരിന്റെ കടമയാണ്. ഈ അടിസ്ഥാന ആവശ്യങ്ങൾ പടിപടിയായി ഉണ്ടാക്കികൊടുക്കുന്നതിനും സർക്കാരും മറ്റു ജനാധിപത്യ ഭരണ സംവിധാനങ്ങളും പല ക്ഷേമ പദ്ധതികളും ആസൂത്രണം ചെയ്തു പോരുകയാണ്. ദുർബ്ബല ജനവിഭാഗങ്ങളുടേയും ദാരിദ്ര രേഖയ്ക്കു താഴെയുള്ളവരുടേയും ജീവിതനിലവാരം ഉയർത്തുന്നതിനും ദാരിദ്ര നിർമ്മാർജ്ജനത്തിനും വിവിധതരം പദ്ധതികൾ ഏർപ്പെടുത്തുക. പാർപ്പിടം, കക്കൂസ്, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യാക്കുകയും, തൊഴിൽ പരിശീലനവും, സ്വയം തൊഴിൽ പദ്ധതിയും, ശിശുക്ഷേമവും, വനിതാക്ഷേമവും, വിധവകളേയും വികലാംഗരേയും സംരക്ഷിക്കുന്നതും മറ്റും സാമൂഹ്യ ക്ഷേമത്തിന്റെ പരിധിയിൽപ്പെടുന്നു

എല്ലാ സാമൂഹ്യ ക്ഷേമ പദ്ധതികൾക്കും ''അടിസ്ഥാന''മാക്കാവുന്ന ഒരു അധികാര രേഖയാണ് I.R.D.P സർവ്വേലിസ്റ്റ്. ദാരിദ്രരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ പൂർണ്ണമായ സ്ഥിതിവിവരങ്ങളാണ് വാർഡു തിരിച്ച് തയ്യാറാക്കുന്ന ഈ രേഖയിൽ ചേർത്തിട്ടുള്ളത്. ഒരു കുടുംബത്തിന്റെ വാർഷിക വരുമാനം 11100/- രൂപയിൽ താഴെ വരുന്നവർക്കേ സർവ്വേലിസ്റ്റിൽ ഉൾപ്പെടുവാനും ക്ഷേമപദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിനും അർഹതയുണ്ടാവുകയുള്ളൂ.

കാലാകാലങ്ങളിൽ നടക്കുന്ന കൂട്ടായ വിലപേശലിൽ കൂടി വേതനത്തിൽ ഉണ്ടാവുന്ന വർദ്ധനവും വിലക്കയറ്റം നിമിത്തം രൂപയുടെ മൂല്യത്തിലുണ്ടാകുന്ന കുറവും പരിഗണിച്ച് ദാരിദ്രരേഖ നിർണ്ണയിക്കുന്നതിന് ഇപ്പോൾ അംഗീകരിച്ചിട്ടുള്ള വരുമാന പരിധി ഉയർത്താത്തത് ദരിദ്ര കുടുംബങ്ങൾ ലിസ്റ്റിൽനിന്നും വിട്ടുപോകാനും ആനുകൂല്യം ലഭിക്കാതിരിക്കാനും ഇടയാകുന്നു. അതുപോലെ മാനദണ്ഡങ്ങൾ പാലിക്കപ്പെടാതെ സ്വജനപക്ഷപാതത്തോടെ സർവ്വേ ലിസ്റ്റ് തയ്യാറാക്കുന്നതിനാൽ അനർഹരിൽ ചിലർ ആനുകൂല്യം തട്ടിയെടുക്കുകയും ചെയ്യുന്നു.

പട്ടികജാതി/വർഗ്ഗ വികസന കോർപ്പറേഷന്റെ പിന്നോക്ക വികസന കോർപ്പറേഷൻ പരിവർത്തന ക്രിസ്ത്യൻ വികസനകോർപ്പഷേൻ, ക്ഷേമനിധി ബോർഡുകൾ പോലുള്ള സ്ഥാപനങ്ങൾ വനിതാ വികസന കോർപ്പറേഷൻ, തുടങ്ങി ക്ഷേമ പ്രർത്തനങ്ങൾ ലക്ഷ്യം വച്ചു രൂപീകരിക്കപ്പെട്ട ഒട്ടേറെ സ്ഥാപനങ്ങളുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം വളരെ പരിമിതമായ തോതിലേ പഞ്ചായത്തിൽ ജനങ്ങൾക്ക് അനുഭവപ്പെടുന്നുള്ളൂ. ആനുകൂല്യത്തെപ്പറ്റി ആവശ്യക്കാരന് വേണ്ടത്ര ധാരണയില്ലായ്മ, യഥാസമയം സഹായം ലഭിക്കായ്ക, സാങ്കേതികമായ തടസ്സങ്ങൾ അനുവദിക്കുന്ന ആനുകൂല്യത്തിന്റെ അപര്യാപ്തത തുടങ്ങിയവ ഈ രംഗത്തെ പ്രശ്നങ്ങളാണ്. പട്ടികജാതി/വർഗ്ഗക്കാരുടെ ക്ഷേമത്തിനായി അനുവദിക്കപ്പെടുന്ന തുക ചെലവഴിക്കാതെ ലാപ്സാക്കുന്ന പ്രവണത തുടർന്നുകൊണ്ടേയിരിക്കുന്നു.

ചമ്പക്കുളം പഞ്ചായത്തിൽ കർഷകതൊഴിലാളികളാണ് ബഹുഭൂരിപക്ഷവും. മത്സ്യതൊഴിലാളികളും,

നിർമ്മാണതൊഴിലാളികളും ഉണ്ട്. ഇവരെല്ലാവരും അതാതു ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.

IRDP ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

വർഷം	SC	മറ്റുള്ളവർ	ആകെ	സബ്സിഡി	വായ്പ
1992-93	14	26	40	110017	180233
1993-94	21	32	53	169367	295213
1994-95	06	19	25	80927	172853
1995-96	11	25	36	169000	481500
ആകെ	52	102	154	529311	1129799

അവലംബം - ഗ്രാമ വികസനവകുപ്പ്

കഴിഞ്ഞ 4 വർഷങ്ങളിലായി പഞ്ചായത്തിൽ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയിൽ സഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം 154. ഇതിൽ പട്ടിക ജാതി കുടുംബങ്ങൾ 52 മാത്രമാണ്. 50% കുടുംബങ്ങൾ ഈ വിഭാഗത്തിൽപ്പെടണം എന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. 154 കുടുംബങ്ങൾക്കായി ആകെ വിതരണം ചെയ്ത തുക 16,59,110 രൂപയാണ്. ഈ തുക ഉപയോഗിച്ച് എത്ര കുടുംബങ്ങൾ സംരംഭങ്ങൾ ആരംഭിച്ചുവെന്നോ, മത്സരാധിഷ്ടിത വ്യവസ്ഥയിൽ എത്ര പേർ മുന്നോട്ടു പോകുന്നുവെന്നോ പരിശോധന നടക്കുന്നില്ല. അനുവദിക്കപ്പെടുന്ന തുക പരിമിതമായതിനാൽ സംരംഭങ്ങൾ ഫലപ്രദമായി നടത്തിക്കൊണ്ടു പോകാനാവാതെ ഇടയ്ക്കു വച്ചു നിർത്തിപ്പോരുന്ന സ്ഥിതിയാണ് പൊതുവേ കാണുന്നത്. നിലവിൽ വാണിജ്യ ബാങ്കുകളാണ് ഈ മേഖലയിൽ പണം മുടക്കുന്നത്. ഗണഭോക്താക്കൾ സഹായം ലഭ്യമാക്കുന്നതിന് സഹകരണ ബാങ്കുകളെ ഇപ്പോൾ ആശ്രയിക്കുന്നില്ല.

DWCRA

പഞ്ചായത്തിൽ നല്ലനിലയിൽ പ്രവർത്തിക്കുന്ന DWCRA യുടെ രണ്ടു യൂണിറ്റുകളുണ്ട്. രണ്ടും പഞ്ചായത്തിലെ 4 -ാം വാർഡിലാണ് കേന്ദ്രീകരിച്ചിട്ടുള്ളത്. രണ്ടു യൂണിറ്റിലും 10 വീതം വനിതകളാണ് അംഗങ്ങളായിട്ടുള്ളത്. ഒന്നിൽ ബേക്കറി സാധനങ്ങളും, മറ്റൊന്നിൽ കറി പൗഡറുകളുമാണ് ഉല്പാദിപ്പിച്ചു വിതരണം ചെയ്യുന്നത്. വ്യവസായ തൊഴിൽ സംരംഭങ്ങളിൽ വനിതകൾക്ക് മതിയായ പരിശീലനമില്ലായ്മയും പ്രാദേശിക വിഭവം സമാഹരിച്ചുകൊണ്ട് വിജയകരമായി നടത്താൻ കഴിയുന്ന പദ്ധതികളെ സംബന്ധിച്ചുള്ള ധാരണയില്ലായ്മയും ഈ രംഗത്തെ പോരായ്മയാണ്.

ട്രൈസം

ഈ വസതിയിൽ പഞ്ചായത്തിൽ തൊഴിൽ പരിശീലനം ലഭിച്ചിട്ടുള്ളവരുടെ എണ്ണം വിവിധ വർഷങ്ങളിലായി 37 പേരാണ്. പരിശീലനത്തെ തുടർന്ന് സ്വയംതൊഴിൽ കണ്ടെത്തിയവർ 10 പേരും മറ്റു തൊഴിലിൽ ഏർപ്പെട്ടവരോ തൊഴിലൊന്നും ഇല്ലാത്തവരോ ആയി ബാക്കി 27 പേർ അവശേഷിക്കുന്നു. പ്രദേശത്തിന്റെ സാധ്യതയ്ക്കനുസരിച്ച് തൊഴിലിൽ പരിശീലനം

ട്രൈസം പരിശീലനം ലഭിച്ചവർ

	പരിശീലനം ലഭിച്ചവർ			തൊഴിൽ
വർഷം	SC	മറ്റുള്ളവർ	ആകെ	കണ്ടെത്തിയവർ
1992-93	5	6	11	-
1993-94	-	11	11	10
1994-95	1	7	8	-
1995-96	2	5	7	-
ആകെ	8	29	37	10



ലഭിക്കാതിരിക്കലും തൊഴിൽ ചെയ്യുന്നതിന് മതിയായ സാമ്പത്തിക സഹായം (വായ്പയടക്കം) കിട്ടാതിരിക്കലും പദ്ധതിയുടെ ഉദ്ദേശ ശുദ്ധിക്ക് തടസ്സമാണ്. സ്വയംതൊഴിൽ കണ്ടെത്തിയവരുടെ സംരംഭം വിജയകരമായി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. നൽകുന്ന സാങ്കേതിക പരിശീലനം സ്വന്തമായി തൊഴിൽ ചെയ്യാൻ ഗുണഭോക്താവിനെ പ്രാപ്തനാക്കുന്നുണ്ടോയെന്നതും പരിശോധിക്കപ്പെടണം.

പട്ടിക പരിശോധിക്കപ്പെടണം

പഞ്ചായത്തിൽ 12അംഗൻവാടികൾ പ്രവർത്തിക്കുന്നു. സ്ത്രീകളേയും കുട്ടികളേയും കുറിച്ച് ഏറെ വിവരങ്ങൾ ലഭ്യമാകുന്ന ഒരു സ്ഥാപനമാണിത്. കുട്ടികളുടേയും അമ്മമാരുടേയും ആരോഗ്യപരിപാലനരംഗത്ത് വളരെ ഫലപ്രദമായി ഇടപെടാൻ കഴിയുന്ന ഈ സ്ഥാപനങ്ങളുടെ ഇന്നത്തെ അവസ്ഥ ശോചനീയമാണ്. ഇവിടെ ജോലി ചെയ്യുന്ന വർക്കർമാർക്കും ഹെൽപ്പർമാർക്കും വളരെ തുച്ഛമായ വേതനം മാത്രമാണ് നൽകുന്നത്. കുഞ്ഞുങ്ങളെ പരിപാലിച്ചുപൊകുന്നു ഇവർക്ക് വളരെ ശാസ്ത്രീയമായ പരിശീലനം ആവശ്യമുണ്ട്. കുട്ടികൾക്ക് പഠനം രസകരമാക്കാൻ ഉതകുന്ന വിനോദോപാധികൾ ഇപ്പോൾ ലഭ്യമല്ല. ബലവത്തായ സ്വന്തം കെട്ടിടം ഇല്ലാത്ത സ്ഥിതിയിൽ നിലനില്ക്കുകയാണ്.

വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, വാർദ്ധക്യ പെൻഷൻ, കർഷക-തൊഴിലാളി പെൻഷൻ തുടങ്ങി റവനു വകുപ്പുവഴിയും മറ്റു വകുപ്പുകൾ വഴിയും ഒട്ടേറെ പെൻഷൻ സ്കീമുകൾ നിലവിലുണ്ട്. ഇതിൽ പല സ്കീമുകളും ഇപ്പോൾ പഞ്ചായത്തന് കൈമാറിക്കഴിഞ്ഞു. ഈ പദ്ധതികളിൽ ആനുകൂല്യം ലഭിക്കുന്നതിന് നിലവിലുള്ള വരുമാന പരിധി കാലോചിതമല്ല. അതിനാൽ അപേക്ഷകരിൽ ബഹുഭൂരിപക്ഷത്തിനും ആനുകൂല്യം ലഭിക്കാതിരിക്കുന്ന അവസ്ഥ നിലനില്ക്കുന്നു. അർഹതയുള്ളവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം അപരിഷ്കൃതവും ഉദ്യോഗസ്ഥന്മാരുടെ സ്വജനപക്ഷപാതവും നിമിത്തം അർഹതയുള്ളവരിൽ പലർക്കും പെൻഷൻ ലഭിക്കാതിരിക്കുകയും അനർഹരിൽ പലർക്കും ലഭിക്കുകയും ചെയ്യുന്നു. അനർഹരെ നിശ്ചയിക്കുന്നതിനുള്ള ജനകീയ സംവിധാനം ഇല്ലായ്മ ഈ രംഗത്ത് പ്രശ്നമായി നില്ക്കുന്നു.

പഞ്ചായത്തിൽ വിധവ, വികലാംഗ, വാർദ്ധക്യ പെൻഷനുകൾ ലഭിക്കുന്നവർ

പട്ടിക

വിധവ	വികലാംഗർ	വാർദ്ധക്യം
97	12	55

സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. IRDP ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ മുഴുവൻ പേർക്കും തൊഴിൽ ചെയ്യാൻ മതിയായ സാമ്പത്തിക സഹായം അനുവദിക്കുക.
2. ഗുണഭോക്താക്കളെ നിർണ്ണയിക്കുന്നതിനും ആനുകൂല്യം ലഭ്യമാക്കുന്നതിനും ജനകീയ സംവിധാനം ഏർപ്പെടുത്തുക. (ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഗ്രാമസഭയെ പ്രയോജനപ്പെടുത്താം)
3. IRDP സർവ്വേ ലസ്റ്റ് പരിഷ്ക്കരിക്കുക.
4. ദാരിദ്രരേഖ കണക്കാക്കുന്നതിനുള്ള വരുമാനപരിധി ഉയർത്തുക.
5. DWCRA വാർഡിൽ രണ്ടെണ്ണം എന്നനിരക്കിൽ പഞ്ചായത്തിൽ യൂണിറ്റുകൾ സ്ഥാപിക്കുക. കൂടുതൽ വരുമാനവും സാദ്ധ്യതയുള്ള മേഖലകൾ കണ്ടെത്തുക.
6. ട്രൈസം പരിശീലനം ഫലപ്രദമായി നൽകുക. (തൊഴിലിൽ വൈദഗ്ദ്യം നേടുന്നതിൽ) പരിശീലനം കഴിഞ്ഞവർക്ക് തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്തുക.
7. അംഗൻവാടികൾ കേന്ദ്രീകരിച്ച് പ്രതിരോധ ചികിത്സാ മാർഗ്ഗങ്ങൾ ഏർപ്പെടുത്തുക.
8. കുട്ടികൾക്ക് പഠന സഹായത്തിനുതകുന്ന കളിപ്പാട്ടങ്ങൾ നൽകുക.
9. അംഗൻവാടികളിൽ ശുദ്ധജലം എത്തിക്കുക.
10. അംഗൻവാടികൾക്ക് സ്ഥിരം കെട്ടിടം ഉണ്ടാക്കുക.
11. ട്രൈസം പദ്ധതിയിൽപ്പെടുത്തി പെൺകുട്ടികൾക്ക് കാർപെൻററി, ഇലക്ട്രിക്കിൽ തുടങ്ങിയ ട്രേഡുകളിൽ നിർബന്ധമായും പരിശീലനം നൽകുക.
12. വിവിധ സമൂഹ്യക്ഷേമ പദ്ധതിയിൽ ആനുകൂല്യം ലഭിക്കുന്നതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള വരുമാന പരിധി കാലോചിതമായി പരിഷ്ക്കരിക്കുക. അർഹരെ നിശ്ചയിക്കാനുള്ള അധികാരം ജനകീയ സമിതികൾക്കു നൽകുക. അർഹരായവരുടെ ലിസ്റ്റ് പഞ്ചായത്തിൽ പ്രസിദ്ധീകരിക്കുക.
13. സാമൂഹ്യക്ഷേമ പദ്ധതികളെക്കുറിച്ച് ജനങ്ങൾക്ക് പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കാൻ പാകത്തിൽ പഞ്ചായത്തിലെ വായനശാലകളെ ഇൻഫർമേഷൻ സെൻററുകളായി പ്രവർത്തിപ്പിക്കുക.

4j പട്ടികജാതി ക്ഷേമം

ജാതിവ്യവസ്ഥയുടെ നാടായ ഇന്ത്യയിൽ, സമ്പന്നരും ദരിദ്രരും തമ്മിലുള്ള അന്തരം മാത്രമല്ല നിലവിലുള്ളത്. ജാതിശ്രേണിയുടെ അടിത്തട്ടിൽ കഴിയേണ്ടിവന്ന ജനവിഭാഗങ്ങൾ, നൂറ്റാണ്ടുകളായി നേരിട്ടുകൊണ്ടിരിക്കുന്ന സവിശേഷപ്രശ്നങ്ങൾ പരിഹൃതമാകണമെങ്കിൽ പ്രത്യേക പ്രാധാന്യത്തോടെ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കേണ്ടതുണ്ട്. ആധുനിക സമൂഹസൃഷ്ടിക്ക് അനിവാര്യമായ ഘടകമാണിത്. സമ്പത്തും അധികാരവും പദവികളുമെല്ലാം ചരിത്രപരമായിത്തന്നെ നിഷേധിക്കപ്പെട്ടവരാണിവർ. അയിത്തവും തൊട്ടുകൂടായ്മയും കൽപിച്ച് ഗ്രാമങ്ങൾക്കു പുറത്ത് താമസിക്കേണ്ടിവന്നവർ. കൃഷിഭൂമിയുടെ സംരക്ഷണത്തിനായി പുറവേലികളിലും പാടങ്ങൾക്ക് നടുവിലും'തറ' കളിൽ അവർ താമസിച്ചു. വിദ്യാഭ്യാസം അവർക്ക് നിഷേധിക്കപ്പെട്ടതിന്റെ കഥകൾ കാണാൻ കഴിയും കാരേകാട്ട് (ജി.എൽ.പി.എസ്) സ്കൂളിൽ പ്രവേശനത്തിനായി ചെന്ന ഒരു വിദ്യാർത്ഥിനിയെ ജാതിയുടെ പേരിൽ അവിടെ പ്രവേശനം നൽകാതിരുന്നതും, പുളിംകുന്നിൽ പോയി വിദ്യാലയത്തിൽ ചേർന്ന് പഠിച്ചതും ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയിലെ കഥകൾ, വൈജ്ഞാനികസമ്പത്തും അക്ഷരവും നിഷേധിക്കപ്പെട്ടവർ. അടിമക്കച്ചവടത്തിനുപോലും വിധേയരായിരുന്നവർ. നെല്ലിൻ ചുവട്ടിൽ മുളയ്ക്കും കാട്ടുപുല്ലായി കരുതപ്പെട്ടിരുന്നവർ. ചെക്കേലടിക്കും മുമ്പ്, ചെമ്പട്ട് വീശുന്നതിനു മുമ്പ് അവർ പാടത്ത് പണിയാരംഭിക്കുകയായി. അവർ ചെയ്യുന്ന പണികളോ....

സമുദ്രനിരപ്പിനും താഴെ, ചേറിൻപാളികൾ കുത്തിപ്പൊക്കി, അങ്ങിങ്ങായി തോടുകളും ചാലുകളും തീർത്ത്, കേരളത്തിനാവശ്യമായ നെല്ലരിയുടെ ഒരു ഭാഗം ഉൽപ്പാദിപ്പിക്കുന്നു. പട്ടയവും ആധാരവുമൊന്നുമില്ലാതെ, ഏൻപാടമെന്നും എൻകൃഷിയെന്നും, എൻനെല്ല് എന്നും നാടിന്റെ നേരവകാശികളായ ഇവർ കരുതിവന്നു. തുലാമാസത്തിൽ മലവെള്ളത്തിന്റെ കുലംകുത്തിയൊഴുക്കിൽ, ദുർബലങ്ങളായ പുറവേലിവരമ്പുകൾ മടവീഴുമ്പോൾ മടയുറയ്ക്കാൻ മനുഷ്യരക്തം വേണമെന്ന പൗരോഹിത്യത്തിന്റെ ഉറഞ്ഞു തുള്ളലുകളിൽ, പാവം കർഷകത്തൊഴിലാളിയുടെ - അധ:സ്ഥിതന്റെ - ദലിതന്റെ രക്തം വരമ്പുകൾക്ക് പശയുണ്ടാ

ക്കിയതിന്റെ കഥകൾ കുട്ടനാടിന്റെ ഇതിഹാസങ്ങളാണ്. അവരുടെ രക്തംകൊണ്ട് പമ്പയും മണിമലയും അച്ചൻകോവിലും മീനച്ചിലുമൊക്കെ ചുവപ്പായി മാറിയിട്ടുണ്ട്. പണിചെയ്വോന്റെ പ്രതിഷേധങ്ങൾ കൽവിഗ്രഹത്തിനുമുന്നിലെ നെയ്വിളക്കായി എരിഞ്ഞുതീരുകയായിരുന്നു. എങ്കിലും അവർ നാടിന്റെ ചരിത്രത്തിലെ നാഴികക്കല്ലുകൾ തന്നെ.

നാടിന്റെ ചരിത്രം സൃഷ്ടിച്ചവരുടെ സാമൂഹ്യ പദവി ഇന്നെങ്ങനെ? നാടിന്റെ മുഖഛായ മാറ്റിയ പൊതുനിയമങ്ങൾ അവരുടെ ജീവിതനിലവാരത്തിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തി? 'കൃഷിഭൂമി കർഷകന്' കാലകാലങ്ങളായി പാട്ടത്തിന് കൃഷി ചെയ്തുപോന്നവർക്ക് ഭൂമി സ്വന്തമായപ്പോഴും, അതിന്റെ നേട്ടങ്ങളുടെ അവകാശികളാകാൻ യഥാർത്ഥ മണ്ണിന്റെ മക്കൾക്കു കഴിഞ്ഞില്ല. കുടിയിറക്ക് നിരോധനത്തിലൂടെയാണ് താൻ താമസിച്ചിരുന്ന വീടിന്റെ ചുറ്റുവട്ടം 10 സെന്റ് ഉടമസ്ഥാവകാശത്തിലേക്ക് അവർ വന്നത്. ഭൂമിക്ക് പരിധികൾ ഏർപ്പെടുത്തിയപ്പോൾ സർക്കാർ ഏറ്റെടുത്ത മിച്ചഭൂമി വിതരണം ചെയ്തപ്പോൾ അതിലൊരംശം അവർക്കു കൃഷിചെയ്യാനായും ലഭിക്കുകയുണ്ടായി. ഈ വക ആനുകൂല്യങ്ങൾ ഏതാനും പേർക്കാണ് ലഭിച്ചതെങ്കിലും അത് അവരുടെ സാമൂഹ്യപദവിയെ സാരമായി ഉയർത്തി. കിടപ്പാടമായപ്പോൾ വീടിനെക്കുറിച്ചും മക്കളുടെ വിദ്യാഭ്യാസത്തെക്കുറിച്ചും മെച്ചപ്പെട്ട ജീവിതനിലവാരത്തെക്കുറിച്ചും അവർ ചിന്തിക്കുവാൻ തുടങ്ങി. ഗുമസ്തന്മാർ, അദ്ധ്യാപകർ, പ്യൂൺമാർ, കമ്പനി ജോലിക്കാർ എന്നിങ്ങനെ ചില ജോലികൾ നേടാൻ അപൂർവ്വം ചിലർക്കു കഴിഞ്ഞു. ഏതാനും പൊതുപ്രവർത്തരുമുണ്ടായി. ഒന്നാം നിരയിലെത്തിയവർ ഒന്ന്, രണ്ട്..... പട്ടിക തീരുകയായി. (പട്ടിക - 1, 2) സാമൂഹ്യ സാമ്പത്തികനില മെച്ചപ്പെടുത്താൻ ഏറെപ്പേരെയും സഹായിച്ചത് ജാതി (സാമുദായിക) സംവരണമാണ്. എന്നാൽ പൊതുമേഖലയിൽ മാത്രമാണ് സംവരണം. മറ്റൊരു പ്രധാനമേഖലയായ സ്വകാര്യ വിദ്യാഭ്യാസരംഗത്ത് യാതൊരുവിധ തൊഴിൽ സംവരണവും നേടാൻ കഴിയുന്നില്ല. ഇക്കാരണങ്ങളൊക്കെകൊണ്ട് പട്ടികജാതിക്കാർ ഇന്നും മണ്ണിൽ പണിയെടുത്തു കഴിയുന്നു. അവർക്ക് സ്വപ്നം കാണാൻ ആകാശം മാത്രമാണുള്ളത്. ചവുട്ടിനിൽക്കാൻ ഭൂമിപോലും അവരുടേതായി ഇല്ലാത്ത അവസ്ഥയും നിലനിൽക്കുന്നു. അവയെല്ലാം ചേർന്ന് അന്ത്യോദയം ഇന്നും അകലെയാക്കിയിരിക്കുന്നു. വിദ്യാഭ്യാസ നിലവാരത്തിലേക്ക് ഒന്നു കണ്ണോടിക്കാം.

പഞ്ചായത്തിലെ ജനസംഖ്യയുടെ 7.18% ആണ് - പട്ടികജാതി ജനസംഖ്യ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണത്തിന്റെ 13.28% പട്ടികജാതി കുടുംബങ്ങളിൽനിന്നും വരുന്നവരാണ്. അതായത് ഇവർ നെയ്ബറിംഗ് സ്കൂൾ സമ്പ്രദായത്തിലാണ് പഠിക്കുന്നത് എന്നു കാണാം. ആദായകരമല്ല എന്ന പേരിൽ വിദ്യാലയങ്ങൾ അടുച്ചുപൂട്ടിയാൽ അത് ഏറ്റവും ബാധിക്കുക S.C കുട്ടികളെയാണ്. അടച്ചുപൂട്ടുക എന്നത് അവരുടെ വിദ്യാഭ്യാസം നിഷേധിക്കലായിരിക്കും. തോറ്റു പഠിക്കുന്ന കുട്ടികളിൽ 25% S.C കുട്ടികളാണ്. അവരുടെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുക എന്നതിലേക്ക് ഇത് വിരൽ ചൂണ്ടുന്നു.

പട്ടിക - 1

	വിദ്യാർത്ഥികൾ			തോറ്റു പഠിക്കുന്നവർ		
	M	F	T	M	F	T
ആകെ	850	778	1628	71	21	92
പട്ടികജാതി (S.C)	123	93	216	19	4	23

അവലംബം:- സെൻസസ് 91, വിദ്യാലയരേഖ 9-2

നെല്ല്, നാളികേരം എന്നിവയുടെ കൃഷിയുമായി ബന്ധപ്പെട്ട തൊഴിലുകൾ തെങ്ങുകയറ്റം, തഴപ്പായ, കുട്ട, മുറം എന്നിവയുടെ നിർമ്മാണം എന്നിവയാണ് S.C വിഭാഗങ്ങൾ പ്രധാനമായും ഏർപ്പെട്ടിരിക്കുന്ന തൊഴിലുകൾ. യന്ത്രവത്ക്കരണം വിളമാറ്റം എന്നീ പരിഷ്കാരങ്ങൾ ഏർപ്പെടുത്തുമ്പോൾ തൊഴിൽ നഷ്ടപ്പെടുന്നവരുടെ കണക്കെടുക്കുകയും അവർക്കായ് പ്രത്യേക തൊഴിൽ ദായക പദ്ധതികൾ ആസൂത്രണം ചെയ്യുകയും വേണം (ആവർത്തനം ഴിവാക്കുന്നതിനായ് ചി

ല കാര്യങ്ങൾ വനിതാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു).

I.H.D.P (തീവ്ര സങ്കേത വികസന പദ്ധതി- Intensive Habitat Development Programme)*

I.H.D.P സങ്കേതങ്ങൾ 2 എണ്ണം

1.കണ്ടങ്കരി (നാല്നാൽപത്)	വാർഡ് - 8
2. പുല്ലങ്ങടി (പുതിയതായി അനുവദിച്ചു)	വാർഡ് - 9

ലക്ഷംവീട് സങ്കേതങ്ങൾ 3 എണ്ണം (O.L.H)

1. വേളുക്കുട്ടയിൽ ലക്ഷംവീട്	വാർഡ് - 1
2. പെരുമ്പാത്ര ലക്ഷംവീട്	വാർഡ് - 2
3, പുന്നക്കുന്നത്തുശ്ശേരി	വാർഡ് - 7

സെറ്റിൽമെൻറ് സങ്കേതങ്ങൾ 2 എണ്ണം

1.ഒന്നാംകര	വാർഡ് - 6
2. കുരിക്കോട	വാർഡ് - 6

ഇവയിൽ S.C വിഭാഗക്കാർ മാത്രമായി താമസിക്കുന്നത്. I.H.D.P സങ്കേതങ്ങളിലാണ്. സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത പരിമിതമാണ് (പട്ടിക).4 സംസ്കാരങ്ങളുടെ സങ്കലനത്തിന് സാധ്യതയില്ല എന്ന പരിമിതിയും ഈ രീതിക്കുണ്ട്. അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം സാസ്കാരികമായി കുറച്ചുകൂടി മെച്ചപ്പെടുന്നതിന് പദ്ധതികളും ആവശ്യമാണ്.

കുട്ടനാട്ടിലെ മണ്ണിൻെറ മക്കൾക്കായി അംബേദ്കർ എന്നപേരിൽ ഒരു ചുണ്ടൻവള്ളം നിർമ്മിക്കുകയുണ്ടായി. സർക്കാർ ഉടമസ്ഥതയിലുള്ള ഏക ചുണ്ടൻവള്ളം. വള്ളം തുഴയാൻ അംബേദ്കർ എന്നു പേരിൽ ഒരു ക്ലബ്ബും. തുഴച്ചിൽക്കാരുടെ തെരഞ്ഞെടുപ്പിലെ അപാകതകൾ നിമിത്തം ഒരിക്കലും വിജയതിലകമണിയേണ്ടി വന്നിട്ടില്ല. ക്ലബ്ബിൻെറ പ്രവർത്തനം കാര്യക്ഷമമല്ല എന്നു കാണാം. സംരക്ഷണമില്ലാതെ, വള്ളപ്പുരയില്ലാതെ വള്ളം നശിച്ചുകൊണ്ടിരിക്കുന്നു. സ്പെഷ്യൽ കംപോണൻറ് പ്ലാൻ ഉപയോഗിച്ച് പട്ടികജാതി ക്ഷേമപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. അത് കായിക വിനോദത്തിന് എന്നപേരിൽ ദുരുപയോഗം ചെയ്യുകയായിരുന്നു. അതിൻെറ ഫലമോ? ഭരണഘടനാശില്പി അംബേദ്കരുടെ നാമധേയത്തെ അവഹേളിക്കുമാറ് എല്ലാ വള്ളം തുഴയൽ മത്സരങ്ങളിലും ഏറ്റവും പുറകെയെത്തുന്ന വള്ളമായി തോൽവിളികൾ വാരിക്കൂട്ടുന്നു. ഉദ്യോഗസ്ഥ അഴിമതികൾക്ക് സ്മാരകമായി അത് നിലകൊള്ളുന്നു. മണ്ണിൻെറ മക്കളുടെ കരുത്തിൻേറയും നിശ്ചയ ദാർഢ്യത്തിൻെറയും അഭിമാനബോധത്തിൻെറയും ആകെത്തുകയെ ചോദ്യം ചെയ്യുമാറ് നമ്മുടെ പഞ്ചായത്ത് പരിധിയിൽ അത് നിലയുറപ്പിച്ചിരിക്കുന്നു.

പട്ടിക - 2

ചമ്പക്കുളം ഗ്രാമപഞ്ചായത്ത്

പട്ടികജാതി ജനസംഖ്യ 91 സെൻസസ്

ജനസംഖ്യ

വാർഡ്	പുരുഷൻ	സ്ത്രീ	ആകെ
1	86	89	175
2	55	55	110
3	101	103	204
4	33	39	72
5	12	7	19
6	144	135	279
7	28	24	52
8	94	99	193
9	71	72	143
ആകെ	624	623	1247

പട്ടിക - 3

I.H.D.P ഒഴികെ മറ്റ് സങ്കേതങ്ങളിലെ S.C കുടുംബ പങ്കാളിത്തം

സങ്കേതത്തിൻെറ പേര്	S.C കുടുംബങ്ങളുടെ എണ്ണം
ഒന്നാംകര	16
പുന്നക്കുന്നം	2
പെരുമ്പാത്ര	4
വേളുക്കുട്ടയിൽ	6
കുരിക്കോട	4
ആകെ	32

പട്ടിക - 5

എട്ടാം പദ്ധതിക്കാലത്ത് ചമ്പക്കുളം പഞ്ചായത്തിൽ, പട്ടികജാതി വികസന ആഫീസിൽനിന്നും നടത്തിയ ക്ഷേമ പ്രവർത്തനങ്ങളും സ്ഥിതി വിവരക്കണക്കും

പദ്ധതികൾ	സംയോജിത ഭവനനിർമ്മാണം.		I.H.D.P		ദുരഹിത-ഭവനരഹിത പുനരധിവാസം		ഓടുമേച്ചിൽ ഗ്രാന്റ്		പൂർ കെട്ടിമേയൽ ഗ്രാന്റ്		വിവാഹധന സഹായം		ചികിത്സാ സഹായം		ഉദ്യോഗാർത്ഥി യാത്രാപ്പടി		S.S.L.C തോറ്റ വിദ്യാ-ർത്ഥികൾക്ക് വീണ്ടും പഠി ക്കുന്നതിന് ധനസഹായം.		ലംപ്സം ഗ്രാന്റ്		മിശ്ര വിവാഹം
വർഷം	എ ണ്ണം	തുക	എ ണ്ണം	തുക	എ ണ്ണം	തുക	എ ണ്ണം	തുക	എ ണ്ണം	തുക	എ ണ്ണം	തുക	എ ണ്ണം	തുക	എ ണ്ണം	തുക	എ ണ്ണം	തുക	എ ണ്ണം	തുക	എ ണ്ണം
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22
92-93	-	-	-	-	3	45000	1	2500	5	750	-	-	1	750	3	102	-	-	231	19356	-
93-94	-	-	-	-	-	-	-	-	-	-	-	-	-	-	3	131	-	-	224	17134	-
94-95	-	-	1	15000	1	20000	-	-	-	-	1	2000	-	-	1	106	9	7200	214	17458	-
95-96	1	15000	-	-	-	-	-	-	1	500	1	2000	1	1000	8	720	4	3200	194	16574	-
96-97	0	0	-	-	-	-	-	-	1	500	1	2000	1	1000	-	-	22	17600	183	15044	-
ആകെ	1	15000	1	15000	4	65000	1	2500	7	1750	3	6000	3	2750	15	1059	35	28000	1046	85566	/

96-97 -ൽ 1 എണ്ണം നൽകാൻ തീരുമാനിച്ചു. (കോളം 2, 3)

P.D.C. - 1 - 900

ആകെ തുക = 224571/-

അവലംബം:- കുട്ടനാട് താലൂക്ക് പട്ടികജാതി വികസന ആഫീസ് രേഖകൾ

പട്ടിക - 4

കണ്ടങ്കരി നാലുനാൽപതിൽ ചിറ I.H.D.P സങ്കേതത്തിലെ
അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത

ആകെ കുടുംബങ്ങൾ	വൈദ്യുതീകരിച്ച വീടുകൾ	കുടിവെള്ള ലഭ്യത (കിണർ)	കക്കൂസുള്ളവർ	പഴകിപ്പോയ കക്കൂസുകൾ	പണിതീരാത്ത കക്കൂകൾ	കസ്സൂസുകൾ ഇല്ലാത്ത വീടുകൾ	പൂർത്തീകരിച്ച വീടുകൾ	പൂർത്തിയാകാത്ത വീടുകൾ	മെയിൻറനൻസ് ആവശ്യമായ വീടുകൾ	പണി നടന്നുകൊണ്ടിരിക്കുന്ന വീടുകൾ	വാസയോഗ്യമല്ലാത്ത വീടുകൾ	വീടില്ലാത്തവർ
1	2	3	4	5	6	7	8	9	10	11	12	13
40	18	6	7	6	1	26	1	16	11	2	3	7

ഭവനനിർമ്മാണത്തിനായി ഏതെങ്കിലും ഏജൻസിയിൽനിന്നും സഹായം കൈപ്പറ്റിയിട്ടും നാൽപതു വീടുകളിൽ വീടുപണി പൂർത്തീകരിച്ചത് ഇട്ടി കുട്ടപ്പൻ കളത്തിപ്പറമ്പ് എന്നയാൾ മാത്രമാണ്. 1984-85 -ൽ R.L.E.G.P പദ്ധതിപ്രകാരം ഒൻപതിനായിരം രൂപയാണ് സഹായധനമായി ഇവർക്കു ലഭിച്ചത്. അടുത്തകാലത്ത് ടി കുടുംബത്തിൻെറ പദവിയിലുണ്ടായ വർദ്ധനവാണ് വീടിൻെറ പൂർത്തീകരണത്തിന് കാരണം എന്നു കാണാം. ആരംഭിച്ചിട്ടും പൂർത്തീകരിച്ചിട്ടില്ലാത്ത വീടുകൾ 16 എണ്ണം എന്നു കാണാം. അനുവദിക്കുന്ന നിർദ്ദിഷ്ടമായ തുക വീട് പൂർത്തീകരിക്കുന്നതിന് പര്യാപ്തമല്ല എന്നതിനാലാണ് വീടു പൂർത്തീകരിക്കാതെ കിടക്കുന്നത്. അതിനാൽ ഭവനനിർമ്മാണത്തിനും അനുബന്ധങ്ങൾക്കുമായി അനുവദിക്കുന്ന തുക പുനർനിശ്ചയിക്കേണ്ടതാണ്. ഭവന നിർമ്മാണ സാമഗ്രികളുടെ വിലയും, വെള്ളക്കെട്ടു പ്രദേശം എന്നനിലയിൽ കുട്ടനാട്ടിൽ ഭവനനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉണ്ടാകുന്ന അമിതച്ചെലവും കുട്ടനാട്ടിൽ ഈ പദ്ധതിയിലേക്ക് പണം അനുവദിക്കുമ്പോൾ പരിഗണിക്കേണ്ടതാണ്. ഒപ്പംതന്നെ വീടിനോടൊപ്പമുള്ള അനുബന്ധ പ്രവർത്തനങ്ങൾക്കും ഇതു ബാധകമാണ്.

പ്രശ്നങ്ങൾ (ഗ്രാമ സഭകളിൽനിന്നും)

1. കുട്ടികളുടെ വിദ്യാഭ്യാസനിലവാരം മോശമാണ്.
2. സ്വന്തമായി സ്ഥലം, അതിൽ ഒരു വീട് എന്നീ കാര്യങ്ങളിൽ അപര്യാപ്തത.
3. കുടിവെള്ളം, കക്കൂസ്, വഴി, വൈദ്യുതി എന്നീ കാര്യങ്ങളുടെ അപര്യാപ്തത.
4. ചെറിയ തുണ്ടുഭൂമികളിൽ താമസിക്കുന്നു. അതും ഈട് ഇടിഞ്ഞുനശിക്കുന്നു. ശവസംസ്കാരത്തിന് സ്ഥലം അതിൽ കണ്ടെത്തുക വിഷമം.
5. സാങ്കേതിക വിദ്യാഭ്യാസം നേടിയവർപോലും തൊഴിലില്ലാതെ നടക്കുന്നു.
6. ആനുകൂല്യങ്ങൾ പലപ്പോഴും വൈകിയാണ് കിട്ടുന്നത്. ഉദാഹരണം- സ്റ്റൈപൻറ്, ലംപ്സം ഗ്രാൻറ്....)
7. ക്ഷേമപദ്ധതികൾക്ക് അനുവദിക്കുന്ന തുക പലപ്പോഴും ലാപ്സായിപ്പോകുന്നു.
8. എസ്.സി. വിഭാഗങ്ങളിൽ ഏറിയ പങ്കും സർക്കാർ ആശുപത്രിയിൽ ചികിത്സയ്ക്കു പോകുന്നു. എന്നാൽ ആശുപത്രി വികസനസമിതിയിൽ ഒരു എസ്.സി. അംഗം പോലുമില്ല.
9. ജാതിപ്പേരു വിളിക്കുന്നരീതി ഒരു പരിധിവരെ നിലനിൽക്കുന്നു. ജാതിവ്യത്യാസങ്ങൾക്കതീതമായി ജനങ്ങൾ പരസ്പരം സഹകരിക്കുന്നില്ല. സാമൂഹ്യ ഉച്ചനീചത്വത്തോടൊപ്പം, സാമ്പത്തിക പിന്നോക്കാവസ്ഥയും നിലനിൽക്കുന്നു.
10. ബഹുജന സംഘടനകളുടെ നേതൃനിരയിൽ വളരെക്കുറച്ച് ആൾക്കാർ മാത്രം.
11. 3 -ാം വാർഡിലെ പൊതു ശ്മശാനം വരെയെത്തുന്ന ഒരു വഴിയില്ല എന്ന അവസ്ഥ.
12. വായ്പകൾ അനുവദിക്കുന്നതിന് ബാങ്കുകൾ പുലർത്തുന്ന ഉദാസീനത.
13. വിദ്യാലയത്തിലെത്തുന്നതിന് തോടു കുറുകെ കടക്കുന്നതിന് പാലമില്ല എന്ന അവസ്ഥ. (ഉദാ

ഹരണം- തോമാതുരുത്ത്, അമ്മാദ്തോട്)

14. സങ്കേതങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ തൃപ്തികരമല്ല.
15. 60 മീറ്റർ പൈപ്പ്ലൈൻ സ്ഥാപിച്ചാൽ ശുദ്ധജല മെത്തിക്കാം എന്നതാണ് പുന്നക്കുന്നത്തുശ്ശേരി കോളനിയിലെ സ്ഥിതിയെങ്കിലും ശുദ്ധജലം എത്തിയിട്ടില്ല.
16. പുല്ലങ്ങടി സങ്കേതത്തിലെ ടി.വി. നശിച്ചുകൊണ്ടിരിക്കുന്നു. കണ്ടങ്കരി സങ്കേതത്തിൽ സ്ഥാപിച്ച ടി.വി. പ്രവർത്തിപ്പിക്കുന്നതിന് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല.

പരിഹാരങ്ങൾ (സാധ്യതകൾ)

1. കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിനായി പരിപാടികൾ ആസൂത്രണം ചെയ്യുക. വീട്ടിലെ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക. പഠനോപകരണങ്ങൾ, യൂണിഫോമുകൾ ഇവ നൽകുക. മഴക്കാലത്ത് വിദ്യാലയത്തിലെത്താൻ കുട നൽകുക. വിദ്യാലയങ്ങളിൽ പ്രത്യേക കോച്ചിംഗ് ഏർപ്പെടുത്തുക.
2. പ്രായമായവർക്കായ് ജനപങ്കാളിത്തത്തോടെ സാക്ഷരതാപ്രവർത്തനവും നിശാപാഠശാലകളും സംഘടിപ്പിക്കുക.
3. സ്റ്റൈപൻറ്, ലംപ്സം ഗ്രാൻറ് എന്നിവയുടെ വിതരണത്തിലെ കാലവിളംബം ഒഴിവാക്കുക. ഇതിനായി അവ പഞ്ചായത്ത് മുഖേനയാക്കുക.
4. ചെലവേറിയ കോഴ്സുകൾ പഠിക്കുന്നതിന് സാമ്പത്തികസഹായം ഏർപ്പെടുത്തുക. ഉദാഹരണം- കംപ്യൂട്ടർ പഠനം, മെഡിക്കൽ കോഴ്സ് എന്നിവ.
5. എൻ.ആർ.ഇ.പി, ആർ.എൽ.ഇ.ജി.പി എന്നീ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച വീടുകളിൽ വാസയോഗ്യമല്ലാത്തവ പുതുക്കിപ്പണിയുക.
6. തുണ്ടുഭൂമികളിലും മറ്റുമാണ് താമസം. തോട്ടരികിലുള്ള തുണ്ടുഭൂമികൾ ഈട് ഇടിഞ്ഞ് നശിച്ചുകൊണ്ടിരിക്കുന്നു. അവ കല്ലുകെട്ടി സംരക്ഷിക്കുന്നതിന് നടപടികളെടുക്കുക.
7. പുരയിടങ്ങളിലെ താഴ്ന്ന ഭാഗങ്ങൾ ഉയർത്തുന്നതിന് മില്യൺ വെൽ സ്കീം പ്രയോജനപ്പെടുത്തുക. എം.ഡബ്ല്യു.എസ് -ൻെറ ഭൂപരിധി 10 സെൻറ് എന്നത് എടുത്തുകളയുക. ഉയർത്തിയെടുക്കുന്ന സ്ഥലങ്ങൾ കൃഷിക്കും ഭവനനിർമ്മാണത്തിനും പ്രയോജനപ്പെടുത്തുക.
8. താമസിക്കുന്നതിന് 3 സെൻറുപോലും സ്വന്തമായി ഇല്ലാത്തവരെ സർക്കാർ പുനരധിവസിപ്പിക്കുക.
9. സ്വന്തമായി സ്ഥലമില്ലാത്തവരക്ക് സ്ഥലവും, വീടില്ലാത്തവർക്ക് വീടും ലഭ്യമാക്കുക. സ്ഥലം വിലയ്ക്കു വാങ്ങുന്നതിനു പദ്ധതികൾ ആവിഷ്ക്കരിക്കുക.
10. പുന്നക്കുന്നത്തുശ്ശേരിയിൽ മഠത്തിൻെറ കിഴക്കുവശത്തായി. റോഡിൽ ചെന്നെത്തുന്ന നടവരമ്പുയർത്തി സഞ്ചാരയോഗ്യമാക്കുക. (കോളനിയിൽ നിന്നും)
11. കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിട്ടില്ലാത്തവരെ കണ്ടെത്തി രജിസ്റ്റർ ചെയ്യുക. പെൻഷൻ അർഹതപ്പെട്ട എല്ലാവർക്കും ലഭ്യമാക്കുക.
12. ഒരു പട്ടികജാതി സഹകരണസംഘവും പട്ടികജാതി വനിതാ സഹകരണസംഘവും രൂപീകരിക്കുക തൊഴിലും വരുമാനവും കണക്കാക്കി തഴപ്പായ് നെയ്ത്ത്, കുട്ടനിർമ്മാണം എന്നിവയ്ക്കും സംഘം വായ്പ നൽകുക.
13. ഒരു തൊഴിൽ പരിശീലനകേന്ദ്രം ആരംഭിക്കുക. (മരപ്പണി, കരകൗശല തൊഴിലുകളിൽ അഭിരുചിയുള്ളവരെ പ്രോത്സാഹിപ്പിക്കുക.) കച്ചി, തൊണ്ട് ഇവഉപയോഗിച്ച്കുടിൽവ്യവസായംതുടങ്ങുന്നതിന് പരിശീലനവും ധനസഹായവും നൽകുക.
14. കുടിൽ വ്യവസായങ്ങൾക്ക് ധനസഹായം നൽകുക. സോപ്പ്, മെഴുകുതിരി എന്നിവയും ചെലവു കുറഞ്ഞ കരകൗശല വസ്തുക്കളും നിർമ്മിക്കുന്നതിന് പുല്ലങ്ങടിയിൽ ഒരു ഡി.ഡബ്ല്യു.സി.ആർ.എ. യൂണിറ്റ് തുടങ്ങുക. അംഗങ്ങളുടെ ഷെയറിനൊപ്പം ഗവൺമെൻറ് ധനസഹായവും നൽകുക.
15. പാടശേഖരങ്ങളിൽ 2 പൂവ് കൃഷിയും നെൽകൃഷി തന്നെ ചെയ്ത് തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുക.
16. കോഴി, താറാവ്, ആട്, പശു എന്നിവ വളർത്തുന്നതിന് വായ്പാസൗകര്യങ്ങൾ ലഭ്യമാക്കുക.
17. വീട്ടുവളപ്പിൽ പച്ചക്കറി കൃഷിയ്ക്കായി പദ്ധതികൾ ആസൂത്രണം ചെയ്യുക.
18. ചമ്പക്കുളത്തിൻെറ തെക്കൻ പ്രദേശത്ത് ഒരു

പൊതു ശ്മശാനം നിർമ്മിക്കുക.* (അവസാനം)
*ചൂരവടി വരമ്പിനകം പാടശേഖരത്ത് 50 സെൻറ് സ്ഥലം ഇതിനായി കണ്ടെത്താവുന്നതാണ്.

19. നിലവിലുള്ള പൊതു ശ്മശാനത്തിലേക്ക് നടന്നു കൊണ്ടിരിക്കുന്നറോഡുപണിപൂർത്തീകരിക്കുന്നതിന് ഗവൺമെൻറ് ധനസഹായം ലഭ്യമാക്കുക.
20. പല പദ്ധതികളിലൂടെയുമുള്ള ആനുകൂല്യം ലഭിക്കുന്നതിന് തടസ്സമായി നില്ക്കുന്ന ഭൂപരിധി എടുത്തുകളയുക. (കുറയ്ക്കുക)
21. നിത്യരോഗികളായി കഴിയുന്നവർക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കുക.
22. പദ്ധതികളിൽനിന്നും വായ്പകൾ എടുത്തിട്ടും പൂർത്തിയാക്കാൻ കഴിയാതെ കിടക്കുന്ന വീടുകൾ പൂർത്തിയാക്കുന്നതിന്പ്രത്യേക സഹായംനൽകുക.
23. വീടുകൾ തമ്മിലുള്ള അകലത്തിൻെറ മാനദണ്ഡങ്ങൾ ബാധകമാക്കാതെ സങ്കേതങ്ങൾ (Habitats) അനുവദിക്കുക.
24. കണ്ടങ്കേരി ഐ.എച്ച്.ഡി.പി. സങ്കേതത്തിൽ സ്ഥാപിച്ചിരിക്കുന്ന ടി.വി. പ്രവർത്തനക്ഷമമാക്കുന്നതിന് വൈദ്യുതി കണക്ഷൻ നൽകുക. അനുബന്ധമായി അംബേദ്കർ സ്മാരകമായി ഒരു ഗ്രന്ഥശാലയും വായനശാലയും ജനപങ്കാളിത്തോടെ ആരംഭിക്കുക. പുല്ലങ്ങടി കമ്യൂണിറ്റി സെൻററിലെ ടി.വി, പ്രവർത്തനക്ഷമമാക്കുക. സെൻററിനോടുനുബന്ധിച്ച് കക്കൂസ്, കുളിമുറി എന്നിവയും, 100 സീറ്റുകളുള്ള ഒരു മിനിഹാളും നിർമ്മിക്കുക.
25. പുല്ലങ്ങടി ഐ.എച്ച്.ഡി.പി. പ്രദേശങ്ങളിലെ വഴികൾ വീതികൂട്ടി ഉയർത്തി സഞ്ചാരയോഗ്യമാക്കുക. (മനുഷ്യാദ്ധ്വാനം നൽകാൻ സന്നദ്ധം)
26. സർക്കാർ രേഖകളിലെ ഹരിജൻ എന്ന പദപ്രയോഗം, ഇപ്പോഴും തുടരുന്നത് ഒഴിവാക്കുക. (ഉദാഹരണം- റേഷൻ കാർഡ്)
27. ആനുകൂല്യ പദ്ധതികളുടെ വിശദാംശങ്ങൾ വായനശാലകൾ തുടങ്ങിയ പൊതു സ്ഥാപനങ്ങളിലൂടെ വിളംബരം ചെയ്യുക.
28. ഒന്നാം വാർഡിൽ ഐ.എച്ച്.ഡി.പി. യിൽ പെടുത്തി ഒരു സങ്കേതം രജിസ്റ്റർ ചെയ്യുക.
29. സങ്കേതത്തിൽ ഉൾപ്പെടുത്തിയും അല്ലാതെയും വഴി, വെള്ളം, വൈദ്യുതി എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുക.
30. ഭവനനിർമ്മാണ വായ്പ തവണയടയ്ക്കാൻ കഴിവില്ലാതെ മുടങ്ങിക്കിടക്കുന്നവരുടെ വായ്പ എഴുതിത്തള്ളുക.
31. മിച്ചഭൂമി - കാർഷിക വായ്പകൾ എഴുതിത്തള്ളുക.
32. വായ്പാ പലിശനിരക്ക് കുറയ്ക്കുക.
33. പുനരധിവാസത്തിനായി സർക്കാർ ഏറ്റെടുത്തിട്ടുള്ള സങ്കേതങ്ങളിൽ അലോട്ടു ചെയ്തിട്ടില്ലാത്തതോ, അനുവദിച്ചിട്ടും ഒഴിഞ്ഞുകിടക്കുന്നതോ ആയ പ്ലോട്ടുകൾ, താമസിക്കുവാൻ ഭൂമിയില്ലാത്ത പട്ടികജാതിക്കാർക്കായി നൽകുക.
34. വിദ്യാലയങ്ങളിൽ (ഡി.വി.എച്ച്.എസ് - കണ്ടങ്കേരി) എത്തുന്നതിന് ആവശ്യമായ പാലങ്ങൾ നിർമ്മിക്കുക. (ഉദാഹരണം- തോമാ തുരുത്തുകടവ് - അമ്മാദ്തോട് കടവ്)
35. മിച്ചഭൂമിയായി ഏറ്റെടുക്കുന്ന കൃഷിയിടങ്ങൾ സ്വന്തമായി കൃഷി ഭൂമിയില്ലാത്ത പട്ടികജാതിക്കാർക്കായി വിതരണംചെയ്യുക.
36. സ്വയം തൊഴിൽ പദ്ധതിയിൽ ഉൾപ്പെടുത്തുക.
37. പട്ടികജാതി ക്ഷേമത്തിനായി വിവിധ ഏജൻസികൾ നടപ്പിലാക്കുന്ന പദ്ധതികൾ ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേനയാക്കുക. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള അധികാരവും പഞ്ചായത്തിന് നൽകുക.
38. പട്ടികജാതിയിൽപ്പെടുന്ന ജനവിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുക. മുഴുവൻ വീടുകളിലും കക്കൂസ്, കുടിവെള്ളം എന്നിവ ലഭ്യമാക്കുന്നതിന് നടപടികളെടുക്കുക.
39. സർക്കാർ ശമ്പളം നൽകുന്ന മുഴുവൻ മേഖലയിലും പട്ടികജാതിക്കാർക്ക് തൊഴിൽ സംവരണം ഏർപ്പെടുത്തുക.
40. ചമ്പക്കുളം 6 -ാം വാർഡിൽ കുട്ടിത്തറ മുതൽ വട്ടത്തറവരെ നടവഴിയും കൂരിക്കോട കോളനിയിലേക്കും നടവഴി നിർമ്മിക്കുക.

നോട്ട്: പഞ്ചായത്തിൽ പട്ടികവർഗ്ഗക്കാർ താമസിക്കുന്നില്ല. അതിനാൽ റിപ്പോർട്ടിൽ പട്ടികജാതിക്കാരുടെ വിവരം മാത്രമാണ് പറഞ്ഞിരിക്കുന്നത്.

കോളനി എന്ന പദപ്രയോഗം മാറ്റിയിരിക്കുന്നു. സങ്കേതം (Habitat) എന്നതാണ് പുതിയപേര്.

4K സഹകരണം

സഹകരണം ഒരു സ്വാശ്രയ മാർഗ്ഗമാണ്. സ്വാശ്രയത്തിലധിഷ്ഠിതമായ പരസ്പര സഹായമാണ്. ഓരോരുത്തരും എല്ലാവർക്കുവേണ്ടിയും എല്ലാവരും ഓരോരുത്തർക്കുവേണ്ടിയും എന്നൊരു സമൂഹ സങ്കല്പത്തിൽ രൂപപ്പെട്ടതാണ് ഈ പ്രസ്ഥാനം. സാമ്പത്തികമായും തൊഴിൽപരമായും ദു:ഖങ്ങളും പ്രയാസങ്ങളും നേരിടുന്ന വിഭാഗങ്ങൾ മറ്റു രക്ഷാ മാർഗ്ഗങ്ങൾ നഷ്ടപ്പെട്ടപ്പോൾ ഒന്നിച്ചുകൂടി തങ്ങളുടെ വിഭവങ്ങളും സമ്പാദ്യങ്ങളും പ്രശ്നങ്ങളും കൂട്ടായി സമാഹരിച്ച് രൂപപ്പെടുത്തിയെടുത്ത പരസ്പരാശ്രയപദ്ധതി അവരെ ശക്തരാക്കി. അതു സഹകരണമായി. അവർ ലാഭത്തിനുവേണ്ടിയല്ല പ്രത്യുത പിടിച്ചു നില്പിനു ഒരു മാർഗ്ഗമെന്നനിലയിലാണ് സംഘടിച്ചത്.

സഹകരണ പ്രസ്ഥാനത്തിന്റെ ജനകീയടിത്തറയാണ് ഇതിന്റെ വിജയഹേതു. ഈ പ്രസ്ഥാനത്തിന്റെ സ്വഭാവികമായ വികാസവും വിജയവും ഇതിലെ അംഗങ്ങളുടെ പ്രവർത്തനത്തെ ആശ്രയിച്ചിരിക്കും. തങ്ങളുടെ ഉപജീവനത്തെ ബാധിക്കുന്ന കാര്യങ്ങളിലുള്ള പ്രതിബന്ധത കൂട്ടായ പ്രവർത്തനത്തിന് ഉത്തേജകവും അതുവഴി അതിന്റെ വിജയത്തിന് പ്രേരകവുമാണ്.

നമ്മുടെ സഹകരണ പ്രസ്ഥാനം ഇന്ന് കടുത്ത പ്രതിസന്ധിയെ നേരിടുകയാണ്. സാമ്പത്തിക രംഗത്ത് കെടുകാര്യസ്ഥത, അഴിമതി, ഫണ്ടുകളുടെ ദുർവിനിയോഗം പട്ടിക നീളുകയാണ്. നമ്മുടെ ഉല്പാദന വിപണന മേഖലകളെ ശക്തിപ്പെടുത്തുന്നതിൽ സഹകരണസംഘങ്ങൾക്കുള്ള പങ്ക് വലുതാണെങ്കിലും അതു നിർവ്വഹിക്കുന്നതിൽ സഹകരണപ്രസ്ഥാനം പരാജയപ്പെട്ടിരിക്കുന്നു. ശക്തമായ ജനകീയാടിത്തറ അവകാശപ്പെടുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തന ത്തിൽ പരാമാധികാര സഭയായ പൊതുയോഗത്തിന് അവകാശപ്പെട്ട അധികാരം പോലും വിനിയോഗിക്കുന്നില്ല എന്നത് പകൽപോലെ വ്യക്തമാണ്. വികസനോന്മുഖമായ പ്രവർത്തന ശൈലി ഈ രംഗത്തില്ലാതിരുന്നതിന്റെ പ്രത്യാഘാതം ഇപ്പോൾ ഏറെ അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഉദാരവൽക്കരണ സാമ്പത്തികനയങ്ങളിൽ കൂടുതൽ പരിക്കേറ്റതും സഹകരണ മേഖലയ്ക്കാണ്. സഹകരണമേഖല തകരുന്നത് സമ്പദ്ഘടനയു

ടെ തന്നെ തകർച്ചക്കു കാരണമാകും. സഹകരണസ്ഥാപനങ്ങൾക്ക് സമ്പൂർണ്ണ സ്വയംഭരണം ഉൾപ്പെടെയുള്ള നിരവധി നിരദ്ദേശങ്ങൾ പരിഹാര മാർഗ്ഗമായി ഉയർന്നു വന്നിട്ടുണ്ട്. മാറ്റത്തിനുള്ള ഒരു രൂപരേഖയെന്ന നിലയിൽ കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച മാതൃകാ നിയമം പലതലങ്ങളിലും ചർച്ചചെയ്യപ്പെട്ടുവരികയാണ്. ഒമ്പതാം പദ്ധതിയിൽ പ്രമുഖസ്ഥാനമാണ് സഹകരണ മേഖലയ്ക്കുള്ളത്. എന്നതുകൊണ്ട് സഹകരണ പ്രസ്ഥാനത്തിന്റെ നിലവിലുള്ള പരിമിതികൾ എന്തെന്ന് ബോദ്ധ്യപ്പെടുകയും അത് പരിഹരിക്കുന്നതിന് കൂട്ടായ പരിശ്രമം ഉണ്ടാവുകയും വേണം.

ചമ്പക്കുളം പഞ്ചായത്തിൽ ക്രഡിറ്റ് വിഭാഗത്തിൽ പ്രവർത്തിക്കുന്ന 4 സർവ്വീസ് സഹകരണ സംഘവും നോൺ ക്രഡിറ്റ് വിഭാഗത്തിൽ 2 സ്ക്കൂൾ സഹകരണസംഘങ്ങളും 4 ക്ഷീരോല്പാദക സഹകരണ സംഘവുമുണ്ട്. 4 സർവ്വീസ് സഹകരണ സംഘങ്ങളിലായി 8565 പേർ അംഗങ്ങളാണ്. പഞ്ചായത്തിന്റെ ജനസംഖ്യയുടെ 49.31 ശതമാനമാണിത്. സഹകരണപ്രസ്ഥാനം ഇവിടെ ശക്തി പ്രാപിച്ചുവെന്നു പറയാമെങ്കിലും ബഹുഭൂരിപക്ഷം ജനങ്ങളും ഇന്നും ചിത്രത്തിന് പുറത്താണ്. 72 വർഷങ്ങൾക്ക് മുമ്പ് പ്രവർത്തനം ആരംഭിച്ച തെക്കേക്കര സർവ്വീസ് സഹകരണസംഘം ക്ലിപ്തം നമ്പർ - 503 ആണ് പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സംഘം. പുന്നക്കുന്നം സർവ്വീസ് സഹകരണ സംഘം ഒഴിച്ചുള്ള സർവ്വീസ് സഹകരണ സംഘങ്ങളെല്ലാം സ്വാതന്ത്ര്യം ലഭിക്കുന്നതിന് വളരെ മുമ്പുതന്നെ പ്രവർത്തനം ആരംഭിച്ചവയാണ്. 1920കളിൽ തിരുവിതാംക്കൂർ സഹകരണ നിയമം പ്രകാരം രജിസ്റ്റർ ചെയ്തു എന്നതും ശ്രദ്ധേയമാണ്.

തെക്കേക്കര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ - 503

മൂന്ന്, നാല്, അഞ്ച്, ആറ് എന്നീ വാർഡുകൾ ആണ് പ്രവർത്തന പരിധി. പഞ്ചായത്തിൽ ആദ്യം പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിൽ 1466 അംഗങ്ങളാണ് നിലവിലുള്ളത്. ഓഹരിവില 10 രൂപയാണ്. അംഗങ്ങളിൽ നിന്നും പിരിച്ചെടുത്ത ഓഹരി മൂലധനമായ 448361രൂപയും സർക്കാർ ഓഹരിയായ 92000രൂപയുമാണ് ഈ സംഘത്തിന്റെ മൂലധനം. 1995-96 വർഷത്തിൽ നിന്നും സ്ഥിരനിക്ഷേപമായി

1995-96 ലെ നിക്ഷേപ-വായ്പാ കണക്ക്.

നിക്ഷേപം	Rs.	Ps	വായ്പ	Rs	Ps
സ്ഥിരം	4993738	45	കാർഷിക വായ്പ	2262580	95
ഹ്രസ്വം	575777	23	കാർഷികേതരംOL	226624	-
			സ്വർണ്ണപ്പണയം	2322288	-
			മറ്റുള്ളവ.	476768	-
ആകെ	5569515	68	ആകെ	5288260	95

49,93,738.45 രൂപയും ഹ്രസ്വകാലനിക്ഷേപമായി 575777.23 രൂപയും ലഭിച്ചിട്ടുണ്ട്. ഹ്രസ്വകാല കാർഷിക വായ്പയായി (സ്വർണ്ണപണയമടക്കം) 3025640 രൂപ നൽകിയിട്ടുണ്ട്.

സ്വർണ്ണ പണയം, ചിട്ടി, വളം, കിടനാശിനി, വില്പന, ജൗളി വ്യാപാരം, നെല്ല് സംഭരണ വിപണനം എന്നിവ സംഘം ചുമതലയിൽ നടത്തുന്ന പ്രവർത്തനങ്ങളാണ്. സംഘം പ്രവർത്തനം പൊതുവേ സംപ്തികരമാണെങ്കിലും സാദ്ധ്യതകൾ വിനിയോഗിക്കുന്നില്ല. ആകെയുള്ള വായ്പയുടെ 42 ശതമാനം മാത്രമാണ് കാർഷിക വായ്പയായി നൽകിയത്.

പുല്ലങ്ങടി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ - 973

പഞ്ചായത്തിലെ 8,9 എന്നീ വാർഡുകൾ

യിൽ പ്പെട്ടിരിക്കുകയാണ് സംഘം. നിക്ഷേപം വർദ്ധിപ്പിച്ചുകൊണ്ടും അത് അംഗങ്ങൾക്ക് വായ്പയായി വിതരണം ചെയ്തു കൃത്യമായി തിരച്ചടിച്ച് ഉണ്ടാക്കിക്കൊണ്ടു മാത്രമേ സംഘത്തിന്റെ നിലനില്പു സാദ്ധ്യ

95-96 വർഷത്തെ നിക്ഷേപ വായ്പാ കണക്ക്

നിക്ഷേപം	Rs	Ps	വായ്പകൾ	Rs	Ps
F/D	102817	00	അഗ്രകൾച്ചറൽ	566854	00
A/D	64750	00	നോൺ അഗ്രികൾച്ചർ	6996	00
T/D	16355	00			
Mini Deposit	10614	00			
Savings	133282	00			

പ്രവർത്തന വരിയിയായിട്ടുള്ള ഈ സംഘത്തിന്റെ പ്രവർത്തനം പഞ്ചായത്തിലെ മറ്റു സംഘങ്ങളെ അപേക്ഷിച്ച് തൃപ്തികരമല്ല. സംഘാംഗങ്ങളുടെ ധനപരമായ കാര്യങ്ങൾ നിർവഹിക്കുവാൻ തക്ക തരത്തിലേയ്ക്ക് ഈ സംഘം ഇനിയും ഉയർന്നിട്ടില്ല. 869 പേർ മാത്രമാണ് അംഗങ്ങളായിട്ടള്ളത്. കാർഷിക വായ്പയാണ് പ്രധാനമായും നൽകുന്നത്. കഴിഞ്ഞവർഷം ഈ ഇനത്തിൽ നൽകിയത് 566854 രൂപയാണ്.കാർഷികേതര വായ്പയായി ആകെ നൽകിയത് 6996 രൂപയും. നിക്ഷേപ സമാഹരണത്തിൽ സാദ്ധ്യത വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

ജില്ലാ ബാങ്കിൽ നിന്നും 95-96 വർഷത്തിൽ 1034128 രൂപ വിതരണം ചെയ്യുന്നതിനായി വായ്പയെടുത്തിരുന്നു. അതിൽ തന്നെ തുക വകമാറ്റി ചെലവഴിച്ചതായി കാണുന്നു. നിലവിലുള്ള സാമ്പത്തിക പ്രതിസന്ധിയാണിതിനു കാരണം. ജില്ലാ ബാങ്കൽ നിന്നും ലഭിക്കുന്ന വായ്പകൾ അംഗങ്ങൾക്കു വിതരണംചെയ്യുക മാത്രമാണ് നിലവിൽ ഈ സംഘം ചെയ്യുന്നത്. ജില്ലാ ബാങ്ക് വായ്പതവണ കൃത്യമായി 94-95 വർഷത്തെ അറ്റ നഷ്ടം 1212955 രൂപ 61 പൈസയാണ്. രൂക്ഷമായ കടക്കെണി മാവു. വളം കീടനാശിനി വില്പന നാമമാത്രമായി ചെയ്യുന്നുള്ളു.

ചമ്പക്കുളം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ - 1256

കുട്ടനാട്ടിലെ ഏറ്റവും വലിയ സഹകരണ ബാങ്കാണിത്. പലതവണ ജില്ലയിലെ തന്നെ ഏറ്റനല്ല സഹകരണബാങ്ക് എന്ന പുരസ്ക്കാരം ലഭിച്ചിട്ടുണ്ട്. 1995-96 വർഷം A 276 അംഗങ്ങളിൽ നിന്നായി 1880445 ഓഹരി മൂലധനമായി പിരിച്ചെടുത്തിട്ടുണ്ട്.നിക്ഷേപ സമാഹരണത്തിൽ അഭിമാനകരമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്ഥിര-ഹ്രസ്വകാല നിക്ഷേപമായി 26873928 രൂപ സമാഹരിച്ചു. കാർഷിക വായ്പയായി 7575583 രൂപ നൽകിയിട്ടുണ്ട്. സ്വർണ്ണപ്പണയ വായ്പയായി 10635483 രൂപ വിതരണം ചെയ്തിട്ടുണ്ട്.കാർഷികേതരവായ്പയായും മറ്റു വായ്പയായും 3188260 രൂപയും വിതരണം ചെയ്തിട്ടുണ്ട്.

1995-96 ലെ വായ്പാ-നിക്ഷേപ വിവരം.

നിക്ഷേപം			വായ്പ		
	Rs	Ps		Rs	Ps
സ്ഥിരനിക്ഷേപം	23815108	00	കാർഷിക വായ്പ	7575583	00
ഹ്രസ്വനിക്ഷേപം	3058820	00	സാധാരണവായ്പ	4622790	00
			ഓവർ ഡ്രാഫ്റ്റ്	301269	00
			സ്വർണ്ണ പണയം	10635483	00
			F D -ലോൺ	1614147	00
			PF ലോൺ	751342	00
			C C D P	14300	00
			IRDP	10083	00
			OD കൺസ്യൂമർ	34840	00
ആകെ	26873928	00	ആകെ	25559477	00

അംഗങ്ങളുടെ വായ്പാ ആവശ്യം പരിഹരിക്കാൻ സംഘത്തിനു കഴിയുന്നുണ്ട്. എന്നാൽ വായ്പ തിരിച്ചടവ് കാര്യക്ഷമമല്ല. കാലവധി കഴിഞ്ഞ് വായ്പ ഏകദേശം 50 ലക്ഷം രൂപയാണ്. ഇത് ഭാവിയിൽ വമ്പിച്ച സാമ്പത്തിക പ്രതിസന്ധി സൃഷ്ടിക്കാം. FACT യുടെ കേന്ദ്രവളം വില്പനശാല വർഷങ്ങളായി സംഘത്തിന്റെ ചുമതലയിലാണ് നടക്കുന്നത്. കൂടാതെ വിത്ത് കീടനാശിനി ഇവയുടെ വില്പനയും നെല്ലുസംഭരണവും സംഘംചുമതലയിൽ നടക്കുന്നു. മുമ്പ് പലചരക്ക്, ജൗളി വ്യാപാരം നടത്തിയിരുന്നുവെങ്കിലും ലാഭകരമാല്ലയെന്ന കാരണത്താൽ ഈ രംഗത്ത് നിന്നും പിന്മാറി.

പുന്നക്കുന്നത്തുശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ - 4015

1954 ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിന്റെ പരിധി പുന്നക്കുന്നത്തുശ്ശേരി കരയും ഒന്നാങ്കരമുതൽ ഓളങ്ങാട്ടു മുട്ടുവരെയുള്ള പ്രദേശമാണ്. 708 അംഗങ്ങളിലായി 285125 രൂപ ഓഹരി മൂലധനമായി പിരിച്ചെടുത്തിട്ടുണ്ട്. 1995-96ൽ കാർഷിക വായ്പയായി 553250 രൂപ വിതരണം ചെയ്തിട്ടുണ്ട്. 758330 രൂപയാണ് കാർഷികേതര വായ്പായി വിതരണം ചെയ്തത്. IRDP വായ്പ TR & TR. വായ്പ, ഹൗസിംഗ് വായ്പ എന്നിവയും നാമമാത്രമായി നൽകിവരുന്നു. കാർഷക വായ്പകളെക്കാൾ കാർഷികേതര വായ്പകൊടുക്കുന്നതിലാണ് ശ്രദ്ധച്ചിട്ടുള്ളത്. അംഗങ്ങളിൽ നിന്നും 700130 രൂപ സ്ഥിര നിക്ഷേപവും 520320 രൂപ ഹ്രസ്വകാലനിക്ഷേപവും സ്വീകരിച്ചിട്ടുണ്ട്. കാലാവധി കഴിഞ്ഞ് കിട്ടാനുള്ള വായ്പതുക 615631 രൂപയാണ്. നഷ്ടത്തിലാണ് ഇപ്പോൾ പ്രവർത്തക്കുന്നത്. വിത്ത് വളംകീടനാശിനി എന്നിവ വില്പന നടത്തുന്നുണ്ട്.

ജില്ലാ ബാങ്കിൽ നിന്നും 95-96ൽ ഗോൾഡ് ODയായി 387961രൂപയും MANURE ODയായി 352003 രൂപയും സ്റ്റ.ലോൺ 451150 രൂപയും വായ്പയെടുത്താണ് അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ളത്.

ക്ഷീരോല്പാദക സഹകരണസംഘം

പഞ്ചായത്തിൽ നിലവിലുള്ള 9 വാർഡുകളെ നാലായി വിഭജിച്ച് അവ പ്രവർത്തന പരിധിയായി അപ്കോസ് സഹകരണസംഘം രൂപീകരിച്ച് പ്രവർത്തനം

1995-96ലെ വായ്പാ-നിക്ഷേപങ്ങൾ

നിക്ഷേപം		വായ്പ	തുക	പിഴ	
	Rs	Ps		Rs	Ps
സ്ഥിരിക്ഷേപം	700130	-	കാർഷിക വായ്പ	553250	
ഹ്രസ്വനിക്ഷേപം	50320	-	കാർഷികേതരവായ്പ	186500	
-	-	-	സ്വർണ്ണ പണയം	571830	
			IRDP	26450	
			TR & TR	31250	
			TR & TR	30257	
			ഹൗസിംഗ് ജോലി	10300	00
ആകെ	1220450	00	ആകെ	1488580	00

ആരംഭിച്ചു. ചമ്പക്കുളം ക്ഷിരോല്പാദക സഹകരണസംഘം ക്ലിപ്തം നമ്പർ - എ 156(D), ചമ്പക്കുളം നോർത്ത് ക്ഷീരോല്പാദക സഹകരണസംഘം ക്ലിപ്തം നമ്പർ - എ 198(D), പുന്നക്കുന്നത്തുശ്ശേരി ക്ഷീരോല്പാദക സഹകരണ സംഘം നമ്പർ - എ 191(D) എന്നിവയാണ് ഇവിടെ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ. ഇതിൽ പുന്നക്കുന്നത്തുശ്ശേരി ക്ഷീരോല്പാദക സംഘം പ്രവർത്തന രഹിതമാണ്. മറ്റു മൂന്നു സംഘങ്ങളിലായി 1044 പേർ അംഗങ്ങളാണ്. ഇതിൽ സ്ത്രീകൾ 11.39 ശതമാനവും പട്ടിക ജാതി വിഭാഗക്കാർ 4.1 ശതമാനവും ആണ്. ശരാശരി 250-300 ലിറ്റർ പാൽ വീതം ദിനം പ്രതി ഈ സംഘങ്ങളിൽ ഉല്പാദകർ അളക്കുന്നുണ്ട്. പഞ്ചായത്തിലെ ആകെ പാൽ ഉല്പാദനത്തിൽ (.....ലിറ്റർ)% മാത്രമാണം ക്ഷീരോല്പാദകർ ,സംഘത്തിൽ അളക്കുന്നത്. അംഗങ്ങളിൽ ഏകദേശം 30-35 ശതമാനം പേർ മാത്രമാണ് സ്ഥിരമായി സംഘത്തിൽ പാൽ അളക്കുന്നത്.ഭൂരിഭാഗം ഉല്പാദകരും വീടുകൾക്കും കടകൾക്കും നേരിട്ടു പാൽ വില്പന നടത്തുകയും ബാക്കി വരുന്നപാൽ സംഘത്തിൽ അളക്കുകയും ചെയ്യുന്നത്.കമ്പോളത്തിലെ പാൽ വിലയും സംഘം നൽകുന്ന പാൽവിലയും തമ്മിൽ മൂന്ന്-മൂന്നര രൂപയുടെ വ്യത്യാസമുണ്ട്. ആകെ പാൽ അളവിന്റെ 20 ശതമാനത്തിൽ മാത്രമാണ് പ്രാദേശിക വില്പന നടത്തുന്നത്. എല്ലാ സംഘങ്ങളും ലാഭത്തിൽ പ്രവർത്തിക്കുന്നവയാണ്. സംഘംവഴി കാലിതീറ്റയുടെ വില്പനയും പുൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടിയും നടപ്പിലാക്കുന്നുണ്ട്. സംഘംവഴി പശുക്കൾക്കും മറ്റും നടത്തുന്ന രോഗപ്രതിരോധ പരിപാടിയും ബീജ സങ്കലനവും സംബന്ധിച്ച് മൃഗപരിപാലനത്തിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. അവ എത്രകണ്ട് തൃപ്തികരമായിരിക്കും എന്ന് പരിശോധിക്കുന്നത് നന്നായിരിക്കും.

സ്ക്കൂൾ സഹകരണസംഘം

തെക്കേക്കര ഗവ:ഹൈസ്ക്കൂൾ കണ്ടങ്കരി DVHS എന്നീ സ്ക്കൂളുകളിൽ സ്ക്കൂൾ സൊസൈറ്റികൾ പ്രവർത്തിക്കുന്നു. കുട്ടികൾക്കാവശ്യമായ പാഠപുസ്കങ്ങളും നോട്ടുബുക്കുകളും വിതരണം നടത്തുന്ന പ്രവർത്തനമാണ് ഈ സംഘങ്ങൾ ചെയ്യുന്നത്. പാഠപുസ്തകംകൊണ്ട് സ്ക്കൂൾ സൊസൈറ്റിവഴി മാത്രം വിതരണം ചെയ്യുന്നതുകൊണ്ട് സംഘം പ്രവർത്തനം നടക്കുന്നുവെന്നു പറയാം. ഈ സാധ്യതയെ കാര്യക്ഷമമായി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. സ്വകാര്യ കച്ചവടക്കാരിൽ നിന്നാണ് ഭൂരിഭാഗം കുട്ടികളും നോട്ടുബുക്കുകളും മറ്റും വാങ്ങുന്നത്.

പ്രശ്നങ്ങൾ

- പ്രായപൂർത്തിയായവരിൽ ബഹുഭൂരിപക്ഷം പേരും സഹകരണസംഘങ്ങളിൽ അംഗങ്ങളാണെങ്കിലും അവരുടെ സാമ്പത്തികാവശ്യങ്ങളെ നിറവേറ്റാൻ സംഘങ്ങൾക്കു കഴിയുന്നില്ല.
- കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് ഉതകുന്ന അളവിൽ വായ്പ നൽകാൻ സംഘങ്ങൾക്കു കഴിയുന്നില്ല.
- പഞ്ചായത്തിലുള്ള രണ്ടു വാണിജ്യബാങ്കുകളും നാമമാത്ര കാർഷിക വായ്പയേ അനുവദിക്കുന്നുള്ളു.
- ധനകാര്യ ബാങ്കുകളുമായി തട്ടിച്ചുനോക്കിയാൽ സഹകരണ ബാങ്കിൽ നിക്ഷേപം കുറവ്.
- സഹകരണ സംഘങ്ങളിൽ വനിതകളുടെയും പട്ടിക ജാതി-വർഗ്ഗവിഭാഗങ്ങളുടേയും അംഗത്വവും പങ്കാളിത്തവും നാമമാത്രമാണ്.
- ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെടുന്ന സമിതിക്കെന്നതിനപ്പുറം ഡയറക്ടർ ബോർഡ് തങ്ങളുടെ ചുമതലകൾ നിർവ്വഹിക്കാതിരിക്കൽ.
- വായ്പാ തിരിച്ചടവിനായി യഥാസമയം ഫലപ്രദമായി ഇടപെടാഴിക.
- സഹകരണസംഘങ്ങളിലെ ഉദ്യോഗസ്ഥന്മാരുടെ സ്വേച്ഛാപരമായ ഭരണ നിർവ്വഹണം.
- സംഘംജീവനക്കാരും വകുപ്പു ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള നീക്കുപോക്കുകൾ.
- പരമാധികാര സഭയായ പൊതുയോഗം സംഘത്തിന്റെ ഭരണനിർവ്വഹകണ കാര്യത്തിൽ ശ്രദ്ധിക്കാഴിക.
- കാർഷികവായ്പ ആവശ്യമായി തട്ടിച്ചുനോക്കുമ്പോൾ പരിമിതമായതിനാൽ സ്വർണ്ണപണയ വായ്പയെടുക്കൽ(പലിശ കൂടുതൽ)
- യഥാസമയം വായ്പലഭിക്കാതിരിക്കൽ നിമിത്തം കൊള്ളപ്പലിശക്ക് ധനകാരികൾ പുറത്തുനിന്നും വായ്പയെടുക്കൽ.
- പ്രകൃതിക്ഷോഭവും മറ്റും കൊണ്ട് വിളനാശംമൂലം വായ്പയുടെ തിരിച്ചടവിലുണ്ടാകുന്ന തടസ്സം.
- ഗുണനിലവാരം കുറഞ്ഞ വളങ്ങളും കീടനാശിനികളും മറ്റും ഉയർന്ന കമ്മീഷൻ വാങ്ങി ജീവനക്കാരും ഉദ്യോഗസ്ഥന്മാരും സംഘം വഴി വിതരണം ചെയ്യുന്നത്.
- ക്ഷീരോല്പാദന സഹകരണസംഘങ്ങളിൽ പാലളക്കുന്ന കർഷകന് ന്യായമായ വില ലഭിക്കാഴിക. ന്യായമായി ലഭിക്കേണ്ട തുകയിൽ ഒരു ഭാഗം മിൽമ പോലുള്ള അപ്പക്സ് സ്ഥാപനങ്ങളെ നിലനിർത്തുന്നതിനായി ഉപയോഗിക്കുന്നത്.
- മൃഗപരിപാലനത്തിൽ അംഗങ്ങളുടെ താല്പര്യം വർദ്ധിപ്പിക്കാനുതകുന്ന പ്രോത്സാഹന പരിപാടികളുടെ കുറവ്.
- സ്ക്കൂൾ വർഷാരംഭത്തിൽ തന്നെ പുസ്തകങ്ങളും നോട്ടുബുക്കുകളും സ്ക്കൂൾ സംഘത്തിൽ എത്താതിരിക്കൽ. കൃത്യമായ മാനേജ്മെൻറ് ഇല്ലാത്തതിനാൽ ആവശ്യത്തിലധികം stock ചെയ്യുന്നതിനാൽ മിച്ചമുള്ളവയുടെ കെട്ടികിടപ്പ്.
- ഭാരിച്ച ഫീസ് ഈടാക്കികൊണ്ടുള്ള ഡിപ്പാർട്ടുമെൻറ് ഓഡിറ്റാണ് മിക്ക സംഘങ്ങളിലും നടക്കുന്നത്. എന്നാൽ യഥാസമയം ഓഡിറ്റ് ചെയ്ത റിപ്പോർട്ടും സംഘങ്ങൾക്ക് നൽകാതിരിക്കൽ.
- സഹകാരികളിൽ ബഹു ഭൂരിപക്ഷത്തിന്റെ അജ്ഞതയോ താല്പര്യക്കുറവോ.

സാദ്ധ്യതകൾ

1. സഹകരണ സംഘങ്ങളെ പാടശേഖരാടിസ്ഥാനത്തിൽ പുന:സംഘടിപ്പിക്കുക.
2. കർഷകരടക്കം മുഴുവൻ പേരെയും സംഘങ്ങളിൽ അംഗങ്ങളാക്കുക.
3. കാർഷിക വായ്പയുടെ പരിധി ഉയർത്തുക, മുഴുവൻ അപേക്ഷകർക്കും വായ്പ ഉറപ്പാക്കുക.
4. യഥാസമയം വായ്പ ലഭ്യമാകുന്നതിന് കർഷകർക്ക് ക്യാഷ് ക്രഡിറ്റ് ഏർപ്പെടുത്തുക.
5. പ്രവർത്തന പരിധിയിൽപ്പെട്ട ദുർബ്ബലവിഭാഗത്തെ കണ്ടെത്തി അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്യുക.
6. വാണിജ്യബാങ്കുകൾ നിക്ഷേപത്തിന്റെ 40% താഴെ മാത്രം വായ്പകൊടുക്കുമ്പോൾ സഹകരണ സംഘങ്ങൾ 100%ലധികം വായ്പകൊടുക്കുന്നു എന്നുള്ളതുകൊണ്ട് ജനങ്ങളുടെ സാമ്പത്തികാവശ്യങ്ങൾ പരിഹരിക്കുന്നതിന് സഹകരണസംഘങ്ങളിലെ നിക്ഷേപം വർദ്ധിപ്പിക്കാൻ വിപുലമായ നടപടികൾ സ്വീകരിക്കുക. അംഗങ്ങളുടെ നിക്ഷേപങ്ങൾക്ക് നിയമാനുസൃത രഹസ്യസ്വഭാവമുണ്ടാക്കുക.
7. സഹകരണ സംഘം ജീവനക്കാർക്കും, ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും കാലാകാലങ്ങളിൽ പ്രൊഫഷണൽ മാനേജ്മെൻറിൽ ആവശ്യമായ പരിശോധന നൽകുക.

8. സംഘം ഭരണസമിതി യാന്ത്രികമാകാതിരിക്കാൻ - സംഘത്തിന്റെ ഉത്തമ താല്പര്യം സംരക്ഷിക്കുന്നതിന് വേണ്ടി പ്രവർത്തിക്കുന്ന സഹകാരികളെ കണ്ടെത്തി ചുമതലകൾ നൽകാൻ കഴിയണം.
9. ഭരണ സമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിൽ സ്ഥാപിത താല്പര്യങ്ങളേ ഒഴിച്ചു നിർത്തണം
10 ഡിപ്പാർട്ടുമെന്റിന്റെ അമിത നിയന്ത്രണം സംഘത്തിന്റെ ജനാധിപത്യ അധികാരത്തിന്മേലുള്ള കടന്നാക്രമണമാണ്. ഇത് അവസാനിപ്പിക്കണം. സംഘത്തിന്റെ സാമ്പത്തിക കാര്യങ്ങൾ പരിശോധിക്കുന്നതിന് ഡയറക്ടർ ബോർഡിന് വിധേയമായി ഒരു ആഡിറ്റ് വിഭാഗം ഉണ്ടാകണം.
11. പൊതുയോഗം സംഘത്തിന്റെ എല്ലാവിധ പ്രവർത്തനങ്ങളിലും സജീവമായി ഇടപെടുകയും ശ്രദ്ധിക്കുകയും വേണം.
12. പൊതു യോഗങ്ങളിൽ ഹാജർ നില ഉയർത്തുന്നതിന് നിലവിലുള്ള അംഗങ്ങളുടെ 10 ശതമാനം മിനിമം കോറമായി നിശ്ചയിക്കണം.
14. റിക്കവറി ക്യാമ്പുകൾ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച് കുടിശിക ഈടാക്കുവാനുള്ള ശ്രമങ്ങൾ ശക്തിപ്പെടുത്തണം.
15. കർഷകന്റെ ഉല്പന്നങ്ങൾ സംഭരിച്ച് അവയ്ക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനുള്ള ഏജൻസിയായി സംഘം പ്രവർത്തിക്കണം.
16. ഗുണനിലവാരമുള്ള വളവും കീടനാശിനികളും മാത്രമേ സംഘം വഴി വില്പന നടത്താവൂ.
17. വികസനോന്മുഖമായ പുതിയ പരിപാടികൾ നടപ്പിലാക്കാനാവശ്യമായ ബൈലാ ഭേദഗതികൾ നടത്തുക. വികസന പരിപാടികൾക്ക് സാമ്പത്തിക സഹായമോ, വായ്പയോ അനുവദിക്കുക.
18. ഇടത്തട്ടു ചൂഷണം നടത്തുന്ന അപ്പെക്സ് കേന്ദ്രസംഘങ്ങൾ നിർത്തലാക്കുക.
19. ക്ഷീര സഹകരണസംഘങ്ങൾ രണ്ട് വാർഡിന് ഒന്ന് എന്ന രീതിയിൽ പുന:സംഘടിപ്പിച്ച് പ്രവർത്തനം ക്രമീകരിക്കുക.
20 ഒരു കുടുംബത്തിന് ഒരു പശു എന്ന ലക്ഷ്യം നിറവേറ്റുന്നതിന് ആവശ്യമായ പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്യുക.
21 സ്കൂൾ സഹകരണ സംഘത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് PTA -യെ ഇടപെടുത്തുക.
22 സ്ക്കൂൾ വർഷാരംഭത്തിൽ തന്നെ പാഠപുസ്തകങ്ങൾ സൊസൈറ്റിയിൽ എത്തിക്കുക.
23 വെക്കേഷൻ കാലത്ത് കുട്ടികളെകൊണ്ട് നോട്ടു ബുക്ക് നിർമ്മിപ്പിച്ച് മിതമായ വിലയ്ക്ക് വിതരണം ചെയ്യുക.

പഞ്ചായത്തിൽ ആരംഭിക്കേണ്ട പുതിയ സഹകരണ സംഘങ്ങൾ

1. ഭവന നിർമ്മാണ സഹകരണ സംഘം -(പഞ്ചായത്തിലെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്) വിശദാംശങ്ങൾ പാർപ്പിട വിഭാഗത്തിൽ ചർച്ച ചെയ്യുന്നുണ്ട്.
2. മത്സ്യ തൊഴിലാളി സഹകരണ സംഘം -(മത്സ്യ വിപണന ഏജൻസിയായി പ്രവർത്തിക്കണം.
3. പച്ചക്കറി സഹകരണ സംഘം -(പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സംഭരിച്ചു വിപണനം ചെയ്യുന്നതിനും)
4. പട്ടിക ജാതി/വർഗ്ഗ സഹകരണ സംഘം -(ജനസംഖ്യയിലെ പത്തു ശതമാനത്തോളം വരുന്ന ഈ വിഭാഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനത്തിനായി)
5. കേരസഹകരണസംഘം -(തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നാളികേരം സംഭരിച്ച് ഉല്പന്നമാക്കി വിപണനം നടത്തുന്നതിനും)
6. മോഡേൺ റൈസ് മിൽ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക.
7. ഇൻഡ്യൻ കോഫി ഹൗസ് മാതൃകയിൽ കള്ള് ചെത്ത് സഹകരണസംഘം രൂപികരിച്ച് ലഹരി വിമുക്ത പാനീയം വില്പന നടത്തുന്ന ശാലകൾ സ്ഥാപിക്കുക.
8. വനിതാ സഹകരണസംഘം-(സ്ത്രീകൾക്ക് വരുമാനവും തൊഴിലും ഉറപ്പാക്കുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾ നടത്തുന്നതിന്).

4. വിഭവ സമാഹരണം

കാർഷിക മേഖല മുഖ്യ വരുമാനശ്രോതസ്സാണ്. കൂടാതെ മത്സ്യബന്ധനം, മൃഗപരിപാലനം, വ്യാപാരം, എന്നിവ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള ജന വിഭാഗങ്ങളും, പരമ്പരാഗതതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും സർക്കാർ, അർദ്ധസർക്കാർ ധനകാര്യസ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരും ഉൾക്കൊള്ളുന്ന ജനതയാണ് ഇവിടെയുള്ളവത്. എന്നിരുന്നാലും നെൽക്കൃഷി മേഖലയിലുണ്ടാകുന്ന ചെറിയ ചലനങ്ങൾ പോലും ഈ പ്രദേശത്തെ ബാധിക്കുന്നു. കാർഷിക സമ്പദ്ഘടനയെ മെച്ചപ്പെടുത്തുന്നതിലൂടെ വിഭവസമാഹരണം വർദ്ധിപ്പിച്ചാലേ നാടിന്റെ വികസനം സാദ്ധ്യമാകൂ.

ഏതൊരു ഭൂപ്രദേശത്തിന്റെയും പ്രധാന വിഭവം ആ പ്രദേശത്തെ തൊഴിലെടുക്കാൻ ശേഷിയുള്ള മനുഷ്യനാണം. മനുഷ്യരുടെ കൂട്ടായ്മയിലൂടെ നേട്ടങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നാണ് മുൻ കാല അനുഭവങ്ങൾ തെളിയിക്കുന്നത്. ആ മനുഷ്യാദ്ധ്വാനത്തെ പരമാവധിയും, വിഭവങ്ങളെ സാദ്ധ്യതയ്ക്കനുസരിച്ചും കൂട്ടിയോജിപ്പിക്കേണ്ടത് വികസനത്തിന് അത്യന്താപേക്ഷിതമാണ്. ഈ കാഴ്ചപ്പാടോടെ പഞ്ചായത്തിന്റെ വിഭവ സാധ്യതകളെക്കുറിച്ച് പരിശോധിക്കുക.

തനതു വരുമാനം വർദ്ധിപ്പിക്കാനുള്ള സാദ്ധ്യതകൾ അശാസ്ത്രീയമായ നികുതി നിർണ്ണയവും, നികുതി പിരിച്ചെടുക്കുന്നതിലുള്ള താല്പര്യക്കുറവും മൂലം വേണ്ടത്ര വിനിയോഗിക്കുന്നില്ല. പഞ്ചായത്തിന്റെ പ്രധാന വരുമാന ശ്രോതസ്സായ കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദ നികുതി - സാദ്ധ്യതകളുമായി തട്ടിച്ചു നോക്കിയാൽ വളരെ താഴ്ന്നതാണെന്ന് കാണാം.

കെട്ടിട നികുതി

1995 - 96 ലെ ധനാഭ്യർത്ഥന പ്രകാരം 203552. 50 രൂപയായിരുന്നു കെട്ടിട നികുതിയായി പ്രതീക്ഷിച്ചിരുന്നത്. എന്നാൽ 131098. 50 രൂപാ മാത്രമാണ് ലഭിച്ചത്. 72454 രൂപ പിരിച്ചെടുക്കുവാൻ ബാക്കി നില്ക്കുന്നു. അതായത് 35. 59 ശതമാനം. നിലവിലുള്ള കെട്ടിടങ്ങൾക്ക് ലഭിക്കേണ്ട വാടകയുടെ അഞ്ചുമുതൽ പത്തുവരെ ശതമാനമാണ് ഈ ഇനത്തിൽ നികുതിയായി കണക്കാക്കുന്നത്. എന്നാൽ പഞ്ചായത്തിലെ കെട്ടിടങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ(പട്ടിക-1) പരിശോധിച്ചാൽ ധനാഭ്യർത്ഥനയിൽ പ്രതീക്ഷിച്ചതിലും 50 ശതമാനം കൂടുതൽ തുക നികുതിയായി ലഭിക്കേണ്ടതാണ് എന്ന് മനസിലാകും.

മേൽപ്പുരയുടെ സ്വഭാവം

ഒരു നിലയുള്ള കെട്ടിടങ്ങൾ

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലകളുള്ള കെട്ടിടങ്ങൾ	കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
I	552	02	25	405	65	55
II	551	-	23	392	124	12
III	493	01	07	289	152	44
IV	592	-	33	332	83	154
V	491	-	44	313	28	106
VI	564	-	26	410	102	26
VII	482	01	22	375	56	28
VIII	561	-	39	324	112	86
IX	373	-	02	215	55	101
ആകെ	4659	04	221	3045	777	612

മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും ലഭിക്കുന്ന സ്ഥിതി വിവരക്കണക്ക് വേണ്ടത്ര വിശ്വാസയോഗ്യമാണോ എന്ന് പരിശോധിക്കപ്പെടണം. ആകെ വരവിന്റെ 9.53 ശതമാനം മാത്രമാണ് കേട്ടിയ നികുതി. ഗ്രാമ പഞ്ചായത്തിന്റെ പ്രധാന വരുമാനശ്രോതസ്സായ കെട്ടിട നികുതി നിലവിലുള്ള മാനദണ്ഡങ്ങൾ സത്യസന്ധമായി പാലിച്ചാൽ ഈ ഇനത്തിലുള്ള വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിയും.

വിനോദ നികുതി

പഞ്ചായത്തിൽ വിനോദ നികുതി ഈടാക്കാൻ കഴിയുന്ന ഒരു തിയേറ്റർ മാത്രമാണുള്ളത്. ഇവിടെ സാധാരണ ദിവസങ്ങളിൽ രണ്ടും, ശനി,, ഞായർ ദിവസങ്ങളിൽ മൂന്നും പ്രദർശനങ്ങളാണ് നടക്കാറുള്ളത്. താലൂക്ക് ഹെഡ് ക്വർട്ടേഴ്സിൽ സ്ഥിതി ചെയ്യുന്ന ഈ തിയേറ്ററിൽ മെച്ചപ്പെട്ട നിലയിൽ ആളുകൾ എത്താറുണ്ട്.

ടിക്കറ്റ് ചാർജിന്റെ 20 ശതമാനം വിനോദ നികുതിയും ഇതിന്റെ 60 ശതമാനം അഡീഷണൽ വിനോദ നികുതിയുമാണ് പഞ്ചായത്തിന് ലഭിക്കേണ്ടത് . എന്നാൽ വിനോദനികുതി കൃത്യമായി പരിച്ചെടുക്കുന്നതിൽ പഞ്ചായത്ത് അധിഃകൃതർ ഗുരുതരമായ ക്രമക്കേടുകൾ കാട്ടിയട്ടുള്ളതായി കണക്കുകൾ വ്യക്തമാക്കും.

1995-96 വർഷത്തിൽ വിനോദ നികുതിയിനത്തിലും അനുബന്ധ നികുതികളിലുമായി പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത് 9999. 50 രൂപയാണ്. ഇതിൽ വിനോദ നികുതി മാത്രമായി ലഭിക്കുന്ന 20 ശതമാനം തുക 5184 രൂപയാണെങ്കിൽ ഈ തിയേറ്ററിലെ വാർഷിക വരവ് കേവലം 25920 രൂപയാണ്. ഒരു ദിവസത്തെ തിയേറ്ററിലെ കളക്ഷൻ തിട്ടപ്പെടുത്തിയാൽ വെറും 71 രൂപ മാത്രമാണെന്ന് കാണാൻ കഴിയും. ഇങ്ങനെയെങ്കിൽ ഒരു ദിവസം സിനിമ കാണാൻ എത്തുന്നവരുടെ എണ്ണം ശരാശരി 15 പേരിൽ താഴെയാണെന്ന നിഗമനത്തിൽ എത്തേണ്ടിവരും. ഇത് വസ്തുതയുമായി എത്രമാത്രം ബന്ധമുണ്ടെന്ന് പരിശോധിക്കപ്പെടേണ്ടതാണ്. സമാന്തരവിനോദ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നുണ്ടെങ്കിലും ആ ഇനത്തിൽ നിന്നും വിഭവം കണ്ടെത്താൻ കഴിയുന്നില്ല. മാറ്റം വരുത്താനുള്ള ശ്രമങ്ങൾ പഞ്ചായത്തു കമ്മറ്റി നടത്തിവരുന്നു.

തൊഴിൽ നികുതി

ഇന്ന് പ്രധാനമായും തൊഴിൽ നികുതിപിരിക്കുന്ന് ഉദ്യോഗസ്ഥന്മാരിൽ നിന്നും കച്ചവടക്കാരിൽ നിന്നുമാണ്. ഇതരമേഖലയിൽ പണിയെടുക്കുന്നവരും സ്ഥിരവരുമാനമുള്ളവരുമായ തൊഴിലാളികളിൽ നിന്നും മിതമായ നിരക്കിൽ നികുതി ഈടാക്കുന്നില്ല. ധനാഭ്യർത്ഥ പ്രകാരം തൊഴിൽ നികുതിയിനത്തിൽ (95-96 വർഷം) പഞ്ചായത്തിനു ലഭിക്കേണ്ടിയിരുന്ന തുക 192400/ രൂപയിൽ പഞ്ചായത്തിനു പിരിച്ചെടുക്കാൻ കഴിഞ്ഞത് കേവലം 136250/ രൂപമാത്രമാണ്. പിരിച്ചെടുക്കുവാൻ ബാക്കി നില്ക്കുന്ന 56150 രൂപ മൊത്തം തുകയുടെ 30 ശതമാനമാണ് എന്നത് ഈ രംഗത്ത് നിലവിലുള്ള സംവിധാനങ്ങളുടെ പിടിപ്പുകേടാണ് വെളിവാക്കുന്നത്.

പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി

1995 - 96 ലെ ധനാഭ്യർത്ഥന പ്രകാരം 1661167/- രൂപ വിവിധയിനങ്ങളിലായി പിരിച്ചെടുക്കാൻ കഴിയും എന്നായിരുന്നു പ്രതീക്ഷ. എന്നാൽ ഇതിന്റെ 17. 35 ശതമാനം തുക തൻ വർഷം പിരിച്ചെടുക്കാനുള്ളതായി പഞ്ചായത്തിൽ നിന്നും ലഭിച്ച കണക്കുകളിൽ കാണുന്നു. ഈ റിപ്പോർട്ടിൽ ആദ്യം സൂചിപ്പിച്ച കെട്ടിട, തൊഴിൽ, വിനോദ നികുതികളിൽ നിന്നായി 20.17 ശതമാനം തുക ഈ വർഷം പിരിച്ചെടുത്തിട്ടുണ്ട്. പിരിച്ചെടുക്കാനുള്ള 17. 35 ശതമാനം തുകയുടെ പകുതിയും കെട്ടിട, തൊഴിൽ, നികുതികളിൽ നിന്നാണ് ലഭിക്കേണ്ടത്. ഈ ഇനത്തിൽ ലഭിക്കേണ്ടുന്ന നികുതി പിരിച്ചെടുക്കുന്നതിൽ കാട്ടുന്ന അലംഭാവവും പിരിച്ചെടുക്കുന്നതിലെ അശാസ്ത്രീയതയും പരിഹരിച്ചാൽ പഞ്ചായത്തിന്റെ തനതു ഫണ്ട് സ്വരൂപിക്കുന്നതിൽ ഏറെ മുമ്പോട്ടു വരാൻ കഴിയും. പഞ്ചായത്തിന്റെ ഇന്നത്തെ വരുമാന സാദ്ധ്യതയെകുറെക്കൂടി കാര്യക്ഷമതയോടെ ഉപയോഗിക്കേണ്ടതുണ്ട്.

1995 - 96 വർഷത്തെ ആകെ വരവിന്റെ 44. 29 ശതമാനം തുക ഭരണപരമായ കാര്യങ്ങൾക്കാണ് ചെലവഴിച്ചിട്ടുള്ളത്. 22.58 ശതമാനം പൊതുമരാമത്ത് പണികൾക്കും 1. 43 ശതമാനം വിദ്യാഭ്യാസത്തിനും 4. 32 ശതമാനം തെരുവു വിളക്കുകൾ കത്തിക്കുന്നതിനും ചെലവഴിച്ചിട്ടുണ്ട്. നാമമാത്രമായ പ്രവർത്തനങ്ങളേ പഞ്ചായത്തിന് സ്വന്തം ഫണ്ട് ഉപയോഗിച്ച് ചെയ്യാൻ കഴിയൂ. ബോധ പൂർവ്വമായ ഇടപെടലിലൂടെ ഭരണ നിർവ്വഹണച്ചെലവ് കുറയ്ക്കാൻ കഴിയണം. തെരുവു വിളക്ക് കത്തിക്കുന്നതിന് ചെലവഴിക്കുന്നതുക ഉപയോഗിക്കുന്ന വൈദ്യുതിയുടെ വിലയ്ക്ക് അനുസരിച്ചായിരിക്കണം. നിശ്ചിത സമയത്ത് വിളക്ക് കത്തിക്കുന്നതിനും, അണയ്ക്കുന്നതിനും ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തുവാൻ കഴിയണം.

പഞ്ചായത്തിലെ 95-96 വർഷത്തിലെ വരവു ചെലവ് കണക്കുകൾ

പട്ടികയിൽ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുക.

ഇനം	തുക-രൂപ
ഭരണം	515352.95
പൊതുമരാമത്ത്	262774.50
വിദ്യാഭ്യാസം	16702.60
ജലവിതരണം, ഓടകൾ, ആരോഗ്യം	-
തെരുവ് വിളക്ക്	50280.00
മറ്റുള്ളവ	318355.50
ആകെ	1163465.00

വരവ്

ഇനം	തുക -രൂപ
കെട്ടിട നികുതി	131098.00
സർവ്വീസ് ചാർജ്	6554.90
തൊഴിൽ നികുതി	136250.00
വാഹനനികുതി	780.00
വിനോദ നികുതി	5184.00
അഡി. വിനോദ നികുതി	3144.00
പ്രദർശന നികുതി	1334.00
പ്രദർശന നികുതിയിന്മേലുള്ള സർ ചാർജ്	333.50
ചന്തവരവ്	-
ലാൻറ് റിസെസ്സ്	-
ലൈസൻസ് ഫീസ്	7187.00
വസ്തു കൈമാറ്റ നികുതി 75%	40389.00
വസ്തു കൈമാറ്റ നികുതി 25%	-
സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെ യുള്ള മറ്റു വരവുകൾ	412953.00
സംഭാവന	-
ഡെപ്പോസിറ്റ്	25000.00
മറ്റുള്ളവ	604633.00
ആകെ	1374840.00

വരവ് - ചെലവ് പട്ടികകൾ പരിശോധിച്ചാൽ 1995-96 വർഷത്തിൽ 2,11,375 രൂപ (1374840 - 1163465) മിച്ചമുള്ളതായി കാണാം. കുടിവെള്ളത്തിനും, ആരോഗ്യ പരിപാലനത്തിനുമായി ഒരു രൂപപോലും ചെലവഴിച്ചതായി കാണുന്നുമില്ല. കടുത്ത കുടിവെള്ള ക്ഷാമവും പകർച്ച വ്യാധികളും രൂക്ഷമായിരുന്ന ഒരു വർഷമാണ് കടന്നു പോയത്, അതിന് പരിഹാരം കാണുന്നതിന് നേരിയ പരിശ്രമം പോലും നടത്താതിരുന്നത് വിസ്മയകരമാണ്.

സാധ്യതകൾ

1. അടിസ്ഥാന ഭൂനികുതി ഉയർത്തുന്നതിനും പിരിക്കുന്നതിനുമുള്ള അവകാശം പഞ്ചായത്തുകൾക്ക് നൽകണം.
2. വില്പന നികുതിയുടെ നിശ്ചിത ശതമാനം പഞ്ചായത്തുകൾക്ക് ലഭ്യമാക്കണം.
3. ലൈസൻസ് ഫീസ് ഉയർത്തണം. കച്ചവടക്കാരിൽ നിന്നും ഈടാക്കുന്ന തൊഴിൽ നികുതി വർദ്ധിപ്പിക്കണം.
4. പുറമ്പോക്കിൽ കച്ചവടം നടത്തുന്ന വരിൽനിന്നും വിറ്റു വരവ് മാനദണ്ഡമായി തറവാടക വാങ്ങുകയും കാലാകാലങ്ങളിൽ പരിഷ്ക്കരിക്കുകയുംവേണം.
5. ധനകാര്യസ്ഥാപനങ്ങളിൽനിന്നും വികസന പ്രവർത്തനങ്ങൾക്ക് പണം നേരിട്ടു വായ്പ വാങ്ങുന്നതിനും, പ്രോജക്ടുകൾ തയ്യാറാക്കി മറ്റു ഏജൻസികളിൽനിന്നും വായ്പ വാങ്ങുന്നതിനും അവകാശമുണ്ടാകണം.

6. ഇന്ദിരാ വികാസ് പത്ര പോലുള്ള ചെറുകിട സമ്പാദ്യ സമാഹരണത്തിന് പഞ്ചായത്തിന് കോട്ടാ നിശ്ചയിക്കുകയും നിശ്ചിത ശതമാനം വിഹിതം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുകയും വേണം.

7. പെറ്റി കോൺട്രാക്റ്റ് അവസാനിപ്പിക്കുക. അയൽക്കൂട്ട മാതൃകയിൽ വാർഡുതലത്തിൽ വികസന സമിതികൾ രൂപീകരിച്ച് അവയുടെ നേതൃത്വത്തിലാവണം പഞ്ചായത്തിലെ നിർമ്മാണ പ്രവർത്തനം.

8. ജനങ്ങളിൽനിന്നും സംഭാവന സ്വീകരിച്ചുകൊണ്ട് പഞ്ചായത്ത് പ്രസിഡണ്ടിന്റെ പേരിൽ ദുരിതാശ്വാസ നിധി സ്വരൂപിക്കുക.

9. പഞ്ചായത്ത് അതിർത്തിയിൽ പുതുതായി ആരംഭിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യുകയും അവയ്ക്ക് ലൈസൻസ് ഫീസ് ഏർപ്പെടുത്തുകയും വേണം. (സ്വകാര്യ ആശുപത്രി, സമാന്തര വിദ്യാഭ്യാസ സ്ഥാപനം മുതലായവ)

10. ഓട്ടോ സ്റ്റാൻറ്, ടാക്സി സ്റ്റാൻറ് എന്നിവ ലേലം ചെയ്തുകൊടുത്ത് പഞ്ചായത്തിന് വരുമാനമുണ്ടാക്കണം.

11. പുറമ്പോക്ക് ഭൂമി പഞ്ചായത്തിന്റെ അധീനതയിലാക്കുക. ആ ഭൂമി പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉപകരിക്കുക. നെടുമുടി പാലത്തിനു താഴെയുള്ള സ്ഥലത്ത് പഞ്ചായത്തിന് ഒരു ഷോപ്പിംഗ് കോംപ്ലക്സ് തുടങ്ങാൻ അനുവാദം നൽകുക.

12. പുറമ്പോക്ക് സ്ഥലം തരിശ്ശായി കിടക്കാതെ പാട്ടത്തിന് നൽകുക.

13. പഞ്ചായത്ത് ബാങ്ക് രൂപീകരിച്ച് ചെറുതും വലുതുമായ നിക്ഷേപം സ്വീകരിക്കുക.

14. നിശ്ചിത സമയത്ത് നികുതി അടയ്ക്കാത്തവരിൽ നിന്നും പിഴയും പലിശയും ഈടാക്കുക.

15. വിവാഹ രജിസ്റ്റർ ഫീസ് 100 രൂപയാക്കി വർദ്ധിപ്പിക്കുക.

16. വൈദ്യുതി, കുടിവെള്ളം എന്നിവയുടെ ദുരുപയോഗം തടയുന്നതിന് പഞ്ചായത്ത് തലത്തിൽ കുറ്റമറ്റ സംവിധാനം ഏർപ്പെടുത്തുക.

17. വാട്ടർ ടാപ്പുകളുടെ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുകയും കേടുപാടുകൾ ഉണ്ടായി ശുദ്ധജലം നഷ്ടപ്പെടാതിരിക്കാൻ ഉടൻ അറ്റകുറ്റപ്പണി ചെയ്യുന്നതിനും പഞ്ചായത്തിൽ വാട്ടർ അതോറിറ്റി വർക്കറുടെ സേവനം ഉറപ്പാക്കുക.

നാമമാത്രമായ ജോലികൾ മാത്രമേ ഇന്ന് പഞ്ചായത്തുകൾക്ക് നിർവ്വഹിക്കാൻ കഴിയുകയുള്ളൂ. സ്വന്തമായ വരുമാന പരിധിക്കുള്ളിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, തെരുവുവിളക്കുകൾ കത്തിക്കുന്നതിനും ഇന്നു കഴിയുന്നില്ല. പ്രത്യേക ആവശ്യത്തിനായി സർക്കാരിൽനിന്നും ലഭിക്കുന്ന സഹായങ്ങളും വായ്പകളുമായാണ് കുറെയൊക്കെ പ്രവർത്തനങ്ങൾ മുന്നോട്ടു നയിക്കാൻ സഹായിക്കുന്നത്. പഞ്ചായത്തിന്റെ സ്വന്തം ഫണ്ട് ആയാലും സർക്കാർ സഹായമായാലും അതിൽ ഭൂരിഭാഗവും ചെലവഴിക്കുന്നത് സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ കഴിയുന്ന വിധത്തിലല്ല. നാം നേരിടുന്ന കാർഷിക മുരടിപ്പോ വ്യവസായ മാന്ദ്യമോ തൊഴിലില്ലായ്മയോ പരിഹരിക്കാൻ ഉതകും വിധം പരിമിതമായ വരുമാനം ഉപയോഗപ്പെടുത്തത്തക്കവിധം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ പഞ്ചായത്തുകൾക്ക് കഴിയുന്നില്ല. അറിഞ്ഞോ അറിയാതെയോ പഞ്ചായത്തുതല വികസന പ്രവർത്തനങ്ങൾ മരാമത്ത് പണിയായി മാറിക്കഴിഞ്ഞിരിക്കുന്നു. അനാവശ്യമായ റോഡും, കലുങ്കും, കമ്മ്യൂണിറ്റി ഹാളും മറ്റും മറ്റുമായി പട്ടിക നീളുന്നു. കരാറുകാരുടെ സ്വാധീന വലയത്തിൽ അഴിമതിയിൽ കുളിച്ച ബ്യൂറോ ക്രാറ്റിക് വഴിയിലാണ് ഇന്ന് പഞ്ചായത്തുതല വികസന പ്രവർത്തനങ്ങൾ നടക്കുന്നത്. ഈ നില അവസാനിപ്പിക്കണം. വികസന പ്രവർത്തനങ്ങളിൽ ജനങ്ങൾ വ്യാപകമായി പങ്കാളികളാവുകയും വികസന പ്രവർത്തനം ഒരു രാഷ്ട്രീയ പ്രവർത്തനം ആവുകയും വേണം. ഈയൊരു രീതിയിൽ ഉരുത്തിരിഞ്ഞുവരുന്ന ഒരു പുത്തൻ വികസന സംസ്കാരത്തിലൂടെയേ പഞ്ചായത്ത് ഇന്ന് നേരിടുന്ന വികസന പ്രതിസന്ധി മുറിച്ചു കടക്കാൻ കഴിയൂ.

ധനകാര്യസ്ഥാപനങ്ങൾ

പദ്ധതിക്കുവേണ്ടി പണം ലഭ്യമാക്കുന്ന നിരവധി ധനകാര്യ സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. വ്യവസായ മേഖലയിൽ ഐ. ഡി. ബി. ഐ. സിബ്ബി, കാർഷിക മേഖലയിൽ നബാഡ്, ഭവന നിർമ്മാണ മേഖലയിൽ ഹഡ്കോ, തുടങ്ങിയവ



. ഇവയോടൊപ്പം പ്രധാനമാണ് ബാങ്കുകൾ. ഉല്പാദന മേഖലയിൽ ആവശ്യമായ പണം ലഭ്യമാക്കിക്കൊണ്ട് സമ്പദ്ഘടനയ്ക്കാകെ ഊർജ്ജം പകരാൻ ബാദ്ധ്യതയുള്ള വാണിജ്യബാങ്കുകൾ കേരളത്തെ സംബന്ധിച്ചിടത്തോളം ഈ കടമ നിർവ്വഹിക്കുന്നില്ല. നമ്മുടെ പഞ്ചായത്തിലെ രണ്ടു വാണിജ്യ ബാങ്കുകളുടെ സ്ഥിതി ഈ കാര്യത്തിൽ കേരളത്തിന്റെ ശരാശരിയെക്കാൾ താഴെ ആകാനേ വഴിയുള്ളൂ എന്ന് ഈ ബാങ്കുകളിലെ ഇടപാടുകാരിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

കേരളത്തിലെ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം - 1987 മുതൽ 1996 വരെ (കോടി രൂപയിൽ)

വർഷം	മൊത്തം നിക്ഷേപം	മൊത്തം വായ്പ	വായ്പ നിക്ഷേപ അനുപാതം
1987	4154	2768	66.61
1988	4811	3116	64.80
1989	5663	3701	65.3
1990	6621	4118	62.2
1991	7858	4638	59.0
1992	9671	5003	51.7
1993	12112	5818	48.0
1994	14941	6442	43.1
1995	17459	7797	44.7
1996	20171.3	8961	44.4

ഈ പട്ടികയുടെ അവസാനം ചേർത്തിരിക്കുന്ന 1996 മാർച്ചിലെ കണക്കനുസരിച്ച് കേരളത്തിലെ ബാങ്കുകൾ ചേർന്നു 20171. 3 കോടി രൂപ നിക്ഷേപമായി സമാഹരിച്ചതിൽ ഇവിടെ മുതൽ മുടക്കിയത് കേവലം 8961 കോടി രൂപമാത്രമാണ്. ഇത് ആകെ നിക്ഷേപത്തിന്റെ 44.4. ശതമാനമാണ് ഇത് അഖിലേന്ത്യാ ശരാശരിയെക്കാൾ വളരെ താഴ്ന്നതാണ്. കേരളത്തിന്റെ ചിത്രത്തിനുതാഴെയാണ് നമ്മുടെ പഞ്ചായത്തിന്റെ സ്ഥിതി.

1 നാട്ടിലെ പണം നാടിന്റെ വികസനത്തിനു വിനിയോഗിക്കപ്പെടണം. നാട്ടിൽ നിന്നും വിദേശത്തു ജോലിനോക്കുന്നവരുടെ നിക്ഷേപവും തന്റെ നാടിന്റെ വികസനത്തിന് ഉപയോഗപ്പെടുത്താൻ കഴിയണം. ഇതിനായി രണ്ടു വാണിജ്യ ബാങ്കുകളും നാടിന്റെ വികസനാവശ്യങ്ങൾക്ക് നിക്ഷേപത്തിന്റെ 70 ശതമാനം എങ്കിലും വായ്പയായി അനുവദിക്കണം. ■

5 ഉപസംഹാരം

ഓരോ ഗ്രാമവും സ്വാശ്രിതവും വികേന്ദ്രീകൃതവുമായ സാമ്പത്തിക രാഷ്ട്രീയ അധികാരമുള്ളതുമായിരിക്കണമെന്ന നമ്മുടെ രാഷ്ട്രപിതാവിന്റെ ആഗ്രഹങ്ങൾക്ക് വർണ്ണച്ചിറകു നൽകിക്കൊണ്ട് കേരളം ഇതര ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് മാതൃക കാട്ടുകയാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ. സ്വയംശക്തി പ്രാപിക്കുന്നതും വികസ്വരമായതുമായ ഒരു ജനകീയാധികാരം വളർത്തിയെടുക്കുക എന്ന ലക്ഷ്യം സാധുത പ്രായമാക്കുക തന്നെ ചെയ്യുമെന്ന് രണ്ടു ഘട്ടങ്ങൾ പൂർത്തിയാക്കുന്ന ജനകീയാസൂത്രണ ക്യാംപെയ്ൻ വ്യക്തമാക്കുന്നു.

1950 മുതൽ ഇങ്ങോട്ട് കേന്ദ്രീകൃതാസൂത്രണ പ്രവർത്തനത്തിലൂടെ ഒട്ടേറെ പദ്ധതികൾ വിഭാവനം ചെയ്തു നടപ്പിലാക്കിയിട്ടും കാർഷിക രംഗത്തുണ്ടായ മുരടിപ്പും വ്യാവസായിക രംഗത്തുള്ള ഉല്പാദനമാന്ദ്യവും, സേവനമേഖലയിലുണ്ടായ മൂല്യത്തകർച്ചയും കേരളം നേരിടുന്ന വെല്ലുവിളിയായി നിലനില്ക്കുന്നു. കേരളം നേരിടുന്ന വികസന പ്രതിസന്ധി മുറിച്ചു കടക്കുന്നതിന് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് പലതും ചെയ്യാനാകും എന്നതിന്റെ സൂചനയാണ് ഗ്രാമസഭകളിലും ഈ വികസന സെമിനാറിലും ദർശിക്കുന്ന വർദ്ധമാനമായ ജനപങ്കാളിത്തം.

പദ്ധതി അടങ്കലിന്റെ 40% തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർവചിക്കപ്പെട്ട ചുമതലകളുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് വിനിയോഗിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചുകഴിഞ്ഞു. വികസന പ്രവർത്തനങ്ങൾ ഗ്രാമതലത്തിൽ തന്നെ ജനകീയ പങ്കാളിത്തത്തോടുകൂടി തയ്യാറാക്കുന്നതോടൊപ്പം ജനപങ്കാളിത്തത്തോടുകൂടി സ്കീമുകൾ തയ്യാറാക്കാൻ കഴിഞ്ഞാൽ ജനങ്ങളുടെ ആശയാഭിലാഷങ്ങളോട് കൂടുതൽ അടുത്തു നില്ക്കുന്നതും അതുകൊണ്ടുതന്നെ കൂടുതൽ ഫലപ്രദവുമായ പഞ്ചവത്സര പദ്ധതി രൂപപ്പെടുത്താനാകും. പ്രശ്നങ്ങൾ എന്തെന്നു കണ്ടെത്തി അവ പരിഹരിക്കുന്നതിനുള്ള അവകാശം ജനതയ്ക്കു കൈവന്നിരിക്കുകയാണ്. സാർത്ഥകമായ ജനാധിപത്യ അവകാശമാണിത്.

കാര്യക്ഷമമായ പദ്ധതി നിർദ്ദേശങ്ങൾക്ക് രൂപം നൽകുന്നതുപോലെതന്നെ പ്രധാനമാണ് പദ്ധതിയുടെ രൂപീകരണത്തിന്റെ രീതിയും. ജനങ്ങളുടെ മുൻകൈയിൽ വികസനപ്രവർത്തനം ആസൂത്രണം ചെയ്യുന്നതോടെ പദ്ധതി പ്രവർത്തനങ്ങളിൽ അവർക്കിടയിൽ വ്യാപകമായി നിലനില്ക്കുന്ന നിസ്സംഗത മാറുകയും വികസനപ്രവർത്തനത്തിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുകയും ചെയ്യും.

9 -ാം പദ്ധതിയുടെ വിജയത്തിന്റെ ഉറപ്പ് ആസൂത്രണം മുതൽ നടത്തിപ്പ്വരെ പദ്ധതി പ്രവർത്തനത്തിന്റെ എല്ലാ ഘട്ടത്തിലുമുള്ള ജനപങ്കാളിത്തമാണ്. അഴിമതിയും സ്വജനപക്ഷപാതവും തീണ്ടാത്ത നമ്മുടെ ഉല്പാദന സേവന മേഖലകളെ ശക്തിപ്പെടുത്താൻ കഴിയുന്ന പുതിയൊരു വികസന സംസ്ക്കാരത്തിന് കൂട്ടായ്മ ആണിക്കല്ലാക്കി നമുക്കു മുന്നേറാം. ■

ചമ്പക്കുളം ഗ്രാമപഞ്ചായത്ത് വികസനരേഖ

തയ്യാറാക്കിയവർ

ശിവശങ്കരക്കൈമൾ

രാഘവൻ

അയ്യപ്പൻപിള്ള

അഗസ്റ്റിൻ ജോസ്

അജയഘോഷ്

ജോൺ ജോസഫ്

കെ.സി. ജോസഫ്

ജോളി തോമസ്

പ.വി. വേണുഗോപാൽ

വി. ശശി

ചമ്പക്കുളം രാജപ്പൻ

ജെയിംസ് മേടയിൽ

പി.ഡി. ജോസഫ്

ജോപ്പൻ ജോയി

എ.സി. അരവിന്ദാക്ഷൻ

സി. കമലമ്മ

ജയൻ ചമ്പക്കുളം

ഫ്രാൻസീസ് ജോസഫ്

കെ.പി. ശ്രീനി

ജോൺസൺ പുളിംകുന്ന്

ടി. മനു


അവസാനത്തെ പുറം

ഈ വികസനരേഖ തയ്യാറാക്കുന്നതിന് അടിസ്ഥാനമായി സ്വീകരിച്ചിരിക്കുന്നത് ഗ്രാമസഭാറിപ്പോർട്ടുകൾ, ദ്വിതീയ വിവരങ്ങൾ, അവലോകന റിപ്പോർട്ടുകൾ എന്നിവയും, ശ്രീ. എൻ.കെ. കമലാസനന്റെ "കുട്ടനാടും കർഷക തൊഴിലാളി പ്രസ്ഥാനവും", കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ "കുട്ടനാട് മിഥ്യയും യാഥാർത്ഥ്യവും" "ലാൻഡ് റിഫോർമ്സ് ഓഫ് കേരളാ", ശ്രീ. ജേക്കബ് കുര്യാളശ്ശേരിയുടെ "കല്ലൂർക്കാട് പള്ളിയും സുറിയാനി ക്രിസ്ത്യാനികളും" എന്നീ പുസ്തകങ്ങളും, നിരവധി അഭിമുഖങ്ങളും, ജനകീയാസൂത്രണ സർവ്വേ 96 -ലൂടെ ലഭ്യമായ പ്രാഥമിക വിവരങ്ങളുമാണ്. ചുരുങ്ങിയ ദിവസത്തിനുള്ളിൽ അവലോകന റിപ്പോർട്ടുകൾ, ദ്വിതീയ വിവരങ്ങൾ എന്നിവ നൽകിയ ഓഫീസ് മേധാവികൾക്കും, സർവ്വേയ്ക്ക് സഹായിച്ച പ്രവർത്തകർക്കും, അഭിമുഖങ്ങളിൽ വിവരങ്ങൾ നൽകിയ എല്ലാവർക്കും, ചിത്രങ്ങൾ തയ്യാറാക്കിയ സുധീഷ് മങ്കൊമ്പിനും, അച്ചടി ജോലിയിൽ കൃത്യസമയത്ത് ഭംഗിയായി നിർവ്വഹിച്ച സിജോ ഓഫ്സെറ്റ് പ്രിന്റേഴ്സിലെ സുഹൃത്തുക്കൾക്കും വികസനരേഖ തയ്യാറാക്കുന്നതിൽ ഞങ്ങളെ സഹായിച്ച മുഴുവൻ ആളുകൾക്കും ഹൃദയംഗമമായ കൃതജ്ഞത.

വിനയപൂർവ്വം,

D.R.P. മാർ

PRINTED AND PUBLISHED BY : K. D. MOHAN, PRESIDENT, CHAMPAKULAM PANCHAYATH.
Printed at: Cejo Offset Printers, Perunna, Changanacherry.-2
Page set up by : Marian DTP Centre, Changanacherry - 2



ചമ്പക്കുളം പഞ്ചായത്ത്.